As per clause (xv) of G.O. (P) No. 84/97/PW & T dated 19-8-1997, the contractor who quotes very low rates has to remit performance guarantee with a view to curb the tendency to quote low rates and execute the works unsatisfactory. The amount of performance guarantee thus collected, will be released after satisfactory completion of the work.

2. Subsequently, in O.P. 16290/2002 (L), the petitioner had submitted that if the rate quoted by a contractor is between 25% and 50% below the PAC, the difference between 25% and 50% alone need be remitted towards performance guarantee, since no performance guarantee is insisted upon for quotes up to 25% below PAC. The Hon'ble High Court had directed in the judgement read above to modified the Ext. P3 which was issued based on the G.O. read Ist paper above and to pass further appropriate orders, if necessary.

3. In the of the above judgement, the Chief Engineer (NB & Admiinistration has submitted a proposal to modify clause (xv) of G.O. (P) No. 84/97/PW & T dated 19-8-1997. As per his letter read as 3rd paper above Government have examined the proposal and are pleased to substitute sub clause of the above mentioned G.O. as follows.

If rate quoted by the contractor is between 25% and 50% below estimate rate, the contractor will remit performance guarantee equal to the difference between 25% and the quoted rate which shall be less than 50% below estimate rate. The amount will be released after satisfactory completion of the work."

The G.O. read as Ist paper above will stand modified to this extent

By order of the Governor,

LIDA JACOB

Secretary to Government

കേരള സർക്കാർ

43284/ഡിപി1/03/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ്
തിരുവനന്തപുരം
തീയതി: 4.9.2003.

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്തു പ്രോജക്ടുകളുടെ ഫയലുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്.

സൂചന: 29.7.2003-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനം നമ്പർ 1.16

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ മേൽസൂചന തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പൊതുമരാമത്തു പ്രോജക്ടുകളുടെ ഫയലുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

"എല്ലാ പൊതുമരാമത്തു പ്രോജക്ടുകളുടെയും ഫയലുകൾ പ്രവൃത്തികൾ ആരംഭിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട എഞ്ചിനീയർമാർക്കു നൽകേണ്ടതും പ്രോജക്ടുകൾ പൂർത്തിയായാലുടൻ തിരികെ വാങ്ങി അത് തദ്ദേശ ഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഫയലുകൾ കൈമാറുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്"

പി. കമാൽകുട്ടി,
ഗവൺമെന്റ് സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 45363/ഡിപി.1/03/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 20-09-2003

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്ന ടെണ്ടർ പരസ്യം-ചെലവ് വഹിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 4.9.03-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം. 1.2, 1.3

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ പരസ്യം ചെയ്യാൻ വേണ്ടിവരുന്ന ചെലവ് വഹിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ടെണ്ടർ ചെയ്യുന്ന വർക്കുകളുടെ ടെണ്ടർ പരസ്യത്തിന്റെ ചെലവ് പദ്ധതിവിഹിതത്തിൽനിന്നും വഹിക്കാവുന്നതാണ്.

(2) ഒന്നിൽ കൂടുതൽ വർക്കുകൾക്ക് ഒരുമിച്ച് ടെണ്ടർ പരസ്യം നൽകിയാൽ പരസ്യത്തിന്റെ ആകെ ചെലവ് ഓരോ പ്രോജക്ടിലേയും എസ്റ്റിമേറ്റ് തുകയ്ക്ക് ആനുപാതികമായി വകയിരുത്തേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 46126/ഡിപി.1/03/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 13-10-2003

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള വികസന പദ്ധതി - തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ ജോലികളുടെ നിർവ്വഹണത്തിന് എൻജിനീയർമാരുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 4.9.03-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗതീരുമാനം നം. 1.38

സൂചനയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ ജോലികളുടെ നിർവ്വഹണത്തിന് എൻജിനീയർമാരുടെ സേവനം ലഭ്യമാക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഇലക്ട്രിക്കൽ ജോലികളുടെ ചുമതല ഏൽപ്പിക്കാൻ അസിസ്റ്റന്റ് എൻജിനീയർമാരുടെ (ഇലക്ട്രിക്കൽ) സേവനം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ എൻജിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും യോഗ്യതയുള്ള അധ്യാപകരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

(സംഗ്രഹം)

വികേന്ദ്രീകൃതാസൂത്രണം– പത്താം പഞ്ചവത്സര പദ്ധതി (2002–07) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പണികളുടെ ടെണ്ടർ സംബന്ധിച്ച്– മാർഗ്ഗരേഖ– അംഗീകരിച്ച് –ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിപി) വകുപ്പ്

ജി.ഒ (പി) നമ്പർ.322/2003/തസ്വഭവ തിരുവനന്തപുരം, 2003 നവംമ്പർ 3

പരാമർശം: 6.6.2002ലെ ജി.ഒ (എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പണികളിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ ഏറ്റെടുക്കുവാൻ തയ്യാറാകുന്ന സ്കൂൾ, അംഗൻവാടി കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ, ടാറിംഗ് ആവശ്യമുള്ള റോഡുപണികൾ, എസ്റ്റിമേറ്റ് തുക 25,000 രൂപയിൽ കൂടുതലുള്ള പൊതുമരാമത്ത് പണികൾ എന്നിവ ടെണ്ടർ നല്കി നിർവ്വഹണം നടത്തേണ്ടതാണെന്ന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

2. എന്നാൽ ആവർത്തിച്ച് ടെണ്ടർ ക്ഷണിച്ചിട്ടും ഒരു ടെണ്ടർ പോലും ലഭിക്കാത്ത പ്രൊജക്ടുകൾ, ഒരു ടെണ്ടർ മാത്രം ലഭിച്ചിട്ടുള്ള പ്രൊജക്ടുകൾ എന്നിവയുടെ നിർവ്വഹണം സംബന്ധിച്ച് നിർദ്ദേശം നല്കേണ്ടതാണെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെടുകയുണ്ടായി.

3. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എഞ്ചിനീയർമാരുടെ ഒരു ടെക്നിക്കൽ കമ്മിറ്റിയെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ചുമതലപ്പെടുത്തുകയുണ്ടായി. ടെക്നിക്കൽ

കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കോർഡിനേഷൻ സമിതി ചർച്ച ചെയ്ത് ഗവണ്മെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

4. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ ഗവണ്മെന്റ് വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പണികൾക്ക് ടെണ്ടർ സ്വീകരിക്കുന്നതിനും, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റിനേക്കാൾ അധികം തുകയ്ക്ക് ടെണ്ടർ നല്കേണ്ടിവരികയാണെങ്കിൽ അതു സംബന്ധിച്ച് നടപടികൾക്കും ചുവടെയുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

4.1. തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും ഒരു ടെണ്ടർപോലും ലഭിക്കാത്ത പൊതുമരാമത്ത് പണികൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹരായ കോൺട്രാക്ടർമാരുമായി നേരിട്ട് നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറവോ ആയ നിരക്ക് തീരുമാനിച്ച് നിർമാണം ഏല്പിക്കാവുന്നതാണ്. അപ്രകാരം നെഗോഷ്യേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുമ്പോൾ എസ്റ്റിമേറ്റിനേക്കാൾ അധികം തുകയ്ക്ക് കരാർ നല്കുവാൻ പാടില്ലാത്തതാണ്.

4.2 എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറഞ്ഞ നിരക്കിലോ ഒരു ടെണ്ടർ മാത്രം ലഭിക്കുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലേക്ക് നിയമിച്ചിട്ടുള്ള/പുനർവിന്യസിക്കപ്പെട്ടിട്ടുള്ള എഞ്ചിനീയറുടെ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ സ്വീകരിച്ച് കരാർ നല്കാവുന്നതാണ്.

4.3 നെഗൊഷ്യേറ്റ് ചെയ്താലും നിർവ്വഹണം ഏൽപ്പിക്കുവാൻ കഴിയാത്ത പ്രൊജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ നടത്താവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുവാൻ പാടില്ലാത്തതാണ്.

4.4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണത്തിന് മാത്രം ചുവടെ വന്നിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എസ്റ്റിമേറ്റ് തുകയേക്കാൾ 5 ശതമാനം Tender Excess അനുവദിക്കാവുന്നതാണ്.

(i) പൊതുമരാമത്ത് വകുപ്പിന്റെ 1999ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനാണ് Tender Excess പരിഗണിക്കേണ്ടത്

(ii) ടെണ്ടർ, റീടെണ്ടർ, നെഗോസിയേഷൻ മുതലായ നടപടികൾ സ്വീകരിച്ചതിനുശേഷം മാത്രമേ Tender Excess നല്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ

(iii) Tender Excess നല്കിയെങ്കിൽ മാത്രമെ കരാർ പോകുകയുള്ളൂ എന്നുള്ള പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ, കൺവീനർ, തദ്ദേശഭരണ സ്ഥാപനത്തിലേയ്കക് പുനർവിന്യസിക്കപ്പെട്ട/നിയമിക്കപ്പെട്ട എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒറു 'ടെണ്ടർ കമ്മിറ്റി' വിശദമായി പരിശോധിച്ച് എസ്റ്റിമേറ്റ് തുകയുടെ 5ശതമാനത്തിന് വിധേയമായി Tender Excessന്റെ പരിധി നിശ്ചയിക്കേണ്ടതാണ്.

(iv) അപ്രകാരം ടെണ്ടർ കമ്മിറ്റി തലത്തിലും തീരുമാനം എടുക്കാൻ കഴിയാത്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ചുവടെയുള്ള ഏതെങ്കിലും ഒരു രീതി അവലംബിക്കാവുന്നതാണ്.

(a) നിർമ്മിതികേന്ദ്ര, കോസ്റ്റ്ഫോർഡ്, ഹാബിറ്റ്റ്റ് മുതലായ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം

(b) നേരിട്ടുള്ള നിർവ്വഹണം

(v) എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ/നേരിട്ട് മുഖേനയുള്ള നിർവ്വഹണത്തിന് പൊതുമരാമത്ത് പണികളുടെ നിർവ്വഹണ ചട്ടങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

4.5 കെട്ടിടം, പാലം എന്നിവ ഒഴികെ മറ്റ് നിർവ്വഹണ പ്രവൃത്തികൾക്ക് യാതൊരു കാരണവശാലും Tensder Excess അനുവദിക്കുവാൻ പാടില്ലാത്തതാണ്

4.6 ഈ ഉത്തരവിന്റെ തിയതിയിലോ അതിനുശേഷമോ കരാർ വ്യവസ്ഥയിൽ ഏർപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ Tender Excess അനുവദിക്കുവാൻ പാടുള്ളൂ.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി. കമാൽകുട്ടി

സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 52894/ഡിപി.1/03/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 15-11-2003

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടിട്ടുള്ള എൻജിനീയർമാരുടെ ചുമതലകൾ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 30.10.2003-ലെ പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറിയുടെ കുറിപ്പ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുനർവിന്യസിക്കപ്പെട്ട എൻജിനീയർമാരുടെ ചുമതല നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഒരു ഗ്രാമ പഞ്ചായത്തിലേക്ക് നിയമിക്കപ്പെട്ടിട്ടുള്ള/പുനർവിന്യസിക്കപ്പെട്ടിട്ടുള്ള എൻജിനീയർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പണികളുടെ അധികച്ചുമതല നൽകാൻ പാടില്ലാത്തതാണ്. എൻജിനീയർമാരെ നിയമിക്കുകയോ പുനർവിന്യസിക്കുകയോ ചെയ്തിട്ടില്ലാത്ത ഗ്രാമ പഞ്ചായത്തുകളുടെ പൊതുമരാമത്തുപണികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയിലെ അനൗദ്യോഗിക എൻജിനീയർക്കോ മുൻപ് അപ്രന്റീസ് എൻജിനീയർ ആയി സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കോ നൽകാവുന്നതാണ്.

(2) പുനർവിന്യസിക്കപ്പെട്ടിട്ടുള്ള എൻജിനീയർമാർ പൊതുമരാമത്ത്, ജലസേചനം എന്നീ വ്യത്യാസമില്ലാതെ അവർക്ക് ചുമതല നൽകിയിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എല്ലാ വിഭാഗം നിർമ്മാണ പ്രവൃത്തികളുടെയും ചുമതല ഏറ്റെടുക്കേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

നം. 3000/ഡിപി 1/2004/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി) വകുപ്പ്

തിരുവനന്തപുരം

തീയതി 20.08.2004

സർക്കുലർ

വിഷയം:- **തദ്ദേശസ്വയംഭരണ വകുപ്പ് - ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് ആനുകൂല്യം പുനസ്ഥാപിക്കുന്നതിന് വ്യാജസർക്കുലർ പുറപ്പെടുവിച്ചിരുന്നത് - സംബന്ധിച്ച്**

സൂചന :- 04.08.2003 ലെ 34947/ഡിപി1/2003/തസ്വഭവ നമ്പർ സർക്കുലർ

മേൽ സൂചന സർക്കുലർ പ്രകാരം 3.11.94 ലെ ജി.ഒ (എം.എസ്സ്) 135/97/സഹ. നമ്പർ ഉത്തരവിലെ ഖണ്ഡിക 8 (ബി) (1) ഉം (10) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോൺട്രാക്ട് വർക്കുകൾ നൽകുന്നതിന് ബാധകമല്ലെന്ന് ഉത്തരവായിരുന്നു. എന്നാൽ ടി സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്യുവാൻ മന്ത്രിസഭ തീരുമാനിച്ചിരിക്കയാൽ 13.11.97 ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോൺട്രാക്ട് വർക്കുകൾ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ബാധമാക്കി ഇതിനാൽ ഉത്തരവാകുന്നു എന്ന നിർദ്ദേശത്തോടുകൂടി 3.12.2003 തീയതി വെച്ച് 43479/ഡിപി31/തസ്വഭവ നമ്പർ സർക്കുലർ പ്രചരിപ്പിച്ചിരിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

ഇത്തരത്തിൽ ഒരു സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. അത് വ്യാജമാണ്. ആകയാൽ അപ്രകാരം ഒരു സർക്കുലർ ഏതെങ്കിലും പഞ്ചായത്തിൽ ലഭിച്ചെങ്കിൽ അത് അവഗണിക്കേണ്ടതാണ്. 4.8.2003 ലെ 34947/ഡിപി1/2003/തസ്വഭവ നമ്പർ സർക്കുലറിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്നും അതിലെ നിർദ്ദേശങ്ങൾ അനുസരിച്ച് തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

കെ.രത്നം അമ്മ

ജോയിന്റ് സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പൊതുമരാമത്ത് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്ന പട്ടികവർഗ്ഗക്കാരായ കരാറുകാർക്ക് ഇളവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(പി) വകുപ്പ്

സ.ഉ(കൈ) നം. 2070/05/തസ്വഭവ തിരുവനന്തപുരം, തിയതി 23.05.05

പരാമർശം : 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.04 ലെ ഡി.ബി/സി.ഇ/തസ്വഭവ 944/2004 നമ്പർ കത്ത്

2. 25.05.92 ലെ സ.ഉ(കൈ) നം. 50/92/പിഡബ്ലിയു. ആന്റ് റ്റി നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

സൂചന 2ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ പട്ടികവിഭാഗക്കാരായ കരാറുകാർക്ക് രജിസ്ട്രേഷനും, പണികൾ ഏറ്റെടുത്ത് നടത്തുന്നതിലും ഡെപ്പോസിറ്റ് രജിസ്ട്രേഷൻ ഫീസ്, ടെണ്ടർ ഫോമിന്റെ വില, നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള ഇളവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പണികൾ ഏറ്റെടുക്കുന്നതിനും ബാധകമാക്കാവുന്നതാണെന്ന സൂചനയിലെ കത്ത് മുഖാന്തിരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഗവണ്മെന്റിനോട് ശുപാർശ ചെയ്തു.

സർക്കാർ ഈ പരാമർശം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒഴികെയുള്ളവയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ തൽസമയം പ്രാബല്യത്തിൽ ഉള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന പട്ടിക വിഭാഗക്കാരായ കരാറുകാർക്ക് 25.05.1992 ലെ സ.ഉ(കൈ) നം.50/92/പിഡബ്ലിയു ആന്റ് റ്റി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ഇളവുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.എം. അമ്മിണികുട്ടി

ജോയിന്റ് സെക്രട്ടറി

05.06.2005 ലെ ഗവണ്മെന്റ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് (പി) തിരുവനന്തപരും, 23952/പി 1/05/തസ്വഭവ നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്

വിഷയം :- **തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് നിയമച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഗ്രാമപഞ്ചായത്തുകളിൽ അധിക ചുമതല നൽകുന്നത് സംബന്ധിച്ച്**

പൊതുമരാമത്ത് ജലവിഭവ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനയീർമാർ പല ജില്ലകളിലും ഗ്രാമപഞ്ചായത്ത് തലത്തിൽ രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകാൻ പാടില്ലെന്ന് മുൻപ് പല പ്രാവശ്യം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അതിനു വിപരീതമായി രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകുന്നത് സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഈ വിധം അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകുന്ന നടപടി പൂർണ്ണമായും ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

എസ്.എം വിജയാനന്ദ്

ഗവണ്മെന്റ് സെക്രട്ടറി

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

നമ്പർ. 8906/ഡിപി3/05/തസ്വഭവ തിരുവനന്തപുരം, തീയതി : 08-07-2005

സർക്കുലർ

വിഷയം : വികേന്ദ്രീകൃതാസൂത്രണം - അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 27.03.2003-ലെ 10703/ഡിപി1/03/തസ്വഭവ നമ്പർ സർക്കുലർ

2. സ.ഉ. (എം.എസ്) നമ്പർ 97/2005/ആർ.ഡി. തീയതി 16.04.2005

വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽനിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) അഡ്വാൻസ് തുക കൈപ്പറ്റി നിർവ്വഹണം പൂർത്തിയാക്കാത്ത എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച ഒരു റിപ്പോർട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണം. പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി ലഭിച്ച തുക, അഡ്വാൻസ് നൽകിയ തുകയും തീയതിയും, അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാരുടെ പേരും മേൽവിലാസവും, ഭാഗീകമായി പ്രവൃത്തി പൂർത്തിയാക്കി പാർട്ട് ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ റിപ്പോർട്ട് തദ്ദേശഭരണ സ്ഥാപനം ചർച്ച ചെയ്യേണ്ടതും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാരിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) കൺവീനർമാരിൽനിന്ന് 12 ശതമാനം പലിശയോടെ അഡ്വാൻസ് തുക തിരിച്ചു പിടിക്കുന്നതിന് ആദ്യം ശ്രമിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന പ്രസ്തുത തുക ഈടാക്കേണ്ടതാണ്. വ്യക്തിയിൽ/വ്യക്തികളിൽനിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നത് കേരള റവന്യൂ റിക്കവറി ആക്ടിന്റെ (1968) പരിധിയിൽ ഉൾപ്പെടുത്തി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ കോപ്പി ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. അഡ്വാൻസ് തുക റവന്യൂ റിക്കവറി മുഖേന തിരിച്ചുപിടിക്കുമ്പോൾ റവന്യൂ റിക്കവറിക്ക് പ്രാബല്യത്തിലുള്ള 18 ശതമാനം പലിശ ഈടാക്കേണ്ടതാണ്.

(4) പെർഫോർമൻസ് ആഡിറ്റ് വിഭാഗവും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗവും ഈ നിർദ്ദേശങ്ങളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള അടിസ്ഥാന നിർദ്ദേശങ്ങളായി സ്വീകരിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി

GOVERNMENT OF KERALA

Abstract

Local Self Government Department - World Bank Aided Rural Water Supply Scheme Implemented Through Village Panchayats - Procedure to be Followed.

LOCAL SELF GOVERNMENT (DP) DEPARTMENT

G.O.(Rt.)No.538/06/LSGD Dated, Thiruvananthapuram, 24.02.2006

Read :- 1. G.O.(Rt)No.2069/2000/LSGD Dated 23.5.2000.
2. Circular No.7541/DP1/01/LSGD Dated 29.3.2001.
3. G.O.(MS)74/03/WRD Dated 22.12.2003

O R D E R

As per the Government order and circular read as first and second paper above orders were issued regarding the flow of funds from Village Panchayats to Kerala Rural Water Supply & Sanitation Agency in connection with the World Bank supported rural water supply projects being implemented in Malappuram, Kozhikode, Palakkad and Thrissur Districts.

2. Now as per the Government order read as third paper above Government have extended the Jalanidhi Projects to the ten remaining districts, namely: Kasaragod, Kannur, Wayanad, Ernakulam, Kottayam, Alappuzha, Idukki, Pathanamthitta, Kollam and Thiruvananthapuram.

Government are pleased to order the applicability of the Government order and circular read as first and second paper above to the above 10 districts as well.

By Order of the Governor

S.M. VIJAYANAND,
Principal Secretary to Govt.

GOVERNMENT OF KERALA

Abstract

Finance Department - Delegation of Financial Powers to Chief Engineers of Public Works, Irrigation and other Departments - Acceptance of tender excess - Clarification & Modification - Orders Issued.

FINANCE (EXPENDITURE B) DEPARTMENT

G.O(P) No. 106/2006/Fin, Dated, Thiruvananthapuram 06.03.2006

Read : 1. G.O (P)No. 667/2000/Fin. dated 22.03.2000

2. G.O (P) No. 1181/2004/PWD dated 24.11.2004

3. G.O (P) No. 254/2005/Fin, dated 01.06.2005

4. G.O (P) No. 335/2005/Fin. dated 20.07.2005

5. Lr No. IAU(Works) (I9b)/15-735/05-06/293 dated 09.12.2005 from Accountant General (Audit) Kerala, Branch Office, Thrissur

ORDER

1. The delgation of financial powers of the officers of Public Works, Irrigation and other Departments for accepting tenders were reduced from the earlier limit of 35% to 5% as per the Government Order read as (iii) above. This was then increased to slabs ranging from 10% to 20% vide Government Order read as (iv) above. Percentage limits have been fixed to Chief Engineer, Superintending Engineer and Executive Engineer for accepting tender excess, based on the value of the 'tendered estimate'.

2. The Accountant General has observed vide reference (v) above that the wording 'tendered estimate' carries some ambiguity, because the estimate cost of the work may not be the value of work put to tender. Accountant General has made further suggestions/sought clarification on the following:-

i. The implication of giving retropsective effect from 01.04.2005 for the Government Order dated 01.06.2005 may be clarified.

ii. The reduction in accepting tender excess (from the origial 35% to 10% etc.) may be extended to sanctioning excess over estimated also.

iii. All the orders in this regard, which apply to PWD and Irrigation Department may be extended to the Harbour Engineering Department as well.

iv. According to item 8(xxxii) in the Annexure to the Government Order dated 22.03.2000, financial powers of the officers of Public Works/Water Resoruces Department shall stand modified with every enhancement in the Schedule of Rates by an amount proportionate to the average percentage increase in the Schedule Rates. Does this clause need to be modified?

3. The Public Works Department has requested that the limit of 10% on sanctioning tender excess is too low and needs to be revised to 20%

4. Taking in to account the above, the Governement hereby order as follows:

5. The limit up to which Chief Engineer, Supperintending Engineer, and Executive Engineer can sanction tender excess for various works is hereby changed as follows:

Sl. No	Category	CE	SE	EE
1.	Works where the estimate value on issue of technical sanction is Rs. 15 lakh or less	25%	20%	15%
2.	Works where the estimated value on issue of technical sanction is above Rs. 15 lakh and upto Rs.100 lakh	20%	15%	Nil
3.	Works where the estimated value on issue of technical sanction is above Rs. 100 lakh	20%	Nil	Nil

6. It is further ordered that the same limits as in para 5 above will apply to sanctioning excess over estimates.

7. It is also ordered that the Governemnt Orders read above, as modified from time, including this Government Order will apply not just to Public Works and Irrigation Departemtns but also the Harbour Engineering Department

8. In view of the point raised by the Accountant General vide Para 2(iv) above, item 8(xxxii) of Government Order read as (i) above will stand deleted.

9. The Government Order dated 01.06.2005 read as (iii) above will have only prospective effect.

The Government Orders read above stand modified to this effect.

(By Order of the Governor)

K. JOSE CYRIAC,
PRINCIPAL SECRETARY (FINANCE)

കേരള സർക്കാർ

43756/ഡിപി1/06/തസ്വഭവ. തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തീയതി: 20.10.2006

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - ജലനിധി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് അനുവദിക്കുന്നത് - സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി ഡയറക്ടറുടെ 21.8.06-ലെ 3628/OP/03/KRWSA നമ്പർ കത്ത്.

ജലനിധി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണമെന്ന് സൂചന കത്തു പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ഗവൺമെന്റ് പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി ജില്ലാ പ്രോജക്ട് മാനേജറുടെ നിർദ്ദിഷ്ട പ്രൊസീഡിംഗ്സ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലനിധി പ്രോജക്ടുകളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് യഥാസമയം നിർദ്ദിഷ്ട ബെനിഫിഷ്യറി ഗ്രൂപ്പുകൾക്ക് അനുവദിച്ചു നൽകേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

GOVERNMENT OF KERALA

No. 14424 C3/2004/Fin

Finance Inspection Wing, Technical Department
Thiruvananthapuram, Dated. 14.11.2006

From,
Chief Technical Examiner

To,
The Principal Accountant General
Kerala, Thiruvananthapuram

Sir,

Sub :- **Public Works - Audit - Rate of filling with Contractors own earth cut and conveyed from the source of availability**

Read. 1. That office letter No. LBA (HQ st) 2005-06/756 dated 14.12.05
2. This office letter No. 44424/FIW.C3/04/Fin. dated 21.05.2004

Kindly refer to the above, The Chief Technical Examiner has issued an instruction earlier to deduct one extra lead and lift as per item No. 58 and 59 of standard data from the rate for the earth work filling with contractors own earth, vide instruction No. 13584/C1/Fin dated 04.04.86. The letter referred (2) above is a clarification to the earlier instruction as requested by the Local Fund Audit Department.

The work of "filling with contracts own earth" involve simultaneous operation of two items of work ie (i) earth work excavation and (ii) conveyance of the earth by lorry. In each item of work one lead and lift is included. Therefore there is a duplication of one lead and lift when the subject work is operated as a combined it and as such in principle one lead and lift coming as duplication needs to be deducted.

In cases where the item of earthwork excavation and conveyance by lorry are to be done as two separate items of work (independent) the data provision of lead and lift can be applied as such (is without deduction one lead and lift)

Yours faithfully,

N.T RAVINDRAN
Chief Technical Examiner &
Ex-Officio Addl. Secretary to Govt.

GOVERNMENT OF KERALA

No. 15179/DP1/06/LSGD

Local Self Government (DP) Department
Thiruvananthapuram, Dated. 30.01.2007

CIRCULAR

Sub : - **Local Self Government - ST/VAT dues from Local Self Government Institutions to Government - Remittance - reg.**

It has been brought to the notice of the Government that a number of Local Governments are not remitting the Sales Tax/Value Added Tax amounts collected by them to the Government Treasury in time. As per rules Sales Tax/Value Added Tax collected during a calendar month shall be remitted to the Government Treasury before the 10th of the succeeding month. Therefore all Local Governments Institutions requested to remit the Sales Tax/Value Added Tax collected by them to the Government Treasury the time limit prescribed without fail.

Rates of tax applicable to the various categories are given below:

i. Works awarded to Contractors through Open Competitive Bidding		
If the Contractor opts for compounding by producing certificate from Commercial Taxes Department in Form 4D.	The rate of tax applicable on civil works for Contractors who have KVAT Registration but no CST Registration	-2% on the whole contract value + purchase tax on materials purchased from unregistered dealers (option under section 8(a)(i) OR 3% on the whole contract value (option under proviso to section 8(a)(i). No purchase tax is payable
	The rate of tax applicable on civil works in case of Contractors who have KVAT Registration and CST Registration	4 % on the whole contract value. No purchase tax is payable
Note 1 :- The above rates are applicable irrespectively of turnover limit 2. If the entire buildings is given as a composite contract, the electrical & allied works may be treated as civil works 3. If the transfer is in the form of goods (i.e A/C, furniture made to order) then the rate applicable shall be the rate of tax on the goods without deducting labour element.		
If the Contractor does not opt for compounding	The rate of tax applicable on civil works in case of Contractors who have KVAT Registration with or without CST Registration	12.5% of the contract amount excluding the labour portion. Tax Liability Certificate from Commercial Taxes Department in Form 20B is to be insisted upon before making final payment. Where the contractor himself

		undertakes to pay tax, no tax deduction at source need be made if he produces certificate from Commercial Taxes Department in Form 20E.
ii. Through accredited agencies like Nirmiti Kendra, Cost Ford etc. Registration for works contractors under Kerala Value Added Tax Act is compulsory. If the NGO has registration under KVAT Act, he is entities to be treated as above in the case of civil works.		
III. Through the Beneficiary Committee without any profit margin. If the individual contract amount up to Rs. 10 lakhs the rate of tax applicable is 4% of the whole contract value. If the individual contract amount exceeds Rs. 10lakhs the tax payable is 12.5% of the contract amount excluding the labour portion.		

S.M Vijayanand
Principal Secretary

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പണികളുടെ നിർവ്വഹണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ (എം.എസ്) നമ്പർ 133/07/തസ്വഭവ തീയതി, തിരുവനന്തപുരം. 18.05.2007

പരാമർശം :-
1. സ.ഉ (പി) നം. 216/97/തഭവ, തീയതി 23.09.1997
2. സ.ഉ (എം.എസ്) നം. 254/97/തഭവ, തീയതി 12.11.1997
3. സ.ഉ (എം.എസ്) നം. 68/98/തഭവ, തീയതി 21.03.1998
4. സ.ഉ (പി) നം. 21/99/തഭവ, തീയതി. 28.01.1999
5. സ.ഉ (പി) നം. 135/99/തഭവ, തീയതി 06.07.1999
6. സ.ഉ (എം.എസ്) നം. 47/2001/പ്ലാനിംഗ്, തീയതി 28.11.2001
7. സർക്കുലർ നം. 13527/ഡി.പി1/03/തസ്വഭവ, തീയതി 19.03.2003
8. സ.ഉ (ആർ.ടി) നം. 4288/04/തസ്വഭവ, തീയതി 19.03.2003
9. സ.ഉ (ആർ.ടി) നം. 856/05/തസ്വഭവ, തീയതി 05.03.2005

ഉത്തരവ്

പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളെയും കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളെയും അടിസ്ഥാനമാക്കി സർക്കാർ ചില സ്ഥാപനങ്ങളെ/സർക്കാതിര സംഘടനകളെ/ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളായി അംഗീകരിച്ചിട്ടുണ്ട്. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതിനും സാമ്പത്തികക്ഷമതയുള്ളതും പ്രവർത്തിപരിചയമുള്ളതുമായ സ്ഥാപനങ്ങൾ/സംഘടനകൾ/ സംഘങ്ങൾക്കാണ് അക്രഡിറ്റേഷൻ നൽകുന്നത്. ഇപ്രകാരം അംഗീകാരം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾ മുഖേന, തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് പരാമർശത്തിലെ 3,4,5,6,7,9 എന്നിവ പ്രകാരം നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്ന പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒരു സ്ഥാപനത്തിന്/സംഘടനയ്ക്ക്/സംഘത്തിന് അക്രഡിറ്റേഷൻ നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ഇനം പ്രവൃത്തികൾ മാത്രമേ ആ സ്ഥാപനം/സംഘടന/സംഘം മുഖേന നിർവ്വഹണം നടത്താൻ പാടുള്ളൂ. ചില

ഏജൻസികളുടെ കാര്യത്തിൽ ചില പ്രദേശങ്ങൾക്ക്/ജില്ലയ്ക്ക് മാത്രമായാണ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. അതിനാൽ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഈ ഉത്തരവിലെ നടപടിക്രമങ്ങൾ പ്രകാരം ഒരു അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഏജൻസിക്ക് തങ്ങളുടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

2. ലാഭം അനുവദനീയമല്ലാത്തതിനാലും യഥാർത്ഥ മൂല്യം (actual cost) മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നതിനാലും കരാറുകാരന്റെ ലാഭവിഹിതം കൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മൂല്യവർദ്ധിത നികുതി (value added tax), ആദായ നികുതി (income tax), മറ്റ് നികുതികൾ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം (അനുവദനീയമാണെങ്കിൽ മാത്രം) മുതലായ ചെലവുകൾക്കുള്ള തുക എസ്റ്റിമേറ്റിൽ പ്രത്യേകം കാണിച്ചിരിക്കണം. പ്രാബല്യത്തിലുള്ള നിരക്കുകൾ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയ്ക്ക് പുറമെയാണ് (over and above estimate as per rates in vogue) ഈ ചെലവുകൾക്കുള്ള തുക വകയിരുത്തേണ്ടത്.

3. എസ്റ്റിമേറ്റ് തയ്യാറാക്കൽ

   a. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കണം പ്ലാൻ, ഡിസൈൻ എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കേണ്ടത്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളാണ് (schedule of rates) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ടത്.

   b. നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതികവിദ്യ (alternate technology) ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക്, ഈ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികളുടെ തന്നെ സ്റ്റാന്റേർഡും, സ്പെസിഫിക്കേഷനും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. എന്നാൽ ആകെ മതിപ്പ് ചെലവ്, പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകരുത്

   c. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ ബന്ധപ്പെട്ട ഏജൻസികളുടെ എഞ്ചിനീയർമാർക്കും തയ്യാറാക്കാവുന്നതാണ്. എന്നാൽ മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ തന്നെയായിരിക്കണം ഇവ തയ്യാറാക്കേണ്ടത്.

4. സാങ്കേതികാനുമതി

   പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പൊതുവായ നടപടിക്രമങ്ങൾ അക്രഡിറ്റഡ്

ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്കും ബാധകമായിരിക്കും. എന്നാൽ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ജില്ലാതലത്തിൽ ഒരു പ്രത്യേക സമിതി ഉണ്ടായിരിക്കണം. ഈ ഏജൻസികൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പരിചയമുള്ള എഞ്ചിനീയർമാരെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സമിതി രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രങ്ങൾ, കോസറ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുതലയാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനയീർമാരെ ഈ സമിതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഈ സമിതിയിൽ നിന്നാണ് എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങേണ്ടത്. തനത് സാങ്കേതിക വിദ്യ പരിചയമുള്ള എഞ്ചിനീയർമാർ ഇല്ലാത്തതിനാൽ ഇപ്രകാരമൊരു സമിതി ഏതെങ്കിലും ജില്ലയിൽ രൂപീകരിക്കാൻ കഴിയുന്നില്ലെങ്കിലോ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തിത സമിതിക്ക് സാങ്കേതികാനുമതി നൽകാൻ കഴിയുന്ന അധികാര പരിധിയിലും കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിയാണെങ്കിലോ പരാമർശം എട്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സമിതിയിൽ നിന്ന സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

5. ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെതന്നെ പ്രവൃത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഷെഡ്യൂൾ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള സാധ്യത തദ്ദേശഭരണ സ്ഥാപനം ആരായണം. അതുപ്രകാരം നിശ്ചയിക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിലായിരിക്കണം നിർവ്വഹണ ചുമതല ഏജൻസിയെ ഏല്പ്പിക്കേണ്ടത്. ഷെഡ്യൂൾ നിരക്കിനെക്കാൾ അധിക നിരക്ക് അനുവദിക്കാൻ പാടുള്ളതല്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമരത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് സർക്കാർ ഒരു പൊതുഉത്തരവിലൂടെ അനുമതി നൽകുകയാണെങ്കിൽ മാത്രം അതിന് നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം അധികനിരക്ക് അനുവദിക്കാവുന്നതാണ്.

6. നിരതദ്രവ്യം (EMD), ജാമ്യതുക (security) മുതലായവ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഈടാക്കേണ്ടതില്ല.

7. പ്രവൃത്തി ഏല്പിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനവും ഏജൻസിയും തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണം.

8. സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തൽ

   a. തദ്ദേശഭരണ സ്ഥാപനത്തിന്റെ, എഞ്ചിനീയറാണ് സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത്. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം ബന്ധപ്പെട്ട ഏജൻസികളുടെ എഞ്ചിനീയർമാർക്കും അളവുകൾ രേഖപ്പെടുത്താവുന്നതാണ്. എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ അവ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെടുത്തേണ്ടതാണ്.

b. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം (technical soundness) ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഏജൻസിക്കാണ്

c. പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുക, സൂപ്പർവിഷൻ നടത്തുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി എഞ്ചിനീയർ ഇല്ലെങ്കിൽ/എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പകരം സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

9. അളവുകൾ പരിശോധിക്കൽ

a. അളവുകൾ രേഖപ്പെടുത്തിയ എഞ്ചിനീയറുടെ ഉയർന്ന റാങ്കിലുള്ള മറ്റൊരു എഞ്ചിനീയർക്ക് ചെക്ക്മെഷർമെന്റ് നടത്താവുന്നതാണ്. എന്നാൽ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്നതെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ താഴെയല്ലാത്ത ഒരു എഞ്ചിനീയറായിരിക്കണം ചെക്ക് മെഷർമെന്റ് നടത്തേണ്ടത്.

b. തദ്ദേശഭരണ സ്ഥാപനങ്ങളുടെ/തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യിച്ച എഞ്ചിനീയർമാർക്ക് പുറമേ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ള എഞ്ചിനീയർമാർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചതും സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതികളിൽ അംഗങ്ങളുമായ വിരമിച്ചതും സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതികളിൽ അംഗങ്ങളുമായ എഞ്ചിനീയർമാർക്കും ചെക്ക് മെഷർമെന്റ് നടത്താവുന്നതാണ്. വിരമിച്ച എഞ്ചിനീയർമാരുടെ കാര്യത്തിൽ അവർ ഏത് പദവിയിൽ നിന്നാണോ വിരമിച്ചത് പ്രസ്തുത പദവിയിലുള്ള എഞ്ചിനീയറായി അവരെ കണക്കാക്കാവുന്നതാണ്.

10. മാനേജ്മെന്റ് ചാർജ്ജ്/എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം

പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാനേജ്മെന്റ് ചാർജ്ജ് ആയി എസ്റ്റിമേറ്റ് തുകയുടെ 2 (രണ്ട്) ശതമാനം, പരിധിയില്ലാതെ, ഏജൻസിക്ക് നൽകേണ്ടതാണ്. തനതു സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഏജൻസി തന്നെയാണ് പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതെങ്കിൽ പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 1/2 ശതമാനം ഏജൻസിക്ക് അനുവദിക്കാവുന്നതാണ്. ഇത്തരം ചെലവുകൾക്ക് വേണ്ട തുക മാനേജ്മെന്റ് ചാർജ്ജ്/എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം എന്ന ഇനത്തിൽ പ്രോജക്ടിൽ പ്രത്യേകം ഉൾപ്പെടുത്തണം.

11. പേയ്മെന്റ്

ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരം ഘട്ടം ഘട്ടമായി മാത്രമേ ഏജൻസിക്ക് തുക നൽകാൻ പാടുള്ളൂ.

a. ഘട്ടം 1 : കരാർ ഉടമ്പടിയിൽ ഏർപ്പെട്ടുകഴിഞ്ഞാൽ പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി തുകയുടെ 20%

b. ഘട്ടം 2,3,4 : മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാലേഷൻ, ചെക്ക്മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് 20% വീതം

c. ഘട്ടം 5 : മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാലേഷൻ, ചെക്ക്മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് 10% വീതം

d. ഘട്ടം 6 : പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം, ഫൈനൽ വാലേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ബന്ധപ്പെട്ട എല്ലാ രേഖകളും തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് ബാക്കി 10%

e. മാനേജ്മെന്റ് ചാർജ്ജ്/എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം അവസാന ഘട്ടത്തിൽ നൽകിയാൽ മതിയാകും.

12. തനതു സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്നതെങ്കിൽ മെഷർമെന്റ് ബുക്ക്, വൗച്ചറുകൾ, മറ്റ് രേഖകൾ എന്നിവ ഏജൻസി തന്നെ തയ്യാറാക്കി സൂക്ഷിക്കണം. തദ്ദേശഭരണ സ്ഥാപനമോ, തദ്ദേശഭരണ സ്ഥാപനം നിയോഗിക്കുന്ന എഞ്ചിനീയറോ/സമിതിയോ എപ്പോൾ ആവശ്യപ്പെട്ടാലും അവ പരിശോധനയ്ക്കായി നൽകേണ്ടതാണ്. മെഷർമെന്റ് ബുക്ക്, മറ്റ് രേഖകൾ എന്നിവ പ്രവൃത്തി പൂർത്തിയാക്കി 15 ദിവസത്തിനകം, തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം.

13. പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച, പൊതുമരാമത്ത് ചട്ടങ്ങളിലെ 17-ാമത് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പ്രവൃത്തിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് ഏജൻസി തയ്യാറാക്കി, വ്യക്തമായി കാണാവുന്ന തരത്തിൽ പണി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

14. പ്രവൃത്തികൾ സംബന്ധിച്ച എല്ലാ രേഖകളും പൊതുരേഖകളായിരിക്കുന്നതാണ്. ഏതെങ്കിലും പൗരൻ ആവശ്യപ്പെട്ടാൽ പകർപ്പ് എടുക്കുന്നതിനുള്ള ഫീസ് ഈടാക്കി കൊണ്ട് ഏജൻസി/തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകേണ്ടതാണ്.

15. നികുതികളും ക്ഷേമനിധി വിഹിതവും തദ്ദേശഭരണ സ്ഥാപനം തന്നെ നേരിട്ട് അടയ്ക്കണം. ഈ ചെലവുകൾ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്യാൻ പാടുള്ളതല്ല. ഇവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (മൂല്യവർദ്ധിത നികുതിയെ (VAT) സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫോറം, ക്ഷേമനിധി വിഹിതം അടച്ച രസീതിന്റെ പകർപ്പ്, ആദായ നികുതി അടച്ചതിന്റെ സർട്ടിഫിക്കറ്റ് മുതലായവ) തദ്ദേശഭരണ സ്ഥാപനം അക്രഡിറ്റഡ് ഏജൻസിക്ക് നൽകണം. ഏജൻസികൾ അവരുടെ ടേൺ ഓവർ സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പിൽ/സ്ഥാപനത്തിൽ സമർപ്പിക്കുമ്പോൾ ഈ പ്രവൃത്തികൾക്ക് തദ്ദേശഭരണ

സ്ഥാപനം നികുതി/ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ഏജൻസികൾ വീണ്ടും അവ അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഇപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിക്കുന്നത്. മുൻ കാലങ്ങളിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുകയും തദ്ദേശഭരണ സ്ഥാപനം തന്നെ നേരിട്ട് നികുതി/ക്ഷേമനിധിവിഹിതം അടയ്ക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ അവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏജൻസികൾക്ക് നൽകിയിട്ടില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉടൻ തന്നെ അവ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകേണ്ടതാണ്.

പരാമർശം 4,6,9 എന്നീ സർക്കാർ ഉത്തരവുകളും 7-ാമത്തെ സർക്കുലറും റദ്ദ് ചെയ്യുന്നു. പരാമർശം 3,5 എന്നീ സർക്കാർ ഉത്തരവുകളിലെ, അക്രഡിറ്റേഷൻ സംബന്ധിച്ച സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ് എന്നീ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകികൊണ്ടുള്ള ഭാഗവും പരാമർശം അഞ്ചിലെ ഉത്തരവിൻ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അക്രഡിറ്റേഷൻ നൽകികൊണ്ടുള്ള ഭാഗവും മാത്രം തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്.എം വിജയാനന്ദ്
ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, നഗരകാര്യ വകുപ്പ്

} എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

10. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർ)
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

15. എല്ലാ അസിസ്റ്റന്റ് ഡെവലെപ്പ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
16. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
17. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
18. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 56209/ഡിപി1/2007/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഎ)വകുപ്പ്
തിരുവനന്തപുരം, തീയതി. 17.09.2007

സർക്കുലർ

വിഷയം :- **തദ്ദേശസ്വയംഭരണ വകുപ്പ് കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിയുടെ നിർവ്വഹണം അക്രഡിറ്റ് ഏജൻസിയെ ഏൽപ്പിക്കാവുന്നതാണെന്ന സ്പഷ്ടീകരണം സംബന്ധിച്ച്.**

സൂചന :- സ. ഉ (എം.എസ്) നം.133/07/തസ്വഭവ, തീയതി 18.05.2007

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും നികുതികൾ, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ് മുതലായ ചെലവുകൾക്കുള്ള തുക എസ്റ്റിമേറ്റിൽ പ്രത്യേകം കാണിച്ചിരിക്കണമെന്നുമാണ് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുളത്. കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി വാങ്ങുകയും ചെയ്ത ഒരു പ്രവൃത്തിയുടെ നിർവ്വഹണവും അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി വാങ്ങുകയും ചെയ്ത ഒരു പ്രവൃത്തിയുടെ നിർവ്വഹണവും അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാവുന്നതാണ്. എന്നാൽ ലാഭവിഹിതം ഒഴിവാക്കിയായിരിക്കണം, സൂചനയിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടി ക്രമങ്ങൾക്ക് വിധേയമായി പ്രവൃത്തിക്കുള്ള കരാൻ ഉടമ്പടിയിൽ ഏർപ്പെടേണ്ടത്. അതായത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും നികുതികൾ, നിർമ്മാണ തൊഴിലാളി ക്ഷേമനധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ് മുതലായ ചെലവുകൾക്കുള്ള തുക ഉൾപ്പെടുത്തിയും തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം പ്രോജക്ട് ഭേഗതി ചെയ്തതിന് ശേഷം നിർവ്വഹണ ചുമതല അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാവുന്നതാണ്. ടെണ്ടർ നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞ പ്രവൃത്തിയുടെ കാര്യത്തിൽ അതുപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാൻ പാടുള്ളൂ.

എസ്.എം വിജയാനന്ദ്
ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

GOVERNMENTOFKERALA

Abstract

Local Self Government Department-Immediate maintenance works of rain-damaged roads- allowing market rate for bitumen-orders issued

LOCAL SELF GOVERNMENT DEPARTMENT (DA) DEPARTMENT

GO.(Ms)No.228/07/LSGD

Dated. Thiruvananthapuram. 05-10.2007

Read:- (l)GO.(Rt)No.595/07/PWD Dated,26.04.2007
(2) GO. (Ms) No.l37/07/LSGD Dated, 28.05.2007

ORDER

In pursuance of revision of the PWD Schedule of Rates from April 2007 whereby the cost of bitumen as per SoR became equal to the market rate, the LSGD has stopped the practice of supplying bitumen or allowing market rates of bitumen in the works of LSGIs. However, the Bharat Petroleum Corporation Limited (BPCL) has subsequently revised these rates. The small contactors undertaking repair works for LSGIs have expressed difficulties in taking up the work because the bitumen is not arranged departmentally nor market rates allowed as is being done in PWD.

2. Government have considered the matter and hereby decide for road maintenance works of LSGIs, the rates for bitumen as shown in the Schedule of Rates 2007 will be revised as follows (for purposes of preparation of estimate):

Bitumen Prices Rate per MT

1	2	3	4
		SoR 2007	Revised rate from 16-9-07
Bitumen 80/100 grade	Bulk	18660	20521
	Barrel	20990	23186
Bitumen 60/70 grade	Bulk	20547	22241
	Barrel	22877	24906
Bitumen Emulsion	Bulk	15667	17493
	Barrel	20326	22496
Natural Rubber Modified Bitumen (NRMB)	Bulk Barrel	21083 23412	23041 25827

3. This will be known as SoR 2007 and will apply only to the immediate repair of rain damaged roads by Local Government

4. This order will apply in respect of all estimates being prepared after the date, of this GO. There is no objection to revising the rates for bitumen even in the case on estimates prepared already, provided that fresh tenders are invited on the basis of the revised estimates. Under no circumstances will the revised rates apply to works already arranged or works where tenders issued based on April 2007 SoR have been accepted or is proposed to be accepted.

5. This issues with the concurrence of Public Works and Finance Departments.

By Order of the Governor,

S.M. Vijayanand
Principal Secretary

കേരള സർക്കാർ

നം. 59827/എഫ്.എം1/07/തസ്വഭവ

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം, തീയതി. 30.10.2007

സർക്കുലർ

വിഷയം :- **വർക്ക് ബില്ലിൽ നിന്നുള്ള വസൂലാക്കലുകൾ നിക്ഷേപിക്കുന്നത് സംബന്ധിച്ച്**

സൂചന : - 12.04.2006 ലെ സ.ഉ (അച്ചടിച്ചത്) 177/06/ധന. ഉത്തരവ്

സൂചന സർക്കാർ ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വർക്ക് ബില്ലിലൂടെ കരാറുകാരിൽ നിന്നും ഈടാക്കുന്ന ഫൈൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ടാർ വീപ്പകൾ വിറ്റവകയിൽ ലഭിക്കുന്ന തുക, വർക്ക് ബില്ലിൽ നിന്നും ഈടാക്കുന്ന ഇൻകംടാക്സ്, വാറ്റ് എന്നിങ്ങനെ ലഭിക്കുന്ന തുകകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇങ്ങനെ നിക്ഷേപിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിന് അനുവാദം നൽകണമെന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

കരാറുകാരിൽ നിന്നും ഈടാക്കുന്ന ഫൈൻ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽകൂട്ടാവുന്നതും പ്രസ്തുത തുക പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നതുമാണ്. ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ ക്രഡിറ്റ് ചെയ്യേണ്ടതാണ്. വികസന ഫണ്ടിൽനിന്നോ മെയിന്റനൻസ് ഫണ്ടിൽ നിന്നോ ആണ് ടാർ വാങ്ങിയതെങ്കിൽ അതേ ഫണ്ടിൽ തിരിച്ചടയക്കേണ്ടതും പ്രസ്തുത ഫണ്ടിന്റെ നിയന്ത്രണങ്ങൾക്കനുസരിച്ച് ചെലവാക്കുകയോ അല്ലെങ്കിൽ സൂചിത ഉത്തരവിലെ 10.3 ഖണ്ഡിക പ്രകാരം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതുമാണ്.

എസ്.എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ
(സംഗ്രഹം)

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾ – നിർവഹണ ചുമതല സെക്രട്ടറിമാർക്ക് നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ജി.ഒ.(എം.എസ്) 4/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 01.01.2008

പരാമർശം : 1. 22.01.2007–ലെ ജി.ഒ (ആർ.ടി) 252/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 01.11.2007–ലെ ജി.ഒ (എം.എസ്) 249/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

പരാമർശം ഒന്നിലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥനായി അസിസ്റ്റന്റ് എഞ്ചിനീയറെ ആണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിലില്ലാത്തതോ ഒഴിവുള്ളതോ ആയ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണപ്രവൃത്തികൾ നടപ്പാക്കുന്നതിന് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് ചുവടെ വിവരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിൽ ഇല്ലാതാവുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒരുമാസത്തിലധികമായി ഒഴിഞ്ഞുകിടക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടായാൽ ആ ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

3. മുകളിൽ സൂചിപ്പിച്ചത് പ്രകാരം സെക്രട്ടറിയെ നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുക, നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ടം നടത്തി അളവ് രേഖപ്പെടുത്തുക, ബില്ല് തയ്യാറാക്കുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ സാങ്കേതികാനുമതി നൽകുവാൻ രൂപീകരിച്ചിട്ടുള്ള സബ്ഗ്രൂപ്പ് അംഗങ്ങളുടെ സേവനം വിനിയോഗിക്കാവുന്നതും അനുവദനീയമായ നിരക്കിൽ പ്രതിഫലം നൽകാവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

നമ്പർ.799/ഡി.എ1/2008/തസ്വഭവ

തിരുവനന്തപുരം
തീയതി : 03-01-2008

സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ പൊതുമരാമത്തു പ്രവൃത്തികളുടെ നിർവഹണം - സെക്രട്ടറിക്ക് ചുമതല നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന : 1. 15.11.2003-ലെ 52894/ഡി.പി1/2003/തസ്വഭവ നമ്പർ സർക്കുലർ
2. 01.11.2007-ലെ ജി.ഒ.(എം.എസ്) 249/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

ഗ്രാമപഞ്ചായത്തുതലത്തിൽ നിയമിച്ചിട്ടുള്ള ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകാൻ പാടില്ലായെന്ന് സൂചന ഒന്നിലെ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ വിഷയം സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

(i) ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിപരീതമായി, യാതൊരു കാരണവശാലും ഒരു അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് രണ്ടിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകാൻ പാടില്ലാത്തതാണ്. ആ രീതിയിൽ നൽകിയിട്ടുള്ള അധിക ചുമതലയിൽ നിന്ന് എഞ്ചിനീയർമാരെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം വിടുതൽ ചെയ്യേണ്ടതാണ്.

(ii) ഒരു ഗ്രാമപഞ്ചായത്തിന് സ്വന്തമായി അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലെങ്കിൽ/അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒരു മാസത്തിലധികകാലമായി ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ആ ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുക, സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തുക, ബില്ലുകൾ തയ്യാറാക്കുക എന്നീ ചുമതലകൾ നിറവേറ്റുവാൻ സൂചന രണ്ടിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരം ആ ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ ചുമതലപ്പെട്ടിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് സബ്ഗ്രൂപ്പിലെ അംഗങ്ങളുടെ സേവനം വിനിയോഗിക്കേണ്ടതും അനുവദനീയമായ നിരക്കിൽ പ്രതിഫലം നൽകാവുന്നതുമാണ്.

(iii) മുഴുവൻ സമയ (full-time) ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതുവരെ, അത്തരം ഗ്രാമപഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥനായി അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

GOVERNMENT OF KERALA

Local Self Government Department - Works taken up by Local Governments - providing market rates for cement and steel - Order issued.

Local Self Government (DA) Department

G.O(MS) No. 14/2008/LSGD

Dated, Thiruvananthapuram, 15-01-2008

Read : 1. G.O (MS) 228/07/LSGD
Dated, Thiruvanathapuram, 5-10-2007
2. G.O (MS) No. 289/2007/LSGD
Dated, Thiruvananthapuram, 22-12-2007
3. G.O (MS) No. 1/2008/LSGD
Dated, Thiruvananthapuram, 01-01-2008
4. Note No. 2963/Dev.3/08/Finance dated 14-01-2008

ORDER

As per Government Orders read above, Local Governments have been allowed to meet the market rate of bitumen supplied by public sector units as on the date of tender for road works involving use of bitumen. During discussions with Chairpersons of DPC and representatives of different Local Government Associations held on 27th December it was pointed out that a similar provisions needs to be made in respect of cement and steel in view of the increase in cost of these materials over and above the rates included in the 2007 Schedule of Rates of the Public Works Department and in view of the fact that Local Governments are not allowed to pay tender excess.

Government have examined the matter and are pleased to issue the following orders with the concurrence of the Finance Department.

1. Market rate of cement as fixed by Malabar Cements Ltd. Palakkad and market rate of steel as fixed by Steel Authority of India Ltd. (SAIL), as on the date of tender would be adopted by Local Governments for the purpose of estimates.
2. In respect of works for which estimates have already been prepared and/or the works tendered but the contract not yet finalised, Local Governments are permitted to meet the difference of cost between the 2007 PWD Schedule of Rates of cement and steel and the market rates as indicated above or meet the tender excess which is lower.

By Order of the Governor

S. M Vijayanand
Principal Secretary to Government

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

നമ്പർ 4652/ഡി.എ1/തസ്വഭവ

തിരുവനന്തപുരം
തീയതി. 21.01.2008

സർക്കുലർ

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃസമിതികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കൽ - ടാർ, സിമെന്റ്. കമ്പി എന്നിവയ്ക്ക് വിപണിവില അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. 22.12.2007 ലെ ജി.ഒ (എം.എസ്) 289/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 01.01.2008 - ലെ ജി.ഒ (എം.എസ്)1/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3. 15.01.2008 - ലെ ജി.ഒ (എം.എസ്)14/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2007-ലെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ടാർ, സിമന്റ്, കമ്പി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിലയും പൊതുവിപണിയിലെ യഥാർത്ഥ വിലയും തമ്മിൽ വളരെ വ്യത്യാസമുള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക്, ചില നിബന്ധനകൾക്ക് വിധേയമായി, വിപണിവില (market rate) അനുവദിക്കുന്നതിന് സൂചനയിലെ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് വിപണിവില അനുവദിക്കുന്നതിന് സ്പഷ്ടീകരണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

2007ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ, സിമന്റ്, കമ്പി എന്നിവയ്ക്ക് ഷെഡ്യൂൾ നിരക്കിനു പുറമേ കരാറിൽ ഏർപ്പെടുന്ന തീയതിയിലെ വില വ്യത്യാസം കൂടി അനുവദിക്കാവുന്നതാണ്. അതായത് 2007- ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമുള്ള വിലയും കരാറിൽ ഏർപ്പെടുന്ന തീയതിയിലെ വിപണി വിലയും തമ്മിലുള്ള വ്യത്യാസം കൂടി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനയ്ക്ക് വിധേയമായി പ്രോജക്ട് ചെലവിന്റെ ഭാഗമായി അക്രഡിറ്റഡ്

ഏൻസിക്ക്/ഗുണഭോക്തൃസമിതിക്ക് അനുവദിക്കാവുന്നതാണ്. ടാർ, സിമന്റ്, കമ്പി എന്നിവയുടെ കാര്യത്തിൽ യഥാക്രമം പൊതുമേഖലാ എണ്ണകമ്പനികൾ, മലബാർ സിമെന്റ്സ് ലിമിറ്റഡ്, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയാണ് കരാർ തിയതിയിലെ വിപണിവിലയായി കണക്കാക്കേണ്ടത്. ഇപ്രകാരം വില വ്യതിയാനം അനുവദിക്കുന്നുണ്ടെങ്കിൽ അക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യണം.

10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള പ്രവൃത്തികളുടെ കാര്യത്തിൽ തദ്ദേശസ്ഥാപനം നിശ്ചയിക്കുകയാണെങ്കിൽ പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും നേരിട്ട് ടാർ വാങ്ങി അക്രഡിറ്റഡ് ഏജൻസിക്ക്/ഗുണഭോക്തൃസമിതിക്ക് നൽകാവുന്നതും ഷെഡ്യൂൾ നിരക്കും ബിൽപ്രകാരമുള്ള യഥാർത്ഥവിലയും തമ്മിലുള്ള വ്യത്യാസം പ്രോജക്ട് ചെലവിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

എസ്. എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

നം: 7638/ഡി.എ1/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 01.02.2008

സർക്കുലർ

വിഷയം: സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കൽ –വിശദീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന:
1. 29.10.2007–ലെ സ.ഉ.(ആർ.ടി)നം. 499/2007/സാ.ക്ഷേ.വ
2. 13.12.2007–ലെ സർക്കുലർ നമ്പർ 75735/ഡി.എ.1/2007/തസ്വഭവ
3. സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ 22.12.2007, 02.01.2008 എന്നീ തീയതികളിലെ 9165/ബി1/2007/സാക്ഷേ.വ.നമ്പർ കത്തുകൾ

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 313 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൂചന ഒന്ന് പ്രകാരം സർക്കാർ അനുമതി നൽകിയതിനെതുടർന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും അംഗൻവാടികൾ നിർമ്മിക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങൾ സൂചന രണ്ട് പ്രകാരം നിശ്ചയിച്ചിരുന്നു. കെട്ടിട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണങ്ങൾ നൽകുന്നു.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതില്ല. എന്നാൽ ഡി.പി.സി, പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തുന്നതിനായി വിശദാംശങ്ങൾ, നിശ്ചിത പ്രോജക്ട് ഫോറത്തിൽ തയ്യാറാക്കി ടെക്നിക്കൽ അഡ്വൈസറി ഗ്രുപ്പ് മുഖേന, ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി സർക്കാർ അംഗീകരിച്ച ടൈപ്പ് ഡിസൈനും എസ്റ്റിമേറ്റും അനുസരിച്ചാണ് കെട്ടിടം നിർമ്മിക്കേണ്ടത്. എന്നാൽ നിശ്ചയിച്ചിട്ടുള്ള തറവിസ്തീർണ്ണത്തിൽ കുറവ് വരുത്താതേയും സർക്കാർ അനുവദിച്ച തുകയിൽ പരിമിതപ്പെടുത്തിയും ഭൂപ്രകൃതിയുടെ പ്രത്യേകത, സ്ഥലത്തിന്റെ കിടപ്പ്, പ്രാദേശികമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ എന്നിവയ്ക്ക് അനുസൃതമായി പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്താവുന്നതാണ്. ഇപ്രകാരം മാറ്റം വരുത്തുകയാണെങ്കിലും മഴവെള്ള സംഭരണി, രണ്ട് ടോയ്‌ലറ്റുകൾ (ഒരു ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉൾപ്പെടെ) സ്റ്റോർ, ഹാൾ, അടുക്കള തുടങ്ങി ടൈപ്പ് ഡിസൈനിൽ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. സർക്കാർ അംഗീകരിച്ച ടൈപ്പ് ഡിസൈനിലും എസ്റ്റിമേറ്റിലും യാതൊരു മാറ്റവും വരുത്താതെയാണ് പ്രവൃത്തി നടപ്പാക്കുന്നതെങ്കിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ സാങ്കേതികാനുമതി ആവശ്യമില്ല. എന്നാൽ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയിൽ മാറ്റം വരുത്തുകയാണെങ്കിൽ ടി.എ.ജിയുടെ സാങ്കേതികാനുമതിയോടെ മാത്രമേ പ്രവൃത്തി നടപ്പാക്കാൻ പാടുള്ളു.

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അംഗൻവാടി കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കും. അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒരു മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല വഹിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

നമ്പർ. 75393/ഡി.എ.1/2008/തസ്വഭവ തിരുവനന്തപുരം, 16-02-2008

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്തു പ്രവൃത്തികളുടെ അളവ് പരിശോധിക്കൽ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 01-11-2007-ലെ ജി.ഒ.(എം.എസ്) 249/07/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 14.12.2007-ലെ 76212/ഡിഎ1/2007/തസ്വഭവ നമ്പർ സർക്കുലർ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്തു പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സൂചന ഒന്നിലെ ഉത്തരവ് മുഖേന പുറപ്പെടുവിക്കുകയും, പ്രസ്തുത മാർഗ്ഗരേഖയ്ക്ക് സൂചന രണ്ടിലെ സർക്കുലർ പ്രകാരം വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുക, മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തുക, ബില്ലുകൾ തയ്യാറാക്കുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് സ്വന്തമായി എഞ്ചിനീയർ ഇല്ലാത്ത/എഞ്ചിനീയറുടെ തസ്തിക ഒരു മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള സബ് ഗ്രൂപ്പുകളിലെ അനൗദ്യോഗിക അംഗം ഉൾപ്പെടെയുള്ള ഏതൊരു അംഗത്തിന്റെയും സേവനം വിനിയോഗിക്കാവുന്നതാണെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സബ് ഗ്രൂപ്പിലെ അനൗദ്യോഗിക അംഗങ്ങൾ അളവ് രേഖപ്പെടുത്തുന്ന പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കുവാൻ (check measurement) ഔദ്യോഗിക എഞ്ചിനീയർമാർ വിമുഖത പ്രകടിപ്പിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അളവുകൾ രേഖപ്പെടുത്തൽ, പരിശോധന എന്നിവ ജോലിയുടെ നിർവഹണ ചുമതലയുടെയും മേൽനോട്ടത്തിന്റെയും ഭാഗമായതിനാൽ നിർവഹണം ആരംഭിക്കുന്നതിനു മുൻപുതന്നെ ഇതിനുവേണ്ട ഏർപ്പാടുകൾ തദ്ദേശഭരണ സ്ഥാപനം ചെയ്യേണ്ടതാണ്. സ്വന്തമായി എഞ്ചിനീയർ ഇല്ലാത്ത/എഞ്ചിനീയറുടെ തസ്തിക ഒരു മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മരാമത്ത് പ്രോജക്ടുകളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലയാവ തയ്യാറാക്കുക, മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തുക, ബില്ലുകൾ തയ്യാറാക്കുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് സാങ്കേതികാനുമതി നൽകുന്നതിനായി ടി.എ.ജി.കളിൽ രൂപീകരിച്ചിട്ടുള്ള സബ്ഗ്രൂപ്പിലെ അനൗദ്യോഗിക അംഗത്തെ ചുമതലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുകയാണെങ്കിൽ അനൗദ്യോഗിക അംഗത്തെ കണ്ടെത്തി ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും ആ വിവരം ചുമതലപ്പെടുത്തിയ അംഗത്തെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഈ എഞ്ചിനിയറുമായി ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെടണം. അപ്രകാരം നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട/ഉത്തരവാദപ്പെട്ട എഞ്ചിനീയറെ ഈ വിവരം അറിയിക്കേണ്ടതുമാണ്.

ജോലിയുടെ മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയത് സർവീസിലുള്ള എഞ്ചിനീയർ എന്നോ സബ്ഗ്രൂപ്പിലെ അനൗദ്യോഗിക അംഗം എന്നോ ഉള്ള വേർതിരിവില്ലാതെ എല്ലാ പ്രവൃത്തികളുടെയും അളവുകൾ പരിശോധിക്കുക എന്നത് അതിന് ചുമതലപ്പെട്ട എഞ്ചിനീയറുടെ ഉത്തരവാദിത്തമാണ്. അളവുകൾ പരിശോധിക്കുവാൻ അതിന് ചുമതലപ്പെട്ട എഞ്ചിനീയർ തയ്യാറാകുന്നില്ലെങ്കിൽ കൃത്യവിലോപത്തിന് ആ എഞ്ചിനിയറുടെ മേൽ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്തതിനുശേഷം അളവുകൾ പരിശോധിക്കുന്നതിന് സബ്ഗ്രൂപ്പുകളിലെ ഏതൊരംഗത്തിന്റെയും സേവനം വിനിയോഗിക്കാവുന്നതും സൂചന ഒന്ന് പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രതിഫലം നൽകാവുന്നതുമാണ്. എന്നാൽ അളവുകൾ രേഖപ്പെടുത്തിയ എഞ്ചിനീയറുടെ പദവിയേക്കാൾ ഉയർന്ന പദവിയുള്ള മറ്റൊരു എഞ്ചിനീയറായിരിക്കണം അളവുകൾ പരിശോധിക്കേണ്ടത്.

എസ് എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഗ്യാസ് ശ്മശാനം എം.എസ് ഹൈടെക് സീൽസ് (പ്രൈവറ്റ്) ലിമിറ്റഡ് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 3259/2008/തസ്വഭ തിരുവനന്തപുരം തീയതി 01.09.2008

പരാമർശം :– 1. 03.10.05 ലെ സ.ഉ(സാ) നം. 4050/05/തസ്വഭവ
2. 03.01.06 ലെ സ.ഉ(സാ) നം. 18/06/തസ്വഭവ
3. 17.08.06 ലെ സ.ഉ(സാ) നം. 2042/06/തസ്വഭവ
4. ഡബ്ലിയു.പി(സി) 27853/06 ലെ 12/07/07 വിധിന്യായം

ഉത്തരവ്

ആലുവയിലെ എം/എസ്. ഹൈടെക് സീൽസ്(പ്രൈവറ്റ്) ലിമിറ്റഡ് സ്ഥാനം നിർമ്മിക്കുന്ന എൽ.പി.ജി ക്രിമിറ്റോറിയം പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പരാമർശം (1) പ്രകാരം യഥേഷ്ടമാനുതി നൽകുകയുണ്ടായി.

2. തുടർന്ന് ടി ക്രിമറ്റോറിയും, സ്റ്റോർ പർച്ചേസ് മാനുവലിൽ പ്രതിപാദിക്കുന്ന ഏക ടെണ്ടർ സംവിധാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ വിശദമാക്കുകയുണ്ടായി.

3. മേൽപറഞ്ഞ രണ്ട് സർക്കാർ ഉത്തരവുകളും ദുർബലപ്പെടുത്തുമെന്നും എസ്.എസ്.ഐ രജിസ്ട്രേഷൻ ഉള്ള ഇതര നിർമ്മാതാക്കളിൽ നിന്നു കൂടി പബ്ലിക്ക് നോട്ടീസ് വഴി ടെൻഡർ ക്ഷണിക്കാൻ നിർദ്ദേശിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കൊച്ചിയിലെ തെർമോ ട്രീറ്റ് സ്റ്റീം എക്വിപ്മെന്റ് എന്ന സ്ഥാപനത്തിനുവേണ്ടി പ്രൊപ്രൈറ്റർ ശ്രീ. ഡി ശൈലജൻ ഹൈക്കോടതിയിൽ സമീപിക്കുകയുണ്ടായി. അദ്ദേഹം ഫയൽ ചെയ് ഡബ്ലു.പി(സി)4948/06 എന്ന കേസിൽ ഹൈക്കോടതി നൽകിയ വിധിയിൽ യഥേഷ്ടാനുമതി. തന്റെ സ്ഥാപനം നിർമ്മിക്കുന്ന ക്രിമറ്റോറിയത്തിന് കൂടി ബാധകമാക്കണമെന്നും പരാതിക്കാരന്റെ ആവശ്യത്തിൻമേൽ പരമാവധി രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

4. തുടർന്ന് വിശദമായ പരിശോധനക്ക് ശേഷം ആലുവയിലെ ഹൈടെക് സീൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നിർമ്മിക്കുന്ന ക്രിമറ്റോറിയം ഏക ടെൻഡർ വഴി വാങ്ങുന്നതിന് നൽകിയ അനുമതി പരാമർശം (3) പ്രകാരം സർക്കാർ റദ്ദ് ചെയതു

5. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആലുവയിലെ ഹൈടെക് സീൽസ് സമർപ്പിച്ച ഡബ്ല്യൂ.പി(സി) 27853/06 കേസിൽ 12.07.07 ൽ ഹൈക്കോടതി ചുവടെ ചേർക്കും പ്രകാരമാണ് വിധി പ്രസ്താവിച്ചത്.

" In such circumstances I feel that Ext. P8 cannot be sustain for the only reason that the petitioner has not been given an opportunity of being heard. Of course I am not expressing any view on the other connections of the petitioner and I leave it open.

In such circumstances Ext. P8 is quashed and I make it clear that it will be open to the first respondent to take such steps as it is advised to take but with opportunity of hearing to the petitioner".

6. ഈ സാഹചര്യത്തിൽ 16.04.08 ൽ തദ്ദേശസ്വയംഭരണ അഡീഷണൽ സെക്രട്ടറി പരാതിക്കാരനെ നേരിൽ കേൾക്കുന്നതിനായി ഹിയറിംഗ് വേളയിലും കോടതി മുമ്പാകെയും ഉന്നയിക്കപ്പെട്ട വാദഗതികളും ലഭ്യമായ രേഖകളും താഴെപ്പറയുന്ന നിഗമനങ്ങളിലേക്കാണ് നയിക്കുന്നത്.

   1. എൽ.പി.ജി കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ക്രിമറ്റോറിയം നിർമ്മിച്ച് നൽകുന്ന ഒന്നിലേറെ സ്ഥാപനങ്ങൾ രംഗത്തുണ്ട്. അതുകൊണ്ട് തന്നെ ഈ കാര്യത്തിൽ ഏക ടെണ്ടർ സംവിധാനം ഏർപ്പെടുത്തേണ്ടതില്ല

   2. ആലുവയിലെ ഹൈടെക് സീൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ ഏക ടെണ്ടർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള 17.08.06 ലെ സ.ഉ(സാ) 2042/06/തസ്വഭവ ഉത്തരവ് ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നു. അതായത് ഏക ടെണ്ടർ സംവിധാനം അനുവദിച്ചുകൊണ്ടുള്ള 3/01/06 ലെ സ.ഉ(സാ) 18/06/തസ്വഭവ സർക്കാർ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നു.

7. ഹിയറിംഗിലെ നിഗമനങ്ങളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 3/01/06 ലെ സ.ഉ(സാ)നം. 18/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതെന്ന് കാണുകയാൽ ടി ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ മാനദണ്ഡങ്ങളും, അളവുകളും, വിശദമാക്കുന്ന ഒറു രൂപരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്. അതനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്യാസ് ക്രിമറ്റോറഇയം നിർമ്മിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
(ഒപ്പ്)

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

Standard specifications for Gas Fired Crematorium (Mobile & Stationary)

a. Crematorium may be specified with length, width and height of the cremation chamber as 24000mm. 18000 mm and 1500 mm respectively

b. Furnace structure shall be fabricated with steel plates of 6mm thickness with additional reinforcements and supports. The total body shall be covered with aluminum sheets of 1.2 mm thickness or stainless steel plates of 0.4 mm.

c. Inside furnace volume of the furnace shall be specified as 1.8m3

d. Burner shall be of two longitudinal channel type, each with 1900, 100 mm length.

e. Interior of the furnace shall be insulated with fire bricks and appropriate fire resistant coatings so as to regulate the temperature outside the furnace to around 40 c.

f. Mechanism for transferring the body to the inside of the chamber shall be cast iron carriage and steel trolled shall be used to transport this unit.

g. Provision for collection of ash shall be easily accessible,

h. System shall have two blowers of capacity I HP each operational at 230 VAC and 50HZ.

i. Proper fire fighting system shall be installed in the family.

j. The system shall be fitted with a stack of height H=14Q0.3

(Q is emission rate of S in kg/hr)

k. In the case of stationary crematoria, air pollution control devices including caustic water scrubbing/impingement-cum-filtration tanks, blower and 30 m high stack for exhaust gases shall be provide and made operational at the time of commissioning.

In the case of mobile cremation air pollution control devices including caustic water scrubbing/impigment-cum-filtration tanks, blower and telescope chimney of minimum 12.5 m height of 5 m above the nearest building whichever is higher for exhaust gases shall be provided and made operational at the time of commissioning.

1. The crematorium shall have the operational standards as specified below.

- The combustion Efficiency (CE) of the crematorium should not be less than 99%.

  $$(CE) = \frac{\% Co2 * 100}{\% Co2 - \% Co}$$

- Emission parameters at 12% CO carretion shall not excess the following tolerance limit.

Particulate matter - 150 mg/Nm3
Nitrogen Oxides - 450 mg/Nm3
Hydrochloric Acid - 50 mg/Nm3

- The temperature of the chamber shall be 10500=5000 only LPG shall be used as fuel.
- Control panel with door opening and safety indicator, air blower on/off switch furnace blower on /off switch and digital temperature indicator shall be provided
- Porthole platform and ladder to enable stack monitoring shall be provided.

l. There shall be a set back of 3m (minimum) between the boundary and the plant.,

m. Suspended particulate matter at the boundary of the premises shall not exceeds 200 u/m3.

n. The sound level measured 1m outside the boundary of the premises shall not exceed the ambient noise standards prescribed in the Noise Pollution (Regulation and Control) Rules, 2000.

2. Operation and Maintenance Protocal

- The Crematorum shall be operated at the right temparature and for the right duration. For maintaining the right temparture, timely repair and maintenace of refractory lining shall be ensured. Burners shall be cleaned regularly of soot to ensure proper flame.

- Proper storage facility shall be provided for the LPG and porper safety measures shall be taken while handiling it.

- It shall be ensured that mobile crematerium will not be operated in thickly populated areas.

- Adequate and temporary shields shall be provided for mobile units for preventing exposure while operating in public places.

- The vehicle to transport mobile unit shall have proper licences and labels as per mandatory requirements.

- The performance of the burner and level of stack emission shall be monitored every six months.

- The operators shall be trained and equipped with appropriate protective gears.

തദ്ദേശ സ്വയം ഭരണ വകുപ്പ് (ഇപിഎ) വകുപ്പ്

നം: 16954/ ഇ പി എ 3 /08/ത. സ്വ. ഭ വ.

തിരുവനന്തപുരം.
തിയ്യതി ,22.09.2008

ഗവ: സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

സർ

വിഷയം :– തദ്ദേശസ്വയംഭരണവകുപ്പ് – ഗ്രാമപഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ ഓഫീസിൽ ക്ളർക്കുമാരുടെ അഭാവം സംബന്ധിച്ച് –

സൂചന : – 1. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 04.02.2008 തിയ്യതിയിലെ ഡി .ബി .1 1667/2007/C E / L S G D നമ്പർകത്ത്
2. സർക്കാറിന്റെ 4.04 2008, 19.05.2008 എന്നീ തിയ്യതികളിലെ ഇതേ നമ്പർ കത്ത് .
3. താങ്കളുടെ 28.08.2008 തിയ്യതികളിലെ ഇ 7–11976/08 നമ്പർ

സൂചന കത്തുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ക്ളർക്കുമാരുടെ സേവനം അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ ഓഫീസിൽ വിട്ടു നൽകാനാവില്ല എന്ന നിലപാട് അംഗീകരിക്കാനാകില്ല. അതിനാൽ ക്ളർക്കുമാരുടെ അഭാവമുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനയർമാരുടെ ഓഫീസിലേക്ക് ഗ്രാമപഞ്ചായത്തുകളിലെ ഒരു ക്ളർക്കിന്റെ സേവനം വിട്ടുനൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

കെ എസ് സതീഷ്ചന്ദ്രൻ
അണ്ടർ സെക്രട്ടറി.
ഗവ. സെക്രട്ടറിക്കുവേണ്ടി.

GOVERNMENT OF KERALA

Abstract

NON-TAX REVENUE-REVISION OF COST OF TENDER FORMS - ORDERS ISSUED

FINANCE (NODAL CENTRE) DEPARTMENT

G.O.(P)No.540/2008/Fin. Dated, Thiruvananthapuram, 1st December, 2008.

Read:- 1. G.O.(MS) No. 1341/99/Fin. dated 4-5-1999.
2. G.O.(MS) No. 1662/99/Fin. dated 30-7-1999.

ORDER

As per the Government Order read 1st above, Government had revised the rate of cost of tender forms issued by Stationery Department with effect from 15-5-1999. As per the Government Order read 2nd above, these rates were made applicable to all other Government Departments.

2. It came to the notice of the Government that in spite of the manifold increase in the cost of works and supplies since 1999, the cost of the tender forms had not been revised.

3. Government have examined the matter in detail and are pleased to revise the existing rates of cost of tender forms issued for the works and supplies of all department as follows with immediate effect.

Particulars	*Cost of Tender Forms*	
	Original (Rs.)	*Duplicate (Rs.)*
Works/supplies costing Rs. 50,000 or less	Rs. 300+VAT@12.5%	Rs. 150+VAT@12.5%
Works/supplies costing above Rs. 50,000 and up to Rs. 10 lakhs	0.2% of the cost of the work, rounded to the nearest multiple of 100, subject to a minimum of Rs. 400 and maximum of Rs. 1500+VAT @ 12.5%	50% of the cost of the original, upper rounded to the nearest multiple of Rs.100+VAT @ 12.5%
Works/supplies costing more than Rs. 10 lakhs	0.15% of the cost of the work, rounded to the nearest multiple of 100, subject to a maximum of Rs. 25,000+VAT @ 12.5%	50% of the cost of the original, upper rounded to the nearest multiple of Rs.100+VAT @ 12.5%

4. Formal amendments to the Stores Purchase Manual in this regard will be made by the Stores Purchase Department immediately.

By order of the Governor,

ANAND KUMAR,
Secretary
Finance (Resources)

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്, തിരുവനന്തപുരം 19.01.09 ന് പുറപ്പെടുവിച്ച 59008/എബി1/08 നമ്പർ കത്തിന്റെ ശരിപകർപ്പ്

.....

വിഷയം: - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ - എസ്റ്റിമേറ്റ് അധിക - നിരക്ക് നൽകുന്നത് - നഷ്ടോത്തരവാദിത്വം നിർണ്ണയിക്കുന്നത് സംബന്ധിച്ച്.

സൂചന: - താങ്കളുടെ 01.09.2008 ലെ എൽ.എഫ്./22768/സ്പെഷ്യൽ സെൽ/ എസ്.സി6/06.

സൂചന കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് അനുവദനീയമായതിലും അധിക നിരക്കുകൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും അതിന് വിഷയ സമിതികൾ അംഗീകാരം നൽകുകയും ചെയ്യുന്നതിനാൽ, പ്രസ്തുത എസ്റ്റിമേറ്റുകൾ പ്രകാരമുള്ള നിരക്കുകൾ കൺവീനർമാർ/കരാറുകാർ എന്നിവർക്ക് നൽകേണ്ടി വരുന്നതു മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾക്ക് വ്യക്തമായ നഷ്ടം സംഭവിക്കുന്ന സാഹചര്യത്തിൽ ഇപ്രകാരമുണ്ടാകുന്ന നഷ്ടങ്ങൾക്ക് അനുവദനീയമായതിലും അധിക നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും എന്ന വിവരം അറിയിക്കുന്നു.

താങ്കളുടെ വിശ്വസ്ത,
എൽ. ഗീത,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.

ഒൻപത്

ആസ്തികൾ

നമ്പർ: സി.3-7469/84

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി : 4-3-86

സർക്കുലർ

വിഷയം:- പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള മാർഗ്ഗ നിരദ്ദേശങ്ങൾ നല്കുന്നത് -സംബന്ധിച്ച്

സൂചന: - ഗവൺമെന്റ് സർക്കുലർ നമ്പർ 13967/സി.2/85/എൽ.എ.ഡി , തിയതി 29-12-85

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഷോപ്പിംഗ് കോംപ്ലക്സ് മുറികളും വാടകയ്ക്ക് നല്കുന്നതിന് ഒരു പൊതു മാനദണ്ഡം സ്വീകരിച്ചാൽ ആയത് പൊതു ജനങ്ങൾക്ക് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകുമെന്നതിന്റെ അടിസ്ഥാനത്തിൽ സൂചനയിൽ കാണിച്ച സർക്കുലർ മുഖാന്തിരം ഗവൺമെന്റിൽ നിന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ അച്ചടിച്ച് പഞ്ചായത്തുകൾക്ക് അയക്കുവാൻ നടപടി നടന്നുവരുന്നു. മേലുദ്ധരിച്ച ഗവൺമെന്റ് സർക്കുലറിൽ കാണിച്ചിരിക്കുന്ന നിബന്ധനകളുടെ മലയാള പരിഭാഷ ഇതോടൊപ്പം ചേർക്കുന്നു. മേലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

1. കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് കണക്കിലെടുത്ത് വാടക നിരക്ക് നിശ്ചയിക്കേണ്ടതാണ്. നിർമ്മാണ ചെലവിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തുന്നതാണ്.

എ). ഭൂമിയുടെ മുഖവില - ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ചോ, കൂടിയാലോചനയിലൂടേയോ സിദ്ധിച്ചതാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത്) സ്വന്തമായ ഭൂമിയാണെങ്കിൽ റവന്യൂ അധികൃതർ നിശ്ചയിക്കുന്ന മാർക്കറ്റ് വില

ബി). വൈദ്യുതീകരണം, ശുദ്ധജല വിതരണ സംവിധാനം, സാനിറ്ററി ഫിറ്റിംഗ്സ് എന്നിവക്കു വേണ്ടി വരുന്ന ചെലവ് ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്

സി). കെട്ടിടങ്ങൾ സ്റ്റേറ്റ് ഗവൺമെന്റിൽ നിന്നോ, കെ.എസ്.ആർ.ഡി.ബി, കേരള ഗ്രാമ വികസന ധനസഹായ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നോ വായ്പയെടുത്ത തുക കൊണ്ടാണ് നിർമ്മിക്കുന്നതെങ്കിൽ ഡെബ്റ്റ് സർവ്വീസ് ചാർജ്ജും ധനസഹായ സ്ഥാപനങ്ങൾ വായ്പ തുകയ്ക്ക് ചുമത്തുന്നസെന്റേജ് തുടങ്ങിയ മറ്റു ചാർജ്ജുകളും നിർമ്മാണ ചെലവിൽ ഉൾപ്പെടും.

2. മുതലും പലിശയും തിരിച്ചടയ്ക്കേണ്ട കാലാവധി 25 വർഷത്തിൽ കൂടിയ കാലമാണങ്കിൽ അത് കണക്കിലെടുത്തായിരിക്കണം ചതുരശ്ര അടി സ്ഥലത്തിന്റെ നിരക്ക് നിശ്ചയിക്കേണ്ടത്.

3. മുടക്ക് മുതലിന്റെ 4%ത്തിൽ അധികരിക്കാത്ത സംഖ്യ നോമിനൽ റിട്ടേൺ കണക്കാക്കി വാർഷിക വാടക നിരക്ക് നിശ്ചയിക്കേണ്ടതാണ്.

4.സാധന സാമഗ്രികളുടെ വില വർദ്ധനവും വേതനത്തിൽ വരുന്ന വർദ്ധനവും കണക്കിലെടുത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് വർഷംതോറും ആവശ്യമായിവരുന്ന തുക എന്ന നിലയിൽ വാടകയിൽ 5% വാർഷിക വർദ്ധനവ് വരുത്തണം.

5. നോൺ റീഫണ്ടിൽ പ്രിമിയം വസൂലാക്കുന്ന രീതി നിർത്തൽ ചെയ്യണം. ഒരു വർഷത്തിൽ കൂടാത്ത വാടകത്തുക നിക്ഷേപമായി വസൂലാക്കാവുന്നതാണ്.

6. ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു യൂണിറ്റ് (റൂം) വികലാംഗർക്കും ഒരു റൂം പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുമായി നീക്കിവെയ്ക്കേണ്ടതും അത്തരം അപേക്ഷരുണ്ടെങ്കിൽ അങ്ങനെ നീക്കിവെച്ചിട്ടുള്ളവ അവർക്കുതന്നെ അലോട്ടുചെയ്യേണ്ടതുമാണ്.

7. മറ്റ് നിബന്ധനകൾക്ക് തുല്യമായി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒരു യൂണിറ്റ് സഹകരണ ചില്ലറ വിൽപ്പന സ്ഥാപനങ്ങൾക്കായി നീക്കിവെയ്ക്കേണ്ടതാണ്.

വാടകയ്ക്ക റൂം എടുത്തിട്ടുള്ള ആൾക്ക് 5% വാർഷിക വർദ്ധനവിൽ ടി മുറിയിൽ തുടരാൻ സന്നദ്ധതയുണ്ടെങ്കിൽ ടിയാനെ ഒഴിപ്പിക്കാൻ പാടില്ല. എന്നാൽ വാടക നല്കുന്നതിൽ വീഴ്ച വരുത്തുക, വാടക വ്യവസ്ഥകൾ കൃത്യമായി പാലിക്കാതിരിക്കുക, മറ്റ് സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് വിധേയനാകുക, നികുതി വെട്ടിപ്പ്, മായംചേർക്കൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തികൾ ചെയ്യുക തുടങ്ങിയ പ്രവർത്തികൾ വാടകക്കാരിൽ നിന്നും ഉണ്ടാകാത്തിടത്തോളം കാലം അവരെ ഒഴിപ്പിക്കാൻ പാടുള്ളതല്ല.

ഒരു വ്യക്തിയുമായി ഉണ്ടാക്കിയ വാടക വ്യവസ്ഥകളുടെ കാലാവധി തീരുന്ന അവസരത്തിൽ മുകളിൽ പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചുമാത്രം ഉടമ്പടി പുന:സ്ഥാപിക്കേണ്ടതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർ

Copy of circular No.12030/B1/86/LAD, dated 13-3-88 from the Government of Kerala, Local Administration (B) Department Thiruvananthapuram

****

Sir,

Sub: Shopping Complexes owned by Local Bodies Buildings for the collection of rent – Amendment - regarding

Ref: Circular N.13967/C2/85/LAD dated 28-12-1986

Letter No.A2/13237/86 dt.22.12.86 from the Director of Municipal Administration, Trivandrum.

***

Government has issued Guidelines as per Circular cited to regulate lease and rent of properties owned by Local Bodies. The Urban Local Bodies found it extremely difficult to implement the circular as it affected deep towards the financial structure of the Corporations and Municipalities on account of the restrictions imposed therein. In disposing of the O.Ps No.4019/86 C. 4364/86 and 4301/86 K. the court observed that any marginal saving from an essentially commercial venture in the hands of the local authority could be ploughed back in extensive schemes benefiting, the public of the area. This is not necessarily so, when profits go to Private Officers. The Court has also justified the calculation of rent by Trichur Municipality with a lesser period of amortizations. Further in disposing O.P. No.11085 of 85 F deposits in excess of one provision in the Circular. The matter was discussed in detail in a meeting held on 19.12.1986 at Government Level with the concerned officials by the Secretary, Local Administration and decided to make necessary amendment to the circular enabling the local bodies to let out shopping complexes on rental basis. On the basis of the decision taken in the meeting the following amendments are made to the provisions of the Circular read above.

Clause (2) will be substituted as "The basis for fixing the rate of rent shall be the capital and interest and the period of mortisation.

Clause (3) will be modified as "return on investment between 5% and 10% in an year can be taken into account for fixation of rent"

In Clause (5) the sentences "Not more than one year rent shall be collected as deposit" will be deleted.

The last sentences "These guidelines will be strictly followed by local bodies" will be dropped.

The Circular read above stand modified to the above extent.

By order of the Governor.

Sd/-

For Dist.Panchayat Officer

GOVERNMENT OF KERALA

Taxes (E) Department.

ORDER

G.O. (P) No. 11/89/TD.Dated, Trivandrum, 20.1.1989. S.R.O.No./89. In exercise of the powers conferred by Clause (a) of sub section (1) of section 9 of the Kerala stamp Act, 1959(17 of 1959), the Government of Kerala, being of opinion that it is necessary in the public interest so to do, so hereby remit the duty with which the instruments of conveyance of land to be executed in favour of Panchayats for the implementation of the Eleven point programme by the Panchayats are chargeable under the said Act.

By Order of the Governor,

K. SREENIVASAN,
Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport). Government have decided to remit in Public Interview, the stamp duty with the investment of conveyance of land are to be executed in favour of panchayats for implementation of the panchayts. The above notification is intended to achieve this object.

LOCAL ADMINISTRATION (C) DEPARTMENT

No. 22034/C1/LAD
Thiruvananthapuram,dt. 6-3-95

CIRCULAR

Sub:- Acquisition of immovable property by the Panchayats - Applicability of land Relinquishment Act and Rules - Clarification issued.

Ref: - Lr . No. C1- 15464/94 dt. 24.5.94 from the Director of Panchayat.

.....

A question whether the provisions in the Kerala Land Relinquishment Act are applicable to surrender of land free of cost to the Panchayat for any developmental activity, was examined by the Government and the following clarification is issued :

The Kerala Land Relinquishment Act, 1958 as applicable in the case of relinquishment of lands by registered holders in favour of Government. The Said Act is not applicable in the case of relinquishment of lands in favor of Panchayats. Section 178 of the Kerala Panchayat Raj Act, 1994 deals with the acquisition of immovable property required by Panchayats. Provisons to the above section needs as follows.

"എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ ഏതെങ്കിലും പഞ്ചായത്തിനെ സ്വകാര്യവിലയ്ക്കു വാങ്ങൽ മുഖാന്തിരമോ അഥവാ സൗജന്യമായ വിട്ടുകൊടുക്കൽ മുഖാന്തിരമോ സ്ഥാവരവസ്തു ആർജ്ജിക്കുന്നതിൽനിന്നും തടയുന്നതായി കണക്കാക്കാവുന്നതല്ല.'

From this it can be seen that if a Panchayat requires any property for a public purpose, that Panchayat is not prevented from acquiring it either through private purchase or by free surrender. In brief the Panchayats can acquire lands under section 178 of the Kerala Panchayat Raj Act , 1994 but not under the Kerala Land Relinquishment Act, 1958.

K. C. KAMALABAI
Addl. Secretary to Govt.

27.9.96-ൽ നമ്പർ C4 28276/96 ആയി പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം അയച്ച സർക്കുലറിന്റെ കോപ്പി.

വിഷയം: വികലാംഗർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ മുറി സംവംരണം ചെയ്യുന്നതു സംബന്ധിച്ച്

സൂചന: 1. ഗവൺമെന്റിന്റെ 28.12.85 ലെ 13967/സി.2/85/തഭവ നമ്പർ സർക്കുലർ

2. തദ്ദേശഭരണ (ജെ) വകുപ്പിലെ 30.08.96 ലെ 34495/ജെ.2/96 തഭവനമ്പർ കത്ത്

.....

സൂചന ഒന്നിലെ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഒരു മുറി വികലാംഗർക്കായി മാറ്റിവെയക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പഞ്ചായത്തുകളിൽ നടപ്പിൽ വരുത്തുന്നില്ല എന്ന് സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന രണ്ടിലെ കത്തിൽ ടി നിർദ്ദേശം കർശനമായി നടപ്പിലാക്കണമെന്ന് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നല്കാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സുകളിൽ വികലാംഗർക്ക് നീക്കിവെച്ചിരിക്കുന്ന മുറികൾ അവർക്ക് നൽകാതിരിക്കുന്നത് ഗുരുതരമായ ക്രമക്കേടാണ്. പല പഞ്ചായത്തുകളും ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പുലർത്തുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതിനാൽ ഷോപ്പിംഗ് കോംപ്ലക്സുകളിൽ വികലാംഗർക്കായി നീക്കിവെച്ചിട്ടുള്ള മുറികൾ അവർക്കുതന്നെ നൽകണമെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് എല്ലാ പഞ്ചായത്തുകൾക്കും ഇതിനാൽ നിർദ്ദേശം നല്കുന്നു.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും, ഡെപ്യൂട്ടി ഡയറക്ടർമാരും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകേണ്ടതും പഞ്ചായത്തുകൾ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർ

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
സ്റ്റോക് ഫയൽ

GOVERNMENT OF KERALA
Revenue (B) Department

C I R C U L A R

No.40520/BI/96/RD. Dated, Trivandrum
25th Oct, 1996.

Sub:- Land acquisition cases relating to Government Departments/Local Bodies/Public Sector undertakings/Other Institutions - Satisfaction of Court - Decrees - Guidelines issued -

.....

It has been brought to the notice of Government that there are many L.A.R cases and Execution Petitions pending in various Courts. Often the District Administration faces the threat of attachment of Government properties for want of sufficient funds to satisfy court decrees. With a view to avoid heavy loss of money to the State chequer on account of payment of interest and also the attachment of Government properties , Government have decided to formulate the following guidelines for the satisfaction of Court Decrees in L.A.Cases.

1. Final Decree. - Cases in which there is no scope for appeal

i. For satisfaction of court decree in which there is no scope for appeal a lump sum charged appropriation will be made under .....minor/sub head of account "2075-Misellaneous General Services 800 other expenditures 54 Deposit of decrial amount to courts for satisfaction of court decrees connected with land acquisition cases in respect of Government lump provision charged'

ii. Amount equal to the expenditure incurred under the head of account "2075-Miscellaneous General Services 800 other expenditures 54 Deposit of decretal amount to for satisfaction of court decrees connected with land acquisition cases in respect of Government Departments lump provision-charged" against the items (1) indicated above will be taken credit under Part III Recovery Head of Account to be opened below the Major head 2075 Miscellaneous General Services by giving contra debit to the appropriate head of account under the functional major head of the concerned Department.

iii. A lump sum provision will be made under the major/minor Sub head of account"2075 Miscellaneous General Service 800 other expenditures 53 Deposit of decretal amount to courts for satisfaction of Court

decrees connected with land acquisition cases in respect of Local Bodies/Public Sector undertakings/Other Institutions lump provision charge" for satisfaction of Court decrees in cases of land acquisition already made by Government for the Local Bodies/Public Sector undertakings/Other Institutions. The provision so made will be utilised only when Government is compelled to satisfy the court decree and when there is no scope for payments due to Local Bodies/Public Sector undertakings/Other Institutions of State Government or recovered from them if there is no payment due to them. The amount so adjusted by giving debit to the concerned functional major head or recovered from the Local Bodies/Public Sector Undertakings/Other Institutions will be credited under Part III Recovery Head of Account to be opened below the major head 2075 Miscellaneous General Services.

iv. The provision under the major head 2075 Miscellaneous General Services may be used only for making actual decretal payments by Land Acquisition Officers.

v. In fresh case of land acquisition, the Local Bodies/Public Sector Undertakings/Other Institutions for which land is acquired, will be liable to meet the expenditure on additional compensation if any decreed by the Court. The relevant act will be suitably amended for which Revenue Department will take necessary action in consultation with Law Department.

vi. Finance Department will issue separate orders opening the heads of account under Part III Recoveries mentioned in items (ii) & (iii) above.

2.

i. The Secretary, Revenue Department will be the Chief Controlling Officer in respect of the budget provisions detailed at item 1 (ii) & (iii)

ii. The District Collectors will submit necessary proposals to the Revenue Department for funds through the concerned Administrative Departments at the appropriate time.

iii. Revenue Department will issue orders sanctioning the expenditure and allotting funds available in the budget in each case for meeting the expenditure from the above heads of account. Prior consultation with Finance Department is not necessary for this purpose.

iv. Revenue Department will forward a copy of the order sectioning expenditure in each L.A.R Case to the concerned Dis. Collectors, Heads of Departments, Finance Department and Administrative Department.

v. Revenue Department will watch adjustments/recoveries to be made under Part III Heads of accounts in respect of the expenditures incurred for satisfaction of L.A.R.Cases both or Government Departments and Local Bodies/Public Sector undertakings/Other Institutions.

vi. Budget proposals in respect of these Heads will be furnished to Finance Department by the Revenue Department. Additional funds if required will have to be taken up with Finance Department by Revenue Department

vii. Revenue Department will furnish monthly details of expenditure incurred under "2075-Miscellaneous General Services 800-Other expenditure 54-Deposit of decretal amount to courts for satisfaction of Court decrees connected with land acquisition cases in respect of Government Departments lump provision charged' to Finance (Budget Wing -B) Department and details monthly expenditure incurred under "2075-Miscellaneous General Services 800- Other expenditure 53-Deposit of decretal amount to courts for satisfaction of court decrees connected with land acquisition cases in respect of Local Bodies/Public Sector Under takings/Other Institutions lump of the succeeding month Finance. (Budget Wing) Department will initiate action by giving debit to the Part III Recovery Head of Account as contemplated in Para 1(ii) above and intimate the position to the Revenue Department. Finance (PU-Wing) Department due to the Local Bodies/Public Sector Undertakings/other Institutions as contemplated in para i (iii) above. In cases where there is no scope for adjustment as above Finance (PU-Wing) Department will intimate the position to Revenue Department to effect recovery from Local Bodies /Public Sector Undertakings/Other Institutions and credit to the concerned Head of account. under Part III.

viii. The District Collectors will be the drawing and disbursing Authority

2. A sum of Rs.2 crore has been provided under the Head of account "2075-800-54-Deposit of decretal amount to courts for satisfaction of court decrees connected with land acquisition cases in respect of Government Departments lump provision charged' and another sum of Rs.8 crore is provided under the head of account "2075-800-53 Deposit of decretal amount to Courts for satisfaction of Court decree connected with land acquisition cases in respect of local bodies/Public Sector undertakings/Other Institutions lump provision charged' in the Memorandum of Alterations to the Original Budget 1996-97.

3. The District Collectors and Heads of Departments/Controlling Officers are instructed to take steps as per the guidelines prescribed in this Circular to meet expenditure towards satisfaction Court decrees connected with land acquisition cases from the budget provisions mentioned above, according to necessity. The District Collectors shall be personally satisfied that in cases mentioned in para 1(iii), there is no scope for appeal. The District Collector shall obtain the legal opinion of the Advocate General and concerned Land Acquisition officer. In this context , it may be specially noted that meeting expenditure from the heads of account mentioned above should be only after exhausting charged provision if any available for the purpose in the budget of the Department.

4. Cases in which there is scope for appeal. - In the case of land acquisition involving Government Departments where there is scope for appeal the

amount to be deposited in the Courts may be drawn by debit to the suspense head of account 8674-101-99. Deposit of decretal amount in courts for staying execution of decrees on the strength of Government Orders issued for the purpose as is being followed now. The suspense debit so occurred may be cleared by debit to the charged provision under the concerned functional head as is being done now.

5. In the case of Court decrees relating to land acquisition made for Government of India. (Such as land acquisition for Southern Air Command, Ezhimala Naval Academy, Railway etc.) Expenditure should not be met from the provisions indicated above. Such expenditure may be met from the existing head of account as is being done now.

V.S.SENTHIL
Principal Secretary (in-charge)

കേരള സർക്കാർ

സംഗ്രഹം

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പവർ (സി) വകുപ്പ്

സ.ഉ (എം.എസ്)നം: 11/97/പി.ഡി തിരുവനന്തപുരം, 1997 മാർച്ച് 17

പരാമർശം: 1. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സെക്രട്ടറിയുടെ 21.11.1996, 31.1.1997 എന്നീ തീയ്യതികളിലെ റ്റി.സി.2/എൽ.എ 1./സി.എം.1–3–1996 നമ്പർ കത്തുകൾ

ഉത്തരവ്

പത്താംകേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 1996–97 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ വിദ്യുച്ഛക്തി വകുപ്പിന്റെ ധനാഭ്യർത്ഥനയ്ക്കുള്ള മറുപടിയിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി നിയമസഭയ്ക്ക് ഉറപ്പു നൽകിയിരുന്നു. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സെക്രട്ടറിയുടെ പരാമർശത്തിലെ കത്തുകൾ മുഖേന ലഭിച്ച ശുപാർശകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ താഴെ പറയുന്ന തരത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ തലത്തിലായിരിക്കും ജനകീയസമിതികൾ നിലവിൽ വരുന്നത്
2. ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കൗൺസിൽ അംഗങ്ങൾ നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, വിദ്യുച്ഛക്തി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ,സബ് എഞ്ചിനീയർ എന്നിവർ സമിതി അംഗങ്ങളായിരിക്കും. പഞ്ചായത്ത് തലത്തിലുള്ള സമിതിയിൽ പഞ്ചായത്ത് അതിർത്തിയിലുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്തംഗങ്ങൾ കൂടി അംഗങ്ങളായിരിക്കും.
3. സമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ ആയിരിക്കും.
4. തദ്ദേശഭരണ സ്ഥാനപത്തിന്റെ അതിർത്തിക്കുള്ളിൽ വരുന്ന ഇല്ക്ട്രിക്കൽ മേജർ സെക്ഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതാതു സമിതി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.
5. ഈ കമ്മറ്റി ഓരോ മാസവും യോഗം ചേരേണ്ടതും,യോഗത്തിന്റെ പരിഗണനയ്ക്കായി വരുന്ന പരാതി/നിർദ്ദേശങ്ങൾ ഗൗരവമായി എടുക്കേണ്ടതും അവ ചർച്ച ചെയ്ത് അപ്രകാരം എടുക്കുന്ന തീരുമാനം രണ്ടാഴ്ചയ്ക്കകം പരാതി ഉന്നയിച്ച ആളെ അറിയിച്ചിരിക്കേണ്ടതുമാണ്.
6. ഒരു യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങളും സ്വീകരിച്ച നടപടികളും പരാതി സംബന്ധിച്ച് എടുത്ത തീരുമാനങ്ങളും അടങ്ങുന്ന റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.
7. യോഗം വിളിച്ചു ചേർക്കേണ്ട ചുമതല പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ എന്നിവർക്കായിരിക്കും. അവർ വിദ്യുച്ഛക്തി

ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയറുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളേണ്ടതാണ്.

8. ഈ സംവിധാനം 1–4–1997 മുതൽ നിലവിൽ വരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.മോഹനചന്ദ്രൻ
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തെരുവു വിളക്കുകൾ –തെരുവു വിളക്കുകൾ സ്ഥാപിക്കുക, അവയുടെ അറ്റകുറ്റ പണികൾ നടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പവർ (സി) വകുപ്പ്

സ.ഉ (എം.എസ്)നം: 13/97/പി.ഡി തിരുവനന്തപുരം, തീയതി : 23.03.97

പരാമർശം: 1. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സെക്രട്ടറിയുടെ 12.11.96–ലെ റ്റി. സി.1/എൻ./385/1349 നമ്പർ കത്ത്

2. സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 11/97/പി.ഡി. തിയതി 17.3.2007

ഉത്തരവ്

10–ാം കേരള നിയമസഭയുടെ 2–ാം സമ്മേളനത്തിൽ 1996–97 സാമ്പത്തിക വർഷത്തിലുള്ള സംസ്ഥാന ബഡ്ജറ്റിലെ വിദ്യുച്ഛക്തി വകുപ്പിന്റെ ധനാഭ്യർത്ഥനയ്ക്കുള്ള മറുപടിയിൽ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പ് മന്ത്രി തെരുവ്വിളക്കുകൾ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കുമെന്ന് 10.9.96–ൽ ഉറപ്പ് നല്കിയിരുന്നു. ഈ ഉദ്ദേശ്യം മുൻനിർത്തി തെരവു വിളക്കുകൾ സ്ഥാപിക്കുക,അവയുടെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചു വിദ്യുച്ഛക്തിയും സഹകരണവും വകുപ്പ് മന്ത്രി, തദ്ദേശഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ,വകുപ്പദ്ധ്യക്ഷന്മാർ,വിദ്യുച്ഛക്തി ബോർഡ് പ്രതിനിധികൾ എന്നിവർ 21.2.97 ൽ ചേർന്ന് ചർച്ച് ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. മേൽപ്പറഞ്ഞ യോഗതീരുമാനങ്ങളുടേയും, മുകളിൽ ഒന്നാമതു വായിച്ച കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സെക്രട്ടറിയുടെ കത്തിലെ നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ സർക്കാർ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ലൈൻ സാമഗ്രികൾ, ഫിറ്റിങ്ങ്സുകൾ, ബ്രാക്കറ്റുകൾ, പി.വി.സി , വയർ എന്നിവ വാങ്ങൽ, തൊഴിൽക്കൂലി നല്കൽ, സാങ്കേതിക സഹായം നല്കൽ എന്നിവ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് നടത്തുന്നതായിരിക്കും. കേടായ ഉപകരണങ്ങൾ മാറ്റിയിടുക, കാലികമായ അറ്റകുറ്റപ്പണികൾ നടത്തുക, സാങ്കേതിക സഹായം നൽകുക എന്നിവ ബോർഡിന്റെ ചുമതലയിലായിരിക്കും.
2. ഇതിനാവശ്യമായ ബൾബുകൾ,റ്റ്യൂബുകൾ, മെർക്കുറി വേപ്പർ ബൾബുകൾ, സോഡിയം വേപ്പർ ബൾബുകൾ, ചോക്ക്, ഹോൾഡർ,സ്റ്റാർട്ടർ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചെലവിൽ വാങ്ങി നല്കുന്നതായിരിക്കും.
3. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റിയിടുന്നതിനും ആഴ്ചയിൽ ഒരുദിവസം വേർതിരിക്കുന്നതാണ്. ഇതിനു സൗകര്യപ്രദമാം വിധം ദിവസം ഏതെന്ന് വിദ്യുച്ഛക്തി ബോർഡിന്റെ അതാത് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ തദ്ദേശഭരണ മേലധികാരികളുമായി ബന്ധപ്പെട്ട് നിശ്ചയിക്കുന്നതാണ്.

4. കേടായ/ഉപയോഗശൂന്യമായ ഉപകരണങ്ങൾ വിദ്യുച്ഛക്തി ബോർഡ് തദ്ദേശഭരണ സ്ഥാപനങ്ങളെ തിരികെ ഏല്പിക്കേണ്ടതാണ്.
5. ബോര്ഡ് ജീവനക്കാരനായ എക്സി.എഞ്ചിനീയർ,ലൈൻമാൻ തുടങ്ങിയവർ ഇക്കാര്യത്തിൽ അതാതു തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടതാണ്.
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യമനുസരിച്ചുകൊണ്ട ഡെപ്പോസിറ്റ് വ്യവസ്ഥയിൽ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടത് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ ചുമതലയായിരിക്കും.
7. മേൽപറഞ്ഞ കാര്യങ്ങളിൽ വിദ്യുച്ഛക്തി ബോർഡ് ജീവനക്കാർ ഇത്തരത്തിലുള്ള വീഴ്ച വരുത്തുന്നുവെന്ന് കണ്ടാൽ അക്കാര്യം മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച അതാതു തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജനകീയ സമിതികൾ മുഖേന വിദ്യുച്ഛക്തി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, ബോർഡ് അക്കാര്യം അതീവ ഗൗരവമായി പരിഗണിച്ചു നടപടി കൈക്കൊള്ളേണ്ടതാണ്.
8. തെരുവു വിളക്കുകൾ പ്രവർത്തിപ്പുക്കുന്നത് സംബന്ധിച്ച് ഓരോ മാസവും കൂടുന്ന പഞ്ചായത്തുതല ജനകീയ സമിതിയോഗം വിലയിരുത്തേണ്ടതാണ്.
9. ഈ ഉത്തരവ് 1.04.97 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ചന്ദ്രശേഖരരാജു
അഡീഷണൽ സെക്രട്ടറി

പകർപ്പ്: സെക്രട്ടറി കെ.എസ്.ഇ.ബോർഡ്

കേരള സർക്കാർ

തദ്ദേശഭരണ (പി) വകുപ്പ്

നമ്പർ 8597/പി 3/98/ത.ഭ.വ തിരുവനന്തപുരം, 1998 ഫെബ്രുവരി, 18

വിഷയം : തദ്ദേശഭരണവകുപ്പ് - അധികാരവികേന്ദ്രീകരണം - ആരോഗ്യവകുപ്പ് - കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ കീഴിലുള്ള സബ്സെന്ററുകളുടെ നിയന്ത്രണം - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന : 18-09-95 ലെ ജി.ഒ. (പി) നമ്പർ 189/95/ത.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്

18-09-1995 ജി.ഒ.(പി) നമ്പർ 189/95 ത.ഭ.വ. ഉത്തരവു പ്രകാരം ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നടത്തിപ്പും നിയന്ത്രണവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. എന്നാൽ ഈ ഹെൽത്ത് സെന്ററുകളുടെ കീഴിൽ വരുന്ന സബ്സെന്ററുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകളുടെ ഭരണനിയന്ത്രണത്തിൽ ആയിരിക്കുമെന്ന് ആരോഗ്യവകുപ്പ് സ്പഷ്ടീകരിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത സബ്സെന്ററുകളുടെ വികസനകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
സെക്രട്ടറി
തദ്ദേശഭരണവകുപ്പ്

Government of Kerala

No.29862/D3/98/LAD

Local Admn. (D) Dept.
Thiruvananthapuram, dt.18.10.98

C I R C U L A R

Sub: Land Acquisition proposals from the Local Bodies and Development Authorities – Guidelines – issued

1. It has come to the notice of Government that many Local Bodies and Development Authorities in the State are resorting the practice of seeking administrative sanction towards Acquisition of land for Developmental Activities without ensuring availability of funds to meet the expenditure of the proposed acquisition. In several cases the land owners have moved the Court for realization of compensation enhanced compensation for their acquired land. In most cases these lead to huge financial commitment to the Government as well as to the local bodies and Development Authorities. In view of the above facts Government are constrained to closely examine requests for Land Acquisition with reference to complete details of the proposed, completed and ongoing land Acquisition proposals of the Local Bodies before Administrative Sanction is given. Therefore all the local bodies and development authorities are directed to furnish the details in the enclosed Proforma with all proposals for Administrative sanction for Land Acquisition.

2. The Secretaries of Local Bodies and Development Authorities will ensure that proposals with the full details in the Performa only are recommended to Government.

Sd/-
S.M.Vijayanand
Secretary to Government

SPECIAL FORMAT FOR THE LOCAL BODIES TO FURNISH DETAILS OF PROPSOED/COMPLETED LAND ACQUISITION PROCEEDIGNS TO GOVERNMENT

1. Name of Corporation/Municipality/ Panchayat/Development Authority. (Requisitioning Authority)	:
2. Purpose for which the land is required	
3. Taluk, Village, Division/Ward in which the proposed land/lands/comprises/ comprise (with Survey nos)	
4. Total extent of land(Acre,cents/ hectare ,Are) proposed to be acquired	
5. Approximate amount required for the proposed acquisition	
6. Is the acquisition proposed to be funded under plan	
7. Has the required amount been include in the budget of the local body/development authority under the specific head.	
8. If not how the expenditure is proposed to be met	
9. Details of decision of the Local body/Development Authorities (enclose true copy)	
10. Is the proposal under urgency clause and if so grounds for doing so	
11. Details of old L.A Cases	

(a) In Sub Court as L.A.R						
Sl. No	Extent	Amount of original award	When referred to Court	L.A.R Amount		
(b) Under Appeal against Sub Court decision						
Sl. No	Extent	Amount of award	Decrial amount	Date of appeal	Present stage	
(c) Award passed						
Sl. No	Extent	Rate of award		Amount		
(d). Other stages of Land Acquisition						
Sl. No	Extent	Date and No. of A.S	Date of 4(1)	Date of draft declaration	Expected date of award	Probable cost
9. Details of cases for which decrial amount has been paid by Government (which remains unrefunded by local body)						
Sl. No	Extent	Decrial amount	G.O No. & Date of payment by Government			

കേരള സർക്കാർ

തദ്ദേശഭരണ (പി) വകുപ്പ്

നം. 31259/പി2/99/ത.സ്വഭവ. തിരുവനന്തപുരം, 1999 നവംബർ, 3

സർക്കുലർ

വിഷയം : തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വക വസ്തുവകകളുടെ ദുരുപയോഗം തടയൽ - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 18.9.1995-ലെ സ.ഉ.(പി) 189/95/ത.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരം, 1994-ലെ കേരളാ പഞ്ചായത്ത്രാജ് ആക്ടിലെ മുന്നും നാലും അഞ്ചും പട്ടികകളിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിലും പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും പദ്ധതികളും സ്ഥാപനങ്ങളും, അത്തരം സ്ഥാപനങ്ങളുടെ ആസ്തി ബാധ്യതകളും വസ്തുവകകളും സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കൈമാറിയിട്ടുള്ളതാണ്. എന്നാൽ അപ്രകാരം കൈമാറ്റം ചെയ്തു കിട്ടിയ ചില വസ്തുവകകൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുവാൻ ശ്രമിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഏത് ഉദ്ദേശ്യലക്ഷ്യം മുൻനിർത്തിയാണോ ഈ സ്ഥാപനങ്ങൾ സർക്കാർ ആരംഭിച്ചത്, ആ ഉദ്ദേശ്യലക്ഷ്യത്തെ ഹനിക്കുന്ന രീതിയിൽ അവയുടെ വസ്തുവകകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നത്. സർക്കാർ സ്കൂൾ/ ആശുപത്രി കോമ്പൗണ്ടുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുക, കൃഷിഫാമുകളിൽ മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ്, കൈമാറ്റം ചെയ്ത വസ്തുവകകളുടെ ദുരുപയോഗത്തിനുള്ള ചില ഉദാഹരണങ്ങൾ. ഇത്തരം പ്രവണത അടിയന്തിരമായി നിയന്ത്രിക്കപ്പെടേണ്ടതാണെന്ന് സർക്കാർ കരുതുന്നു. കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തുവകകൾ അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. അവ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്തുവാനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല. കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തിക്കൂടാ എന്നും ഇക്കാര്യത്തിൽ ഏതെങ്കിലും സംശയം ഉദിക്കുന്നപക്ഷം സർക്കാരിന്റെ ഉപദേശം ആരായേണ്ടതാണ് എന്നും സർക്കാർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ 166(7), 172(6), 173(6) എന്നീ വകുപ്പുകൾ പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 30 (5) വകുപ്പു പ്രകാരവും കൈമാറിയ സ്ഥാപനങ്ങളുടെ ഭരണം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരമുണ്ടെന്നും അപ്രകാരം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ടെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി

പട്ടികജാതി/പട്ടികവർഗ്ഗ'ഇ' വകുപ്പിൽ നിന്നും സ.ഉ(സി) നമ്പർ 624/99 പജപവവിവ നമ്പറിൽ 16. 1.2.1999 ൽ പുറപ്പെടുവിച്ചുള്ള ഉത്തരവിന്റെ ശരിപകർപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസനം –പൊതുമന്ദിരങ്ങളുടെ സംരക്ഷണവും ഉപയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരമാർശം: 1. സ.ഉ.(സാധാ) 429/92/പ.ജ.പ.വ.വി.വ തീയ്യതി 10.8.92
2. പട്ടികജാതി വികസന ഡയറക്ടറുടെ 21.07.1996 ലെ ഡെവ.27209/06 നമ്പർ കത്ത്

ഉത്തരവ്

മുകളിൽ ഒന്നാമത് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമന്ദിരങ്ങളുടെ മേൽനോട്ട ചുമതല തെരഞ്ഞെടുക്കപ്പെട്ട 5 കോളനി നിവാസികൾ,താലൂക്ക് പട്ടിക ജാതി വികസന ആഫീസർ, ബ്ലോക്ക് എക്സ്റ്റൻഷൻ ആഫീസർ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരടങ്ങുന്ന കമ്മിറ്റിയ്ക്ക് നല്കിയിരുന്നു. ടി ഉത്തരവിൽ പൊതുമന്ദിരങ്ങളുടെ വരവ് ചെലവ് കണക്കുകൾ താലൂക്ക് പട്ടികജാതി വികസന ആഫീസർ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുകയും പൊതു മന്ദിരം ഉപയോഗിക്കുന്ന പട്ടിക ജാതിക്കാർ നല്കേണ്ട വാടക പ്രതിദിനം 50/– രൂപയായി നിജപ്പെടുത്തകയും ചെയ്തിരുന്നു.

രണ്ടാമത് പരാമർശിച്ച കത്ത് പ്രകാരം,പൊതു മന്ദിരങ്ങളുടെ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പൊതുമന്ദിരം സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പർ, തെരഞ്ഞെടുക്കപ്പെട്ട 5 കോളനി നിവാസികൾ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് നല്കണമെന്നും പൊതുമന്ദിരങ്ങളുടെ വരവ് ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത് ആഫീസിൽ സൂക്ഷിക്കാൻ നിർദ്ദേശിക്കണമെന്നും പൊതുമന്ദിരങ്ങളുടെ വാടക പട്ടികജാതി/പട്ടിക വർഗ്ഗക്കാരിൽ നിന്നും പ്രതിദിനം 75/– രൂപ എന്ന നിരക്കിലും മറ്റുള്ളവർക്ക് 300/– രൂപ എന്ന നിരക്കിലും നിജപ്പെടുത്തണമെന്നും പട്ടികജാതിവികസന ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(1).ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ, (2). പൊതുമന്ദിരം സ്ഥിതിചെയ്യുന്ന വാർഡിലുള്ള മെമ്പർ (3). പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ മെമ്പർമാരിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി നോമിനേറ്റ് ചെയ്യുന്ന ഒരു മെമ്പർ (4). തെരഞ്ഞെടുക്കപ്പെട്ട കോളനി നിവാസികൾ (5 പേർ) (5). ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

കമ്മിറ്റി ചെയർമാൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കും. പൊതു മന്ദിരങ്ങളുടെ വരവ് ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത് ആഫീസിൽ സൂക്ഷിക്കേണ്ടതും പൊതുമന്ദിരം ഉപയോഗിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ വാടകയായി പ്രതിദിനം 75/– രൂപയും മറ്റുള്ളവർ 300/– രൂപയും നല്കേണ്ടതാണ്.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.സുബ്ബയ്യ (സെക്രട്ടറി)

Government of Kerala

Taxes (E) Department

ORDER

G.O(P)No.108//2000/TD Dated, Thiruvananthapuram, 4th July 2000

S.R.O.NO. 635/2000 – In exercise of the powers conferred by clause (a) of Sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959) the Government of Kerala, being of opinion that it is necessary in the public interest so to do, hereby remit the stamp duty with which the instruments of conveyance to be executed in favour of the Scheduled Caste and Scheduled Tribe beneficiaries under the scheme for rehabilitation of the landless homeless implemented by local bodies, are chargeable .

By Order of the Governor,
NALINI NETTO
Secretary to Government

Explenary Note

(This does not form part of the order, but is intended to indicate its general purports.)

In G.O (P) No. 97/97/TD. Dated 20.07.1997 (SRO. 602/97) Government have exempted from the payment of stamp duty by the landless-homeless Scheduled Caste and Scheduled Tribe beneficiaries under the rehabilitation scheme implemented by the Scheduled Caste and Scheduled Tribe beneficiaries under the rehabilitation scheme implemented by the Scheduled Caste/Scheduled Tribe Development Department.

But now this scheme is being implemented by the local bodies also. The Director of Scheduled Castes/Scheduled Tribe Development Department and various local bodies of the State have requested to extend this benefit to the beneficiaries of Scheduled Caste/Scheduled Tribe rehabilitation Scheme implemented by the local bodies also. Government have decided to allow the request.

This order is intended to achieve the above object.

കേരള സർക്കാർ

നമ്പർ: 40139/സി.1/2000/തസ്വഭവ

തദ്ദേശ സ്വയംഭരണ (സി) വകുപ്പ്
തിരുവനന്തപുരം, തീയതി : 28.8.2000

സർക്കുലർ

വിഷയം : പുതുതായി രൂപീകരിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച്

പുതുതായി രൂപീകരിക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മുഖവുര:

ഗ്രാമപഞ്ചായത്തുകളുടെ 1991-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് വിഭജനം നടത്തിയിട്ടുള്ളത്.അതുകൊണ്ട് ജനസംഖ്യാ അനുപാതത്തിൽത്തന്നെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തേണ്ടതാണ്. 1-10-2000 മുതൽ പുതിയ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വരുന്നതുകൊണ്ട് 30-09-2000 എന്ന തിയതി കണക്കാക്കി വേണം ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തേണ്ടത്. ഗ്രാമപഞ്ചായത്തുകളിൽ തനത് ഫണ്ടിന് പുറമേ പ്ലാൻഫണ്ട്, സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, സെൻട്രലി സ്പോൺസേഡ് സ്കീം ഫണ്ട്,വിവിധ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ എന്നിവയ്ക്ക് വേണ്ടിയും ഫണ്ടി ലഭിക്കുന്നു. ഇതിൽ തനത് ഫണ്ട് ജനസംഖ്യ അനുപാതത്തിൽതന്നെ വിഭജിക്കുവാൻ കഴിയും. അതേസമയം മറ്റ് ഫണ്ടുകളെ സംബന്ധിച്ചിടത്തോളം അപ്രകാരം ചെയ്യുന്നത് പ്രായോഗികമെന്ന് കാണുന്നില്ല. അതുകൊണ്ട് ഫണ്ട്വീതം വയ്ക്കുന്നത് പണികൾ/പ്രോജക്ടുകൾ/സ്ഥാപനങ്ങൾ/ഗുണഭോക്താക്കൾ ഏത് പ്രദേശത്ത് വിഭജനപ്രകാരം വരുന്നുവോ അതുപ്രകാരം ഫണ്ടിന്റെ വിഭജനം നടത്തേണ്ടതാണ്. റൂറൽപൂൾ, ബേസിക് ടാക്സ് ഗ്രാന്റ്, വി.റ്റി.സി, വസ്തു കൈമാറ്റ നികുതി എന്നിവ ജനസംഖ്യ അനുപാതത്തിലാണ് വീതംവെയ്ക്കേണ്ടത്. റെയിൽവേ ലെവൽക്രോസ് മെയിന്റനസ് ഗ്രാന്റ്, പ്രൈവറ്റ് യോഗിക് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രാന്റ് എന്നിവ സ്ഥാപനാടിസ്ഥാനത്തിലും സംസ്ഥാനാവിഷ്കൃത പദ്ധതി, ഗ്രാന്റ് -ഇൻ-എയ്ഡ്, മറ്റ് ഗ്രാന്റുകൾ എന്നിവ പ്രോജക്ട്/സ്ഥാപനം/സ്കീം/ഗുണഭോക്തൃ അടിസ്ഥാനത്തിലും ആണ് വീതം വെയ്ക്കേണ്ടത്. ആസ്തി-ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി കണക്കിലെടുക്കേണ്ട പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

റൂറൽ പൂൾ ഉൾപ്പെടേയുള്ള മുഴുവൻ ഗ്രാന്റുകളും 30-09-2000 വരെ മാതൃപഞ്ചായത്തിന് കുടിശ്ശിക ആയിട്ടുള്ള തുക മാതൃപഞ്ചായത്തിന് ലഭിക്കുന്നതിനും ആ തുക പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് വീതീച്ചു നല്കേണ്ടതുമാണ്.

നടപ്പുവർഷം പ്ലാൻ ഫണ്ട്, ഓൺ ഫണ്ട്, ഗുണഭോക്തൃ വിഹിതം,കേന്ദ്ര ധനസഹായം, മറ്റ് വിവിധ ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവ ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സംഗതിയിൽ പ്രോജക്ടുകൾ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം പൂർണ്ണമായും മാതൃപഞ്ചായത്ത് വഹിക്കുകയും ശേഷിക്കുന്ന തുക പുതുതായി രൂപീകരിക്കുന്ന പഞ്ചായത്ത് കണ്ടെത്തേണ്ടതുമാണ്.

(എ). സാമ്പത്തിക രൂപത്തിലുള്ള ആസ്തി

ട്രഷറി ബാലൻസ്, പോസ്റ്റാഫീസ്/ബാങ്ക് നിക്ഷേപം, അടയ്ക്കാത്ത പിരിവ് തുക , കൈവശം തീർപ്പുതുക, സ്റ്റാമ്പ്, മറ്റ് തുകകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയതുകൂടി കണക്കാക്കേണ്ടതാണ്.

(ബി) മറ്റ് ആസ്തികൾ – വികസനം

കെ.എസ്.ഡി. ലോണുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, മറ്റ് ലോണുകളും നിക്ഷേപങ്ങളും കൂടി കണക്കാക്കേണ്ടതാണ്.

(സി) പ്ലാൻസ് ആന്റ് റൂൾസിന്റെ വില

പഞ്ചായത്ത് വിഭജനത്തിന് മുൻപ് അനുവദിച്ചതുംവിജ്ഞാപനത്തിന് ശേഷം അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമായ ഡ്യൂട്ടികളും ഗ്രാന്റുകളും മറ്റും ഉൾപ്പെടും.

ആകെ ആസ്തി = എ+ബി+സി ആയിരിക്കും.

2. ബാദ്ധ്യതകൾ

(എ). (1). തിരിച്ചടയ്ക്കേണ്ട വിവിധയിനം നിക്ഷേപങ്ങൾ

(2) ജീവനക്കാർക്ക് കുടിശ്ശിക നല്കാനുള്ള ആനുകൂല്യങ്ങൾ

(3). പൊതുമരാമത്ത് പണിക്ക് നല്കേണ്ട തുകകൾ

(4). കറണ്ട് ചാർജ്ജ് ഇനത്തിലും മറ്റും അടയ്ക്കേണ്ട തുകകൾ

(5). മറ്റിനങ്ങളിൽ അടയ്ക്കേണ്ട തുകകൾ

(ബി). ആഡിറ്റ് റിപ്പോർട്ട് പ്രകാരം സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ട ഗ്രാന്റ് തുകകൾ, അടയ്ക്കാനുള്ള ഇൻകം ടാക്സ് , പർച്ചേയ്സ് ടാക്സ് മുതലായവ

ആകെ ബാധ്യത = എ+ബി ആയിരിക്കും

3. നെറ്റ് ആസ്തി = 1–2

നെറ്റ് ആസ്തിയാണ് പഞ്ചായത്തുകൾക്കായി വീതം വെയ്ക്കേണ്ടത്.

4. വസ്തുവകകൾ (ലാന്റ് ആന്റ് ഗുഡ്സ്)

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റേതായ വസ്തുക്കളും അതിൽ പഞ്ചായത്തിൽ നിന്നും നടത്തിയിട്ടുള്ള നിർമ്മാണങ്ങളും സ്ഥാപിച്ചിട്ടുള്ള വസ്തുക്കളും ആ പ്രദേശം ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ്.

5.നിക്ഷേപങ്ങൾ

നിലവിലുള്ള പഞ്ചായത്തിന്റെ കൈവശമുള്ള മുഴുവൻ ആസ്തിയും വിഭജിക്കപ്പെടുന്നതും പുതുതായി രൂപീകരിക്കപ്പെടുന്നതുമായ പഞ്ചായത്തുകൾക്ക് വിഭജിച്ചു നല്കേണ്ടതാണ്.

6. .ബാദ്ധ്യത തിട്ടപ്പെടുത്തുന്ന വിധം

മൊത്തം ആസ്തിയിൽ നിന്നും വിഭജിക്കപ്പെടുന്ന പഞ്ചായത്തിന്റെ മൊത്തം ആസ്തിയിൽ നിന്നും രണ്ടാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ ബാദ്ധ്യതയും കുറവ്ചെയ്ത് ലഭിക്കുന്ന ബാക്കി ആസ്തിയിൽ നിന്നും, പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ള ബാദ്ധ്യത ക്ലിയർ ചെയ്യുന്നത് അതാത് പഞ്ചായത്തുകളുടെ ചുമതലയിലായിരിക്കും.

4. തെരുവ് വിളക്കുകൾ

വിഭജിക്കപ്പെടുന്നതും പുതുതായി രൂപീകരിക്കുന്നതുമായ പഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് എഗ്രിമെന്റ് അതാത് പഞ്ചായത്തുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ഉണ്ടാക്കേണ്ടതാണ്.

5. പമ്പ് സെറ്റുകൾ

നിലവിൽ വിഭജിക്കപ്പെടുന്ന പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും പുതുതായി രൂപീകരിക്കുന്നതുമായ പഞ്ചായത്ത് പ്രദേശത്തെ പമ്പ്സെറ്റുകൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. അതിനുശേഷം അവ കൈകാര്യം ചെയ്യേണ്ടതും അതാത് പഞ്ചായത്തുകൾ തന്നെയായിരിക്കും.

വാട്ടർ സപ്ലൈ, കറന്റ് ചാർജ്ജ് എന്നി ഇനങ്ങളിൽ വരുന്ന 30.05.2004 വരെയുള്ള മുഴുവൻ കുടിശ്ശികയും മാതൃ പഞ്ചായത്ത് തന്നെ വഹിക്കേണ്ടതും അതിനുശേഷമുള്ള ഈ ഇനങ്ങളിൽ വരുന്ന ചെലവുകൾ അതാത് പഞ്ചായത്തുകൾ വഹിക്കുകയും ചെയ്യേണ്ടതാണ്. വിഭജനത്തിനു ശേഷം ഓരോ പ്രദേശത്തും നിലവിലുള്ള വാട്ടർ സപ്ലൈ സംബന്ധിച്ച് ടാപ്പുകളുടെ വിവരവും സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളുടെ വിവരവും രേഖാമൂലം ബന്ധപ്പെട്ട ആഫീസുകളിൽ അറിയിക്കേണ്ടതാണ്. (കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റിബോർഡ്)

6. പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികൾ

വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി മാതൃ പഞ്ചായത്തിൽ നിന്നും വിവിധ ഏജൻസികൾക്ക് കൊടുക്കേണ്ട തുകകൾ എത്ര, എത്ര വീടുകൾ,ഏതെല്ലാം പഞ്ചായത്തിൽപ്പെടുന്നുവോ അതനുസരിച്ച് തിട്ടപ്പെടുത്തി അതാത് പഞ്ചായത്തുകൾ തന്നെ ഒടുക്ക് വരുത്തേണ്ടതാണ്.

7. പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ പെൻഷനുകൾ

പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ പെൻഷനുകൾ 30.9.2000 വരെയുള്ള പെൻഷൻ കുടിശ്ശികകൾ മാതൃ പഞ്ചായത്ത് തന്നെ നല്കുകയും അതിനുശേഷം നല്കേണ്ടുന്ന തുകകൾ ലഭിക്കുന്ന മുറയ്ക്ക് മാതൃ പഞ്ചായത്ത് പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തുകൾക്ക് നല്കുകയും ചെയ്യേണ്ടതാണ്. മാതൃ പഞ്ചായത്തിലും പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തിലും വരുന്ന വിവിധ പെൻഷനുകൾ സംബന്ധമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് വെവ്വേറെ തയ്യാറാക്കുകയും ബന്ധപ്പെട്ടവരെ അറിയിക്കുകയും വേണം.

8. നികുതി കുടിശ്ശികകൾ

നികുതി കുടിശ്ശി പിരിക്കുവാനുള്ള അവകാശം പ്രസ്തുതപ്രദേശം വിഭജനത്തിനു ശേഷം ഏത് പഞ്ചായത്ത് പ്രദേശത്തിൽ വരുന്നുവോ ആ പഞ്ചായത്തിനായിരിക്കുന്നതാണ്.

9. പിരിച്ചെടുത്ത നികുതി തിരികെ നല്കുന്നത് സംബന്ധിച്ച്

വിഭജനത്തിനുശേഷം മാതൃ പഞ്ചായത്ത് പിരിച്ചെടുത്ത നികുതി വിഭജിക്കപ്പെട്ട പഞ്ചായത്തുകൾക്ക് വീതിച്ചു നല്കേണ്ടതാണ്.

10. കടമെടുത്ത തുക തിരിച്ചടവ് വരുത്തുന്ന ബാദ്ധ്യതകൾ

ലോണെടുത്തതിൽ ശേഷിക്കുന്ന തുക തിരിച്ചടവ് വരുത്തുന്നതിനുള്ള ബാദ്ധ്യത ഏത് പഞ്ചായത്തിന്റെ പേരിലാണോ ലോൺ അനുവദിച്ചു വാങ്ങിയിട്ടുള്ളത് ആ പഞ്ചായത്തിന് ആയിരിക്കും.

11. അവശിഷ്ടം.

പ്രാഥമിക പ്രവർത്തനങ്ങൾക്ക്വേണ്ടി അനുവദിക്കുന്ന തുക ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്ന കാര്യത്തിൽ ഉൾപ്പെടുത്താൻ ശേഷിക്കുന്ന സംഗതികൾ എന്നിവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)
എസ്.എം.വിജയാനന്ദ്
സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് – പുതുതായി രൂപീകരിക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ പ്രാരംഭ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ജെ) വകുപ്പ്

സ.ഉ (എം.എസ്)നം: 3667/200/തസ്വഭവ തിരുവനന്തപുരം, തീയതി : 23.09.2000

പരാമർശം: 1. സ.ഉ (സാ)നം: 266/99/തസ്വഭവ തീയതി : 20–12–2000

2. പഞ്ചായത്ത് ഡയറക്ടറുടെ സി.1.43408/99 നമ്പരിലുള്ള 07–08–2000–ലെ കത്ത്

ഉത്തരവ്

പഞ്ചായത്ത് ഡയറക്ടറുടെ പരമാർശ കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതുതായി രൂപീകരിക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ പ്രാരംഭ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മാതൃകാ പഞ്ചായത്തിൽ നിന്നും ആസ്തി/ബാധ്യത തിട്ടപ്പെടുത്തുന്നതിന് വിധേയമായി 50,000/ രൂപ പുതുതായി രൂപീകരിച്ച പഞ്ചായത്തിന് നല്കുന്നതിനും പ്രസ്തുത തുക സ്പെഷ്യൽ ഡ്യൂട്ടി ആഫീസർക്ക് അഡ്വാൻസ് ആയി അപേക്ഷയുടെ അടിസ്ഥാനത്തിൽ മാതൃ പഞ്ചായത്തിൽ നിന്നും ഗഡുക്കളായി നല്കുന്നതിനുള്ള അനുവാദം.
2. സ്പെഷ്യൽ ഡ്യൂട്ടി ആഫീസറെ സഹായിക്കുന്നതിന് ഒരു ക്ലാർക്ക് (യു.ഡി.സി/എൽ.ഡി.സി) ഒരു പ്യൂൺ എന്നിവരെ പുനർ വിന്യസിക്കുന്നതിനും പ്രതിമാസം 500/– രൂപയിൽ കവിയാത്ത അലവൻസിൽ ഒരു മിനിസ്റ്റീരിയൽസ്റ്റാഫിനെ വയ്ക്കുന്നതിനും പ്രസ്തുത അലവൻസ് തുക മാതൃ പഞ്ചായത്തിൽ നിന്നും ചെലവാക്കുവാനുമുള്ള അനുവാദം.
3. സ്പെഷ്യൽ ഡ്യൂട്ടി ആഫീസർക്ക് പ്രാഥമിക ചുമതലകൾ വഹിക്കുന്നതിനാവശ്യമായ തുക 27–05–98 ലെ സ.ഉ(എം.എസ്) നം. 107/08 തസ്വഭവ നമ്പർ കത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സമയത്ത് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധിയിൽ ചെലവു ചെയ്യുന്നതിനുള്ള അനുവാദം.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പി.സുശീല

ഡെപ്യൂട്ടി സെക്രട്ടറി

കേരള സർക്കാർ

നമ്പർ: സി.2–19950/2000

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി : 17.10.2000

സർക്കുലർ

വിഷയം:– ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുമ്പോൾ എഗ്രിമെന്റ് വയ്ക്കുന്ന മുദ്രപത്രത്തിന്റെ മൂല്യം നിർദ്ദേശം –സംബന്ധിച്ച്

സൂചന: – ബഹു.ഹൈക്കോടതിയുടെ 15.12.99ലെ 15156/98, 19378/98, 4046/99, 11305/99, 13882/99 18792/99, 25210/99 എന്നീ നമ്പർ ഒ.പി.യിൽമേലുള്ള വിധിന്യായം

ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുക്കുന്നവരും, ഗ്രാമപഞ്ചായത്തുകളും തമ്മിൽ വയ്ക്കുന്ന എഗ്രിമെന്റിന്റെ മുദ്രപത്രത്തിന്റെ കാര്യത്തിൽ പല പഞ്ചായത്തുകളിൽ നിന്നും സ്പഷ്ടീകരണം ആരാഞ്ഞിരിക്കുന്നു. ഈ വിഷയം ബഹു. ഹൈക്കോടതിയുടെ 15156/98, 19378/98, 4046/99, 11305/99, 13882/99, 18792/99, 25210/99 എന്നീ നമ്പർ ഒ.പി.യിലെ വിധിന്യായത്തിലും വിശദമായി പരിശോധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്ന സംഗതിയിൽ വാർഷിക വാടകയുടെ 5% തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ഇക്കാര്യം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

എ.അജിത്കുമാർ.ഐ,.എ.എസ്
പഞ്ചായത്ത് ഡയറക്ടറുടെചുമതല വഹിക്കുന്ന
മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

പകർപ്പ്: എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
അറിവിനായി അയക്കുന്നു.

Government of Kerala

No.40368/C2/2000/LSGD

Local Self Govt. (C) Dept.
Thiruvananthapuram, dt.25.05.2001

CIRCULAR

Sub: Local Self Govt. Department – Protection of rivers – Mining and Removal of sand from Rivers of Kerala under the control of Local Self Govt. & Institution –reg

Ref: 1. Interim Orders dated 26.03.2001 of the High Court in OP No.16272/2000 filled by Association for Environment Protection, Aluva

In accordance with the directions of the Honourable High Court of Kerala in interim orders dated 26.03.2001 in O.P NO. 16272/2000 filled by Association for Enviroment Protection,Aluva, Government issued the following conditions to be satisfied while mining and the control of Local Self Government Institutions in addition to the specific directions given by the Court under specific orders.

1. The Panchayats shall directly carry on the sand mining. It shall not auction infavour of contractors.
2. No pole scoopoing or any machanised method is permitted at any of the kadavus.
3. The sand mining operation shall be done only during day time that too between 8 A.M to 4 P.M
4. No vehicle shall be brought to the river bed for the purpose of loading sand.
5. Vehicles shall be parked at a minimum distance of 25 metres from the river bank. In order to ensure that no vehicle is broguht to the Kadavus/river bank. The Panchayat shall erect concrete pillars at the kadavus on the banks of the river so that no vehicle can be taken to the bank of the river except two wheelers.
6. No sand mining shall be done within 10 meters from the river bank
7. The passess shall be issued by the Geology Department through an authorized officer. These printed passes can be obtained by the Panchayats on payment of royalty in advance for a period of one month. The passes shall contain signature of the authorised officer of the Geology Department and also its seal. It shall be contersigned by Secretary of the Panchayats.
8. The Panchayats shall also pay in adacne 20% of the value of the sand covered by the passes issued for one month towards river management fund in advance to the District Collector. On receipt of the cheque for the advance amount, the District Collector or an officer authorized by him shall countersign the passes. Before the 10th of every succeeding month the accounts shall be settled by the Panchayats with the District Collector and the balance amount towards river management

fund shall be paid. No passes without undergoing the formalities referred above shall be permitted to be used for mining or transporting sand.

9. The Secretary to Panchayats shall see that all the colums in the passes are filled up properly.
10. The Panchayats shall post an employee at each kadavu who will make an endorsement as to the time at which the vehicle leaves the kadavu with a load of sand and the time required for the vehicle to reach its destination. It will be for the Karma Samithies of the particular area to have a watch over this arrangement and to see that the representative of the Panchayat is meticulously following the above direction. After the journey is over the used form shall be immediately returned to the Panchayats. In any case the same vehicle shall not be given a fresh pass without surrendering the pass used by it for the prior trip. All the other conditions imposed by the Government from time to time shall be binding on the Panchayat in the matter of mining and transporting of sand.

These conditions should also be imposed in the case the rivers under the control of Municipalities/Corporations of the State

P.Kamalkutty
Secretary to Government.

COPY OF THE LETTER FROM THE DIRECTOR OF PANCHAYATS, THIRUVANANTHAPURAM ADDRESSED TO THE DEPUTY DIRECTOR OF PANCHAYATS, PATHANAMTHITTA VIA LR. NO. 10936/02 Dt.8.5.02

*****

Sub: Premises of Educational Institutions to be used for Educational purposes only.

Ref:- 1. Common Judgment dated 5.4.2002 of the Hon'ble High Court in OP No. 35576/00(J) and OP.No. 4010/02 compliance.

2. Circular No.12314/L3/02/LSGD, dated 29.04.2002

****

UNDER Section 209C of the Kerala Panchayat Raj Act and Section 275 of the Kerala Municipality Act, 1994, the Secretaries of the Grama Panchayats and Municipalities and Municipal Corporations are bound to take actions for removal of any advertisement exhibited without permission from the secretary. Therefore, the Secretaries of the Grama Panchayat and Municipalities and Municipal Corporations are bound to look into their statutory duty and take appropriate action for removal of the unauthorized advertisements. The Secretaries of the local authorities will immediately look into this matter and see whether the advertisements at the premises of educational institutions have been made with due permission and take action for removal of those advertisements from the premises of the educational institutions. In case the same are placed or exhibited without permission. There will also be further directions the Secretaries to examine whether the advertisements exhibited at the premises of educational institutions with permissions are for educational purposes and if not appropriate action will be taken with notice to the affected parties. In any case, there shall not be any renewal of any permission, beyond the period of expiry of the existing permission. In case such advertisements are not for educational purposes.

Government therefore direct the Director of Panchayats and the Director of Municipal Administration to give necessary Instructions to the local authorities for removal of all the advertisements, exhibited without permission from Secretaries of concerned local authorities. It is the statutory duty of the local authorities to see that the advertisements exhibited with permission are for educational purposes only and if not appropriate action should be taken with notices to parties concerned. In any case, there shall not be any renewal of any permission beyond the period of expiry of the existing permission in case such advertisements are not for educational purposes. The local authorities shall remove at once all unauthorized advertisements and provide a clean tidy environmental surrounding to the educational institutions so that the children will be in a position to enter clean and tidy premises by the beginning of the next academic year as directed by the Hon'ble High Court. The Director of Panchayatsand the Director of Municipal Administration shall take necessary steps in this regarded forthwith and see that the High Court directions are complied with in letter and spirit.

(Sd/-)
P.KAMALKUTTY
Secretary to Government

SUPREME COURT OF INDIA
RECORD OF PROCEEDINGS
Writ Petition (Civil) No. 318/2002 (For Preliminary Hearing)

Naresh Prasad Gupta Petitioner(s)

R.O.Jhaskhand High Court & ORS Respondent(s)

(with Appln(s) for Ex-ports stay and exemption from filing L.T) with office Report)
Date 9.07.2002 (This petition was called on for hearing today.

CORAM: Hon'ble The Chief Justice
Hon'ble Mr. Justice K.G. Balakrishnan
Hon'ble Mr.Justice Arijit Parayath

For petitioners Tripurai Ray Adv
Mr.Manoj Sarena .Adv
Mr.Pravir Choudary.Adv.
For Respondent(s)
UPON hearing counsel the Court made the following

ORDER

We see no illegality in the respondents to taking steps to demolish the Mandir if it is constructed unauthorisedly and building plans being passed.

We see the justification whatsoever for the High Court at Kanchi to have given any permission with regard to the construction of any wall or with regard to the diversion of Drain etc referred to in the letter dated 1st February, 1993 Usurpation of public property in the name of religion and construction of religious places without permission from the Municipal Authorities cannot be permitted. The modus oprandi of grabbing public land and creating buildings illegally primarily for the benefit of the perpetuations has came down with a heavy hand. We see no permit in this petitions and the same is, accordingly, dismissed.

We expect all the state Government to take appropriate action in preventing such encroachments and illegalities wherever they come up. Copy of the order be sent to all Chief Secretaries

Sd/-
S.L.GOYAL
COURT MASTER

GOVERNMENT OF KERALA

Abstract

Assets Transferred to Local Governments - Utilization of Income from Land - Orders Issued.

LOCAL SELF GOVERNMENT (DP) DEPARTMENT

G..O.(Rt)No.677/2003/LSGD. Thiruvananthapuram, dated, 27.2.2003

O R D E R

As part of decentralization various Public assets have been transferred to local governments. These assets like schools, hospitals, agricultural farms, roads etc. have land which can be used productively by local governments, even though local governments do not have the right to alienate such land or use it for purposes unrelated to the original purpose of the asset.

Local governments have pointed out that they are willing to invest in the land and develop it productively if the existing stipulation that the revenue from such assets be credited to government account is modified and the local governments are allowed to credit such income to the panchayat fund or municipal fund as the case may be.

Government have examined the matter in detail and are pleased to order that the income accuring from the assets like schools, hospitals, farms etc. which are under the control of local governments should transferred as own income of the local governments concerned.

By order of the Governor

N. Chandrasekharan Nair
Chief Secretary to Government.

കേരള സർക്കാർ

നം. 40308/ഡിപി1/03/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ്
തിരുവനന്തപുരം
തീയതി: 21.8.2003

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്-വൈദ്യുതി വിതരണ പ്രോജക്ടുകളുടെ നിർവഹണം-വൈദ്യുതി ബോർഡുമായി കരാർ ഏർപ്പെടുത്തുന്നതു സംബന്ധിച്ച്-

സൂചന: 29.7.03-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ ശുപാർശ നം.1.1.1.(iii)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റു നൽകി വൈദ്യുതി വിതരണ പ്രോജക്ടുകളുടെ നിർവഹണം ഏൽപ്പിച്ചപ്പോൾ നിലവിലുണ്ടായിരുന്ന നിരക്കുകളനുസരിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡധികൃതർ വിസ്സമ്മതം പ്രകടിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ സൂചനയിലെ തീരുമാനപ്രകാരം താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റു നൽകി വൈദ്യുതി വിതരണ പ്രോജക്ടുകളുടെ നിർവഹണം ഏൽപ്പിച്ചപ്പോൾ നിലവിലുണ്ടായിരുന്ന നിരക്കുകളനുസരിച്ച് തന്നെ നടപ്പിലാക്കുന്നതാണ്.

(2) പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ഇക്കാര്യത്തിന് വൈദ്യുതി ബോർഡും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

43282/ഡിപി1/03/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ്
തിരുവനന്തപുരം
തീയതി: 3.9.2003.

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച്

സൂചന : 29.7.2003-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗതീരുമാനം നമ്പർ 1.11

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ചില സംശയങ്ങൾ/പ്രശ്നങ്ങൾ നിലവിലുള്ളതായി സർക്കാർ മനസ്സിലാക്കുന്നു. ആയത് ദൂരീകരിക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ മേൽ സൂചനയിലെ തീരുമാനപ്രകാരം താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

"എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാഹനങ്ങൾ അതത് സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്മാർക്ക് കൂടി ഉപയോഗിക്കാവുന്നതാണ്"

പി. കമാൽകുട്ടി,
ഗവൺമെന്റ് സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 15523/ഡിപി.1/03/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 23-10-2003

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വയും സ്വയം ആർജ്ജിച്ചതുമായ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച്.

സൂചന :
1. സ.ഉ. (ആർ.റ്റി.) നം. 677/03/തസ്വഭവ. തീയതി 27/02/03
2. 08/07/03-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം. 1 (10), 1 (11)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂൾ, ആശുപത്രികൾ, കൃഷി ഫാമുകൾ മുതലായ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനമായി പരിഗണിക്കണമെന്ന് സൂചന 1-ലെ സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവ് സംബന്ധിച്ച് ചില സംശയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിച്ചിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഒരു സ്പഷ്ടീകരണം ആവശ്യമാണെന്ന് സർക്കർ കരുതുന്നു. ഈ വിഷയം 08.07.2003-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയിൽ വിശദമായി ചർച്ച ചെയ്തു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കൃഷിഫാമുകൾ, പൗൾട്രി ഫാമുകൾ, സ്ക്കൂളുകൾ, ആശുപത്രികൾ മുതലായ സ്ഥാപനങ്ങളുടെ ഭൂമിയിൽനിന്നും ലഭിക്കുന്ന ആദായം തനതു ഫണ്ടായി കണക്കാക്കി അതാത് സ്ഥാപനങ്ങളുടെ വികസന പരിപാടികൾക്ക്/അറ്റകുറ്റ പണികൾക്ക് വിനിയോഗിക്കേണ്ടതാണ്. എന്നാൽ സ്കൂളുകൾ, ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിൽനിന്നും ചട്ട പ്രകാരം വസൂലാക്കുന്ന ഫീസ്, ചാർജ്ജ് മുതലായവ നിലവിലുള്ള നടപടിക്രമമനുസരിച്ച് കൈകാര്യം ചെയ്യേണ്ടതാണ്.

(2) "തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വയം ആർജ്ജിച്ചിട്ടുള്ള ആസ്തികളിൽ (ഉദാ. ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ്റ്റാന്റ്, പാർക്ക്) നിന്ന് ലഭിക്കുന്ന വരുമാനം തനതു ഫണ്ടായി കണക്കാക്കി വിനിയോഗിക്കാവുന്നതാണ്."

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

നമ്പർ: 31311/ജെ.2/03/തസ്വഭവ

തദ്ദേശ സ്വയംഭരണ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി : 05.11.03

സെക്രട്ടറി

സെക്രട്ടറി,
കുറ്റൂർ ഗ്രാമപഞ്ചായത്ത്
കുറ്റൂർ.പി.ഒ.
തിരുവല്ല

സർ,

വിഷയം: കുറ്റൂർ ഗ്രാമ പഞ്ചായത്ത് – ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – ഡെപ്പോസിറ്റ് തുക മുൻകൂറായി സ്വീകരിക്കുന്നതിന് അനുവാദം സംബന്ധിച്ച്

സൂചന: 1.കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 14.8.02 ലെ 2–ാം നമ്പർ തീരുമാനം
2. കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.10.03 ലെ കത്ത്

*****

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുറ്റൂർ ഗ്രാമപഞ്ചായത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുക്കാൻ താല്പര്യമുള്ളവരിൽനിന്നും പരസ്യലേലം വഴി മുൻകൂർ ഡെപ്പോസിറ്റ് വാങ്ങാവുന്നതാണ് എന്നറിയിക്കുന്നു. ഇപ്രകാരം സ്വീകരിക്കുന്ന തുക കെട്ടിട നിർമ്മാണത്തിനുവേണ്ടി മാത്രം വിനിയോഗിക്കേണ്ടതാണ് എന്നു കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

ആർ.സുരേന്ദ്രൻ
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി

Copy of lr.No.CI-35766/TC/2002/2002/dt. 14.11.2003 from the Transport Commissioner, Thiruvananthapuram addressed to all Heads of Depts.

Sub: Motor Vehicle – Possession of original documents while driving the vehicle – clarification – reg.
Ref: - Motor Vehicle Act & Rules

*****

Representations are being received from the public regarding violation motor vehicles laws by vehicle owned by Government Department/ Public Sector Undertakings.

The following provisions of the Motor Vehicles Act Vehicles while they are plying on public roads, which is not seen complied by the most of the Motor Vehicles owned by Government Departments.

I. As per Rule 139 of CMV Rules the driver of a motor Vehicles shall produce certificates of the registration, insurance and permit, the driving license and other relevant officer in uniform or any other officer authorized by the State Government. Possession and production of driving license in original is mandatory as laid down in sub section (1) of Section 130 of M.V. Act
II. A motor vehicles should carry a Valid Pollution under Control Certificated as per Rule 115(7) of CMV Rules.
III. A motor vehicle shall display a tax license/free tax license while it is used public road as per sub section(3) of section(4) of the KMVT Act in the manner prescribed.
IV. The use of Red light on the top of the Vehicles is restricted to those carrying high dignitaries and the vehicles escorting such vehicles viz.

i. Governor of the State
ii. Chief Minister
iii. Speaker
iv. Chief Justice of High Court
v. Ministers of the State
vi. Leader of Opposition
vii. Government Chief Whip
viii. Deputy Speaker
ix. Chief Secretary
x. Judges of the High Court of Kerala
xi. Lok Ayuktha, Kerala State
xii. The Upa Lok Ayuktha, Kerala State
xiii. The Vice-Chairman of the Central Administrative Tribunal
xiv. The State Election Commissioner, Kerala State.
xv. Advocate General, Kerala High Court.

No other persons under the State Service is entitled to use Red Light on the Vehicle.

All Heads of Departments are requested to comply the above provisions of law and bring to the notice of their subordinate offices for strict compliance.

Sd/-
Transport Commissioner

കേരള സർക്കാർ

നംപർ .62671/യു. 3 /02/റവന്യൂ

റവന്യൂ(യൂ) വകുപ്പ്
തിരുവനന്തപുരം.
തീയതി. 16–1–2004

സർക്കൂലർ

വിഷയം: റവന്യൂ വകുപ്പ്– ഗ്രാമപഞ്ചായത്തുകൾക്ക് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി സൗജന്യമായി കൈമാറി നലകുന്നത് – സംബന്ധിച്ച്

സൂചന ലാന്റ് റവന്യൂ കമ്മീഷണറുടെ 18–12–02 ലെ എൽ–ആർ–കെ.2/36036/2002

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതലകളിൽ അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുന്ന ചുമതലയും ഉൾപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ പല ഗ്രാമ പഞ്ചായത്തുകളും അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി റവന്യൂ ഭൂമി സൗജന്യമായി കൈമാറി നൽകണമെന്ന് അവശ്യപ്പെട്ടിട്ടു ണ്ട്. എന്നാൽ അംഗൻവാടി കെട്ടിട നിർമമാണം ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്തതിനാലും പഞ്ചായത്ത് സേവന വകുപ്പ് അല്ലാത്തതിനാലും നിലവിലുള്ള നിയമപ്രകാരം അംഗൻ വാടി കെട്ടിട നിർമ്മാണത്തിനായി, ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ഭൂമി സൗജന്യമായി കൈമാറി നൽകാൻ കഴിയാത്ത സാഹചാര്യമാണുള്ളത്. ഈ വിവരം സർക്കാർ വിശദമായി പരിശോധിക്കുകയുായി. ത്രിതല ഭരണ സംവിധാനത്തിൽ, അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾ, റവന്യൂ, ഭൂമി, അവശ്യപ്പെടുമ്പോൾ മറ്റ് അവശ്യങ്ങൾക്കായി നീക്കിവച്ചിട്ടില്ലാത്തതും , സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് അവശ്യമില്ലാത്തതുമായ റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് അവശ്യമായ ഭൂമി പഞ്ചായത്തുകൾക്ക് സൗജന്യമായി കൈമാറി നൽകാവുന്നതാണ്

ജെ. ഡൊറോത്തി
അഡിഷണൽ സെക്രട്ടറി
പ്രി.സെക്രട്ടറി

No.3893/P2/2003/WRD

Water Resources (G&P) Dept.
Thiruvananthapuram, dt.7.2.2004

CIRCULAR

Sub: Condemnation of departmental vehicles – stipulation of time frame for disposal – instructions –issued

Ref: 1. U.O Note No. 88389/Exp.03/2002. Fin. Dt. 16.12.2002 from Finance Department
2. Lr.No. OMU/K/289/02/dt.17.9.2003 from the Chief Engineer (Mechanical) Tvm.

It has come to the notice of Government that in all cases of condemnation of departmental vehicles, there occur a long gap between the issuance of certificate by the Executive Engineer (Mechanical) concerned and getting the orders from Govt. This delay causes depreciation in the Value of the vehicle and results in loss to Government, by the time and auction takes place.

In the circumstances it is instructed that the following time frame may be scruplusly adhere to while condemning the departmental vehicles`.

1. Between off the road and fixing upset value : 2 months
2. Between fixing the upset value and obtaining Sanction for disposal: 2 months
3. Between sanction for disposal and condemnation: 2 months

In case the vehicle cannot be disposed of at the first attempt for reason beyond the control of the officer another two months are allowed for reauction

A.N.Parameswaran
Additional Secretary

കേരള സർക്കാർ

നം. 7941/ ജെ2/2004/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ജെ.) വകുപ്പ്
തിരുവനന്തപുരം, തീയതി: 02.06.2004

സർക്കുലർ

വിഷയം : തസ്വഭവ -ഗ്രാമപഞ്ചായത്തുകൾ-മാർക്കറ്റുകൾ, മാർക്കറ്റ് സ്റ്റാളുകൾ ഷോപ്പിംഗ് കോപ്ലക്സ് മുറികൾ പാട്ടത്തിന് നൽകൽ/ ഫീസ് വസൂലാക്കൽ-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്

സൂചന : 1. തദ്ദേശ സ്വയംഭരണ (ബി) വകുപ്പിന്റെ 25/10/99-ലെ 31073//ബി1 /98/തസ്വഭവ നമ്പർ സർക്കുലർ.
2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10/6/03-ലെ എൽ.എഫ്. 9848/ആർ2/03 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 21/11/03-ലെ ഡി7-14363/03 നമ്പർ കത്ത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വേണ്ടിയുള്ള ഫീസ് പിരിവുകൾ ഒരു ലൈസൻസ് മാത്രമാണെന്നും അതുകൊണ്ട് ഒരു ലീസ് വയ്ക്കുമ്പോൾ വേണ്ടിവരുന്ന മുദ്രപത്ര മൂല്യം ലൈസൻസിന്റെ കാര്യത്തിൽ നിഷ്ക്കർഷിക്കുന്നത് ന്യായീകരിക്കാനാവില്ല എന്നുമുള്ള കേരള ഹൈക്കോടതിയുടെ 4195/92- ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് പിരിവുകളുടേയും മറ്റും കാര്യങ്ങളിൽ കരാർ ചമയ്ക്കുന്നതിന് ലൈസൻസിനു ബാധകമായ 50 രൂപ വിലയുള്ള മുദ്രപത്രം മതിയാകുമെന്നും എന്നാൽ കടമുറികളും മറ്റും ലേലത്തിൽ നൽകുമ്പോൾ വയ്ക്കുന്ന കരാർ ചമയ്ക്കുന്നതിന് ആകെ തുകയുടെ 5% മൂല്യമുള്ള മുദ്രപത്രത്തിലായിരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സൂചന ഒന്നിലെ സർക്കുലർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

കോർപ്പറേഷനുകളുടെയും/ മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും ഭരണനടത്തിപ്പു ക്രമങ്ങൾക്ക് സമാനസ്വഭാവമാകയാൽ ഗ്രാമപഞ്ചായത്തുകളിലെ മാർക്കറ്റുകൾ, മാർക്കറ്റ് സ്റ്റാളുകൾ, ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ എന്നിവയുടെ പാട്ടത്തിനു കൊടുക്കൽ / ഫീസുകൾ വസൂലാക്കൽ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 221-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പൊതുമാർക്കറ്റിലെ ഏതെങ്കിലും ഒരു ഭാഗമോ ഭാഗങ്ങളോ സ്റ്റാളുകളോ പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളോ ലേലം ചെയ്തോ മറ്റു വിധത്തിലോ പാട്ടത്തിന് കൊടുക്കുമ്പോൾ ഇവയ്ക്കുള്ള കരാർ വയ്ക്കേണ്ടത് കേരള സ്റ്റേറ്റ് സ്റ്റാമ്പ് ആക്ട് സെക്ഷൻ 2(1) പ്രകാരം പാട്ടത്തുകയുടെ 5% മൂല്യമുള്ള മുദ്രപത്രത്തിൽ ആയിരിക്കേണ്ടതാണ്.

(2) പഞ്ചായത്ത് രാജ് ആക്ട് 221-ാം വകുപ്പ്, 2-ാം ഉപവകുപ്പിൽ 'എ' മുതൽ 'ഇ' വരെയുള്ള ഫീസ് പിരിവുകളുടേയും മറ്റും കാര്യങ്ങളിൽ 50 രൂപാ വിലയുള്ള മുദ്രപത്രം മതിയാകും.

വിശ്വസ്തയോടെ

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

നമ്പർ: 54369/സി.3/02/തസ്വഭവ

തദ്ദേശ സ്വയംഭരണ (സി) വകുപ്പ്
തിരുവനന്തപുരം, തീയതി : 31.08.2004

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മണൽ ലേലം സംബന്ധിച്ച കരാറുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 206 (1) (എ), (ബി) (1) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവിനെ സംബന്ധിക്കുന്ന സ്ഥാവരവസ്തു വില്പന എന്ന കരണത്തിന് 1959 ലെ കേരള മുദ്രപത്ര ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർചാർജിന്റെ രൂപത്തിൽ സ്ഥാവര വസ്തു വില്പനതുകയുടെ അഞ്ചു ശതമാനത്തിൽ കവിയാതെ സർക്കാർ നിശ്ചയിക്കാവുന്ന നിരക്കിൽ ഒരു തുക ചുമത്താവുന്നതാണ്. ഭൂമിയിൽനിന്ന് മണൽ എടുക്കുവാനുള്ള അവകാശം സ്ഥാവര വസ്തുവായി കണക്കാക്കേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 206-ാം വകുപ്പ് പ്രകാരം ലേലത്തുകയുടെ 5% വിലയുള്ള മുദ്രപത്രത്തിൽ കരാർ തയ്യാറാക്കേണ്ടതുമാണെന്നും ആനന്ദൻ.വി, Vs പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (2000 (1) KLT.1) എന്ന കേസ്സിൽ ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മണൽ ലേലം സംബന്ധിച്ച കരാറുകളിൽ കരാറുകാരൻ ലേലത്തുകയുടെ 5% വിലയുള്ള മുദ്രപത്രത്തിൽ തന്നെ എഗ്രിമെന്റ് വയ്ക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിക്കുന്നു. മേൽപറഞ്ഞ നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും നൽകുന്നതിന്)
ഡയറക്ടർ, അർബൻ അഫയേഴ്സ് (എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും കോർപ്പറേഷൻ മേയർമാർ/ സെക്രട്ടറിമാർ എന്നിവർക്കു നൽകുന്നതിന്)
മുനിസിപ്പൽ ഭരണ മേഖലാ ജോയിന്റ് ഡയറക്ടർമാർ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ലോക്കൽ ഫണ്ട് വകുപ്പ്
സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണവകുപ്പ്
എല്ലാ ജില്ലാ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാർക്ക്
മേഖല പെർഫോർമൻസ് ആഡിറ്റ് ആഫീസർ (കൊല്ലം, എറണാകുളം, കോഴിക്കോട്)
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
നിയമവകുപ്പ്, ധനകാര്യവകുപ്പ്,
റവന്യൂ വകുപ്പ് (എല്ലാ ജില്ലാ കളക്ടർക്കും നൽകുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

നമ്പർ: 71734/പി1/2004/റവന്യൂ

റവന്യൂ (പി)വകുപ്പ്, തിരുവനന്തപുരം
തിയതി: 1/2/2005

സർക്കുലർ

വിഷയം: 1. 2001 ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് (നം. (17949/ലെഗ് എ1 – 2001 /നിയമം. തിയതി 29/12/01
2. ജി.ഒ.(പി) നമ്പർ 114/02/ആർ.ഡി, തിരുവനന്തരപുരം തിയതി 27/4/2002 (എസ്.ആർ.ഒ.നമ്പർ. 332/02)
3. ജി.ഒ.9പി) നമ്പർ 365/2004/ആർ.ഡി. തിരുവനന്തപുരം. തിയതി 22/10/2003. (എസ്.ആർ.ഒ. നമ്പർ 979/2003)
4. ജി.ഒ.(പി) നമ്പർ 365/2004/ആർ.ഡി. തിരുവനന്തപുരം. തിയതി 15/12/2004 (എസ്.ആർ.ഒ.നമ്പർ 1322/2004)

******

1. ഓരോ മാസത്തേക്കും ഒരു കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ് ജില്ലാ വിദഗ്ദ്ധസമിതി സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ് സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് തുടങ്ങിയ വിദഗ്ദ്ധസമിതികലുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് നിശ്ചയിക്കേണ്ടതും പ്രസ്തുത മണലിനുള്ള റോയൽറ്റി നൽകിയശേഷം പൊതുലേലപ്രാകരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരുടേയും ബന്ധപ്പെട്ട അംഗങ്ങളുടേയും സാന്നിദ്ധ്യത്തിൽ സ്ഥലത്തെ തഹസീൽദാർ വിൽക്കേണ്ടതുമാണ്. പ്രസ്തുത പ്രദേശത്തെ മണലിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്തായിരിക്കണം ലേലം ചെയ്യേണ്ടത്. വാഹനത്തിൽ മണൽ കയ്യറ്റുന്നതിനുവേണ്ടി വരുന്ന ചെലവും മണൽ വാരുന്ന കൂലിയുംകൂടി കണക്കിലെടുത്തുവേണം മണലിന്റെ വില നിശ്ചയിക്കേണ്ടത്. മണലിന്റെ വില ക്രമാതീതമായി കൂട്ടുന്നരീതിയിൽ ലേലം ചെയ്യരുത്. ലേലം പിടിക്കുന്നയാൾ ലേലത്തുക ഒടുക്കി പ്രസ്തുത മണൽ നിശ്ചിത സമയത്തിനുള്ളിൽ കടവിൽനിന്ന് കൊണ്ടുപോകേണ്ടതാണ്. മണൽ ലേലത്തിൽ പിടിക്കുന്നയാളിൽ നിന്നും നിയമവ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിലേക്കായി ആവശ്യമായ സെക്യൂരിറ്റി വാങ്ങേണ്ടതാണ്.

2. മണൽ വിൽപനയിൽ സ്വരൂപിക്കുന്ന തുകയിൽനിന്ന് റോയൽറ്റിക്ക് നൽകി തുക കുറച്ചശേഷം ബാക്കി തുകയുടെ 50% ജില്ലാ കളക്ടർ വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും ബാക്കി 50% അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതത് മാസംതന്നെ നൽകണം. മണൽ വാരൽ എട്ട് മണിക്കും വൈകുന്നേരം നാലുമണിക്കും ഇടയിൽ നടത്തണം. രാവിലെ എട്ട്മണിക്ക് മുമ്പും വൈകുന്നേരം നാല് മണിക്ക് ശേഷവും മണൽ കടവിൽ നിന്ന് കൊണ്ടുപോകാൻ അനുവദിക്കരുത്. വൈകുന്നേരം നാലുമണിമുതൽ രാവിലെ എട്ടുമണിവരെ കടവുകൾ പൂട്ടിയിടണം.
3. ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും മേജർ ജലസേചന പദ്ധതിയിൽ നിന്നോ ജല അതോറിറ്റിയുടെ ഏതെങ്കിലും പദ്ധതിയിൽ നിന്നോ 500 മീറ്റർ അകലത്തിൽ യാതൊരു മണൽവാരൽ പ്രവർത്തനവും അനുവദിക്കരുത്. അപ്രകാരം ചെയ്യുന്നവർക്കെതിരെ പ്രോസീക്യൂഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.
4. കടവുകളിൽ ലോറിയിറക്കാൻ കഴിയാത്തവിധം തൂണുകൾ സ്ഥാപിക്കുകയും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കടവുകൾ പൂട്ടത്തക്കവിധം ഭിത്തികൾ കെട്ടി ഗേറ്റ് സ്ഥാപിക്കേണ്ടതുമാണ്. മണൽ വാരാൻ അനുവദിക്കാത്ത എല്ലാ കടവുകളിലും വാഹനങ്ങൾ ഇറക്കാൻ കഴിയാത്തവിധം 100 മീറ്റർ അകലംമുതൽ പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതും വാഹനങ്ങൾ കടക്കാത്തവിധമുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാക്കേണ്ടതും പൊതുജനങ്ങൾക്ക് കാൽനടയായി പോകാനുള്ള വഴിമാത്രം ഇടേണ്ടതുമാണ്. എല്ലാ പൊതു കുളിക്കടവുകളിലും വാഹനം ഇറങ്ങാത്തവിദം 100 മീറ്റർ അകലത്തിൽ പ്രൊട്ടക്ഷൻ നിർമ്മിക്കേണ്ടതാണ്. പ്രൈവറ്റ് വസ്തുക്കളോട് ചേർന്നുള്ള എല്ലാ അനധികൃത കടവുകളും പുഴയോരത്തുറച്ച് പൂർണ്ണമായും അടച്ചു കെട്ടി ക്ലോസ്സ് ചെയ്യേണ്ടതുമാണ്. മേൽ വിവരിച്ച സംവിധാനങ്ങൾ ചെയ്തിട്ടില്ലാത്ത സ്ഥലങ്ങ

ളിൽ അത് ഉടനടി ചെയ്യേണ്ടതും ഇതിന് ആവശ്യമായ തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതുമാണ്.

5. പുഴയിൽനിന്ന് മണൽ അനധികൃതമായി വാരിക്കയറ്റാൻ സൗകര്യം ചെയ്യുന്ന വസ്തു ഉടമസ്ഥർക്കെതിരേയും കടവ് ഉടമസ്ഥർക്കെതിരേയും അനധികൃതമായി വാരിയ മണൽ വാങ്ങുന്നവർക്കെതിരേയും പ്രോസീക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച വള്ളങ്ങൾ മാത്രമേ മണൽവാരാൻ ഉപയോഗിക്കാവൂ. ഇവ തിരിച്ചറിയാൻ പ്രത്യേകം സൈൻബോർഡുകൾ ഏർപ്പെടുത്തേണ്ടതാണ്. നിലവിലുള്ളയെല്ലാ മണൽവാരൽ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡുകൾ നൽകേണ്ടതാണ്. ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ വാരുകയോ, കൊണ്ടുപോകുകയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നത് കണ്ടുകെട്ടേണ്ടതാണ്. എല്ലാ അനധികൃത മണൽ വാരുന്നവർക്കും വാരിക്കുന്നവർക്കും അതു കൊണ്ടുപോകുന്നവർക്കും, അത് വാഹനത്തിൽ കയറ്റുന്നവർക്കും,അതിന് സൗകര്യങ്ങളും സഹായങ്ങളും ചെയ്യുന്നവർക്കും അത് വാങ്ങുന്നവർക്കും, അത് സൂക്ഷിക്കുന്നവർക്കും എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി മണൽ വാരാനും കയറ്റാനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വള്ളങ്ങൾ അത്തരം മണൽ കയറ്റിക്കൊണ്ടുപോകുന്ന ലോറികൾ മറ്റ് വാഹനങ്ങൾ എന്നിവ കണ്ടുകെട്ടുകയും ലേലം ചെയ്തു കിട്ടുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

6. ഇനിമുതൽ കടവില്ഡ നിന്ന് വിറ്റ മണൽ കൊണ്ടുപോകുന്നതിന് പ്രത്യേകം പാസ്സ് ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് ബന്ധപ്പെട്ട തഹസീൽദാരും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ഒപ്പിട്ട് മുദ്രവെച്ച് പാസ്സ് നൽകണം. കൊണ്ടുപോകുന്ന മണലിന്റെ അളവും വാഹനത്തിന്റെ രജിസ്റ്റർ നമ്പരും കൊണ്ടുപോകുന്ന സമയവും തിയതിയും കൊണ്ടുപോകുന്ന സ്ഥലത്തിന്റെ പേരും കളക്ടർ/എഡിഎ അധികാരപ്പെടുത്തുന്നയാൾ അതത് കടവിൽ നിന്ന് കൊണ്ടുപോകുന്ന മണലിന്റെ കണക്ക് വച്ച് പോരേണ്ടതും പ്രസ്തുത കണക്ക് മണൽ ആഡിറ്റ് ചെയ്യുമ്പോൾ ഹാജരാക്കേണ്ടതുമാണ്. ഇതിലേയ്ക്ക് എഡിഎം അധികമുള്ള ഒരു ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനെ പുനർ വിന്യസിപ്പിക്കുകയോ അപ്രകാരം പുനർ വിന്യസിപ്പിക്കുന്നതിന് ജീവനക്കാർ ഇല്ലെങ്കിൽ ഒരാളെ ദിവസക്കൂലി വ്യവസ്ഥയിൽ നിയമിക്കുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം ദിവസക്കൂലിക്ക് നിയമിക്കുന്ന ആൾക്ക് ഒരുദിവസം 120 രൂപ ക്രമത്തിൽ വേതനം നൽകാവുന്നതും ഇതിലേക്ക് വേണ്ടിവരുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ചെലവ് ചെയ്യാവുന്നതുമാണ്.

എം.അരവിന്ദാക്ഷൻ

അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

1.12.2005 ൽ റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ. ബി 2/7861/2004/എൽ.ഡിസ്. നമ്പറായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കയച്ച കത്തിന്റെ പകർപ്പ്

വിഷയം: ഭൂമി വെച്ചൊഴിയൽ –പഞ്ചായത്തിനുവേണ്ടി ഭൂമി വെച്ചൊഴിയുന്നത് –സംബന്ധിച്ച്

സൂചന : താങ്കളുടെ 19.10.05 ലെ ആർ. – 4490/2004 നമ്പർ കത്ത്

പഞ്ചായത്തിന്റെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരുന്നതിന് ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോമിൽ, ബന്ധപ്പെട്ട വില്ലേജ് ആഫീസർ കൗണ്ടർ സൈൻ ചെയ്ത അപേക്ഷ സമർപ്പിക്കുമ്പോൾ തുടർ നടപടിക്കായി പ്രസ്തുത അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അയച്ചു തരേണ്ടതാണ്. കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം നടപടി സ്വീകരിച്ച് ഭൂമി വെച്ചൊഴിയൽ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ നടപടിക്രമം ഇറക്കിയതിനുശേഷം മാത്രമേ രേഖകൾ പ്രകാരം ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ വരുന്നുള്ളൂ എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ

Copy of the circular No.45713(i)M3/05/G.Edn. dt.10.03.06 from Secretary to Government, General Education (M) Department

Sub: Safety of School buildings – Instructions issued – reg

In order to ensure the safety of students, the following instructions are issued for strict compliance.

i. As perNote 3 A Rule 5, Chapter IV KER, it is stipulated that no school shall be permitted to function if the roof of the school building is thatched one or the building is roofed with easily inflammable materials. However, the Government have extended the period of change over to safe permanent roofing up to 31.12.05 as per GO(MS)330/05/G.Edn. dt.24.08.05. The Local Self Government Department Engineers are directed to look into this aspect also while issuing Fitness Certificate from the next academic year onwards i.e from 2006-07 onwards.

ii. The Assistant Engineer, Local Self Government Department will complete inspection of all school buildings including un-aided recognized schools before 28th of February every year.

iii. The comments of the Assistant Engineer, Local Self Government Department regarding repair/maintenance shall be intimated to the District Educational Officers/AEOs before 31st March every year.

iv. Immediately on receipt of report form the Assistant Engineer, Local Self Government Department the Educational Officer should issue notice directing to carryout repairs/renovation/maintenance to the Dist.Panchayat or the Managers, as the case may be. The repair/renovation/maintenance works should be completed before 15th of May.

v. Revised Fitness Certificate, if necessary, should be issued by Asst. Engineer, Local Self Government Department before 25.05.06 and under no circumstances should classes be conducted without obtaining Fitness Certificate.

vi. If major repairs/renovations are required, a period of two years will be allowed for its completion. If the Managers fall to complete the work within the stipulated time, the recognition to those class divisions that can be affected for want of accommodations will be withdrawn.

vii. The existing Pre-KER buildings shall be replaced with new buildings on the condition on that the posts allowed in considerations of the pre-KER buildings will continue to be allowed. The buildings so constructed will be as per KER specifications. All the pre-KER buildings should be replaced with new buildings by 01.06.08. If the Managers fall to re-construct the existing pre-KER buildings within the above time the pre-KER benefit shall be withdrawn. All officers concerned should ensure that the above instructions are followed.

Sd/-
LIDA JACOB
Secretary to Government

2.8.2006 ൽ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (സി) വകുപ്പ് തിരുവനന്ത പുരം 28917/സി1/06/തസ്വഭവ നമ്പറായി സെക്രട്ടറി , ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന് അയത്ത് കത്തിന്റെ പകർപ്പ്

വിഷയം :- പുഴ, തോട്, റോഡ്, പുറമ്പോക്ക് മുതലായവ കൈയ്യേറുന്നത് സംബന്ധിച്ച്

സൂചന :- 5.6.2006 ൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് പ്രകാരം നീരുറവകളും ജലസ്രോതസ്സുകളും കുളങ്ങൾ തുടങ്ങിയവയും 169-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായിട്ടുള്ള റോഡ് പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. അവ അളന്ന് തിരിച്ച് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിൽ അളന്ന് തിട്ടപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ രേഖകൾ സൂക്ഷിക്കണമെങ്കിൽ റവന്യൂ വകുപ്പിന്റേയും പഞ്ചായത്ത് വകുപ്പിന്റേയും സംയുക്തമായ സംരംഭത്തിലൂടെ മാത്രമേ സാദ്ധ്യമാകൂ. സൂചന പ്രകാരം ലഭിച്ച കത്തിൽ പറഞ്ഞ പ്രകാരം കയ്യേറ്റ ശ്രമങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമം 242-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട വില്ലേജ് ആഫീസറുടെ സേവനം ഗ്രാമ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

എം.എൻ.വാസന്തി
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (എം.എസ്)നം: 170/07/തസ്വഭവ തിരുവനന്തപുരം, തീയതി : 30.06.2007

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ വളരെ അധികം ദുരുപയോഗിക്കുന്നതായും അതുമൂലം അകാലത്തിൽ അറ്റകുറ്റപ്പണികൾ വരുന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.
2. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയായിരിക്കുന്നതാണ്.
3. ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെപ്പറയുന്ന രജിസ്റ്ററുകളും റെക്കോർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.
   (എ). ലോഗ് ബുക്ക്
   (ബി). പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്
   (സി.) വാടക ഈടാക്കുന്ന കേസുകളിൽ
   (ഡി). റിപ്പയർ രജിസ്റ്റർ
   (ഇ). സ്റ്റോക്ക് രജിസ്റ്റർ
   (എഫ്). ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

4. ഓരോ അർദ്ധ വർഷത്തിന്റേയും ആരംഭത്തിൽ, മുൻ അർദ്ധവർഷത്തിൽ ഓരോ വാഹനത്തിനും താഴെ കാണിച്ചിരിക്കുന്ന (ബി) പട്ടികയിലെ ഇനങ്ങളിൽ ചെലവായ തുകയെ സംബന്ധിച്ചും അതിൽ നിന്നും വാടക ഇനത്തിൽ ലഭിച്ച തുക

സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കി.മീറ്ററിൽ കാണിച്ചിരിക്കേണ്ടതാണ്.

(എ) വാഹനത്തിന്റെ തരം

(ബി). ചെലവ്

i. പെട്രോൾ, ഓയിൽ മുതലായവയ്ക്ക്;

ii. ടയർ,ട്യൂബ്, ബാറ്ററി, ഉപകരണം, സ്പെയർ പാർട്ട്സ് മുതലായവയ്ക്ക്;

iii. സ്പെയർപാർട്സ് ഇല്ലാതെയുള്ള റിപ്പയറുകൾക്ക്;

iv. സർവ്വീസിംഗ് വകയ്ക്ക്;

v. മറ്റ് ഇനത്തിൽ;

(സി) വരവ്

i. വാടക ഇനത്തിൽ ലഭിച്ച തുക;

ii. മറ്റ് ഇനത്തിൽ ലഭിച്ച തുക;

iii. വാടക ഇനത്തിൽ കിട്ടാനുള്ള തുക സംബന്ധിച്ച വിവരം

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പഞ്ചായത്ത് അംഗങ്ങളും നഗരസഭാ കൗൺസിലർമാരും ഔദ്യോഗികാവശ്യാർത്ഥം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ മാത്രമേ വാഹനം ഉപയോഗിക്കാൻ പാടുള്ളൂ. ഏതെങ്കിലും വാഹനം ഔദ്യോഗികാവശ്യാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിവിട്ടുകൊണ്ട് പോകേണ്ട സന്ദർഭത്തിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ/കമ്മിറ്റി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനു വിധേയമായി, കസ്റ്റോഡിയൻ ഓഫീസറുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ മേയർ, ഡെപ്യൂട്ടി മേയർ, ചെയർമാൻ, വൈസ് ചെയർമാൻ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർക്ക് ഈ നിബന്ധന ബാധകമാകുന്നതല്ല.

6. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ നടത്തുന്ന യാത്രകൾ ഔദ്യോഗിക യാത്രകളായി കണക്കാക്കാവുന്നതാണ്.

(എ). ഔദ്യോഗിക നിലയിലുള്ള ക്ഷണം അനുസരിച്ച് പങ്കെടുക്കുന്ന പരിപാടികൾ, സ്വീകരണങ്ങൾ മുതലായവ;

(ബി) യാത്രബത്തയ്ക്കോ വാഹന ബത്തയ്ക്കോ അർഹതയില്ലാത്ത വ്യക്തികളെ പൊതു താല്പര്യാർത്ഥം നടത്തുന്ന ഏതെങ്കിലും ഔദ്യോഗിക പരിപാടികളിലോ, യോഗങ്ങളിലോ പങ്കെടുക്കുന്നതിന് കൊണ്ടു പോവുകയും തിരികെ കൊണ്ടുവരികയും ചെയ്യുന്ന യാത്രകൾ.

(സി) ഒരു ആഫീസറുടെ സാധാരണയുള്ള ജോലി സ്ഥലത്തിനു പുറമെയുള്ള സ്ഥലത്തു വച്ച് നടത്തപ്പെടുന്ന യോഗങ്ങളിലോ, പരിപാടികളിലോ സാധാരണ യുള്ള ജോലി സമയത്തിന് മുമ്പും ശേഷവും നടത്തപ്പെടുന്ന ഏതെങ്കിലും ഔദ്യോഗിക യോഗത്തിലെ പരിപാടിയിലോ പങ്കെടുക്കുന്നതിനുവേണ്ടി ആ ആഫീസറെ വീട്ടിൽ നിന്നും വിളിച്ചു കൊണ്ടു വരുന്നതിനും തിരിച്ചു കൊണ്ടു വിടുന്നതിനും ചെയ്യുന്ന യാത്രകൾ.

(ഡി). പെട്ടെന്നുള്ള രോഗബാധയാലോ മറ്റ് ഏതെങ്കിലും അപകട സ്ഥലത്തു നിന്നോ, സംഭവംമൂലോ ഏതെങ്കിലും ഒരു ആഫീസിൽനിന്നോ, അപകട വീട്ടിലേക്കോ, ആശുപത്രിയിലേക്കോ, രണ്ടിടത്തേയ്ക്കുമോ കൊണ്ടുപോകുന്നതും തിരിച്ചും ഉള്ള യാത്രകൾ. എന്നാൽ ഇപ്രകാരമുള്ള യാത്രയുടെ അനിവാര്യതയും സാഹചര്യവും ആഫീസറെ കൊണ്ടുപോകുന്നയാൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഇ). സ്ഥല പരിശോധനാ യാത്രകളും കമ്മറ്റിയുടേയോ/കൗൺസിലി ന്റേയോ/സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയോ പ്രത്യേക അനുമതിയോടെ സർക്കാർ അധികാരി കളെകൊണ്ട് നിവേദനം നടത്തുന്നതിനുള്ള യാത്രകൾ.

(എഫ്). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണവുമായി ബന്ധപ്പെട്ടു നടത്തുന്ന മറ്റു ഔദ്യോഗിക യാത്രകൾ

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബൈലോയിൽ പ്രതിപാദിക്കുന്ന നിബന്ധ നകൾക്കനുസരണമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആംബുലൻസ് വാഹനങ്ങളും ചവറുകൾ നീക്കം ചെയ്യാനുള്ള വാഹനങ്ങളും സ്വകാര്യ ആവശ്യ ങ്ങൾക്കുവേണ്ടി വാടകയ്ക്ക് നൽകാവുന്നതാണ്.
8. ഓരോ വാഹനത്തിനും നിശ്ചിത ഫാറത്തിലുള്ള ലോഗ്ബൂക്ക് സൂക്ഷിക്കേണ്ടതും ആയത് കസ്റ്റോഡിയൻ ആഫീസർ വാഹനത്തിന്റെ ഡ്രൈവറെ ഏൽപ്പിക്കേ ണ്ടതും ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടു ത്തേണ്ടതും ആയത് ചെയ്ത ആളോ, ആളുകളോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. കസ്റ്റോഡിയൻ ആഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും പരിശോ ധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.
10. സാധാരണ ഗതിയിൽ ലോഗ്ബുക്ക് അതിൽ രേഖപ്പെടുത്തിയ അവസാന യാത്രാ തീയതി മുതൽ അഞ്ചു വർഷക്കാലം സൂക്ഷിക്കേണ്ടതും എന്നാൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ ഏതെങ്കിലും യാത്രയെ സംബന്ധിച്ച് എന്തെങ്കിലും ഓഡിറ്റ് തടസ്സം ഉണ്ടെങ്കിൽ അതിൻമേൽ തീരുമാനം ആകുന്നതുവരെ ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതുമാണ്.
11. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസം പ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമത

യുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

12. മുകളിൽ പ്രതിപാദിച്ച ടെസ്റ്റിൽ മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് കൂടുന്നു എങ്കിൽ വാഹനത്തിന് ഉണ്ടെന്നു കരുതുന്ന തകരാറ് എന്തെന്ന് പരിശോധിച്ച് ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും അപ്രകാരം കസ്റ്റോഡിയൻ – ആഫീസർ പ്രവർത്തിക്കേണ്ടതുമാണ്.
13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വാഹനവും ആയതിന് നിശ്ചയിച്ചിട്ടുള്ള ഇടവേളകളിൽ ശരിയായ രീതിയിൽ സർവ്വീസിംഗിന് വിധേയമാക്കേണ്ടതാണ്. സർവ്വീസിംഗിന് ഉള്ള സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇല്ലെങ്കിൽ, അംഗീകൃത സർവ്വീസ് സ്റ്റേഷൻ മുഖേനയോ അല്ലെങ്കിൽ കൊട്ടേഷൻ അടിസ്ഥാനത്തിൽ മറ്റു സർവ്വീസിസ് സ്റ്റേഷനുകളിലോ ചെയ്യിക്കേണ്ടതാണ്.
14. വാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ആഫീസർ അതിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണ്. ഗ്യാരേജിൽ നിന്നും വാഹനങ്ങൾ അനധികൃതമായി പുറത്തു കൊണ്ടുപോകുന്നത് തടയുന്നതിന് ആവശ്യമായ ഏർപ്പാടുകളും കസ്റ്റോഡിയൻ ആഫീസർ ചെയ്തിരിക്കേണ്ടതുമാണ്.
15. ഏതെങ്കിലും വാഹനത്തിന്റെ സ്പീഡോമീറ്റർ പ്രവർത്തനക്ഷമമല്ലാതാകുന്ന സന്ദർഭത്തിൽ ഡ്രൈവർ ഉടൻതന്നെ ആ വസ്തുത മീറ്റർ കേടായ സ്ഥലവും, സമയവും ഉൾപ്പെടെ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആ വിവരം ഉടൻതന്നെ കസ്റ്റോഡിയൻ ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും കസ്റ്റോഡിയൻ–ആഫീസർ ഉടൻതന്നെ മീറ്റർ നന്നാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്. മീറ്റർ നന്നാക്കുന്നതുവരെ ലോഗ് ബുക്കിൽ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തേണ്ടതില്ലാത്തതും സഞ്ചരിച്ച ദൂരം കണക്കാക്കി രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം രേഖപ്പെടുത്തിയ ദൂരത്തിന്റെ കൃത്യത കസ്റ്റോഡിയൻ–ആഫീസർ, ലഭ്യമായ മറ്റു വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതും ഡ്രൈവർ കണക്കാക്കിയ ദൂരത്തിൽ തിരുത്തൽ ആവശ്യമുണ്ടെങ്കിൽ തിരുത്തേണ്ടതുമാണ്.
16. ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് താഴെപ്പറയുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(എ). കസ്റ്റോഡിയൻ – ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്.

(ബി). ഇന്ധന ടാങ്ക് പൂർണ്ണമായി നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീറ്റർ

റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(സി). ടാങ്ക് പൂർണ്ണമായും നിറച്ചതിനുശേഷം വാഹനം ഓടിയ ദൂരവും വീണ്ടും പൂർണ്ണമായി നിറയ്ക്കുന്നതിന് ആവശ്യമായി വരുന്ന ഇന്ധനത്തിന്റെ അളവും കണക്കിലെടുത്തും ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിന് വേണ്ടിവരുന്ന ഇന്ധനത്തിന്റെ അളവ് എത്രയെന്നും കസ്റ്റോഡിയൻ-ആഫീസർ കണക്കാക്കേണ്ടതും മുൻപ് വാഹനത്തിന്റെ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന ഉപയോഗത്തിന്റെ തോതിൽ കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. എന്നാൽ ഇന്ധനത്തിന്റെ ഉപയോഗം തുടർച്ചയായി വർദ്ധിക്കുകയാണെങ്കിൽ ഇന്ധന ഉപയോഗത്തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികളുടെ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കസ്റ്റോഡിയൻ-ആഫീസർക്കോ അദ്ദേഹം നിയമാനുസൃതം ചുമതലപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയർക്കോ ആണ്. ഈ ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ വാഹനങ്ങൾ പരിശോധിക്കേണ്ടതാണ്.
18. ഡ്രൈവർ ഏതെങ്കിലും വാഹനത്തിന് അടിയന്തിരമായി റിപ്പയറോ അറ്റകുറ്റപ്പണിയോ ആവശ്യമാണെന്നു കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ -ഓഫീസർക്ക് നേരിട്ടോ, ബന്ധപ്പെട്ട എൻജിനീയർ മുഖാന്തിരമോ നൽകേണ്ടതാണ്.
19. കസ്റ്റോഡിയൻ-ഓഫീസർ നേരിട്ടോ എൻജിനീയറുടെ ശുപാർശ പ്രകാരമോ വാഹനത്തിന്റെ റിപ്പയറിനോ അറ്റകുറ്റ പണികൾക്കോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
20. കസ്റ്റോഡിയൻ-ഓഫീസർക്ക് രണ്ടായിരം രൂപയിൽ അംഗീകരീക്കാത്ത മൈനർ സ്വഭാവത്തിലുള്ള റിപ്പയറോ അറ്റകുറ്റ പണിയോ പൊതു ക്വട്ടേഷൻ ഇല്ലാതെ തന്നെ പ്രസിഡന്റിന്റേയോ/ചെയർ പേഴ്സണന്റേയോ അനുമതിയോട് കൂടി ചെയ്യാവുന്നതാണ്.
21. അറ്റകുറ്റപണിയുടെ പ്രതീക്ഷിക്കുന്ന ചെലവ് രണ്ടായിരം (2,000) രൂപയ്ക്ക് മുകളിലും പതിനായിരം (10000) രൂപവരേയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പ്രസ്തുത പണി സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ/കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി കസ്റ്റോഡിയൻ-ആഫീസർക്ക് ചെയ്യിക്കാവുന്നതാണ്. എന്നാൽ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പ് മുഖേന പണി ചെയ്യിപ്പിക്കുന്നതും ഓരോ സ്വഭാവമുള്ള ക്വട്ടേഷൻ മുഖാന്തിരം ആയിരിക്കേണ്ടതാണ്.
22. പതിനായിരം രൂപയ്ക്ക്മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ/കൗൺസിലിന്റെ അംഗീകാര

ത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്.

23. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ അറ്റകുറ്റപണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ–ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്.
24. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ആ വാഹനങ്ങൾ ഓടിക്കുവാൻ ചുമതലപ്പെടുത്തിയ ഡ്രൈവർമാരല്ലാത്ത മറ്റാരും ഓടിക്കുവാൻ പാടുള്ളതല്ല. എന്നാൽ വാഹനങ്ങൾ ടെസ്റ്റ് ചെയ്യുന്ന സമയത്തോ റിപ്പയർ ചെയ്യുന്ന സമയത്തോ അപ്രകാരം ചെയ്യാൻ ഒരാളെ ചുമതലപ്പെടുത്താവുന്നതാണ്.
25. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ ഡ്രൈവർക്ക് പെട്ടെന്ന് അസുഖമുണ്ടാവുകയോ, വണ്ടി ഓടിക്കുവാൻ പറ്റാത്ത സാഹചര്യമുണ്ടാവുകയോ ചെയ്യുമ്പോൾ വാഹനത്തിൽ യാത്രചെയ്യുന്ന ഓഫീസർക്ക് തത്സമയം പ്രാബല്യമുള്ള ലൈസൻസ് ഉള്ളപക്ഷം,തൽക്കാലം വണ്ടി ഓടിക്കാവുന്നതും അപ്രകാരം ഡ്രൈവിംഗ് ലൈസൻസ് ഇല്ലെങ്കിൽ ലൈസൻസ് ഉള്ള ഒരാളെ വാഹനം ഓടിക്കുന്നതിന് താൽക്കാലികമായി നിയോഗിക്കാവുന്നതാണ്.
26. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനത്തിന്റെ ഡ്രൈവർ അല്ലാതെ മറ്റൊരാൾ വാഹനം ഓടിക്കേണ്ടി വന്നാൽ ആ സാഹചര്യവും എടുത്ത നടപടികളും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
27. ഏതെങ്കിലും വാഹനത്തിന്റെ ഐഡന്റിറ്റി വെളിപ്പെടുത്തൽ ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ സംഗതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനത്തിന്റെ മുൻപിലും പുറകിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് കാണിക്കുന്ന ബോർഡ് വെയ്ക്കേണ്ടതാണ്.
28. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വവും ആഡിറ്റിൽ പരാമർശിക്കുന്ന നഷ്ടത്തിന്റെ ഉത്തരവാദികളും വാഹനം ദുരുപയോഗം ചെയ്യുന്ന വ്യക്തികൾ ആയിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ആയത് നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്ന പക്ഷം വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.അബ്ദുൾ ജലീൽ
ഡെപ്യൂട്ടി സെക്രട്ടറി

കേരള സർക്കാർ

നമ്പർ: 46951/ഡിബി.2/20008/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 17-09-2008

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കാലപ്പഴക്കം ചെന്ന സ്ക്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ക്കൂളുകളുടെ കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അംഗീകാരം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പിലെ സെക്രട്ടറിമാരും മറ്റുദ്യോഗസ്ഥൻമാരും 08-08-08 ൽ കൂട്ടായി ചർച്ച ചെയ്യുകയും പഴയ സ്ക്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾക്ക് രൂപം നൽകുകയും ചെയ്യുകയുണ്ടായി. ആയത് പ്രകാരം കാലപ്പഴക്കം ചെന്ന സ്ക്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പ് എല്ലാ തദ്ദേശ സ്വയംഭരണങ്ങളും ബന്ധപ്പെട്ട വകുപ്പുകളും താഴെ ചേർത്തിരിക്കുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

1. കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പായി പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ആയതിനുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും വേണം.
2. പൊളിച്ചുമാറ്റപ്പെടേണ്ട കെട്ടിടം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് ആയതിന്റെ സുരക്ഷിതത്വം, പൊതുവായ വികസന സൗകര്യങ്ങൾ എന്നിവ വിലയിരുത്തിയശേഷം അതു പൊളിച്ചു മാറ്റേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയതിനുശേഷംമാത്രം അതിനുള്ള അനുമതി നൽകേണ്ടതാണ്.
3. കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഒരു മാസം മുമ്പ് വിദ്യാഭ്യാസ വകുപ്പിനെ അക്കാര്യം രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.
4. ചരിത്രപരമായ പ്രാധാന്യമുള്ള പഴയകെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ പാടില്ല. ആവശ്യമായ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടതാണ്.
5. പൊളിച്ചു മാറ്റുന്നതിന് പകരമായി പണിയുന്ന/പുതുക്കി പണിയുന്ന കെട്ടിടം പഴയ കെട്ടിടത്തേക്കാൾ ചെറുതായിരിക്കുവാനോ പഴയ കെട്ടിടം നിലനിൽക്കുന്ന സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ പാടില്ല
6. പഴയ കെട്ടിയം പൊളിച്ചു മാറ്റുമ്പോൾ ലഭിക്കുന്ന വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. അപ്രകാരം മുതൽ കൂട്ടുന്നതുക ആ സ്ഥാപനത്തിന്റെ വികസനത്തിന് തന്നെ ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

നമ്പർ: ജിം. 20100/95

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, 28.10.1995

സർക്കുലർ

വിഷയം: സ്റ്റോർ പർച്ചേസ് മാന്വൽ പഞ്ചായത്തുകൾക്ക് ബാധകമാക്കിയതിനാൽ റേറ്റ് കോൺട്രാക്റ്റ് അനുസരിച്ച് സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

സൂചന: 1) ജി.ഒ.(പി) 2/95/എസ്.പി.സി/തിയതി 4.295
2).പഞ്ചായത്ത് ഡയറക്ടറുടെ ജി.1.2164/88 തീയ്യതി 23.3.88 നമ്പർ സർക്കുലർ
3). സൺഷൈൻ സ്റ്റീൽ ഫർണീച്ചർ പ്രൊപ്പൈറ്ററുടെ 26.06.95 ലെ നിവേദനം

...

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റോർ പർചേയ്സ് മാന്വൽ പഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് സൂചന ഒന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനാൽ സർക്കാരിന്റെ റേറ്റ് കോൺട്രാക്റ്റ് നിലവിലുണ്ടെങ്കിൽ റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചുമാത്രമേ സാധനങ്ങൾ വാങ്ങാൻ പാടുള്ളു. എന്നാൽ പല പഞ്ചായത്തുകളും ടി നിയമം പാലിക്കുന്നില്ലെന്ന് സൺഷൈഡ് സ്റ്റീൽ ഫർണീച്ചർ, കൊട്ടിയം, കൊല്ലം എന്ന സ്ഥാപനം ചൂണ്ടികാണിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സ്റ്റോർ പർചേസ് റൂൾ അനുസരിച്ചും റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചും മാത്രമേ ഫർണീച്ചർ തുടങ്ങിയ സാധനങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വിഴ്ച വരുത്താൻ പാടുള്ളതല്ല.

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

കേരള സർക്കാർ

സംഗ്രഹം

തെരവുവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ സ്പെയർ പാർട്സ് വാങ്ങുന്നതിന് കേരളത്തിലെ പഞ്ചായത്തുകൾക്ക് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (കെ) വകുപ്പ്

സ.ഉ (സാ)നം: 84/23/തഭവ തിരുവനന്തപുരം, തീയതി : 05.01.98

പരാമർശം: 1. പ.വർ.വകുപ്പിന്റെ 22.3.97 ലെ സ.ഉ (എം.എസ്)നം: 13/97/പി.ഡി

ഉത്തരവ്

കേരളത്തിലെ പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വിധം ഇലക്ട്രിസിറ്റി ബോർഡ് അധികാരികളുമായി കൂടിയാലോചിച്ചശേഷം ആവശ്യമുള്ള സ്പെയർ പാർട്സുകൾ സ്റ്റോഴ്സ് പർചേയ്സ് നിയമങ്ങൾക്ക് വിധേയമായി വാങ്ങുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുന്നതിന് അതത് പഞ്ചായത്തുകൾക്ക് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്

സെക്രട്ടറി

കേരള സർക്കാർ

നമ്പർ: 34562/പി.3/98/തഭവ

തദ്ദേശ സ്വയംഭരണ (പി) വകുപ്പ്
തിരുവനന്തപുരം, തീയതി : 18.12.98

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഓഫീസുപകരണങ്ങളും മറ്റും വാങ്ങുമ്പോൾ സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾ പാലിക്കുന്നതു -സംബന്ധിച്ച്

സൂചന: -

1. സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ 25.08.97 ലെ സ.ഉ.(എം.എസ്) 6/97/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ്
2. തദ്ദേശ ഭരണ വകുപ്പിന്റെ 1.12.97-ലെ 52754/പി3/97/തഭവ നമ്പർ സർക്കുലർ
3. സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ 21.04.98 -ലെ 1060/എ3/98/എസ്.പി.ഡി നമ്പർ സർക്കുലർ

സൂചന മൂന്നിലെ സർക്കുലർ പ്രകാരം സ്റ്റോഴ്സ് മെറ്റീരിയൽസ്, എക്യുപ്മെന്റ്സ്,സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, ഓട്ടോണമസ്ബോഡീസ്,പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് എന്നിവയ്ക്ക് സ്റ്റോഴ്സ് പർച്ചേസ് മാനുവലും അതിൻ പ്രകാരമുള്ള നിർദ്ദേശങ്ങളും ബാധകമാക്കിയിട്ടുണ്ട്. സൂചന ഒന്നിലെ ഉത്തരവുപ്രകാരം എല്ലാ വകുപ്പ്/ഓഫീസ് തലവൻമാരും പർച്ചേസിംഗ് ഓഫീസർമാരും അവർക്കാവശ്യമായ ഫർണീച്ചറുകൾ റേറ്റ് കോൺട്രാക്ട് ഹോൾഡറിൽ നിന്നും വാങ്ങണമെന്ന് ഉത്തരവായിരിക്കുന്നു. സ്റ്റോഴ്സ പർച്ചേസ് മാനുവൽ 67-ാം ഖണ്ഡിക പ്രകാരം റേറ്റു കോൺട്രാക്റ്റ് നിലവിലുള്ളപ്പോൾ അതിൻ പ്രകാരമുള്ള കോൺട്രാക്റ്റ് പ്രകാരം ഫർണിച്ചറോ മറ്റു ഐറ്റമോ വാങ്ങേണ്ടത് നിർബന്ധിതമാണ്. ഇത് എല്ലാ ലോക്കൽ/ഓട്ടോണമസ് ബോഡികൾക്കും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. സംസ്ഥാനത്തെ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഈ നിർദ്ദേശം പാലിക്കുന്നില്ല എന്ന പരാതികൾ സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നു. സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തലത്തിലുള്ള പഞ്ചായത്തുകളും ഓഫീസ് ആവശ്യത്തിനും മറ്റു വിവിധ പദ്ധതി നടത്തിപ്പുകൾക്കുമായി വിവിധ ഉപകരണങ്ങൾ വാങ്ങുമ്പോൾ അത് എന്ത് തുകയ്ക്കുള്ളതായാലും സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളും നിബന്ധനകളും കർക്കശമായി പാലിക്കേണ്ടതാണ്. റേറ്റ് കോൺട്രാക്റ്റ് പ്രകാരമല്ലാതെ വാങ്ങുന്ന സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് വിലയേക്കാൾ കൂടിയ വിലയാണ്. ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിയ്ക്കുവാൻ പർചേസിംഗ് ഓഫീസർക്ക് ഒരു സംവിധാനവും ഇല്ല. എന്നാൽ റേറ്റ് കോൺട്രാക്റ്റ് സാധനങ്ങൾ, എഞ്ചിനീയറിംഗ് കോളേജ് മുഖാന്തിരം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതും അവയ്ക്ക് ഒരു വർഷത്തെ ഗ്യാരന്റിയുള്ളതുമാണ്. ആയതിനാൽ സൂചനയിലെ സർക്കാർ ഉത്തരവിൽ സൂചിപ്പിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുമാത്രമേ പർച്ചേസ് നടത്താൻ പാടുള്ളൂ എന്നും തുടർന്നുള്ള കാലങ്ങളിൽ ഇതു സംബന്ധിച്ച സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ടി സ്ഥാപനങ്ങൾ പാലിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ചകൾ സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണെന്നും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിക്കൊള്ളുന്നു.

എസ്.എം.വിജയാനന്ദ്
സെക്രട്ടറി

Copy of Circular No. 25544/ Dp3 /2000 /LSGD. dt 21.7.2000 of secretary to Local Self Government (Dp) Department , Trivandrum.

Sub: Purchase of Constructional Steel item by Local bodies – reg.

Ref: 1. G. O. (Rt) No. 1040/95 /ID dated 7.12.1995

2. G.O(Rt)736/Id dated 5.8.1999

In the Government order second cited it was ordered that all Government Department , statutory, Autonomous and Local bodies will procure their requirements of constructional steel only from the companies who have BIS (Bureau of Indian Standard) Certification on quality. It was also ordered that while procuring the steel by Government Departments from Steel Complex Ltd.. 10% Price preference permitted by Government as per G O (Rt) No. 1040/95 /ID dated 7.12.1995 will be allowed to continue.

Government are pleased to make it clear that the above orders are applicable to Local Self Government also.

Under Secretary.

നംപർ 35658/ഡി .പി 3/2000ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ഡി. പി)വകുപ്പ്

സർക്കുലർ

വിഷയം : കേരള ഓട്ടോമൊബൈൽസ് ലിമറ്റഡിന്റെ ഉൽപന്നമായ ത്രിവീലർ ടിപ്പർ വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥപാനങ്ങൾക്ക് അനുമതി അനുമതി നൽകുന്നു.

സൂചന : കേരള ഓട്ടോമൊബൈൽസ് (ലിമി) മാനേജിംഗ് ഡയറക്ടറുടെ 10.7.2000 ലെ കെ. എ. എൽ/ എം. ഡി/10-ാം നമ്പർ കത്ത്

.....

ഒരു പൊതു മേഖലാ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഉൽപന്നമായ ത്രീ വീലർ ടിപ്പർ വലിയ ടിപ്പറുകൾ കടന്നു ചെല്ലാത്ത ഇട റോഡുകളിലെ ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിന് ഉപയുക്തമാണെന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ടെന്റർ കൂടാതെ ചെയ്യാവുന്നതാണ്.

കെ എസ് അഷറഫ്,

അണ്ടർ സെക്രട്ടറി.

കേരള സർക്കാർ

നമ്പർ: 38968/ബി.3/2001/തസ്വഭവ

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 22.2.2003

സർക്കുലർ

സംസ്ഥാനത്തെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സോഡിയം വേപ്പർ ലാംബുകൾ വാങ്ങുവാൻ ക്വട്ടേഷൻ ക്ഷണിച്ചതിൽ ചില പ്രത്യേക ബ്രാന്റ്/കമ്പനി വക സാധനങ്ങൾ സപ്ലൈ ചെയ്യണമെന്ന നിബന്ധന വച്ചു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സാധനങ്ങൾ വാങ്ങുമ്പോൾ ഇപ്രകാരം ബ്രാന്റുകൾ/കമ്പനിയുടെ പേര് പ്രത്യേകം പറഞ്ഞ് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നത് സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ ലംഘനമാണ്.

ആയതിനാൽ മേലിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങുമ്പോൾ ഇത്തരം വ്യവസ്ഥകൾ ക്വട്ടേഷൻ/ടെണ്ടർ പരസ്യങ്ങളിൽ ചേർക്കരുതെന്നും,സ്റ്റോർസ് പർച്ചേയ്സ് മാന്വലലിലെ വ്യവസ്ഥകളെല്ലാം കർശനമായി പാലിച്ചുകൊണ്ടു മാത്രമേ സാധനങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അറിയിക്കുന്നു.

മേൽ നിർദ്ദേശത്തിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് സർക്കാർ വളരെ ഗൗരവമായി കണക്കാക്കുന്നതാണ്.

കെ.കെ.രമണി
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശസ്വയംഭരണ വകുപ്പ്– വികേന്ദ്രീകൃതാസൂത്രണം –തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് പൊതുവായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

സ.ഉ. (എം.എസ്) 169/03/തസ്വഭവ തിയതി. തിരുവനന്തപുരം, 27.5.2003

പരാമർശം: 3.9.2002, 4.3.2003 എന്നീ തിയതികളിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് പൊതുവായ മാർഗ്ഗരേഖ തയ്യാറാക്കണം എന്ന് 3.9.2003ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനിയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് ഗവണ്മെന്റ് സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ടുള്ള 17.3.2002ലെ ജി.ഒ (പി) 233/02/ഫിൻ. നമ്പർ ഉത്തരവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി. 10.1.2003ലെ 112473/ഡവ.3/02/ധന. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും സ്വന്തം ഫണ്ട് കുറവാണെന്നും ടി ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങാൻ സാധിക്കുകയില്ലെന്നും ആയതിനാൽ ടി ആവശ്യത്തിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുവാൻ അനുവദിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4.3.2003ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാന പ്രകാരം ഈ വിഷയം സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയും താഴെപ്പറയുംപ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പഴയ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നോൺ പ്ലാൻ ഫണ്ട് ഇല്ലാത്ത അവസരത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(ബി) സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നോൺ പ്ലാൻ ഫണ്ട് ഇല്ലെങ്കിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതുതായി വാഹനങ്ങൾ വാങ്ങാവുന്നതാണ്. വാഹനങ്ങൾ വാങ്ങുന്ന പ്രൊജക്റ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തീർച്ചയായും വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി. കമാൽകുട്ടി

സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം :- ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മാതൃകാ ബൈലാ അംഗീകരിച്ച ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം: - സർക്കാരിന്റെ 12.5.97 ലെ ജി.ഒ.(എം.എസ്) 105/97/തസ്വഭവ നമ്പർ വിജ്ഞാപനം.

. . . .

ഉത്തരവു നമ്പർ : സി5-17031/2004. തീയതി : 24.7.2004

ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കിയ ഓരോ ബൈലായും അംഗീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ കേരള സർക്കാർ അധികാരപ്പെടുത്തിക്കൊണ്ട് മേൽ പരാമർശത്തിലെ വിജ്ഞാപനത്തിൽ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച്, ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മാതൃകാ ബൈലാ ഇതിനാൽ അംഗീകരിച്ചിരിക്കുന്നു. അംഗീകരിച്ച മാതൃകാ ബൈലായുടെ ഒരു പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
എൽ. സുശീല
പഞ്ചായത്ത് ഡയറക്ടറുടെ അധികചുമതലയുള്ള
പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം)

ഗ്രാമപഞ്ചായത്ത് മാതൃകാ ഷോപ്പിംഗ് കോംപ്ലക്സ്

1. ..... ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളുടെ മുറികളും മറ്റും വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിനുള്ള അവകാശം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും ഈ ബൈലായിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

2. സർക്കാരിൽ നിന്നോ മറ്റ് മേലധികാരികളിൽ നിന്നോ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിബന്ധനകളും ഈ നിബന്ധനകളോടൊപ്പം ഉഭയകക്ഷികൾക്കും ബാധമകായിരിക്കും.

3. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുവേണ്ടിയോ, സഹകരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായോ പഞ്ചായത്ത് വക കെട്ടിടങ്ങളോ മുറികളോ ലേലം കൂടാതെ തന്നെ കൂടിയാലോചന വഴി വാടക നിശ്ചയിച്ച് നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. പഞ്ചായത്തിനാവശ്യമായി വരുമ്പോൾ ഇങ്ങനെ നൽകുന്ന കെട്ടിടങ്ങൾ മൂന്നു മാസത്തെ മുൻകൂർ നോട്ടീസ് നൽകിയശേഷം മടക്കി ഒഴിഞ്ഞുവാങ്ങുവാനും പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. ഇതു സംബന്ധിച്ച് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന്റെയോ സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുമായി ഒരു ഉടമ്പടി വയ്ക്കേണ്ടതാണ്. ഇപ്രകാരം വാടകയ്ക്ക് നൽകുന്ന മുറികളുടെ വാടക കൃത്യമായും പഞ്ചായത്തിന് ലഭ്യമാക്കാനുള്ള ബാധ്യത ടി സ്ഥാപനത്തിന്റെ അതാത് കാലത്തെ ചുമതലക്കാരന് ഉണ്ടായിരിക്കും. ഈ ബൈലായിലെ ഇനിപ്പറയുന്ന വ്യവസ്ഥകൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കില്ല.

4. മുറികൾ കൈവശം വയ്ക്കാനുള്ള അവകാശം വർഷാവർഷമോ അഥവാ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ മാർച്ചു മാസം 31-ാം അവസാനിക്കുംവിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്. എന്നാൽ പ്രസ്തുത മുറികൾക്ക് ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ലേലക്കാരന് നടത്തണമെങ്കിൽ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ലീസ് അസാധുവാക്കുന്നതുമാണ്.

5. പഞ്ചായത്ത് കമ്മിറ്റിയ്ക്ക് യുക്തമെന്ന് തോന്നുന്ന അധികവാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരനുതന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. എന്നാൽ അധികവാടക നിലവിലുള്ള വാടക തുകയേക്കാൾ 5% അധികരിയ്ക്കാൻ പാടില്ല.

6. മൊത്തം ലേലസംഖ്യയുടെ തുകയ്ക്ക് അനുസൃതമായി നിയമാനുസരണം ലേലക്കാരൻ സ്വന്തം ചെലവിൽ പഞ്ചായത്തുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. പ്രസ്തുത ഉടമ്പടി, 199....-ലെ പഞ്ചായത്ത് രാജ് ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിലായിരിക്കേണ്ടതാണ്.

7. ഷോപ്പിംഗ് സെന്ററുകളുടെ ആകെ മുറികളിൽ 10% പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും 3% വികലാംഗർക്കും 3% വിധവകൾക്കും നീക്കിവയ്ക്കുന്നതും മുറപ്രകാരം അവർക്കിടയിൽ ലേലം ചെയ്തുകൊടുക്കുന്നതുമാണ്. എസ്.സി./എസ്.റ്റി. വികലാംഗർ, വിധവകൾ എന്നിവരിൽ നിന്നും അപേക്ഷകർ ആരും ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് നീക്കിവച്ച മുറികൾ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് പരസ്യലേലം മുഖേന നൽകാവുന്നതാണ്.

8. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്ന ലേല വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഇതിൻപ്രകാരം ആവശ്യമായ തുക ഡിപ്പോസിറ്റായി ലേലം തുടങ്ങുന്നതിന് മുമ്പായി നൽകേണ്ടതാണ്.

9. ലേലം സ്ഥിരപ്പെടുത്താത്തവർക്ക് ഡിപ്പോസിറ്റ് സംഖ്യ തൽസമയംതന്നെ മടക്കികൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയവരുടെ ഡിപ്പോസിറ്റ് അവരുടെ പേരിൽ ലേലസെക്യൂരിറ്റിയായി പഞ്ചായത്തുഫണ്ടിൽ വരവുവെയ്ക്കുന്നതായിരിക്കും. ആയതിന് യാതൊരു പലിശയും നൽകുന്നതല്ല.

10. ലേലം ചെയ്യുന്ന ഉദ്യോഗസ്ഥർ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ട് അപ്പോൾതന്നെ മൂന്നുമാസത്തെ വാടക മുൻകൂറായി പഞ്ചായത്തിലേക്ക് കെട്ടിവയ്ക്കേണ്ടതാണ്. ഈ സംഖ്യയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല.

11. ലേല വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്ന പക്ഷം സെക്യൂരിറ്റി തുകയും മൂന്നു മാസത്തെ മുൻകൂർ വാടകയും കൈവശക്കാരൻ ബാധ്യതകൾ തീർത്ത് മുറി തിരിച്ചേൽപ്പിക്കുമ്പോൾ മടക്കി കൊടുക്കുന്നതാണ്.

12. ലേലം പഞ്ചായത്ത് അംഗീകരിച്ചാൽ ലേലക്കാരനെ വിവരം അറിയിക്കുന്നതും അറിയിപ്പിൽ പറയുന്ന തീയതി മുതൽ മുറി ഏറ്റുവാങ്ങേണ്ടതുമാണ്. മുറി ഏറ്റുവാങ്ങുന്നതിനു മുമ്പ് ലേലകാലത്തേയ്ക്ക് ആകെ വരുന്ന വാടക തുകയിൽ കുറയാതെ ലേല ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സംഖ്യയ്ക്ക് സ്വന്തം പേരിലോ, ജാമ്യക്കാരന്റെ പേരിലോ, സോൾവൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതും 6-ാം ഖണ്ഡിക പ്രകാരമുള്ള ഉടമ്പടി ലേലക്കാരന്റെ സ്വന്തം ചെലവിൽ എഴുതി രജിസ്റ്റർ ചെയ്ത് തരേണ്ടതാണ്.

13. ലേലംകൊണ്ട വകയിൽ പഞ്ചായത്തിൽ അടയ്ക്കേണ്ട എല്ലാവിധ തുകകൾക്കും ലേലക്കാരനും ജാമ്യക്കാരനും അവരുടെ സ്ഥാവരജംഗമ സ്വത്തുക്കളും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കുന്നതാണ്.

14. ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പുകിട്ടി നിശ്ചിത തീയതിയ്ക്കുള്ളിൽ നിയമപ്രകാരം ഉടമ്പടിവെച്ച് മുറി ഏറ്റുവാങ്ങാത്തപക്ഷം ലേലം ദുർബലപ്പെടുത്തുന്നതും ലേലക്കാരൻ പഞ്ചായത്തിലേയ്ക്ക് മുൻകൂർ കെട്ടിവച്ച, ഡിപ്പോസിറ്റും മൂന്നു മാസത്തെ മുൻകൂർ വാടകയും പിടിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതാണ്. കൂടാതെ, മുറി വീണ്ടും ലേലം ചെയ്യുമ്പോൾ ലേലസംഖ്യ ആദ്യത്തേതിലും കുറവായാൽ തന്മൂലം പഞ്ചായത്തിന് സംഭവിക്കുന്ന നഷ്ടം ആദ്യത്തെ ലേലക്കാരനിൽ നിന്നും വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതും ആയതിന് ആദ്യലേലക്കാരനും അയാളുടെ സ്വത്തുക്കളും ഉത്തരവാദിയായിരിക്കുന്നതുമാണ്.

15. മുറികളിൽ ഉപയോഗിക്കുന്ന ഉപകരണ വസ്തുക്കളുടേയും മറ്റും ചെലവുകൾ ലേലക്കാരൻ വഹിക്കേണ്ടതാണ്.

16. ലേലംകൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതുമാസം 5-ാം തീയതിക്കുമുമ്പ് പഞ്ചായത്താഫീസിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടയ്ക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേയ്ക്ക് പ്രതിമാസം 2% പിഴപലിശയോടുകൂടി അടയ്ക്കേണ്ടതാണ്. വീഴ്ചവരുത്തുന്ന സംഗതിയിൽ,

സെക്രട്ടറി, രേഖാമൂലമായ നോട്ടീസുമൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പലിശയോ, പിഴപലിശയോ സഹിതം കൊടുക്കേണ്ട തുക അങ്ങനെയുള്ള നോട്ടീസയച്ച തുക നൽകുന്നതിന് വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും അതിന് വീഴ്ചവരുത്തുന്ന സംഗതിയിൽ, അദ്ദേഹം ഉടൻതന്നെ പരിസരങ്ങൾ താൽക്കാലികമായി അടച്ചിടീയ്ക്കേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ അതിന്റെ കൈവശക്കാരനെയോ, കൈവശക്കാരേയോ അവിടെ നിന്നും ഒഴിവാക്കേണ്ടതും ആകുന്നു.

18. 7-ാം ഖണ്ഡിക പ്രകാരം ആ പരിസരങ്ങൾ അടച്ചിട്ടാൽതന്നെയും ലൈസൻസുകാര..... പരിസരം ഉപയോഗിക്കുന്നയാളും കൈവശക്കാരനുമായി തുടരുന്നതും അവിടെയുള്ള വകകളുടെ സുരക്ഷയ്ക്ക് ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. എന്നാൽ അയാൾ ആ പരിസരങ്ങൾ ബലമുപയോഗിച്ച് തുറക്കാനോ, അവിടെ പുന:പ്രവേശിക്കാനോ പാടില്ലാത്തതും ആകുന്നു.

19. 18-ാം ഖണ്ഡിക പ്രകാരം ഒരു പരിസരം സെക്രട്ടറി അടച്ചിടീക്കുമ്പോൾ അദ്ദേഹം നോട്ടീസുവഴി, നോട്ടീസിൽ പറഞ്ഞയയ്ക്കാവുന്ന സമയത്തിനുള്ളിൽ കൊടുക്കേണ്ട തുക കൊടുത്തുതീർക്കാൻ ലൈസൻസുകാരനോട് നിർദ്ദേശിക്കേണ്ടതാണ്.

20. 19-ാം ഖണ്ഡിക പ്രകാരം, നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരമുള്ള തുക ലൈസൻസുകാരൻ അടയ്ക്കുന്ന പക്ഷം, സെക്രട്ടറി ഉടൻതന്നെ അയാൾക്ക് ആ പരിസരങ്ങളുടെ കൈവശം വിട്ടുകൊടുക്കേണ്ടതും അയാൾ ആ തുക കൊടുത്തു തീർക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ സെക്രട്ടറി ഉടൻതന്നെ ലൈസൻസ് റദ്ദാക്കേണ്ടതും ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവു അയാളെ അറിയിക്കേണ്ടതും എന്തെങ്കിലും കാരണവശാലോ, അയാളെ നേരിട്ട് ആ ഉത്തരവു അറിയിക്കാൻ സാധിക്കാതിരിക്കുകയാണെങ്കിൽ അത് (17)-ാം ഖണ്ഡിക പ്രകാരം അടച്ചിട്ടുള്ള പരിസരത്ത് പ്രസിദ്ധീകരിക്കേണ്ടതും അത് മതിയായ നോട്ടീസായി കരുതേണ്ടതുമാണ്.

21. 20-ാം ഉപനിയമപ്രകാരം സെക്രട്ടറി ഒരു ലൈസൻസ് റദ്ദാക്കിയിട്ടുള്ളിടത്ത് അദ്ദേഹം ലൈസൻസുകാരന് മുൻകൂട്ടി നോട്ടീസ് നൽകിയിക്കൊണ്ടു പൊതു നോട്ടീസ് നൽകിയശേഷവും, വിജ്ഞാപനം ചെയ്തിട്ടുള്ള ദിവസം ആ പരിസരങ്ങളിൽ കാണപ്പെട്ട വകകൾ ലേലം വഴിയോ അല്ലാതെയോ കൈയൊഴിക്കേണ്ടതും അതിൽ നിന്നു കിട്ടുന്ന വരുമാനം, ലൈസൻസുകാരിൽ നിന്നും കിട്ടേണ്ട തുകയിലും വില്പനയാടു ബന്ധപ്പെട്ട മറ്റു ചാർജ്ജുകളിലും ചെലവുകളിലും തട്ടിക്കിഴിക്കേണ്ടതും ശിഷ്ടം എന്തെങ്കിലുമുണ്ടെങ്കിൽ അത് ലൈസൻസുകാരിൽ നിന്നും ഈടാക്കേണ്ട തുകയും വില്പനയോട് ബന്ധപ്പെട്ട മറ്റു ചാർജ്ജുകളിലും ചെലവുകളും കൊടുത്തു തീർക്കാൻ അപ്രകാരമുള്ള വില്പനയിൽ നിന്നുള്ള വരുമാനം മതിയാകുന്നില്ലെങ്കിൽ ബാക്കി തുക ലൈസൻസുകാരനിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി കുടിശ്ശികയെന്ന പോലെ വസൂലാക്കേണ്ടതാണ്.

22. മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിയ്ക്ക് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആൾക്ക് കൊടുത്തിട്ടുള്ള ലൈസൻസ് അദ്ദേഹം ഉടൻതന്നെ ഉത്തരവു വഴി റദ്ദാക്കേണ്ടതും അതതു സംഗതി പോലെ ആ കെട്ടിടമോ, മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ..... പോകുവാൻ നിർദ്ദേശിക്കുകയോ ചെയ്യേണ്ടതുമാണ്.

എന്നാൽ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിനും ഉപയോഗിക്കുന്നയാളെയോ കൈവശക്കാരനേയോ ഒഴിപ്പിക്കുകയും ചെയ്യുന്നതിനു മുമ്പ് സെക്രട്ടറി അങ്ങനെയുള്ള ഉത്തരവു പുറപ്പെടുവിക്കാതിരിക്കുന്ന കാരണമെന്തെങ്കിലുമുണ്ടെങ്കിൽ നോട്ടീസിൽ പറഞ്ഞിരിക്കേണ്ട ന്യായമായ സമയത്തിനുള്ളിൽ കാണിക്കാൻ അയാളോട് ആവശ്യം കൊണ്ടു അയാൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

മേല്പറഞ്ഞ പ്രകാരമുള്ള ഉത്തരവ്, അതിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ പാലിച്ചില്ലെങ്കിൽ, സെക്രട്ടറി അങ്ങനെയുള്ള ആളെയോ ആളുകളേയോ ആ കെട്ടിടത്തിൽ നിന്നോ മുറിയിൽ നിന്നോ, ഇടത്തിൽ നിന്നോ പോലീസ് സഹായത്തോടുകൂടിയോ അല്ലാതെയോ നീക്കം ചെയ്യേണ്ടതും ആ കെട്ടിടമോ, മുറിയോ, ഇടമോ അതതു സംഗതിപോലെ, അടച്ചിടേണ്ടതും ആകുന്നു. അതിനെത്തുടർന്ന് ആ പരിസരത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും പഞ്ചായത്തിന്റെ വകയായിരിക്കുന്നതും അവയെ കൈയൊഴിക്കേണ്ടതും അതിൽ നിന്നുള്ള വരുമാനം പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതും ആകുന്നു.

23. പഞ്ചായത്തിന്റെ രേഖാമൂലമമായ അനുമതി കൂടാതെ മുറി ലേലം കൊണ്ടയാൾ ..... എടുപ്പിന് യാതൊരുവിധ ഭേദഗതിയും വരുത്താനോ കൂട്ടിച്ചേർക്കുവാനോ ലേലക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല. മുറികളുടെ ചുവരുകൾക്കോ ഭിത്തികൾക്കോ മറ്റ് അനുബന്ധ ഉപകരണങ്ങൾക്കോ കേടുപാടുകൾ വരുത്തുന്നവിധമോ വികൃതമാക്കുന്ന രീതിയിലോ (ചുവരെഴുത്തുകൾ, പരസ്യങ്ങൾ, പോസ്റ്ററുകൾ എന്നിവ, ഭിത്തികൾക്ക് കേടുപാടുണ്ടാക്കുന്ന ഉപ്പു മുതലായ സാധനങ്ങൾ സംഭരിക്കുക മുതലായവ) യാതൊരു പ്രവൃത്തിയും ലേലക്കാരൻ ചെയ്യാൻ പാടുള്ളതല്ല. ഇളക്കി മാറ്റാവുന്ന ബോർഡുകൾ മാത്രമേ പരസ്യങ്ങളായി പ്രവർത്തിപ്പിക്കാൻ പാടുള്ളു. മേല്പറഞ്ഞതിന് വിരുദ്ധമായി ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ലേലക്കാരൻ അതിന് ഉത്തരവാദിയായിരിക്കുന്നതും, ടിയാനിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്. കൊള്ള, തീപിടുത്തം, പ്രകൃതിക്ഷോഭം, ലഹള മുതലായ കാരണങ്ങളാൽ ലേലക്കാരന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ പഞ്ചായത്ത് അതിന് ഉത്തരവാദിയായിരിക്കില്ല.

കേരള സർക്കാർ

നം. 46322/ബി3/02/തസ്വഭവ

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി 18-10-04

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള സാമഗ്രികൾ ഷൊർണൂർ മെറ്റൽ ഇൻഡസ്ട്രീസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി - സംബന്ധിച്ച്.

ഷൊർണൂർ മെറ്റൽ ഇൻഡസ്ട്രീസ് ഇപ്പോൾ ഉത്പാദിപ്പിച്ചുവരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമുള്ള വേസ്റ്റ് ബിൻ, വീൽബാരോ ഹാന്റ് കാർട്ട്, നമ്പർ പ്ളേസർ കണ്ടയ്നർ, ഗാർബേജ് ടിപ്പർ, ട്രാക്ടർ, ട്രോൺസംപർ പ്ളേസർ മുതലായ സാമഗ്രികൾ/ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഷൊർണൂർ മെറ്റൽ ഇൻഡസ്ട്രീസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി 4 (വ്യവസായവും ധാതുക്കളും) ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അർബൻ അഫയേഴ്സ് ഡയറക്ടറും ഇക്കാര്യം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ നിർദ്ദേശം പരിശോധിച്ചു. സബ്ജക്ട് കമ്മിറ്റിയുടെയും അർബൻ അഫയേഴ്സ് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനത്തിന് വിധേയമായും, ഗുണനിലവാരം ഉറപ്പുവരുത്തിയും ഷൊർണൂർ മെറ്റൽ ഇൻഡസ്ട്രീസിൽ നിന്നും മേൽപ്പറഞ്ഞ സാമഗ്രികൾ നേരിട്ട് വാങ്ങുന്നതിന് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകുന്നു.

പി.എസ്. ജ്യോതികുമാർ

ഡെപ്യൂട്ടി സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കോഴിവളർത്തൽ പദ്ധതിയ്ക്ക് കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, കൂട് തുടങ്ങിയ സാധനസാമഗ്രികൾ സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്റ്റോർസ് പർച്ചേസ് ചട്ടങ്ങളിൽ ഇളവുനൽകി വാങ്ങുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി പി) വകുപ്പ്

ജി.ഒ. (ആർ.ടി)നം. 4321/2004/തസ്വഭവ — തീയതി, തിരുവനന്തപുരം, 07.12.2004

പരാമർശം : 1. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.1.2003-ലെ കെ.എസ്.പി.ഡി.സി./ബാക്യാർഡ്/2001 നമ്പർ കത്ത്.

2. 8.7.2003 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗതീരുമാനം 1.15.

3. 6.11.2004 ലെ കെ.എസ്.ബി. 7570/2004 നമ്പരിലുള്ള കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കോഴിവളർത്തൽ പദ്ധതികൾക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, കൂട് മുതലായവ സ്റ്റോഴ്സ് പർച്ചേസ് റൂളിൽ ഇളവു നൽകി, സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങാൻ അനുവാദം നൽകണമെന്ന് പരാമർശം ഒന്നിലെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

2. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോഴിവളർത്തൽ പദ്ധതികൾക്കായി കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, കൂട് എന്നിവ സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്റ്റോർസ് പർച്ചേസ് ചട്ടങ്ങളിലെ ചട്ടം 57 (എ) (1) ന് ഇളവുനൽകി വാങ്ങാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

കെ. രത്നമ്മയമ്മ
ജോയിന്റ് സെക്രട്ടറി

Government of Kerala

Abstract

Finance Department – inviting tenders – Exempetion from Earnest Money Deposit for S.S.I Units

……

FINANCE (PUBLIC UNDERTAKINGS (A) Department

G.O.(P) No.448/05/Fin Thiruvananthapuram, dated 13.10.2005

……

Read:- 1. G.O.(P) No. 16/86/SPD, dated 11.11.86

2. The Hon'ble High Court of Kerala Order in OP No.11867/20039(K) dt.16.10.2003

3. U.O.(F) No. 46/C3/2004/PD from the Power Department

****

O R D E R

1. As per various orders issued by the Government of Kerala in 1976, 1986 etc and incorporated in the Stores Purchase Manual, the SSI Units in the State are entitle to (i) Exemption from EMD/bid security, (ii) Exemption from security deposit & (iii) Price preference, for purchase by Government Departments, PSUs etc. (15% over the products of Industires outside the State and 5% over the products of medium/large scale industries in the private sector within the State). Since the Stores Purchase Manual has been extended to several autonomous bodies like Universities, Co-Operative Bodies, etc, these stipulations apply to them also. The consequential loss is supposed to be absorbed by the Department/Agency concerned; there is no system,of the Industries Department compensating the PSUs, autonomous bodies, Co-Operative Bodeis, etc.

2. In spite of the above provision, some PSUs, autonomous bodies etc have not been giving any price preference. They follow their own regulations and have been doing so for nearly 10-15 years now.

3. In 2003, a batch of writ petitions were filed by the SSI units against specific tender conditions of KSEB, which did not give them full exemption from EMD and /or did not provide for price preference, etc. The Hon'ble High Court of Kerala, in an order dated 16.10.2003 in OP No.11867/2003(K), had reached the following conclusions.

i. The Government orders were issued in 1976 & 1986.After 1991,there has been complete change in policy. The Government must therefore reconsider their earlier orders.

ii. SSI Units have been granted several concessions (taxes, duties, subsidies, power tariff concessions etc.). The questions of giving price preference

has to be reconsidered in the light of the aove. If Government feel that the SSI units do deserve more benefits, they are free to give subsidy for the products sold.

iii. If Government organizations like KSEB are to pass on benefits to SSI units, the Government should naturally recoup such difference to such organizations.

iv. If Government feels that SSI units are not able to be competitive in the market and the Government is keen to sustain such units as the cost of the exchequer, cash subsidy on product sales should be given by the Government instead of interfering with the functioning of autonomous bodies like KSEB, which may be wanting a change for the good.

4.The High Court, therefore, directed the Finance Secretary of the Government of Kerala to convene a meeting with the industries Secretary, Power Secretary & Chairman KSEB and take a decision on allowing price preference as per the provisions in the Stores Purchase Manual. The SSI Units Association was also to be heard before taking a decision.

5.Accordingly, Principal Secretary Finance took a meeting with Principal Secretary, Power, Industries Secretary, Chairman KSEB, President of SSI Association, Commissioner of Commercial Taxes (CCT) etc., and made the following recommendations to the Government.

i. There shall be no exemption from payment of cost of tender forms by anyone. The amount will be so insignificant that no SSI unit should have a complaint on this.

ii. EMD/ bid security is insisted upon to prevent frivolous bidding Quite often, a non-serious bidder quotes a ridiculously low amount, just to delay or complicate the bidding process. If there is no EMD/bid security, no action can be taken. EMD is also insisted upon to prevent collusion between bidders after the bids are known. In order to prevent this, no exemption may be given to anyone from providing EMD/bid security.

iii. Security deposit (i.e performance security) is insisted upon after the successful bidder is selected so that it acts as a security against non-performance. Some of the bidders who are exempted from this have been misusing the exemption by industries outside the State and also over the products of medium and large scale industries in the private sector within the State. The Departments may also give 5% Price preference to products of State/Central PSUs manufacturing in Kerala, over the products of medium and large-scale industries in the private

sector within the State. The above mentioned concession will apply only to items manufactured by the SSI units and State/Central PSUs in Kerala

6. Government have examined the above recommendations and taken into account the views of al stakeholder and are pleased to issue the following orders.
   i. No potential bidder shall be exempted from payment of cost of tender forms.
   ii. No bidder shall be exempted from the EMD/Bid security
   iii. No bidder shall be exempted form security deposit (performance security) ,if it is stipulated in the tender.
   iv. The existing price preference of 15% over products manufactured outside the State and over the Products of medium and large scale industries in the private sector within the State shall be reduce to 5% price preference for purchases by Government Departments from SSI units within Kerala.
   v. The 5% price preference over the products of medium and large scale industries in the private sector within the State being given to State/Central PSUs inside the State for purchases by Government Departments shall be continued.
   vi. The concessions mentioned in (iv) and(v) above shall be limited to 1 year for purchases made by State Governments.
   vii. The price preference of 15% hitherto small scale industrial units for purchases by PSUs, statutory bodies Autonomous institutions, Co-operative agencies (other than KSEB) will be reduced to 5%
   viii. The price preference of 5% hitherto given to Central/State PSUs in the State for purchases by PSUs, statutory bodies, autonomous institutions, co-operative societies, etc. (other than KSEB) shall be continued.
   ix. The price preference on the lines indicated in (vii) and (viii) above shall be given to SSI units and Central/State PSUs by KSEB after obtaining concurrence of State Electricity Regulatory Commission (SERC). Till then, the KSEB need not give any price preference.
   x. The price preference mentioned at (vii) and (ix) above, shall be limited to a period of 1 year from the date of this order for purchases made by the PSUs
   xi. The price preference given to Small Scale Industrial Units, State/Central PSUs shall be available only for products manufactured by them within the state.

7. Necessary amendments to the store Purchase Manual shall be issued separately by the Store Purchase Department.

By Order of the Governor

PALAT MOHANDAS
CHIEF SECRETARY

പ്രേഷിതൻ

ആരോഗ്യ വകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

ഡയറക്ടർ , പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവന്തപുരം.

സർ,

വിഷയം : കൊതുക് നശീകരണത്തിന് വിപണിയിൽ ഇറങ്ങിയിട്ടുള്ള വിവിധയിനം മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച

സുചന : അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ)യുടെ 26.2.04 ലെകുറിപ്പ് സംബന്ധിച്ച്

.....

കേരളത്തിൽ ഇപ്പോൾ മലമ്പനി മന്ത്, ജപ്പാൻജ്വരം ഡെങ്കിപ്പനി എന്നിവ വളരെ കൂടുതലായി പ്രത്യക്ഷപ്പെടുന്നു. ഈ സാഹചര്യത്തിൽ കൊതുകുകളെ നിയന്ത്രിക്കുന്നതിനായി വളരെയധികം കീടനാശിനികൾ വിപണിയിൽ പലപേരിലും വിലയിലും എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ കൊതുകുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാറിന്റെ (നാഷണൽ ആന്റി മലേറിയ പ്രോഗ്രാം വിഭാഗം) അംഗീകാരം നൽകിയ മരുന്നുകൾ നിലവിലുണ്ട്.

കൊതുക് ജന്യരോഗങ്ങളുടെ നിയന്ത്രണത്തിനായി കൊതുകിനേയും കൊതുകിന്റെ കൂത്താടികളേയും നശിപ്പിക്കുന്നതിനായി ഇൻസെക്ടിസൈഡ് ലാർവിസൈഡ്, ബയോലാർവിസൈഡ് എന്നിവ വിവിധ ഇനം പേരുകളിലും വിലയിലും വിപണിയിൽ എത്തിയിരിക്കുന്നത് വാങ്ങിക്കേണ്ടിവരുമ്പോൾ കേന്ദ്ര സർക്കാറിന്റെ നാഷണൽ (എൻ.എ.എം.പി) ആന്റി മലേറിയപ്രോഗ്രാം വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണോ എന്ന് പരിശോധിച്ച് നോക്കി വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ഈ വിവരങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഗ്രാമപ്രദേശങ്ങളിലും അധികൃതരെകൂടി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ 86/06/തസ്വഭവ. തീയതി, തിരുവനന്തപുരം 31.3.2006

പരാമർശം :- സ.ഉ. (എം.എസ്.)നം. 169/03/തസ്വഭവ തീയതി 27.05.2003

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശത്തിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിരുന്നു. എന്നാൽ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും ഇത് സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ധാരാളം അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

ചുവടെ കൊടുത്തിരിക്കുന്ന ആവശ്യങ്ങൾക്ക് വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല.

(i) സ്വന്തമായി വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ പുതുതായി ഒരു വാഹനം വാങ്ങുന്നതിന്.

(ii) എല്ലാതലങ്ങളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്; എന്നാൽ പഴയവാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ പുതിയവാഹനം വാങ്ങാൻ പാടുള്ളൂ.

(iii) ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നിടത്തു നിന്നും സംസ്ക്കരണ സ്ഥലങ്ങളിലേക്ക് കയറ്റിക്കൊണ്ട് പോകുന്നതിന് പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ള വാഹനങ്ങൾ വാങ്ങുന്നതിന്.

ഇപ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് പദ്ധതിവിഹിതം, പൊതു ആവശ്യഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ മാത്രമേ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

Government of Kerala

Abstract

Local Self Government Department – Purchase of Allopathic medicines by Local Governments using Maintenance Fund – Procedure prescribed – Orders issued

……

Local Self Government (RD) Department

G.O.(MS) No.171/07/LSGD Dated, Thiruvananthapuram, dated 03.06.07

……

ORDER

As per the existing instructions, Local Governments are allowed to spend up 10% of their Maintenance Funds for purchase of medicines for hospitals under their management, over and above those supplied by Government. In the case of Ayurveda, they are allowed to purchase form Public Sector Units like, Oushadhi and Ayurdhara and in the case of Homeopathy, they are allowed to purchase form HOMECOS, a co-operative organizations.

As there is no clear procedure for purchase of allopathic medicines, Local Governments are finding it difficult to provided much-needed medicines to the allopathy hospitals under their control.

Government have examined the matter and are pleased to order as follows:

i. The medicines to be purchased by Local Governments may be classified into two categories – medicines urgently required for the period up to 31/03/08 and medicines for which there is a local demand beyond what is supplied by Government.

ii. The lists and quantities under these two categories required would be prepared by the Medical Officer of the institution or by the implementing officer in consultation with the Medical Officers of the institutions concerned, where more than one institution is involved.

iii. This would be placed before a Committee consisting of the elected head of the Local Government, Chairperson of the Standing Committee on Health and the Medical Officer/Implementing Officer and approval obtained.

iv. Thereafter for medicines which are urgently required ,purchase can be made form the nearest Maveli Store or Neethi Store or Medical Stores run by Hospital Development Committees. KHRWS or similar organizations functioning within Government Hospitals including Medical Colleges. For the second category of medicines, Local Governments may give their

indent to the newly created Kerala Medical Services Corporation and deposit the amount in advance by Demand Draft. In both cases, there would be no need for obtaining a non-availability certificate from the District Medical Stores.

v. The list of medicines and quantities purchased/indented under both the categories would be furnished to the District Medical Officer for information by the Medical Officer/Implementing Officer concerned. In addition Local Governmetns could purchase directly form KDPL, a Public Sector Undertaking.

vi. This procedure could be evaluated after six months and changes made if required.

This order is issued with the concurrence of Health & Family Welfare Department and Finance Department.

BY ORDER OF THE GOVERNOR

S.M.Vijayanand
Principal Secretary to Government

`

Government of Kerala

Abstract

SMALL SCALE UNITS WITHIN THE STATE OF KERALA– RESTORATION OF CONCESSIONS TO SSI UNITS – SACNTIONED - ORDERS ISSUED

……

FINANCE (PU-A) DEPARTMENT

G.O.(P) No.385/2008/Fin. Dated,Thiruvananthapuram, 27th Aug,2008

……

Read:- 1. G.O (P) No. 448/2005/Fin. Dated 13.10.2005
2. U.O.(File)No. 30766/Bi/106/ID

ORDER

As per the Government Order read above, the exemption allowed to the SSI units from remittance of EMD/Bid Security and Security Deposit was withdrawn,and the 15% price preference admissibleto the SSI units was reduced to 5%. The industries Department has forwared a proposal for restoration of the benefit of 15% price preference to the SSI Units withing the State,and to exempt these units from remittance of EMD, Bid Security and Security Deposit.

Government have examined the matter in detail and ar pleased to issue the following orders.

(a). All the Small Scale industrial Units that are registered with the Sotres Purchase Department of Kerala and Working within the State of Kerala will be exempted from payment of EMD, Bid Security and Security Deposti (Performance Guarantee).

(b). Price preference of 5% that is admissible to the Small Scale industries as per the G.O read above will be enhanced to 10% and willcontinue till 31-3-2012

©. The PSUs that are working oncompetitive basis need not allow the above concessions to the SSI units. These concessions will be allowed only by the State Government Departments, LSGIs, Development Authorities, Kerala Khadi& Village Industries Board, Kinfra, Kerala State Road Transport Corporation, Kerala State Electricity Board (KSEB) and Kerala Water Auhtority.

(d). The additional expenditure on account of the above concessions allowed by KSEB will be compensated from the plan allocation to the Industries Department.

(e). The price preference of 5% that was admissible to the` medium and large scale industries in the private sector within the State of Kerala over the products of Central/State PSUs will be extended for a further period upto 31-3-3012.

Necessary amendments to the Stores Purhcase Manual will be issued separately by the Stores Purchase Department.

These orders will take immediate effect.

By order of the Governer

L.C.Goyal,
Principal Secretary (Finance)

കേരള സർക്കാർ

നമ്പർ: 59850/എഫ്.എം.2/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം, തീയതി : 28.10.2008

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ വാങ്ങൽ - സ്പഷ്ടീകരണം -സംബന്ധിച്ച്

സൂചന: -

1. 08.01.2007 - ലെ സ.ഉ.(സാധാ) 91/07/തസ്വഭവ നമ്പർ ഉത്തരവ്
2. 27.10.2007-ലെ സ.ഉ.(എം.എസ്)245/07/തസ്വഭവ നമ്പർ ഉത്തരവ്
3. 12.03.2008-ലെ സം.ഉ.(എം.എസ്) 71/2008/തസ്വഭവ നമ്പർ ഉത്തരവ്
4. കണ്ണൂർ ജില്ലാ സഹകരണ ആയുർവേദിക് റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റി പ്രസിഡന്റിന്റെ 10.09.2008-ലെ കത്ത്

*****

തദ്ദേശഭരണ സ്ഥാപനങ്ങൾ അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ട് സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ ആദ്യ ഖണ്ഡികയിൽ ആയുർവേദ ഔഷധങ്ങൾ ചില സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള കാര്യം പരാമർശിക്കുന്ന ഭാഗത്ത് ആരോഗ്യ ഫാർമയുടെ പേര് പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ആ സ്ഥാപനത്തിൽ നിന്നും ആയുർവേദ ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ പാടില്ലെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെയുള്ള സ്പ്ഷടീകരണം നൽകുന്നു.

ആയുർവേദ ഔഷധങ്ങൾ നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളല്ല സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ നൽകിയിട്ടുള്ളത്. അലോപ്പതി ഔഷധങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളാണ് പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ആയുർവേദ ഔഷധങ്ങൾ ചില സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള കാര്യം പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ടെന്നേയുള്ളു. ഔഷധി, ആയുർധാര എന്നീ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ഔഷധങ്ങൾ വാങ്ങാൻ പാടുള്ളൂവെന്നല്ല സൂചിപ്പിച്ചിട്ടുള്ളത്. ഔഷധി, ആയുർധാര മുതലായ സ്ഥാപനങ്ങളിൽ നിന്നുംനേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നാണ് പരാമർശിച്ചിട്ടുള്ളത്. ആയുർവേദ/ഹോമിയോ ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ ഒരു ഉത്തരവ് മുഖേന സർക്കാർ അനുമതി നൽകിയിട്ടുള്ള സ്ഥാപനത്തിൽ/സ്ഥാപനങ്ങളിൽ നിന്നും, ഇപ്രകാരം അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ നേരിട്ട് വാങ്ങാവുന്നതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

Government of Kerala

Abstract

STORE PURHASE DEPARTMENT – STEEL INDUSTIRIALS KERALA LTD. (SILK), THRISSUR – DIRECT SUPPLY OF FURNITURE TO GOVERNMENT DEPARTMENTS/PUBLIC SECTOR UNDERTAKINGS/LOCAL SELF GOVERNMENT INSTITUTIONS ETC. WITHOUT TENDER – SANCTIONED – PRICE FIXED – ORDERS ISSUED

……

STORE PURCHASE (A) DEPARTMENT

G.O.(Rt) No.52/2008/SPD Dated,Thiruvananthapuram, 6TH December,2008

……

Read:- 1. G.O.(Rt) No. 7/2008/SPD, dated 04.02.2008

2. Letter No. SILK/MD/2008-09/188 dated 10-4-2008 from the Managing Director,Steel Industrials Kerala Ltd., Thrissur

3. Letter No. SILK/MD/2008-09/472 dated 22-10-2008 from the Managing Director,Steel Industrials Kerala Ltd., Thrissur

4. Letter No. SILK/MD/GEN/2008-09/499 dated 8-11-2008 from the Managing Director,Steel Industrials Kerala Ltd., Thrissur

*****

O R D E R

As per the Government Order read above, Government have constituted a Price Fixation Committee for fixing the Price of Products of Steel Industrials Kerala Ltd. (SILK), Thrissur soas to nabel direct purchase for the use of Government Departments/Public Sector Undertakings/Autonomous Institutions/Local Self Government Institutions etc.

The Price Fixation Committee which met on 1-11-208, have fixed the price of the products of Steel Industrials Kerala Ltd, supplied by them to various Government Departments/Public Sector Undertakings/Local Self Government Institutions/ Autonomous Institutions etc. without following tender formalities.

Government have examined the matter in detail and are pleased to approve the price fixed by the Price Fixation Committee in respect of the products supplied by Steel Industrials Kerala Ltd. (SILK) to various Government Departments/Public Sector Undertaking/Local

Government Institutions/Autonomous Institutions etc., without following tender formalities.

The approved list of price of the products is kept as annexure to this Government Order. The products should carry a guarantee period for one year. The Products sold by Steel Industrials Kerla Ltd. (SILK) shall carry an indelible mark of the company.

Government are also pleased to order that all Government Departments/Public Sector Undertakings/Local Self Government Institutions/Autonomous Institutions etc. can purchase their requirement of products of Steel Industrial Kerala Ltd. directly form them at the rates not exceeding the selling price (annexure)shown against each item, for a period of one year from the date issuance of this order, In relaxation to para 57(a) of Stores Purchase Manual.

By order of the Governor,

S.S.JAYACHANDRAN
Additional Secretary to Government

Annexure

APPROVED PRICE LIST

Sl.No	Items	Size	Material Specification	Rate (Ex-works) (Excl.Taxes)
(1)	(2)	(3)	(4)	(5)
1.	Ordinary hospital cot powder coated	1980mm. Lx900 mm. Wx600mm. H	MS Sheet 18 G – 1S2062 MS Angle 35x35x5-1S2062	Rs.5350.00
2.	Special baby cot with guard powder coated	1370 mm. Lx 760 mm. Wx600mm. H	CR Sheet 18 G – 1S2062	Rs. 5180.00
3.	IV stand with castor wheel powser coated	1620mm. H to 2340 H	ERW Pipe 1" x16G-1S 4923 MS Road 10mm.- 1S 2062	Rs.1158.00
4.	Bed side Loker powser coated	400mm. Lx400 mm. W x800mm. H (Box Size – 400x400x300)	MS Sheet 20 G – 1S2062 Slotted Angle 40x40x2 -1s 2062	Rs.1733.00
5.	Medicine Rack Painted	1800mm. Hx 900 mm. L x380 mm. D	MS Sheet 20 G - 1S2062 Slotted Angle 40x40x2-1S 2062	Rs.3968.00
6.	Screen (Folding type with cloth and castor wheel – Powder coated)	1680mm. Hx2450 mm. L	ERW Pipe – 1" x16 G -1S 4923	Rs.3000.00
7.	Steel Almirah with 5 compartments and safe locker - painted	78 H. x36" Wx19 D	MS Sheet 20 G – 1S 2062	Rs.9363.00
8.	Wheel chair with 200mm. castor wheels and wooden arm rest and foot-rest powder coated	670mm. W x 1120 mm. Dx 920mm. H	ERW Pipe – 1" x16 G -1S 4923	Rs.5291.00
9.	Executive Table with Novapan top painted	6'L 3'W x 2.5. H	CR Sheet 18 G – 1S 2062 ERW round – 1.25" x 16G-1S 4923	Rs.7322.00
10.	"S" shaped chair (fully armed) cained wooden sent, powder coated.	535mm.Wx900mm.Hx500mm. D	ERW Pipe – 1" x16 G -1S 4923	

Government of Kerala

Abstract

STORE PURHASE DEPARTMENT – COST OF TENDER FORMS – REVISED-AMENDMENT OF PARA 21(A) OF STORE PURCHASE MANUAL – ORDERS ISSUED

……

STORE PURCHASE (A) DEPARTMENT

G.O.(P) No.1/2009/SPD Dated,Thiruvananthapuram, 8TH January,2009

……

Read:- 1. G.O (P) No. 540/2008/Fin. Dated 1-12-2008

ORDER

In the Government Order read above Government have enhanced the cost of tender forms for the works and supplies of all Departments in Government with immediate effect, necessitating consequential revision in the Stores Purchase Manual. In this circumstance the scales of prices of tender forms incorporated under para 21(a) of the Stores Purhcse Manual shall stands revised as follows;

	Cost of Tender	
formsEstimantd cost of materials for which tenders invited	*Original Copy each (Rs.)*	*Duplicate copy each (Rs)*
(1)	(2)	(3)
Up to Rs.50,000 Above Rs.50000 up to Rs.10 Lakhs	300+ VAT@12.5 % 0.2% of the cost of tender rounded to the nearest multiple of 100, subject to a minimum of Rs.400 and maximum 1500+VAT@12.5%	Rs.150+VAT @12.5% 50% of the cost of the original, upper rounded to the nearest multiple of 100+VAT@12.5%
Above Rs.10.lakh	0.15% of the cost of tender rounded to the nearest multiple Of 100, subject to a maximum of Rs.25000+VAT@12.5%	50% of the cost of the original, upper rounded to the nearest multiple of 100+VAT @12.5%

By order of the Governer,

K.A.Antony,
Additional Secretary

കേരള സർക്കാർ
(സ്റ്റോർ പർച്ചേസ് (എ)വകുപ്പ്
സർക്കുലർ

നമ്പർ: 3038/എ2/08/എസ്.പി.ഡി തിരുവനന്തപുരം, 2009 ജനുവരി 30

വിഷയം:- ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് സ്റ്റോർസ് പർച്ചേസ് മാനുവലിൽ അനുശാസിക്കുന്ന സംവരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 38A പ്രകാരം ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ Appendix XXVIII-ൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇനങ്ങൾ കേരളത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാത്രം വാങ്ങേണ്ടതാണെന്നും കേരളത്തിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ കേരളത്തിന് പുറത്തുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ, സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ തലത്തിലുള്ള ചില സ്ഥാപനങ്ങളിലെ പർച്ചേസിംഗ് ഓഫീസർമാർ ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെട സ്റ്റോർസ് പർച്ചേസ് മാനുവൽ പ്രകാരം ചെറുകിട വ്യവസായ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി സംവരണം ചെയ്തിട്ടുള്ള ഇനങ്ങൾ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നം വാങ്ങുന്നതിൽ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്റ്റോർസ് പർച്ചേസ് മാനുവലിലെ നിബന്ധനകൾക്ക് (ഖണ്ഡിക 24 b (iv)) വിരുദ്ധമായി ബ്രാൻഡ് നെയിം ഉൾപ്പെടുത്തി ടെണ്ടർ പരസ്യങ്ങൾ നൽകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽവിഷയങ്ങൾ സംബന്ധിച്ച നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ Appendix XXVIII –ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ ഉൽപ്പന്നങ്ങളുടെ (ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെ) വാങ്ങലുകളിൽ പാലിക്കേണ്ട സംവരണം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സർക്കാർ മേഖലിയലെ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർസ് പർചേസ് മാനുവലിന്റെ Appendix XXVIII പ്രകാരം ചെറുകിട വ്യവസായ മേഖലകൾക്ക് സംവരണം ചെയ്തിട്ടുള്ള ഇല്ക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെയുള്ള ഇനങ്ങൾ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. സംസ്ഥാനത്തുടനീളം ഇത്തരം ഉല്പ്പന്നങ്ങളുടെ ഗുണമേന്മ നിശ്ചയിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമുള്ള ചുമതല ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള സിഡ്കോയിൽ നിക്ഷിപ്തമായിരിക്കും. കേരള സിഡ്കോ ഈ ഉല്പന്നങ്ങൾക്ക് കമ്പോള വില നിലവാരമനുസരിച്ചും സർക്കാരിന് നഷ്ടം വരാത്ത വിധത്തിലും വില ഏകീകരിച്ച നൽകേണ്ടതാണ്. സർക്കാർ/അർദ്ധസർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ പരിധിയിൽ വരുന്ന പർച്ചേസിംഗ് ഓഫീസർമാർ വാങ്ങലുകൾ നടത്തുമ്പോൾ കർശനമായും മേൽനിബന്ധനകൾ പാലിക്കേണ്ടതാണ്.

കെ.എ.ആന്റണി
അഡീഷണൽ സെക്രട്ടറി

പത്ത്

ക്ഷേമപദ്ധതികൾ

കേരള സർക്കാർ
സംഗ്രഹം

നിലത്തെഴുത്ത് ആശാൻമാർക്കുള്ള ഗ്രാന്റ് – നിലത്തെഴുത്ത് ആശാൻമാരെ അംഗീകരിക്കുന്നതിനുള്ള അധികാരം – ഗ്രാമപഞ്ചായത്തുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശഭരണ(കെ) വകുപ്പ്

സ.ഉ(സ) നമ്പർ 3267/96/ തഭവ തിരുവനന്തപുരം, തീയതി 2.9.96

പരാമർശം:– **കേരള നിലത്തെഴുത്ത് ആശാൻ സംഘടന കമ്മിറ്റിയുടെ നിവേദനം**

ഉത്തരവ്

നിലത്തെഴുത്ത് ആശാൻമാർക്ക് പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്നും ഗ്രാന്റ് നൽകുന്നതിനായി അംഗീകൃത നിലത്തെഴുത്ത് ആശാൻമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ ആർക്കാണെന്നതിന് സ്പഷ്ടീകരണം നൽകണമെന്ന് കേരള നിലത്തെഴുത്ത് ആശാൻ സംഘടന സംസ്ഥാനകമ്മിറ്റി പരാമർശത്തിലെ നിവേദനത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വളരെ വിശദമായി പരിശോധിക്കുകയും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തലത്തിൽ അന്വേഷണം നടത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. രാമൻകുറുപ്പ്
ഡെപ്യൂട്ടി സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമം–സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റു സഹായങ്ങളും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത ഉത്തരവ് നടപ്പാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

ജി.ഒ.(പി)നമ്പർ. 11/97/സ.ക്ഷേ.വ.തിരുവനന്തപുരം, 1997 ഏപ്രിൽ 7.

പരാമർശം:
1. 3.8.1973–ലെ ജി.ഒ.(പി) 1415/73/എൽ.എ.ആന്റ് എസ്. ഡബ്ല്യൂ.ഡി.
2. 19.6.1978–ലെ ജി.ഒ. (പി) 151/78/എൽ.എ.ആന്റ്.എസ്. ഡബ്ല്യൂ.ഡി.
3. 6.9.1982–ലെ ജി.ഒ. (പി) 154/82/എൽ.എ.ആന്റ് എസ്. ഡബ്ല്യൂ.ഡി.
4. 18.9.1995–ലെ ജി.ഒ.(പി) 189/95/എൽ.എ.ഡി.
5. 13.12.1996–ലെ ജി.ഒ.(പി) 47/95/സാ.ക്ഷേ.വ.
6. 22.10.1996–ലെ എൽ.ആർ. (ജി) 6–26806/94 നമ്പരായുള്ള റവന്യൂബോർഡ് സെക്രട്ടറിയുടെ കത്ത്.

ഉത്തരവ്

കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട്, എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സാമൂഹ്യക്ഷേമ പദ്ധതികളായ അഗതി–വിധവ വാർദ്ധക്യകാല പേൻഷനുകൾ, പാവപ്പെട്ട വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്ത് കൊടുക്കുന്നതി നുള്ള ധനസഹായം എന്നിവ നൽകുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാന സർക്കാരിന്റെ വാർദ്ധക്യകാല പെൻഷൻ പദ്ധതി കേന്ദ്രസർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതിയിൽ ലയിപ്പിക്കുകയും ഇതുപ്രകാരം പെൻഷൻ വിതരണം ചെയ്യുന്നതിന് മാർഗനിർദ്ദേശങ്ങൾ പരാമർശം അഞ്ചുപ്രകാരം പുറപ്പെടുവിക്കുകയും ചെയ്തി രുന്നു. എന്നാൽ വികലാംഗർക്കും അംഗവൈകല്യം സംഭവിച്ചവർക്കും മന്ദബുദ്ധികളായ വർക്കും അനുവദിക്കുന്ന പ്രത്യേക പെൻഷൻ പദ്ധതി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഔപചാരികമായി കൈമാറേണ്ടിയിരിക്കുന്നു.

3. മുകളിൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ ഇപ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകളെ അതിലംഘിച്ച്, സാമൂഹ്യക്ഷേമ വകുപ്പ് റവന്യൂബോർഡ് മുഖാന്തിരം നടപ്പാ ക്കുന്ന താഴെപ്പറയുന്ന പെൻഷൻ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സത്വരമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. അഗതി പെൻഷൻ–വിധവ/വിവാഹമോചിതർ
2. വികലാംഗർക്കും അംഗവൈകല്യം സംഭവിച്ചവർക്കും മന്ദബുദ്ധികളായവർക്കും ഉള്ള പ്രത്യേക പെൻഷൻ പദ്ധതി
3. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായം നൽകുന്ന പദ്ധതി

1. **അപേക്ഷ സമർപ്പിക്കേണ്ട വിധം** ഇതിനോടനുബന്ധമായി ചേർത്തിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാഫാറത്തിന്റെ രണ്ട് പകർപ്പുകൾ പൂരിപ്പിച്ച്

(എ) ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർ ഗ്രാമപഞ്ചായത്തുകളിലും

(ബി) നഗരപ്രദേശങ്ങളിൽ ഉള്ളവർ നഗരസഭാ/മുനിസിപ്പാലിറ്റികളിലും സമർപ്പിക്കേണ്ട താണ്.

2. അപേക്ഷാഫാറം അച്ചടിച്ചതോ എഴുതിയതോ ആകാവുന്നതാണ്. മലയാളത്തിലുള്ള അപേക്ഷാഫോം സൗജന്യമായി അതത് ഗ്രാമപഞ്ചായത്ത് നഗരസഭാ/മുനിസിപ്പാലിറ്റികളിൽ ലഭ്യമാക്കേണ്ടതാണ്.

3. നിർദ്ദിഷ്ട ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ അർഹത സംബ ന്ധിക്കുന്ന റിപ്പോർട്ട് (വരുമാന സർട്ടിഫിക്കറ്റുൾപ്പെടെ) നിശ്ചിത ഫോറത്തിൽ ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നഗരപ്രദേശങ്ങളിൽ നഗരസഭ/മുനിസിപ്പൽ സെക്രട്ടറി

ചുമതലപ്പെടുത്തുന്ന റവന്യൂ ഇൻസ്പെക്ടർമാരും അന്വേഷിച്ച് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിലെ വാർഡ് അംഗത്തിന്റെയും സെക്രട്ടറിയുടെയും അഭിപ്രായത്തോടും അന്വേഷണ റിപ്പോർട്ടുംകൂടി ലഭിക്കുന്ന അപേക്ഷകൾ പഞ്ചായത്തു കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

5. മുനിസിപ്പൽ കൗൺസിലർമാരുടേയും സെക്രട്ടറിമാരുടെയും അഭിപ്രായത്തോടും അന്വേഷണ റിപ്പോർട്ടോടുംകൂടി ലഭിക്കുന്ന അപേക്ഷകൾ നഗരസഭ/മുനിസിപ്പൽ സമിതികളിൽ സമർപ്പിക്കേണ്ടതും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതുമാണ്.

6. അന്വേഷണ റിപ്പോർട്ട് ഒരു പൊതുരേഖയായി പരിഗണിക്കേണ്ടതും ഗ്രാമസഭകളിലും, വാർഡ് സമിതികളിലും ആവശ്യമെന്നു കണ്ടാൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

7. അനുവദിച്ച അപേക്ഷകളുടെ ലിസ്റ്റ് അതത് ഗ്രാമപഞ്ചായത്ത് നഗരസഭ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന്, അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

8. അനുവദിച്ച അപേക്ഷകളുടെ ലിസ്റ്റ് ഗ്രാമസഭകളിൽ/വാർഡ് സമിതികളിൽ വായിക്കേണ്ടതും അവകാശവാദങ്ങൾ അംഗീകരിച്ചതിന് എടുത്ത മാർഗരേഖകളെപ്പറ്റി അവർക്കുള്ള അഭിപ്രായങ്ങൾക്ക് മതിയായ പരിഗണന നൽകേണ്ടതുമാണ്.

9. നിരസിക്കപ്പെടുന്ന ഓരോ അപേക്ഷകളിലും അപേക്ഷകന്റെ അപേക്ഷ നിരസിക്കുവാനുണ്ടാകുന്ന വ്യക്തവും വിശദവുമായ കാരണം ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ/കോർപ്പറേഷൻ സെക്രട്ടറിമാർ എത്രയുംവേഗം അപേക്ഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് വ്യക്തവും അപ്പീലിന് സാദ്ധ്യതയുള്ള വ്യവസ്ഥകൾ സൂചിപ്പിക്കുന്നതും ആയിരിക്കണം.

10. ലഭിക്കുന്ന അപേക്ഷകളുടെ ഒരു രജിസ്റ്റർ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ സൂക്ഷിക്കേണ്ടതാണ്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അവരവരുടെ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ രേഖപ്പെടുത്തുന്നതിന് നിശ്ചിത രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അപേക്ഷകർക്ക് മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തി നമ്പർ നൽകേണ്ടതും, മുൻഗണനാക്രമത്തിൽ തന്നെ അപേക്ഷകൾ തീർപ്പാക്കേണ്ടതുമാണ്. അപേക്ഷ ലഭിച്ച തീയതി മുതൽ എത്രയും വേഗം അപേക്ഷകളിൻമേൽ അന്തിമ തീരുമാനം എടുക്കേണ്ടതാണ്.

12. വികലാംഗരായ അപേക്ഷകർക്ക് വികലാംഗരാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

13. **വിതരണരീതി** :- അനുവദിച്ച പെൻഷൻ തുക മണിയോർഡർ ആയി മണിയോർഡർ കമ്മീഷൻ കഴിക്കാതെ പെൻഷണർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

14. **അക്കൗണ്ടിംഗ് നടപടിക്രമം** :- നിലവിലുള്ള അക്കൗണ്ടിംഗ് നടപടി ക്രമങ്ങൾ തുടരേണ്ടതാണ്.

15. **അപ്പീൽ-പെൻഷൻ** അനുവദിക്കുന്ന അധികാരികളുടെ ഉത്തരവിന്മേൽ പരാതിയുള്ള അപേക്ഷകർക്ക് അപ്രകാരം ലഭിക്കുന്ന ഉത്തരവിനെതിരെ 30 ദിവസത്തിനകം (ഉത്തരവിന്റെ പകർപ്പ് സഹിതം) ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപ്പീൽ ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ നിയമാനുസൃതം രേഖപ്പെടുത്തുകയും അതിൽ ഉന്നയിച്ചിരിക്കുന്ന പരാതി അന്വേഷിച്ച് ഒരു മാസത്തിനകം തീർപ്പാക്കേണ്ടതുമാണ്. ഇങ്ങനെ നൽകുന്ന അപ്പീൽ അഥവാ അപേക്ഷകളിൽ കോർട്ട്ഫീസ് നൽകേണ്ടതില്ല.

16. **പുനഃപരിശോധനയ്ക്കും പരിഷ്കരണത്തിനുമുള്ള അധികാരം**

(റിവ്യൂ ആന്റ് റിവിഷൻ) - ഏതെങ്കിലും അപ്പീൽ അപേക്ഷകളിൽ പുനഃപരിശോധന ആവശ്യമായിട്ടുണ്ടെങ്കിൽ അതിനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. അപേക്ഷകന്റെ സ്വന്തം വരുമാനത്തിലെന്തെങ്കിലും വ്യത്യാസമോ നടപടിയിലെ എന്തെങ്കിലും ക്രമക്കേടോ വസ്തുതയുടെ തെറ്റോ തെറ്റിദ്ധരിപ്പിക്കലിന്റെ അടിസ്ഥാനത്തിലോ നൽകിയ പെൻഷൻ/ധനസഹായം റദ്ദാക്കാനോ ഭേദഗതി ചെയ്യുന്നതിനോ പാടില്ലാത്തതാകുന്നു. അങ്ങനെയുള്ള ഉത്തരവ് പ്രതികൂലമായി ബാധിച്ച വ്യക്തി അതിനുമുമ്പു ലഭിച്ച പെൻഷൻതുക/ധനസഹായം തിരിച്ചു നൽകാൻ ബാധ്യസ്ഥനായിരിക്കുയില്ല. ഒരു ഓഫീസർ തെറ്റായ അന്വേഷണം നടത്തുകയും അത് അർഹതയില്ലാത്ത ആളിന് പെൻഷൻ/ധനസ

ഹായം നൽകലിന് അയാൾ ഉത്തരവാദി ആയിരിക്കുന്നതും അതുവഴി സർക്കാരിന് വന്ന നഷ്ടം അയാളിൽ നിന്ന് ഈടാക്കുന്നതുമാണ്.

4. മേൽ സൂചിപ്പിച്ചിട്ടുള്ള പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് ഇപ്പോൾ തഹസീൽദാർ കൈവശം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളും രേഖകളും ആവശ്യമായി വരുമ്പോൾ, അതതു സംഗതി പോലെ, ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷന് കൈമാറേണ്ടതാണ്.

5. ഈ പെൻഷൻ പദ്ധതികളിൽ ഇതിനകം തന്നെ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ഈ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല. പദ്ധതിയെ സംബന്ധിച്ച് നിലവിലുള്ള മറ്റ് നിബന്ധനകൾ തുടരുന്നതാണ്.

6. ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസിലും ഓരോ വിഭാഗത്തിൽപ്പെട്ട പെൻഷണർമാരുടെയും പേരും മേൽവിലാസവും കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ പരിശോധിക്കുന്നതിന് ഏതൊരു പെൻഷണർക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

തോമസ് സി. ജോർജ്

സെക്രട്ടറി

അഗതികൾക്കുള്ള പെൻഷൻ അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേരും പൂർണമായ മേൽവിലാസവും :
2. വയസ്സ് :
3. ടി സ്ഥലത്ത് എത്രകാലമായി താമസിക്കുന്നു :
4. അപേക്ഷകൻ പ്രായപൂർത്തി ആകാത്തവനോ ബുദ്ധിസ്ഥിരത ഇല്ലാത്തവനോ ആണെങ്കിൽ രക്ഷകർത്താവിന്റെ മേൽവിലാസം :
5. ഏതു വിഭാഗത്തിൽപ്പെട്ട പെൻഷനുവേണ്ടിയാണ് അപേക്ഷിക്കുന്നത് എന്ന് : വിധവാ പെൻഷൻ/വികലാംഗർക്കും മന്ദബുദ്ധികൾക്കുമുള്ള പ്രത്യേക പെൻഷൻ
6. പ്രതിജ്ഞ
   1. എന്റെ കാലയാപനത്തിന് യാതൊരു മാർഗവുമില്ല.
   2. താഴെ വിവരിക്കുന്ന ബന്ധുക്കൾ എനിക്കുണ്ട്. (അച്ഛൻ/അമ്മ/ഭർത്താവ്/ഭാര്യ/മകൻ), ആവശ്യമില്ലാത്ത ഭാഗം വെട്ടിക്കളയുക.
   3. ഞാൻ കേരളീയനാണ്.
   4. ഗവണ്മെന്റിൽനിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ എനിക്ക് തുടർച്ചയായി ധനസഹായം യാതൊന്നും ലഭിക്കുന്നില്ല.
   5. മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ എല്ലാം സത്യമാണ്.

അപേക്ഷകന്റെ ഒപ്പ്/വിരലടയാളം

രക്ഷകർത്താവിന്റെ ഒപ്പ്/വിരലടയാളം

സ്ഥലം :

തീയതി :

അന്വേഷണ റിപ്പോർട്ട് (ആഫീസ് ഉപയോഗത്തിന്)

1. അപേക്ഷകന്റെ പേരും പൂർണമായ മേൽവിലാസവും :
2. വയസ്സ് :
3. കുടുംബത്തിന്റെ അംഗസംഖ്യ :
4. ഏതു വിഭാഗത്തിൽപ്പെടുന്ന പെൻഷൻ/സഹായത്തിനുവേണ്ടി അപേക്ഷിച്ചിട്ടുള്ളത് :
5. അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിവരങ്ങൾ (സർവേ നമ്പർ, വിസ്തീർണ്ണം മുതലായവ) :
6. അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും വാർഷിക വരുമാനം, ഭൂമിയിൽ നിന്നും കൃഷി, ശമ്പളം, കച്ചവടം, കൂലിവേല, മറ്റിനങ്ങളിൽ നിന്നുള്ളവ, ആകെ.

എന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതനുസരിച്ച് ടിയാന്റെ വാർഷിക വരുമാനം മേൽപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്)
സെക്രട്ടറി,
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

വാർഡ് മെമ്പർ
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/
കോർപ്പറേഷൻ :

അഭിപ്രായം :

പഞ്ചായത്ത് കമ്മിറ്റി/മുൻസിപ്പൽ
കൗൺസിൽ/കോർപ്പറേഷൻ :

തീരുമാനം :

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും പൂർണമായ മേൽവിലാസവും :
2. മരിച്ചുപോയ ഭർത്താവിന്റെ പേരും മേൽവിലാസവും :
3. ഭർത്താവിന്റെ മരണം സംഭവിച്ച തീയതി, സ്ഥലം :
4. മരണകാരണം :
5. അപേക്ഷകയുടെ സന്താനങ്ങളുടെ വിവരങ്ങൾ (പേര്, ജനനതീയതി)
   ആൺകുട്ടികൾ എത്ര :
   പെൺകുട്ടികൾ എത്ര :
6. വിവാഹം ചെയ്ത് അയയ്ക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിയുടെ ജനന തീയതി :
7. വിവാഹം തീർച്ചപ്പെടുത്തിയിട്ടുള്ള പ്രതിശ്രുത വരന്റെ പേരും മേൽവിലാസവും :
8. പ്രതിശ്രുത വരന്റെ തൊഴിൽ:
9. അപേക്ഷകയുടെ പ്രതിമാസ വരുമാനം :
10. ആവശ്യപ്പെടുന്ന സഹായധനം :
11. ഏത് ആവശ്യത്തിനാണ് സഹായധനം ആവശ്യപ്പെടുന്നത് :
12. വിവാഹം നടത്താൻ നിശ്ചയിച്ചിട്ടുള്ള തീയതിയും വിവാഹസ്ഥലവും :

അപേക്ഷകയുടെ ഒപ്പ്

സ്ഥലം വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന

തീയതി പെൺകുട്ടിയുടെ ഒപ്പ്

അന്വേഷണ റിപ്പോർട്ട് (ആഫീസ് ഉപയോഗത്തിന്)

1. അപേക്ഷകന്റെ പേരും പൂർണമായ മേൽവിലാസവും :
2. വയസ്സ് :
3. കുടുംബത്തിന്റെ അംഗസംഖ്യ :
4. അപേക്ഷകയുടെയും കുടുംബാംഗങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിവരങ്ങൾ (സർവേ നമ്പർ, വിസ്തീർണ്ണം മുതലായവ) :
5. അപേക്ഷയുടെയും കുടുംബാംഗങ്ങളുടെയും വാർഷിക വരുമാനം, ഭൂമിയിൽ നിന്നും

കൃഷി, ശമ്പളം, കച്ചവടം, കൂലിവേല,
മറ്റിനങ്ങളിൽ നിന്നുള്ളവ, ആകെ.

എന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതനുസരിച്ച് ടിയാന്റെ വാർഷിക വരുമാനം മേൽപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്)
സെക്രട്ടറി,
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

വാർഡ് മെമ്പർ
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/
കോർപ്പറേഷൻ :

അഭിപ്രായം :

പഞ്ചായത്ത് കമ്മിറ്റി/മുൻസിപ്പൽ
കൗൺസിൽ/കോർപ്പറേഷൻ :

തീരുമാനം :

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് – സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധന – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ(സി) വകുപ്പ്

ജി.ഒ(പി) നമ്പർ 43/97 സാ.ക്ഷേ.വ തിരുവനന്തപുരം, 1997 ഡിസംബർ 19

സൂചന :-1. 19.06.1978 ലെ ജി.ഒ (പി) നമ്പർ 151/78/എൽ.എ. ആന്റ് സാ.ക്ഷേ.വ നമ്പർ ഉത്തരവ്

2. 24.02.1979 ലെ ജി.ഒ (പി) നമ്പർ 29/79/എൽ.എ. ആന്റ് എസ്.ഡബ്ലിയു.ഡി നമ്പർ ഉത്തരവ്

3. 17.07.1997 ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ എം 2-25656-ാം നമ്പർ റ്റി.പി മെസേജ്

ഉത്തരവ്

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുള്ള പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിനോടനുബന്ധിച്ചുള്ള സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾക്ക് താഴെ പറയുന്ന ഭേദഗതി വരുത്തിയിരിക്കുന്നു.

ഭേദഗതി

നിബന്ധന 4-6ന് ചുവടെ ചേർത്തിട്ടുള്ള കുറിപ്പ് (1) താഴെ പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

''വിവാഹിതയാകാൻ പോകുന്ന പെൺകുട്ടി കേരളത്തിൽ മൂന്ന് വർഷമെങ്കിലും സ്ഥിര താമസമാക്കിയിരുന്നാൽ മാത്രമേ ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ.''

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.കെ. രമണി
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ്–വികലാംഗ പെൻഷൻ – കുടുംബവരുമാനം കണക്കാക്കുന്നതിനുള്ള നിബന്ധന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി)വകുപ്പ്

ജി.ഒ (പി)നംപർ .10/1998/സ.ക്ഷേ.വ തിരുവനന്തപുരം.

തീയതി. 31/3/1998

പരാമർശം: 1. ജി.ഒ.(പി) നംപർ 154/82/ എൽ.എ.അന്റ് സ.ക്ഷേ.വ തീയതി 6.9.82

2 11/96 –ലെ എം. 3–47946/96 എന്ന നമ്പറിലെ ആലപ്പുഴ ജില്ലാ കളക്ടറുടെ കത്ത്

ഉത്തരവ്

വികലാംഗ പെൻഷന് വരുമാനം കണക്കാക്കുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊടുള്ള ഒന്നാം പരാമർശത്തിൽ, നിബന്ധന 5(11)ൽ മേൽ താഴെ പറയുന്ന ഭേദഗതി വരുത്തികൊ് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

ഭേദഗതി

"വികലാംഗപെൻഷന് കുടുംബവരുമാനം കണക്കാക്കുമ്പോൾ സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ തുക കണക്കിലെടുക്കേതില്ല"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.ആർ.ഗോപാലകൃഷ്ണൻ
സെക്രട്ടറി
സാമൂഹ്യക്ഷേമ വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും പുനരധിവാസവും (എച്ച് വകുപ്പ്)

ജി.ഒ.(പി) 18/98/തൊഴിൽ. തിരുവനന്തപുരം 1998, ഏപ്രിൽ 16

പരാമർശം : 1. 13.07.1982 ലെ സർക്കാർ ഉത്തരവ് (പി) 23/82/എൽ.ബി.ആർ.

2. 18.09.1995 ലെ സർക്കാർ ഉത്തരവ് (പി) 189/95/തഭവ.

3. 10.11.1997 ലെ 17817/ലെഗ് സി1/97/നിയമം നമ്പർ വിജ്ഞാപനം.

ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി പരാമർശം 2-ലെയും 3-ലെയും ഉത്തരവുകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലേക്കായി ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന 1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.കെ.വിജയകുമാർ

ഗവൺമെന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

മുനിസിപ്പൽ ഭരണ ഡയറക്ടർ / പഞ്ചായത്ത് ഡയറക്ടർ

എല്ലാ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ/ ചെയർമാൻ മുഖേന) എല്ലാ മുനിസിപ്പൽ സ്പെഷ്യൽ ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് പഞ്ചായത്തുകൾക്ക് നൽകണം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, പബ്ലിക് റിലേഷൻസ് (പ്രസ് റിലീസ്)

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സ്പെഷ്യൽ ഓഫീസർ, തദ്ദേശ ഭരണ വകുപ്പ്

തദ്ദേശ ഭരണ (പി)/(എൽ) വകുപ്പ്

തൊഴിൽ (ഡി) വകുപ്പ്

അനുബന്ധം

1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ

1. (1) ഈ ചട്ടങ്ങൾക്ക് 1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ എന്നു പേർ പറയാവുന്നതും 13.07.1982 ലെ ജി.ഒ. (പി) 23/82/എൽ.ബി.ആർ. എന്ന നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ചട്ടങ്ങളെ ഇത് അതിലംഘിക്കുന്നതും ആകുന്നു.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. അപേക്ഷാത്തീയതിയിൽ 60 വയസ്സ് പൂർത്തിയായിട്ടുള്ള കർഷക തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനു വേണ്ടിയാണ് ഈ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നത്.

(എ) അർഹത

(1) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 11,000 രൂപയിൽ താഴെ ആയിരിക്കണം.

(2) അപേക്ഷകൻ 1974 ലെ കർഷക തൊഴിലാളി നിയമ പ്രകാരമുള്ള ക്ഷേമനിധിയിൽ അംഗമായിരുന്ന ആൾ ആയിരിക്കണം. ഈ വ്യവസ്ഥ 01.01.2002 മുതൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകരുടെ കാര്യത്തിൽ മാത്രമേ ബാധകമായിരിക്കുകയുള്ളൂ.

കുറിപ്പ് :

ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് "കർഷകത്തൊഴിലാളി" എന്നാൽ പത്തു വർഷത്തിൽ കുറയാത്ത കാലയളവിൽ ഭൂവുടമയുടെ/ ഭൂവുടമകളുടെ കൃഷിഭൂമിയിലോ അതോടനുബന്ധിച്ചോ ഉള്ള ജോലിയോ മറ്റേതെങ്കിലും കൃഷിപ്പണിയോ ഒരു ഭൂവുടമ നൽകുന്ന കൂലിക്കുവേണ്ടി ചെയ്യുന്നതും അവന്റെ/ അവളുടെ ഉപജീവനമാർഗ്ഗം പ്രധാനമായും അങ്ങനെ ലഭിക്കുന്ന കൂലിയെ ആശ്രയിച്ചിരിക്കുന്നതുമായ ആൾ എന്നും അർത്ഥമാകുന്നു. എന്നാൽ വാർദ്ധക്യം മൂലമോ ശാരീരിക ദൗർബല്യം മൂലമോ കർഷക തൊഴിലാളി ആയി ജോലി ചെയ്യാൻ കഴിയാത്ത കർഷക തൊഴിലാളിക്കും ഈ പദ്ധതി പ്രകാരം മറ്റെല്ലാ വിധത്തിലും അവർ യോഗ്യരാണെങ്കിൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പെൻഷനു വേണ്ടിയുള്ള അപേക്ഷാത്തീയതിക്കു തൊട്ടുമുമ്പ് കുറഞ്ഞ പക്ഷം പത്തു വർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിക്കുന്ന

കർഷകത്തൊഴിലാളികൾക്ക് ഈ പദ്ധതി ബാധകമാകുന്നതാണ്. എന്നാൽ 1951 ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിലുള്ള തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നവരോ ജോലി ചെയ്യുന്നവരോ ആയ തൊഴിലാളികൾക്ക് ഈ പദ്ധതി ബാധകമാകുന്നതല്ല.

4. ഈ പദ്ധതി പ്രകാരം യാതൊരാളും –

(എ) അയാളുടെ വാർഷിക വരുമാനം 11,000 (പതിനൊന്നായിരം) രൂപയിൽ കവിയുകയാണെങ്കിലോ (അങ്ങനെയുള്ള വരുമാനം കണക്കാക്കുന്നതിന് ഭർത്താവ്/ ഭാര്യ, അവിവാഹിതരായ, പ്രായപൂർത്തിയായ ആൺമക്കളും ഉണ്ടെങ്കിൽ അവരുൾപ്പെടെയുള്ള അപേക്ഷകന്റെ വരുമാനം കൂടി കണക്കിലെടുക്കേണ്ടതാണ്.)

(ബി) അപേക്ഷകൻ വൃദ്ധന്മാർക്കും, രോഗാതുരന്മാർക്കും, അവശൻമാർക്കും സംരക്ഷണം നൽകുന്നതിനു വേണ്ടി നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിന്റെ സംരക്ഷണയിൽ കഴിയുന്ന ആളാണെങ്കിലോ

അഥവാ

(സി) അപേക്ഷകൻ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ അഥവാ ഒരു തദ്ദേശാധികാര സ്ഥാപനത്തിന്റെയോ അഥവാ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അഥവാ തദ്ദേശാധികാര സ്ഥാപനം നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ (ഒരു ക്ഷയരോഗിക്കോ, കുഷ്ഠരോഗിക്കോ അഥവാ ക്യാൻസർ രോഗിക്കോ കിട്ടുന്ന ധനസഹായമല്ലാതെയുള്ള) ഏതെങ്കിലും ധനസഹായം ലഭിക്കുന്നയാളാണെങ്കിലോ പെൻഷന് അർഹനാകുന്നതല്ല.

(ഡി) പെൻഷൻ വാങ്ങുന്നയാളിന്റെ വാർഷികവരുമാനം, പെൻഷൻ അനുവദിച്ചതിനു ശേഷം ഏതെങ്കിലും സമയത്ത് 11,000 (പതിനൊന്നായിരം) രൂപയിൽ കവിയുകയാണെങ്കിൽ അയാൾ അതിനു ശേഷം പെൻഷന് അർഹനല്ലാതായിത്തീരുന്നതാണ്.

കുറിപ്പ്

നിലവിലുള്ള ഏതെങ്കിലും ക്ഷേമപദ്ധതികൾ പ്രകാരം അപേക്ഷകന് ധനസഹായം ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരം ലഭിക്കുന്ന ധനസഹായമാണോ ഈ പദ്ധതി പ്രകാരമുള്ള ധനസഹായമാണോ വേണ്ടതെന്ന് തീരുമാനിക്കാനുള്ള വിവേചനാധികാരം അപേക്ഷകനുണ്ടായിരിക്കുന്നതാണ്.

5. തദ്ദേശഭരണ സ്ഥാപനത്തിന് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജാഫീസറിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്

6. പെൻഷ.ൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ആയിരിക്കും.

7. (എ) പെൻഷനു വേണ്ടിയുള്ള അപേക്ഷ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 1 ൽ അപേക്ഷകൻ ഏത് തദ്ദേശഭരണ സ്ഥാപന അധികാര പരിധിയിലാണോ താമസിക്കുന്നത് ആ സ്ഥാപനത്തിന്റെ അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ അപേക്ഷാഫാറത്തിനുമൊപ്പം കീറിയെടുക്കാവുന്ന തരത്തിലുള്ള ഒരു പറ്റ് ചീട്ട് ഉണ്ടായിരിക്കേണ്ടതാണ്.

(ബി) തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ള കേസ്സുകളിൽ ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 2–ൽ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതുമാണ്. പ്രഥമ ദൃഷ്ട്യാ അപേക്ഷകൻ പെൻഷന് അർഹനല്ല എന്ന് കാണുന്ന പക്ഷം അയാൾക്ക് 15 ദിവസത്തെ നോട്ടീസ് നൽകി അയാളുടെ വാദം കേട്ടതിനു ശേഷം മാത്രമേ അപേക്ഷയിൻമേൽ തീർപ്പു കൽപ്പിക്കാൻ പാടുള്ളൂ. അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്.

അതായത്:–

1. നിങ്ങളുടെ വരുമാനം ..... രൂപയിൽ അധികമാണ്.
2. നിങ്ങൾ കർഷകത്തൊഴിലാളി അല്ല
3. നിങ്ങൾക്ക് സർക്കാരിൽ നിന്നും മറ്റു പെൻഷനുകൾ ലഭിക്കുന്നുണ്ട് തുടങ്ങി
4. മറ്റു കാരണങ്ങൾ (വ്യക്തമാക്കണം)

   ഇക്കാര്യങ്ങൾ അപേക്ഷകന് ഫാറം നമ്പർ 3 പ്രകാരം അറിയിക്കേണ്ടതാണ്

(സി) ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 4–ൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിച്ചതും/ അനുവദിച്ചതും/ നിരസിച്ചതുമായ അപേക്ഷകളുടെ ഒരു രജിസ്റ്റർ തദ്ദേശഭരണ സ്ഥാപന അധികാരികൾ സൂക്ഷിക്കേണ്ടതാണ്. അതിൻപ്രകാരമുള്ള ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കൂടാതെ പെൻഷൻ അനുവദിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ അപേക്ഷകരുടെ ലിസ്റ്റുകൾ ഗ്രാമസഭയിൽ/ വാർഡുകമ്മിറ്റിയിൽ/ വാർഡുസഭയിൽ വായിക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള സാമൂഹ്യ വികസന സൊസൈറ്റികൾക്കു നൽകേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനം ഓരോ ധനകാര്യ വർഷവും അനുവദിക്കപ്പെട്ടതും നിരസിച്ചതുമായ അപേക്ഷകളുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(ഡി) വയസ്സ് നിർണ്ണയിക്കുന്നതിന്റെ ആവശ്യത്തിലേക്ക് സ്കൂൾ റിക്കാർഡുകളോ, അല്ലെങ്കിൽ പള്ളി റിക്കാർഡുകളോ, അല്ലെങ്കിൽ ജനന-മരണ രജിസ്റ്ററോ, അല്ലെങ്കിൽ തെരഞ്ഞെടുപ്പു കമ്മീഷൻ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡോ അടിസ്ഥാനമായി സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം വയസ്സിന്റെ നിർണ്ണയം സാദ്ധ്യമാകാത്തപ്പോൾ ഒരു അസിസ്റ്റന്റ് മെഡിക്കൽ ഓഫീസറുടെ പദവിക്ക് താഴെയല്ലാത്ത ഏതെങ്കിലും ഒരു ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ അടുക്കലേക്ക് വയസ് സർട്ടിഫിക്കറ്റ് വേണമെന്ന നിർദ്ദേശത്തോടുകൂടി അപേക്ഷകനെ അയക്കേണ്ടതും അദ്ദേഹം വയസ്സ് സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് സൗജന്യമായി അപേക്ഷകന് നൽകേണ്ടതുമാകുന്നു.

8. ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ഒരു സീരിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും ആ അടിസ്ഥാനത്തിൽ ഉത്തരവ് നൽകേണ്ടതുമാണ് ഈ സീരിയൽ നമ്പർ പറ്റ് ചീട്ടിൽ കാണിച്ചിരിക്കേണ്ടതാണ്.

9. പെൻഷൻ തുക അതാത് മാസം നൽകേണ്ടതാണ്. പെൻഷൻ മണിയോർഡർ ആയി അയയ്ക്കേണ്ടതാണ്. ഇതിന് ഒരു വിതരണ രജിസ്റ്റർ ഫാറം 6 പ്രകാരം സൂക്ഷിക്കേണ്ടതാണ്.

10. തദ്ദേശഭരണ അധികാരികൾക്ക് ഏതു സമയത്തും പരാതികളുടെ അടിസ്ഥാനത്തിൽ പെൻഷൻ തുക നൽകുന്നതു തടഞ്ഞു വയ്ക്കാൻ അധികാരമുണ്ടായിരിക്കുന്നതും ശരിയായ അന്വേഷണത്തിനു ശേഷം തുക കൊടുക്കേണ്ടതുമാണ്.

11. തദ്ദേശഭരണ അധികാരികൾക്ക് ഏതു ഘട്ടത്തിലും അപേക്ഷകയെ സംബന്ധിച്ച വിവരങ്ങൾ സ്വമേധയാ അന്വേഷിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണോദ്യോഗസ്ഥൻ ആയി നിയമിക്കാവുന്നതാണ്. അപേക്ഷാ ഫോറത്തിനൊപ്പം അപേക്ഷകന്റെ പേര്, വയസ്സ്, ഭൂവുടമയുടെ പേര്, കുട്ടികളുടെ വിവരണം, ഭാര്യ/ഭർത്താവ് എന്നിവയുൾക്കൊള്ളുന്ന ഒരു "അന്വോഷണ റിപ്പോർട്ട് ഫാറം" ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരമുള്ള അന്വേഷണത്തിൽ പെൻഷൻ അനുവദിച്ചത് തെറ്റിദ്ധരിപ്പിക്കൽ മൂലമോ, വസ്തുതാപരമായ തെറ്റുകൊണ്ടോ വ്യാജമായോ അല്ലെങ്കിൽ നടപടിക്രമത്തിലുള്ള ഏതെങ്കിലും തെറ്റുകൊണ്ടോ ആണ് എന്ന് കാണുകയാണെങ്കിൽ പെൻഷൻ അനുവദിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണ്. അപ്രകാരം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് ഏതൊരാളെയാണോ പ്രതികൂലമായി ബാധിക്കുന്നത് അയാൾക്ക് പറയുവാനുള്ള ഒരവസരം കൊടുക്കാതെ പാസ്സാക്കുവാൻ പാടുള്ളതല്ല. അനുവദിച്ച പെൻഷൻ യഥാർത്ഥത്തിൽ അർഹനല്ല എന്നു ബോദ്ധ്യപ്പെട്ടാൽ തദ്ദേശഭരണ സ്ഥാപനത്തിന് അർഹനായ വ്യക്തിക്ക്

നേരിൽ കേൾക്കാൻ അവസരം കൊടുത്തശേഷം, പെൻഷൻ അനുവദിക്കുന്ന സമയത്തോ പിന്നീട് ഉള്ള അവസരത്തിലോ റദ്ദാക്കാവുന്നതാണ്. പെൻഷന്റെ അർഹതയെ സംബന്ധിച്ചുള്ള വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും നിർബന്ധമായും എല്ലാവർക്കും കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

12. തദ്ദേശഭരണ അധികാരികളുടെ തീരുമാനത്തിൻമേൽ ആക്ഷേപമുള്ളവർ പെൻഷൻ നിരസിച്ച ഉത്തരവിന്റെ ഒരു പകർപ്പ് സഹിതം ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്രകാരമുള്ള അപ്പീൽ ഏതു ഉത്തരവിനെതിരെയാണോ സമർപ്പിക്കുന്നത് ആ ഉത്തരവ് പരാതിക്കാരനൊ പരാതിക്കാരിക്കോ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപ്പീൽ സമർപ്പിച്ച ആൾക്ക് വ്യക്തിപരമായി പറയുവാനുണ്ടെങ്കിൽ അതിന് അവസരം കൊടുത്തശേഷം 45 ദിവസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്. അപ്പീലിന്റെ ഒരു രജിസ്റ്റർ (ഫാറം 5) അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന അപ്പീലിൻമേൽ അപ്പലേറ്റ് അധികാരിക്ക് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്.

13. സർക്കാരിന് ഏതു ഉത്തരവും റിവിഷനു സമർപ്പിക്കാനും സ്വമേധയാ റിവ്യൂ ചെയ്യാനും അധികാരമുണ്ടായിരിക്കുന്നതാണ്.

14. ബന്ധപ്പെട്ട ഏതു വ്യക്തിക്കും അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്.

15. സമർപ്പിക്കപ്പെടുന്ന അപ്പീൽ/ റിവിഷൻ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

16. പ്രഥമദൃഷ്ട്യാ പെൻഷന് അർഹനാണെന്ന് കണ്ടാലും, അതല്ല അപ്പീലിൻമേലോ റിവിഷനിലോ അർഹനാണെന്നു കണ്ടാലും, അപേക്ഷ സമർപ്പിച്ച മാസത്തിനു അടുത്ത മാസം ഒന്നാം തീയതി മുതൽ പെൻഷന് അർഹനാകുന്നതാണ്.

17. പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച എല്ലാ രേഖകളും പൊതു രേഖകളായി പരിഗണിക്കേണ്ടതാണ്.

18. പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ആൾ മരണപ്പെടുകയാണെങ്കിലോ രണ്ടു മാസത്തിൽ കൂടുതൽ തുക കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പെൻഷൻ നിർത്തൽ ചെയ്യേണ്ടതാണ്. നിർത്തൽ ചെയ്ത പെൻഷൻ പുന സ്ഥാപിക്കുന്നതിന് തക്കതായ കാരണത്തിന്മേൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

19.പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസം മാറ്റം/ മേൽവിലാസത്തിൽ ഉണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും ബന്ധപ്പെട്ട അധികാരികൾ അവരവരുടെ രജിസ്റ്ററുകളിൽ ആവശ്യമുള്ള മാറ്റം വരുത്തേണ്ടതും അതനുസരിച്ച്പെൻഷൻ വിതരണം ക്രമപ്പെടുത്തേണ്ടതുമാണ്.

20. തീർപ്പു കല്പിക്കാനുള്ള അപേക്ഷകളും നിലവിലുള്ള പെൻഷൻകാരെ സംബന്ധിക്കുന്ന മുഴുവൻ രേഖകളും തൊഴിൽ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾക്കു കൈമാറേണ്ടതാണ്.

21. പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളിലെ മേലധികാരികളുടെ ചുമതലയാണ്.

22. ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വിശദീകരണം പുറപ്പെടുവിക്കുന്നതിനും പദ്ധതി നടത്തിപ്പു സംബന്ധിച്ച് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

അപേക്ഷാ നമ്പർ :

(ഓഫീസ് ഉപയോഗത്തിന് മാത്രം)

ഫാറം നമ്പർ 1

(ചട്ടം 7 (എ) നോക്കുക)

കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ അപേക്ഷാഫാറം

1. അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും :

2. പൂർത്തിയായ വയസ്സ് :

3. അച്ഛന്റെ /അമ്മയുടെ/ ഭാര്യയുടെ/ ഭർത്താവിന്റെ പേര് :

4. അപേക്ഷകൻ താമസിക്കുന്ന വില്ലേജും കേരളത്തിൽ എത്ര കാലമായി താമസിക്കുന്നു എന്നും :

5. അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേരും വാർഡ് നമ്പരും :

6. ഏതെല്ലാം ഭൂവുടമയുടെയോ

ഭൂവുടമകളുടെയോ കീഴിൽ എത്ര വർഷം

വീതം പ്രവർത്തിച്ചു : വിശദ വിവരങ്ങൾ :

7. (എ) അപേക്ഷകൻ/ അപേക്ഷകയുടെ വാർഷിക വരുമാനം :

(ബി) ഭാര്യയുടെ/ ഭർത്താവിന്റെ വാർഷിക വരുമാനം :

(സി) പ്രായപൂർത്തിയായവരും, അവിവാഹിതരുമായ സന്താനങ്ങളുടെ പേരും, ഓരോരുത്തരുടെയും വാർഷിക വരുമാനവും :

(ഡി) ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ പെൻഷൻ നമ്പർ :

(ഇ) കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലെ അംഗ നമ്പർ (01.01.2002 നു ശേഷം മാത്രം ബാധകം)

:

കഴിഞ്ഞ പത്തുകൊല്ലമായി ഞാൻ കർഷക തൊഴിലാളിയാണ്. എന്റെ മുഖ്യമായ ഉപജീവനമാർഗ്ഗം കർഷക വൃത്തിയിൽ നിന്നാണ്. ഞാൻ ഇതിനു മുൻപ് പെൻഷനു വേണ്ടി അപേക്ഷിച്ചിട്ടില്ല/ അപേക്ഷിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചേർക്കുന്നു.

എന്റെയും ഭാര്യയുടയും/ ഭർത്താവിന്റെയും/ പ്രായപൂർത്തിയായ എന്റെ അവിവാഹിതരായ ആൺമക്കളുടെയും പെൺമക്കളുടെയും ആകെ വാർഷിക വരുമാനം പതിനൊന്നായിരം രൂപയിൽ താഴെയാണ്. ഗവൺമെന്റിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ എനിക്ക് തുടർച്ചയായി ധനസഹായം ഒന്നും ലഭിക്കുന്നില്ല.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്/

തീയതി : വിരലടയാളം

മേൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ എല്ലാം സത്യമാണെന്ന് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്/

തീയതി : വിരലടയാളം

ഈ അപേക്ഷകൻ നൽകിയിട്ടുള്ള വിവരങ്ങൾ സമർപ്പിച്ച രേഖകളുമായി പരിശോധിക്കുകയും ആവശ്യമായ അന്വേഷണം നടത്തുകയും ചെയ്തതിൽ ശരിയാണെന്ന്/ തെറ്റാണെന്ന് കണ്ടതിനാൽ അപേക്ഷ അനുവദിച്ചിരിക്കുന്നു/ നിരസിച്ചിരിക്കുന്നു. (ഏതാണോ ബാധകം അതെഴുതണം)

സ്ഥലം : --------- ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി

തീയതി : കോർപ്പറേഷൻ അധികാരി.

(ഓഫീസ് സീൽ)

പറ്റുചീട്ട്

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :

അപേക്ഷയുടെ സീരിയൽ നമ്പർ :

കർഷക തൊഴിലാളി പെൻഷനുവേണ്ടിയുള്ള താങ്കളുടെ ----------
തീയതിയിലെ അപേക്ഷ കൈപ്പറ്റിയിരിക്കുന്നു.

---------- ഗ്രാമപഞ്ചായത്ത്/
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികാരി

സ്ഥലം :

തീയതി :

ഫാറം നമ്പർ 2

(ചട്ടം 7 (ബി) നോക്കുക)

അനുമതി പത്രിക

സ്ഥലം :

തീയതി :

കർഷക തൊഴിലാളി പെൻഷൻ ചട്ടം 7 (ബി) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ശ്രീ/ശ്രീമതി ---------- ആൾക്ക്

പ്രതിമാസം ---------- രൂപ ---------- മുതൽ കർഷക തൊഴിലാളി പെൻഷൻ ആയി അനുവദിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ അനുമതി പെൻഷൻ പദ്ധതി ചട്ടങ്ങൾക്ക് വിധേയമാണ്. ചട്ടങ്ങൾ പ്രകാരം എപ്പോൾ വേണമെങ്കിലും ഇത് റദ്ദാക്കാവുന്നതാണ്.

ഒപ്പ് :

പേര് :

---------- ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ (ബന്ധപ്പെട്ട അധികാരികൾ)

(സീൽ)

അപേക്ഷകന്

ഫാറം നമ്പർ 3

(ചട്ടം 7 (ബി) നോക്കുക)

സ്ഥലം :

തീയതി :

നിങ്ങളുടെ ---------- തീയതിയിലെ കർഷക തൊഴിലാളി പെൻഷനു വേണ്ടിയുള്ള അപേക്ഷ താഴെ പറയുന്ന കാരണത്താൽ/ കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു. (ആവശ്യമില്ലാത്തതു വെട്ടിക്കളയുക)

1) നിങ്ങളുടെ വരുമാനം ---------- രൂപയിൽ അധികമാണ്.
2) നിങ്ങൾ ഒരു കർഷക തൊഴിലാളി അല്ല.
3) നിങ്ങൾക്കു സർക്കാരിൽ നിന്ന് മറ്റു പെൻഷനുകൾ ലഭിക്കുന്നുണ്ട്.
4) മറ്റു കാരണങ്ങൾ

ഒപ്പ് :

പേര് :

---------- ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ (ബന്ധപ്പെട്ട അധികാരികൾ)

(സീൽ)

അപേക്ഷകന്

ഫാറം നമ്പർ 4

(ചട്ടം 7 (സി) നോക്കുക)

കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം ലഭിച്ച/ അനുവദിച്ച/ നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ

ക്രമ നമ്പർ	അപേക്ഷ ലഭിച്ച ദിവസം	അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	തീർപ്പിന്റെ സ്വഭാവം– അതായത് അനുവദിച്ചു/ നിരസിച്ചു	തീർപ്പിന്റെ നമ്പരും തീയതിയും	ഒപ്പ്	മറ്റു വിവരങ്ങൾ

ഫാറം നമ്പർ 5

(ചട്ടം 12 നോക്കുക)

അപ്പീൽ രജിസ്റ്റർ

ക്രമ നമ്പർ	അപ്പീൽ ഹർജി ലഭിച്ച തീയതി	ഏതൊരു ഉത്തരവിനെതിരായിട്ടാണോ അപ്പീൽ സമർപ്പിച്ചിട്ടുള്ളത് ആ ഉത്തരവിന്റെ നമ്പരും തീയതിയും	അപ്പലേറ്റ് അതോറിറ്റിയുടെ അവസാന ഉത്തരവിന്റെ നമ്പരും തീയതിയും	അപ്പീൽ അനുവദിച്ചോ നിരസിച്ചോ എന്ന്	അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് അറിയിച്ച തീയതി

ഫാറം നമ്പർ 6

(ചട്ടം 9 നോക്കുക)

കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണ രജിസ്റ്റർ----------

ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	റോൾ നമ്പർ	അനുവദിച്ച തുക	മണിയോർഡർ അയച്ച തീയതി (മണിയോർഡർ കൈപ്പറ്റാതെ തിരിച്ചുവന്നാൽ ആ വിവരവും പെൻഷൻ റദ്ദുചെയ്താൽ ആ ഉത്തരവിന്റെ നമ്പരും തീയതിയും ചുവന്ന മഷിയിൽ രേഖപ്പെടുത്തണം.											
				ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ

GOVERNMENT OF KERALA
Abstract

Social Welafare Department- National Social Assistance programme-Enhancement of income ceiling of Below poverty Line families under National Social Assistance Programme- Orders issued
SOCIAL WELFARE (C) DEPARTMENT

G.O.(Ms)No. 14/98/SWD Dated. Thiruvananthapuram, 22 -4- 1998

Read :- 1 G.O(P) No. 47/95/SWD dated 13.12.1995
2. Minutes of the meeting held on 10/11/97/on NSAP in the Chamber of Secretary (RD)regarding implementation of NSAP in Kerala
3.Minutes of the meeting held by the Chief Secretary on 22-12-97

ORDER

Government are pleased to order that the annual house hold income ceiling of the below poverty line families will be considered as Rs 11,000/- for entertaining the application in respect of the three components of the National Social Assistance Programme via. National Old Age Pension Scheme(NOAP)(ii) National Family Benefits Scheme(NFBS) and (iii) National Maternity Benefit Scheme(NMBS)

The G.O. refered to as Ist paper above stands modified to this extent.

By Order of the Government

K.K.REMANI

Additional Secretary to Govt.

കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ് – 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി – പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും പുനരധിവാസവും (എച്ച് വകുപ്പ്)

ജി.ഒ.(പി) 23/98/തൊഴിൽ തിരുവനന്തപുരം 1998 മേയ് 28.

പരാമർശം :– 1. 12–11–1982–ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 40/82/തൊഴിൽ

2. 25–04–1986–ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 20/86/തൊഴിൽ

3. 18–9–1995–ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 189/95/തഭവ

4. 10–11–1997–ലെ 17817/ലെഗ് സി 1/97/നിയമം നമ്പർ വിജ്ഞാപനം.

ഉത്തരവ്

പരാമർശം 1–ലെയും രണ്ടിലെയും സർക്കാർ ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവന്നിരുന്ന കേരള തൊഴിൽ രഹിതവേതന പദ്ധതി പരാമർശം 3–ലെയും 4–ലെയും ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. ടി പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലേക്കായി ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

കെ.കെ.വിജയകുമാർ,

സെക്രട്ടറി.

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ ഭരണ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ/ചെയർമാൻ മുഖേന)
എല്ലാ മുനിസിപ്പൽ സ്പെഷ്യൽ ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് പഞ്ചായത്തുകൾക്ക് നൽകണം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനനതപുരം

അക്കൗണ്ടന്റ് ജനറൽ, (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ്.

ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

തദ്ദേശ ഭരണ (പി/എൽ) വകുപ്പ്

തൊഴിൽ (ഡി) വകുപ്പ്

അനുബന്ധം

1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ

1. (i) ഈ ചട്ടങ്ങൾക്ക് 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ എന്നു പേർ പറയാവുന്നതും 12.11.1982 ലെ ജി.ഒ.(പി) 40/82/എൽ.ബി.ആർ എന്ന നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ചട്ടങ്ങളെ അതിലംഘിക്കുന്നതും ആകുന്നു.

(ii) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 18 നും 35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതി-യുവാക്കൾക്ക് ഒരു താൽകാലിക ധനസഹായമെന്ന നിലയിലാണ് ഈ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നത്.

(i) ഈ പദ്ധതിയിൻകീഴിൽ 'തൊഴിൽ രഹിതർ' എന്നാൽ വിദ്യാർത്ഥികളല്ലാത്തവരും എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബ വരുമാനം 12,000 രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്നു വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിറുത്തുന്നവരും എന്നാൽ 35 വയസ്സ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തവരുമായ വ്യക്തികൾ എന്നർത്ഥമാകുന്നു.

(ii) പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അപേക്ഷകർ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ, ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. (എന്നാൽ നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി. പരീക്ഷ മാത്രം പ്രൈവറ്റായി എഴുതി തോറ്റവർക്ക് ഇത് ബാധകമല്ല)

(iii) സർക്കാരിന്റെയോ സ്വകാര്യ വ്യക്തികളുടെയോ ആയ ഏത് സ്ഥാപനത്തിലും ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന എല്ലാവരെയും ഈ പദ്ധതിയിൻകീഴിൽ 'വിദ്യാർത്ഥി' യായി പരിഗണിക്കുന്നതാണ്. 6 മാസം വരെ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പഠനം ഉൾപ്പെടെയുള്ള ഹ്രസ്വകാല കോഴ്സുകൾ, ഷോർട്ട് ഹാന്റ്/ ടൈപ്പ്റൈറ്റിംഗ്, കെ.ജി.ടി.ഇ./ കെ.ജി.സി.ഇ. കോഴ്സുകൾ ചെയ്യുന്നവരെ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. (സർക്കാർ അംഗീകാരമില്ലാത്ത കോഴ്സുകളെ ഇതിൽ നിന്നും ഒഴിവാക്കുന്നു). എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഹരിജൻ വെൽഫെയർ വകുപ്പ് മുഖേന സ്റ്റൈപ്പന്റോടു കൂടി നടത്തുന്ന രണ്ട്-മൂന്നു

മാസം ദൈർഘ്യമുള്ള കോഴ്സുകളിൽ പഠിക്കുന്നവർ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽപ്പെടുന്നില്ല.

(iv) അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റി മതിയാകുന്നതാണ്. അവർക്ക് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്.

(v) പെൻഷനായോ, സർക്കാരിന്റെ ഏതെങ്കിലും ക്ഷേമപദ്ധതിയിൽ നിന്നുള്ള ധനസഹായമായോ, പാരിതോഷികം, സ്റ്റൈപ്പന്റ്, അലവൻസ്, എക്സ്ഗ്രേഷ്യാ എന്നീ ഇനങ്ങളിലോ പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത എല്ലാ 'തൊഴിൽരഹിതർക്കും' ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

(vi) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധിയില്ല. അർഹതയുള്ള ഏതു വ്യക്തിക്കും ഏതു സമയത്തും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. യാതൊരാളും,–

(i) അയാളുടെ കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയുകയാണെങ്കിലോ (കുടുംബ വരുമാനം കണക്കാക്കുന്നതിന് മാതാപിതാക്കൾ, അവിവാഹിതരായ സഹോദരങ്ങൾ, മക്കൾ, കുടുംബത്തിൽ കൂടെ താമസിക്കുന്ന മറ്റാളുകൾ എന്നിവരുടെ എല്ലാ രീതിയിലുമുള്ള വരുമാനവും കണക്കിലെടുക്കേണ്ടതാണ്.)

(ii) അയാൾക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമുള്ള ഏതെങ്കിലും തൊഴിൽ ലഭിക്കുകയാണെങ്കിലോ

(iii) ഏതെങ്കിലും കോഴ്സിനു പഠിക്കുവാൻ ആരംഭിക്കുകയാണെങ്കിലോ

(iv) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാലോ, ക്യാൻസലാവുകയാണെങ്കിലോ, യഥാസമയം പുതുക്കാതിരുന്നിട്ട് സർക്കാരിന്റെ /എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് പ്രകാരം പുതുക്കുകയാണെങ്കിലോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹനല്ലാതാവുന്നതാണ്.

4 (i) ഈ പദ്ധതിയിൻകീഴിൽ യാതൊരാളും തൊഴിലവസ്ഥ സംബന്ധിച്ചോ കുടുംബവാർഷിക വരുമാനത്തെ സംബന്ധിച്ചോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ വിവരം മറച്ചുവക്കുകയോ ചെയ്താൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ

നിരോധനം ഏർപ്പെടുത്തുക, തൊഴിൽ രഹിത വേതനം നിർത്തൽ ചെയ്യുക, വേതനമിനത്തിൽ അനർഹമായി കൈപ്പറ്റിയ തുക 100 രൂപ പിഴ സഹിതം തിരിച്ചു പിടിക്കുക എന്നീ ശിക്ഷണ നടപടികൾക്ക് വിധേയനാകുന്നതാണ്. ഇവർക്ക് പിന്നീട് ഒരിക്കലും തൊഴിൽരഹിത വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം തിരിച്ചു നൽകാത്തവരുടെ കേസിൽ ആ തുക ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന ഭൂനികുതി കുടിശ്ശിക പിരിക്കുംപോലെ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ഈടാക്കുന്നതിന് തദ്ദേശഭരണ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം സ്വമേധയാ തിരിച്ചടയ്ക്കുകയാണെങ്കിൽ (100 രൂപ പിഴയടക്കം) ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ സീനിയോറിറ്റി പുന സ്ഥാപിച്ച് നൽകുന്നതായിരിക്കും.

(ii) തൊഴിൽരഹിത വേതനം ലഭിക്കുന്ന ആൾക്ക് പിന്നീട് 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ ടി വിവരം ഉടൻതന്നെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

5. തൊഴിൽരഹിത വേതനം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ആയിരിക്കും.

6 (i) തൊഴിൽരഹിത വേതനത്തിനു വേണ്ടിയുള്ള അപേക്ഷ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1 ൽ (രണ്ടു പ്രതികൾ) അപേക്ഷകൻ ഏതു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ താമസം ആ തദ്ദേശ ഭരണാധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ വരുമാനം നിശ്ചയിക്കുന്നത് തദ്ദേശഭരണാധികാരികളാണ്. എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപനത്തിന് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് വിശദ വിവരങ്ങൾ തേടാവുന്നതുമാണ്. ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ഒരു സീരിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും ആ അടിസ്ഥാനത്തിൽ ഉത്തരവ് നൽകേണ്ടതുമാണ്. എല്ലാ അപേക്ഷാ ഫാറത്തിനും ഒപ്പം കീറിയെടുക്കാവുന്ന തരത്തിലുള്ള ഒരു പറ്റ്ചീട്ട് ഉണ്ടായിരിക്കേണ്ടതാണ്. സീരിയൽ നമ്പർ പറ്റുചീട്ടിൽ കാണിച്ചിരിക്കേണ്ടതാണ്.

(ii) അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തദ്ദേശഭരണാധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെയും ഹാജരാക്കിയിട്ടുള്ള രേഖകളുടെയും നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ളപക്ഷം ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1 ൽ വേതനം അനുവദിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

എന്നിവയുടെ കാര്യത്തിൽ ഇതിനുള്ള അധികാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായിരിക്കും. പ്രഥമദൃഷ്ട്യാ അപേക്ഷകന് വേതനത്തിന് അർഹതയില്ല എന്ന് കാണുന്ന പക്ഷം അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി വിവരം അപേക്ഷകനെ ഫാറം നമ്പർ (8) ൽ അറിയിക്കേണ്ടതാണ്. നിരസിക്കാനുള്ള കാരണം ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്.

1) നിങ്ങളുടെ വരുമാനം ---------- രൂപയിൽ അധികമാണ്.
2) നിങ്ങൾ ---------- ഉദ്യോഗത്തിൽ തുടരുന്നു.
3) നിങ്ങളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.

പെൻഷൻ അനുവദിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ ലിസ്റ്റ് ഗ്രാമസഭയിൽ/ വാർഡ് കമ്മിറ്റിയിൽ/ വാർഡ് സഭയിൽ വായിക്കേണ്ടതാണ്.

(iii) ഈ പദ്ധതി പ്രകാരം വേതനം ലഭിച്ച/ അനുവദിച്ച/ നിരസിച്ച അപേക്ഷകരുടെ ഒരു രജിസ്റ്റർ ഫോറം നമ്പർ 4 ൽ തദ്ദേശഭരണ അധികാരികൾ സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള തൊഴിൽ രഹിത വേതനം അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ ഒരു ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ വാർഡ് തിരിച്ച് തൽസമയം തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷയുടെ ഒരു പ്രതി സഹിതം അയച്ചു കൊടുക്കേണ്ടതുമാണ്. എംപ്ലോയ്മെന്റു വകുപ്പിന്റെ പരിശോധനയിൽ ഏതെങ്കിലും കേസ്സിൽ തൊഴിൽരഹിത വേതനത്തിന് അർഹതയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ ആ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

7. തദ്ദേശഭരണ അധികാരികൾക്ക് ഏതു സമയത്തും പരാതിയുടെ അടിസ്ഥാനത്തിൽ വേതനം നൽകുന്നത് തടഞ്ഞുവയ്ക്കാൻ അധികാരം ഉണ്ടായിരിക്കുന്നതും ശരിയായ അന്വേഷണത്തിനു ശേഷം അർഹതയുണ്ടെങ്കിൽ തടഞ്ഞുവച്ച വേതനം ഉൾപ്പെടെ തുക നൽകുകയോ അല്ലെങ്കിൽ സ്ഥിരമായി നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.

8. തദ്ദേശഭരണ അധികാരികൾക്ക് ഏത് ഘട്ടത്തിലും അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ സ്വമേധയാ അന്വേഷിക്കാവുന്നതാണ്. അപ്രകാരമുള്ള അന്വേഷണത്തിൽ വേതനം അനുവദിച്ചത് തെറ്റിദ്ധരിപ്പിക്കൽ മൂലമോ, വസ്തുതാപരമായ തെറ്റ് കണ്ടെത്താൻ കഴിയാത്തതുമൂലമോ, വ്യാജമായോ, അല്ലെങ്കിൽ നടപടിക്രമത്തിലുള്ള ഏതെങ്കിലും തെറ്റുകൊണ്ടോ ആണ് എന്ന് കാണുകയാണെങ്കിൽ വേതനം അനുവദിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണ്. അപ്രകാരം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി ഏതൊരാളെയാണോ

ഉത്തരവ് ബാധിക്കുന്നത്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

9 (i) തദ്ദേശഭരണ അധികാരികളുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ii) അപ്പീൽ സമർപ്പിച്ച ആൾക്ക് വ്യക്തിപരമായി എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ, അതിന് അവസരം കൊടുത്തതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അപ്പലേറ്റ് അതോറിറ്റി (ജില്ലാ കളക്ടർ) അപ്പീലിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്. അപ്പീലിന്റെ ഒരു രജിസ്റ്റർ ഫോറം നമ്പർ 5-ൽ അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ടതാണ്.

(iii) സർക്കാരിന് ഏതു തീരുമാനവും അപേക്ഷയിൻമേലോ, സ്വമേധയായോ റിവ്യൂ ചെയ്യാവുന്നതാണ്. ബന്ധപ്പെട്ട ഏതു വ്യക്തിക്കും അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന അപ്പീൽ/റിവിഷൻ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

10. വേതനതുക അതാത് മാസം/സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തീയതിയിൽ നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരികൾ നേരിട്ട് തുക വിതരണം നടത്തേണ്ടതും ഈ ആവശ്യത്തിലേക്കായി പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതിൽ ഗുണഭോക്താക്കളുടെ വിവരങ്ങളും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന തുകയും രേഖപ്പെടുത്തേണ്ടതുമാണ്. വിതരണം നടത്തിയ തുകയെ സംബന്ധിച്ച വിവരം വേതന വിതരണ കാർഡിൽ (ഫോറം നമ്പർ 7) രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇതിലേക്കായി ഓരോ വർഷവും തൊഴിൽരഹിത വേതന ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പരിന്റെ ഓർഡറിൽ 12 കോളങ്ങളുള്ള ഒരു അക്വിറ്റൻസ് രജിസ്റ്റർ (ഫോറം നമ്പർ 6) തയ്യാറാക്കുകയും ഓരോ തവണ വേതന വിതരണം നടത്തുമ്പോഴും തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിടുവിച്ച് വാങ്ങേണ്ടതുമാണ്.

11. തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും, വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചാൽ ആയത് സംബന്ധിച്ച വിവരം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിച്ച വിവരം ഗുണഭോക്താവും തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

12. തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾക്ക് വേതന വിതരണ സമയത്ത് ഹാജരായി വേതനം കൈപ്പറ്റാൻ സാധിക്കാതെ വന്നാൽ പിന്നീട് വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. എന്നാൽ അസുഖം മൂലമോ അടുത്ത ബന്ധുക്കളുടെ മരണം മൂലമോ ആണ് ഹാജരാകാൻ സാധിക്കാതെ വരുന്നതെങ്കിൽ മതിയായ തെളിവ് ഹാജരാക്കി അടുത്ത തവണ വേതന വിതരണത്തിനു മുമ്പ് വേതനം വാങ്ങിയിരിക്കേണ്ടതാണ്. തുടർച്ചയായി രണ്ടു തവണ വേതനം കൈപ്പറ്റാതിരുന്നാൽ, വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അവർക്ക് ഖണ്ഡിക 9(1) ൽ പറയും പ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

13. വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/ മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ/ തദ്ദേശഭരണ സ്ഥാപന അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ആൾ വേറൊരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറ്റുമ്പോൾ വേതനം റദ്ദുചെയ്യുന്നതും, ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശഭരണ സ്ഥാപനത്തിൽ പുതിയതായി വേതനത്തിന് അപേക്ഷിക്കേണ്ടതുമാണ്.

14. പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേലധികാരിയുടെ ചുമതലയാണ്.

15. തൊഴിൽരഹിത വേതനം സംബന്ധിച്ച എല്ലാ രേഖകളും പൊതു രേഖകളായി പരിഗണിക്കേണ്ടതാണ്.

16. പ്രഥമദൃഷ്ട്യാ വേതനത്തിന് അർഹനാണെന്ന് കണ്ടാലും അതല്ല അപ്പീലിൻമേലോ റിവിഷനിലോ അർഹനാണെന്നു കണ്ടാലും അപേക്ഷ സമർപ്പിച്ച മാസത്തിന് അടുത്ത മാസം ഒന്നാം തീയതി മുതൽ വേതനം നൽകേണ്ടതാണ്.

17. ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വിശദീകരണം പുറപ്പെടുവിക്കുന്നതിനും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

18. ഈ പദ്ധതിയിൽ ഇതിനകം തന്നെ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഈ ചട്ടപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുതിയ അപേക്ഷകളിൽ തീർപ്പ് കൽപിക്കുന്നതുവരെ ഇപ്പോഴുള്ള ഗുണഭോക്താക്കൾക്ക് വേതനം നൽകേണ്ടതാണ്. നിലവിലുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ ഉൾപ്പെടെയുള്ള പുതിയ അപേക്ഷകൾ തീർപ്പ് കൽപിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഖണ്ഡിക 6(ii) ലെ സമയപരിധി ബാധകമല്ല. എന്നിരുന്നാലും കഴിയുംവേഗം പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ലിസ്റ്റ് റദ്ദു ചെയ്യപ്പെടുന്നതാണ്.

ഫോറം നമ്പർ 1

തൊഴിൽരഹിത വേതന പദ്ധതി, 1998

അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേര് :

2. (a) പൂർണ്ണമായ മേൽവിലാസം :

(b) വിദ്യാഭ്യാസ യോഗ്യത :

(c) അപേക്ഷകൻ താമസിക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല :

(d) അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ/ കോർപ്പറേഷന്റെ പേര് :

വാർഡ് നമ്പർ

(e) പട്ടികജാതി/ പട്ടികവർഗ്ഗ/ പിന്നോക്ക സമുദായം എന്നിവയിൽ ഏതിലെങ്കിലും പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതിൽ ? :

(f) വികലാംഗനാണോ ? :

3. വയസും ജനനതീയതിയും :

4. പിതാവിന്റെ /ഭർത്താവിന്റെ പേര് :

5. (a) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര് :

(b) രജിസ്ട്രേഷൻ നമ്പർ :

(c) രജിസ്റ്റർ ചെയ്ത തീയതി :

(d) തൊഴിൽ നമ്പർ :

(e) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി :

(f) പുതുക്കേണ്ട തീയതി :

6. കഴിഞ്ഞ 3 വർഷത്തിനിടയിൽ ഗവൺമെന്റിലോ സ്വകാര്യ സ്ഥാപനത്തിലോ ജോലി ലഭിച്ചിരുന്നെങ്കിൽ അതിന്റെ കാലയളവും പ്രസക്തമായ മറ്റു വിവരങ്ങളും :

7. കുടുംബത്തിന്റെ വാർഷിക വരുമാനം :

8. ഇപ്പോൾ തൊഴിൽരഹിത വേതനം ലഭിച്ചു കൊണ്ടിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വില്ലേജും റോൾ നമ്പരും (തൊഴിൽരഹിത വേതന വിതരണ കാർഡിന്റെ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം അയയ്ക്കണം) :

താഴെ പറയുന്ന കാര്യങ്ങൾ ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

1. ഞാൻ ഇപ്പോൾ ഒരു വിദ്യാർത്ഥി/ വിദ്യാർത്ഥിനി അല്ല
2. എനിക്ക് ഇപ്പോൾ പ്രതിമാസം 100 (നൂറു രൂപ) രൂപയിൽ കൂടുതൽ ലഭിക്കുന്ന തൊഴിലോ വരുമാനമോ ഇല്ല.

ഞാനുൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം ..... രൂപയാണ്.

(വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഹാജരാക്കുന്നു)

3. സ്വന്തമായി എനിക്ക് തൊഴിലോ തൊഴിൽ സ്ഥാപനമോ ഇല്ല.
4. ഈ ആനുകൂല്യം ലഭിക്കുന്നതിന് ഞാൻ മറ്റൊരിടത്തും അപേക്ഷ കൊടുത്തിട്ടില്ല.
5. എനിക്ക് ഗവൺമെന്റിൽ നിന്ന് പ്രതിമാസം 100 രൂപയിൽ കൂടുതലായി പെൻഷനോ സാമ്പത്തിക സഹായമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.
6. എനിക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന എന്തെങ്കിലും തൊഴിലോ, സാമ്പത്തിക സഹായമോ ലഭിക്കുന്ന അന്നുമുതൽ ഞാൻ തൊഴിൽരഹിത വേതനം പറ്റുന്നതല്ല. ആ വിവരം ഉടൻതന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ/ മുനിസിപ്പാലിറ്റിയെ/ കോർപ്പറേഷനെ അറിയിക്കുന്നതാണ്.

മൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാം സത്യമാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലും കാര്യം തെറ്റാണെന്ന് പിന്നീട് തെളിയുന്ന പക്ഷം അതിനുള്ള ശിക്ഷയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യുമെന്നും ഞാൻ അനർഹമായി കൈപ്പറ്റിയ തൊഴിൽ രഹിത വേതനം 100 രൂപ പിഴയും സഹിതം തിരിച്ചു നൽകാൻ ബാദ്ധ്യസ്ഥനാണെന്നും ഞാൻ മനസ്സിലാക്കുന്നു. അപ്രകാരം തിരിച്ചു നൽകാതെ വന്നാൽ ഭൂനികുതി കുടിശ്ശിക ഈടാക്കുന്ന രീതിയിൽ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ജില്ലാ കളക്ടർ മുഖേന തുകയും കളക്ഷൻ ചാർജ്ജും ഈടാക്കും എന്ന് ഞാൻ മനസ്സിലാക്കുന്നു.

എന്ന്

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥലം:

തീയതി:

ഈ അപേക്ഷകൻ നൽകിയിട്ടുള്ള വിവരങ്ങൾ, സമർപ്പിച്ച രേഖകളുമായി പരിശോധിക്കുകയും ആവശ്യമായ അന്വേഷണം നടത്തുകയും ചെയ്തതിൽ ശരിയാണെന്ന് /തെറ്റാണെന്ന് കണ്ടതിനാൽ അപേക്ഷ അനുവദിക്കുന്നു/ നിരസിക്കുന്നു. (ഏതാണോ ബാധകം അതെഴുതണം)

സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

പറ്റുചീട്ട്

---------- ൽ നിന്നും തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ കൈപ്പറ്റിയിരിക്കുന്നു.

സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

ഫോറം നമ്പർ 2

തൊഴിൽരഹിത വേതന പദ്ധതി, 1998 പ്രകാരം വേതനത്തിന് അർഹതയുള്ളവരുടെ പട്ടിക

---------- ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ

ക്രമ നമ്പർ	അപേക്ഷകന്റെ പേരും മേൽവിലാസവും	എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്/രജി.നം/ തൊഴിൽ നമ്പർ	വേതനം അനുവദിക്കുന്ന തീയതി	എന്നു മുതൽ എന്നു വരെ	മറ്റു വിവരങ്ങൾ1
1	2	3	4	5	6

സെക്രട്ടറി
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

ഫോറം നമ്പർ 3

തൊഴിൽരഹിത വേതന പദ്ധതി, 1998 പ്രകാരം വേതനത്തിനുള്ള അപേക്ഷ നിരസിച്ചവരുടെ പട്ടിക

---------- ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ

ക്രമ നമ്പർ	അപേക്ഷകന്റെ പേരും മേൽവിലാസവും	എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ/ തൊഴിൽ നമ്പർ	അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ
1	2	3	4

സെക്രട്ടറി
ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

ഫോറം നമ്പർ 4

തൊഴിൽരഹിത വേതന പദ്ധതി, 1998 പ്രകാരം ലഭിച്ച/ അനുവദിച്ച/ നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ

ക്രമ നമ്പർ	അപേക്ഷ ലഭിച്ച തീയതി	അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	തീർപ്പിന്റെ സ്വഭാവം: അതായത് അനുവദിച്ചു/ നിരസിച്ചു	തീർപ്പിന്റെ നമ്പരും തീയതിയും	ഒപ്പ്	മറ്റു വിവരങ്ങൾ
1	2	3	4	5	6	7

ഫോറം നമ്പർ 5

തൊഴിൽരഹിത വേതന പദ്ധതി, 1998 പ്രകാരം അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക

ജില്ലാ കളക്ടർ ----------

ക്രമ നമ്പർ	അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി	അപ്പീൽ അപേക്ഷ നിരസിച്ച/ അനുവദിച്ച തീയതി	മറ്റു വിവരങ്ങൾ
1	2	3	4	5	6

അപ്പലേറ്റ് അതോറിറ്റി

തീയതി:

(ഓഫീസ് സീൽ)

ഫോറം നമ്പർ 6

തൊഴിൽരഹിത വേതന പദ്ധതി, 1998

അക്കിറ്റൻസ് രജിസ്റ്റർ

---------- ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | | |

ഫോറം നമ്പർ 7

തൊഴിൽരഹിത വേതന വിതരണ കാർഡ്

1. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/
   കോർപ്പറേഷന്റെ പേര് :
2. ഗുണഭോക്താവിന്റെ പേരും
   മേൽവിലാസവും :
   (എ) റോൾ നമ്പർ :
   (ബി) ജനനതീയതി :
3. രജിസ്ട്രേഷൻ നമ്പരും തൊഴിൽ
   നമ്പരും :
4. അടുത്ത് പുതുക്കേണ്ട തീയതി :

തൊഴിൽ രഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

തീയതി	നൽകുന്ന വേതനത്തിന്റെ കാലയളവ്	തുക	നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും
1	2	3	4

തൊഴിൽ രഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

തീയതി	നൽകുന്ന വേതനത്തിന്റെ കാലയളവ്	തുക	നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും
1	2	3	4

തൊഴിൽ രഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

ഗുണഭോക്താവിന്റെ ഒപ്പ് :

പാസ്പോർട്ട് സൈസ്
ഫോട്ടോ

മുകളിൽ വിവരിച്ചിരിക്കുന്ന ശ്രീ/ശ്രീമതി .....
..... യുടെ ഒപ്പും ഫോട്ടോയും
സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്)
പഞ്ചായത്ത്/മുനിസിപ്പാലിറ്റി/
കോർപ്പറേഷൻ മേലധികാരി

കുറിപ്പ് :– ഒപ്പിന്റെ പകുതി ഫോട്ടോയിലും ബാക്കി ഭാഗം ഫോട്ടോയുടെ വെളിയിലുമായിരിക്കണം.

ഫോറം നമ്പർ 8

സ്ഥലം :

തീയതി :

താങ്കളുടെ ---------- തീയതിയിലെ തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

1. താങ്കളുടെ കുടുംബ വാർഷിക വരുമാനം -------- രൂപയിൽ അധികമാണ്.
2. താങ്കൾ ---------- ഉദ്യോഗത്തിൽ തുടരുന്നു.
3. താങ്കൾക്ക് ---------- രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ട്.
4. താങ്കളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.
5. മറ്റു കാരണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റി/
കോർപ്പറേഷന്റെ ബന്ധപ്പെട്ട അധികാരി

(ഓഫീസ് സീൽ)

അപേക്ഷകന് :

സാമൂഹ്യക്ഷേമ (സി)വകുപ്പ്
തിരുവനന്തപുരം.
തീയതി. 21/12/1998

നംപർ .9251/സി 1/98/സ.ക്ഷേ.വ

സർക്കുലർ

വിഷയം : **സാമൂഹ്യക്ഷേമം – ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലെ ദേശീയ മാതൃസഹായ പദ്ധതി– സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച്**

സുചന: 1) 13.12.95 ലെ ജി.ഒ.(പി) 47/95/ സാ.ക്ഷേ.മ. നംപർ സർക്കാർ ഉത്തരവ്
2) 14–8–98 ലെ ജി.ഒ (പി) 23–98–സാ.ക്ഷേ.മ. നംപർ സർക്കാർ ഉത്തരവ്

സൂചന ഒന്ന് പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽപ്പെട്ട ദേശീയ മാതൃകസഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുതുന്ന കാലതാമസം ഒഴിവാക്കി യഥാസമയം ധനസഹായ തുക വിതരണം ചെയ്യുന്നതിനു പദ്ധതി വ്യവസ്ഥകൾ ലഘുകരിക്കുന്നതിന്റെ ഭാഗമായി അപേക്ഷകർക്ക് എല്ലാ റജിസ്ട്രേഡ് മെഡിക്കൽ പ്രക്ടീഷണർമാരിൽ നിന്നോ, കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ റജിസ്റ്റർ ചെയ്തീട്ടുള്ള നേഴ്സിംഗ് ഉദ്യോഗസ്ഥരിൽ നിന്നോ ഉള്ള സർട്ടിഫിക്കറിറുകൾ ഹാജരാക്കി ധനസഹായം വാങ്ങാവുന്നതാണ് എന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു

സി. സുമതിയമ്മ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കലക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ/മുൻസ്സിപ്പൽ ഡയറക്ടർ

GOVERNMENT OF KERALA
Abstract

Social Welfare Department- National Social Assistance programme- NSAP GDIF CAROR TO THE EXISTING GUIDELINES- ORDERS ISSUED

SOCIAL WELFARE (C) DEPARTMENT

G.O.(P)No. 52/99/SWD Dated. Thiruvananthapuram, 29 th November 1999

Read :- 1 G.O(P) No. 47/95/SWD dated 13.12.1995
2. G.O(P) No. 11/97/SWD dated 7.4.1997
3.G.O(P) No. 23/98/SWD dated 14.8.1998

ORDER

In the G.O. read as Ist paper above Government have issued detailed guidelines for the implementation of the three schemes under NSAP in the state.

While reviewing the progress of implementation of the scheme NSAP in the state, Government of India expressed their concern about the slowpace of progress in the implementation of the schemes in the states, especially KCAOS. The main problem pointed out for the poor performance of NSAP is that much difficulty is being experienced in identifying the beneficiaries below poverty line with necessary certificates from the Villages Officers. The petitioners also have to get petitions recommended by the Ward member of the concerned Panchayath etc. in order to overcome these difficulties and make the procedure. Accordingly, the following modifications to the existing guidelines for the implementation of the NSAP Schemes in the state are hereby ordered.

(a) For sanctioning Old age pension, the recommendation of the ward Member need not be insisted upon, Since he is a member of the sanctioning authority

(b) A time frame should be fixed for the receipt of application, scrutiny and taking decision thereon. All applications for pension should be received during april/May every year, the scrutitiny and decisions on them have to be completed during the next two months and the list to be finalised within the next two months. This procedure was outlined earlier and will continue to be observed.

(c) If the application is not decided within 60 days of its receipts the application should be allowed to approach the appellate authority who could proceed/treating the applicants request as an appeal.

The guidlines issued as per reference cited, will stand modified to the above extent.

By order of the Governor

sd/
Sri. SATAYANARAYANAN DASR
Financial Secretary to Government

GOVERNMENT OF KERALA

Abstract

Local Self Government - Recommendation of the Committee on Decentralisation of Powers – Measures to Take Care Additional Work Load in Local Governments - Orders Issued.

LOCAL SELF GOVERNMENT (P) DEPARTMENT

G.O.(P) No. 189/2000/LSGD Dated, Thiruvananthapuram, 4.7.2000

ORDER

The Committee on Decentralisalion of Powers, in Vol. III Part A of its Final Report dealing with "Strengthening of Professional and Ministerial Support to Local Governments" has stated that even after deployment of staff there would be some additional work in local Governments and has suggested measures to take care of this additional work.

Government have examined the suggestions in detail and are pleased to order as follows:

(1) The departmental units transferred to the local governments would do the processing of various cases and projects related to their area of functioning, maintain accounts, prepare progress reports and do related works.

(2) All files would be processed and kept in the unit offices. They would move to the local government for orders, which are issued as resolutions. The draft minutes and draft resolutions concerning the area of work of each unit office should be as far as possible prepared by the respective unit offices.

(3) As regards public works, all the file work would be done at the level of the concerned engineer and records are to be kept in his office. However, such engineers would not be implementing officers. The payment for works would be recommended in the files and sent to the implementing officer who would authorise and make the payments after following the normal procedure in such cases.

(4) Field enquiries for sanction of pensions would be done in the village panchayats by the following officials:

(i)	Agriculture labour pension	-	Agriculture Demonstrators
(ii)	Unemployment allowance	-	Secretary of Village Panchayat
(iii)	Widow pension	-	ICDS Supervisor
(iv)	NSAP	-	Village Extension Officer/LVEO
(v)	Insurance	-	Village Extension Officer/LVEO
(vi)	Handicapped pension	-	Helath Inspector
(vii)	Maternity benefit scheme	-	Health Inspector

Similar division of work would be made by the municipalities and corporations:

(5) A model division of work among the unit offices for a village panchayat is given below:

Agriculture Sector including Minor Irrigation and Watershed Management	Agriculture officers
Animal Husbandry and Dairy Development	Veterinary Doctors
Women and Child Development	ICDS Supervisor
Industries	Village Extension Officer/
SC/ST development	Lady Village Extension Officer/
Anti-poverty Programmes	(each panchayat to be divided into two circles)
Sanitation	

Health-PHC	Doctors at the Panchayat level
Public Works	
(a) Sectional	By the sectoral officers
(b) General	Secretary of Village Panchayat
Education	Secretary of Village Panchayat
Water Supply	Secretary of Village Panchayat

Similar division of work would be made by the municipalities and corporations.

6) The Local Self Government Department would issue guidelines to utilise voluntary services of Government employees and others by organising manpower banks.

7) Village panchayats are permitted to hire qualified manpower. Village panchayats may hire local people on piece rate basis for work related to disbursement of pension, finalisation of accounts, preparation of monitoring forms, writing of projects and such related items of work at a total cost not exceeding that of a 100 man days every year. 50% of such part-time work should be given to women. Each year mandatorily a new set of people has to be utilised.

8) A manual of office procedure for local governments would be prepared as appropriate to the kind of work being done in local governments and in keeping with the requirements at each level

By order of the Governor,

M. MOHANKUMAR

Chief Secretary to Government

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് – അവിവാഹിതരായ അൻപത് വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

ജി.ഒ (സാധാരണ) 14/2001/സാ.ക്ഷേ.വ തിരുവനന്തപുരം, തീയതി. 31.03.2001

പരാമർശം : – 1. സാമൂഹ്യക്ഷേമ ഡയറകടറുടെ 9.1.2001 ലെ എഫ്.1 – 1424/2001 നമ്പർ കത്ത്
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 9.1.2001 ലെ എഫ്.ബി(എ) 43812/2000 നമ്പർ കത്ത്

ഉത്തരവ്

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടതും ഇതുവരെ സാമൂഹ്യസുരക്ഷാ പദ്ധതികളിലൊന്നും കൊണ്ടുവരപ്പെടാത്തതുമായ 50 വയസ്സിന് മേലെയുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ഒരു പെൻഷൻ പദ്ധതി 20002001 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു – ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടതും ഇതുവരെ സാമൂഹ്യസുരക്ഷാ പദ്ധതികളിലൊന്നും ഉൾപ്പെടാത്തതുമായ അവിവാഹതിരമായ 50 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പദ്ധതി 1.4.2001 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

പദ്ധതിയുടെ പൂർണ്ണരൂപം അനുബന്ധമായി ചേർത്തിരിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. സത്യനാരായണ ഭാഷ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ

അൻപത് വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി

1.	പേര്	അൻപത് വയസ്സിൽകൂടുതൽ പ്രയാമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി
2.	ഉദ്ദേശ്യം	അവിവാഹിതരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും അൻപത് വയസ്സിൽ കൂടുതൽ പ്രായമുള്ളവരുമായ സ്ത്രീകൾക്ക് സാമ്പത്തികാശ്വാസം നൽകുക
3.	വ്യാപ്തി	നിലവിലുള്ള പെൻഷൻ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കാത്തവുരം ഈ പദ്ധതി നിഷ്കർഷിക്കുന്ന വരുമാന പരിധിക്കുള്ളിൽ വരുന്നവരുമായ അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകളെ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്
4.	നിർവചനങ്ങൾ	ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർത്ഥമാക്കുന്നത്
5.	പെൻഷൻ തുക	പെൻഷൻ തുക പ്രതിമാസം 110 രൂപ
6.	അർഹത	1. കേരള സംസ്ഥാനത്തിനുള്ള സ്ഥിരതാമസക്കാരും അൻപത് വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കായിരിക്കും പെൻഷൻ അനുവദിക്കുക 2. അപേക്ഷകയുടെ വാർഷിക വരുമാനം 6000/ രൂപയിൽ കവിയാൻ പാടില്ല 3. മറ്റേതെങ്കിലും തരത്തിലുള്ള പെൻഷൻ ലഭിക്കുന്നവർക്ക് ഈ പെൻഷന് അർഹതയില്ല
7.	അപേക്ഷിക്കേണ്ട രീതി	ഈ പദ്ധതിയുടെ ആനുകൂല്യം ആവശ്യമുള്ളവർ അനുബന്ധം 1 ൽ സൂചിപ്പിച്ചിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിക്ക് നൽകണം. അപേക്ഷയോടൊപ്പം വരുമാനം, വയസ്സ്, വിവാഹിത അല്ല എന്ന് തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കണം
8.	അപേക്ഷയിൽ മേലുള്ള നടപടിക്രമങ്ങൾ	നിർദ്ദിഷ്ഠ ഫോറത്തിലുള്ള അപേക്ഷകളിൽ അതിന്റെ അർഹത സംബന്ധിച്ച റിപ്പോർട്ട് (വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെ) നിശ്ചിത ഫോറത്തിൽ ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നഗര പ്രദേശങ്ങളിൽ മുനിസിപ്പൽ സെക്രട്ടറിയോ നഗരസഭാ സെക്രട്ടരിയോ ചുമതലപ്പെടുത്തുന്ന റവന്യൂ ഇൻസ്പെക്ടറോ അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകേണ്ടതാണ്. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ വാർഡ് മെമ്പറുടെയോ മുനിസിപ്പൽ /നഗരസഭകളഇൽ കൗൺസിലറുടെയോ അഭിപ്രായവും രേഖപ്പെടുത്തി ഒരു മാസത്തിനകം ബന്ധപ്പെട്ട സമിതികൾ അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പാലിറ്റി സമിതികൾ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതാതു തലങ്ങളിലെ സമിതി സെക്രട്ടരി പെൻഷൻ അനുദിക്കുന്ന ഉത്തരവ് എത്രയും വേഗം ഓരോ വ്യക്തികൾക്കും നൽകേണ്ടതാണ്. നിരസിക്കപ്പെടുന്ന ഓരോ അപേക്ഷയെ സംബന്ധിച്ചം നിരസിക്കാനുണ്ടായ വ്യക്തവും വിശദവുമായ കാരണം രേഖപ്പെടുത്തി സെക്രട്ടറി എത്രയും വേഗം നിരസിക്കപ്പെട്ട അപേക്ഷകരെ അറിയിക്കേണ്ടതാമ്. അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് അപ്പീലിനു ബാദ്ധ്യതയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നത് ആയിരിക്കും. പെൻഷൻ അനുവദിച്ചുക1ണ്ട് തദ്ദേശസ്ഥാപനതതിലെ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുന്ന അതേ മാസം 1–ാം തീയതിയോടെ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

		ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗുണഭോക്താക്കളുടെ എണ്ണം നിജപ്പെടുത്തണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടോ മണി ഓർഡർ മുഖേനയോ പെൻഷൻ വിതരണം ചെയ്യേണ്ടതാണ്. പെൻഷൻ ലഭിക്കുന്ന സ്ത്രീ രണ്ട് വർഷം പൂർത്തിയാക്കുമ്പോൾ താൻ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്നതിനായി നിശ്ചിത ഫോറത്തിൽ (അനുബന്ധം 2) ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം അതാത് തദ്ദേശസ്വയംഭരണ മേധാവിക്ക് നൽകേണ്ടതാണ്. എങ്കിൽ മാത്രമേ പെൻഷൻ തുടർന്ന് ലഭിക്കുകയുള്ളൂ.
9.	അപ്പീൽ	പെൻഷൻ അനുവദിക്കുന്ന അധികാരിയുടെ ഉത്തരവിന്മേൽ പരാതിയുള്ള പക്ഷം ഉത്തരവ് കൈപ്പറ്റി 30 ദിവത്തിനകം ഉത്തരവിന്റെ പകർപ്പ് സഹിതം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകേണ്ടതാണ്
10.	ഫണ്ടിന്റെ വിനിയോഗം	ഈ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിക്കുന്ന ഫണ്ട് ഓരോ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നൽകുന്നതാണ്. അതാത് ജില്ലാ കളക്ടർമാർ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. ഏതെങ്കിലും ഓഫീസർ തെറ്റായ അന്വേഷണം നടത്തുകയും അത് അർഹതയില്ലാത്തയാളിന് പെൻഷൻ നൽകാൻ കാരണമാക്കുകയും ചെയ്താൽ അങ്ങനെയുള്ള പെൻഷൻ നൽകലിന് ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതും അത് വഴി സർക്കാരിനു വരുന്ന നഷ്ടം അയാളിൽ നിന്നും ഈടാക്കുന്നതുമാണ്. അനുവദിച്ച അപേക്ഷകളെ സംബന്ധിച്ച് പട്ടിക ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അതത് തദ്ദേശഭരണ സെക്രട്ടറിമാർ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

ലിസ്റ്റിന്റെമാതൃക

ക്രമനം.	അപേക്ഷകയുടെ പേരും മേൽവിലാസവും	ഫയൽ നമ്പർ	പെൻഷൻ അനുവദിച്ച തീയതി	ആവശ്യമായ തുക		
				പെൻഷൻ തുക	മണി ഓർഡർ ചാർജ്ജ്	ആകെ
1	2	3	4	5	6	7

ഒരു പദ്ധതിയുടെ വിനിയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് യാതൊരു കാരണവശാലും മറ്റൊരു പദ്ധതിയുടെ വിനിയോഗത്തിനായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

1 1. **രജിസ്റ്ററുകൾ** – തദ്ദേശസ്ഥാപനങ്ങളിൽ ലഭിക്കുന്ന ഓരോ അപേക്ഷയും അതു കിട്ടിയ തീയതി ക്രമത്തിൽ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്

2. അനുവദിച്ച കേസുകളുടെ രജിസ്റ്റർ
3. പെൻഷൻ വിതരണ രജിസ്റ്റർ
4. മണി ഓർഡർ റിട്ടേർഡ് രജിസ്റ്റർ
5. ക്യാഷ് ബുക്ക്

1 2. കണക്കുകളെ സംബന്ധിച്ച വിവരം

അതാത് തദ്ദേഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഓരോ മാസവും ചെലവുകൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് തൊട്ടടുത്തുള്ള മാസത്തിലെ ആദ്യ ആഴ്ച തന്നെ ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. സെക്രട്ടറിമാരിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ജില്ലാതല ചെലവുകളുടെ സ്റ്റേറ്റ്മെന്റ് ഓരോ മാസവും രണ്ടാമത്തെ ആഴ്ച തന്നെ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതാണ്. ജില്ലകളിൽ നിന്നം ലഭിക്കുന്ന കണക്കുകൾ ക്രോഡീകരിച്ച സംസ്ഥാനതല ചെലവുകളുടെ സ്റ്റേറ്റ്മെന്റ് ലാന്റ് റവന്യൂ കമ്മീഷണർ ഓരോ മാസവും 20–ാം തീയതിക്ക് മുമ്പായി സർക്കാരിൽ തദ്ദേശസ്വയംഭരണവും, ധനകാര്യവും സാമൂഹ്യക്ഷേമവകുപ്പുകൾക്ക് നൽകേണ്ടതാണ്.

അനുബന്ധം 1

അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്ക് പെൻഷന് വേണ്ടി അപേക്ഷിക്കുന്നതിനുള്ള ഫാറം

1. അപേക്ഷകയുടെ പേരും മേൽവിലാസവും	
2. ജനന തീയതി, വയസ്സ്	
3. സ്ഥിരമായ മേൽവിലാസവും (ദേശം, വില്ലേജ്, താലൂക്ക്, ജില്ല ഉൾപ്പെടെ)	
4. വാർഷിക വരുമാനം	
5. അടുത്ത ബന്ധുക്കളുടെ പേരും വിവരവും	
6. സ്വന്തമായി പാർപ്പിടമോ, സ്ഥലമോ ഉണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം	
7. ചെയ്തുകൊണ്ടിരിക്കുന്ന/ചെയ്കുകൊണ്ടിരിക്കുന്ന തൊഴിൽ	
8. പെൻഷൻ വിതരണം ചെയ്യേണ്ട രീതി	
9. പോസ്റ്റാഫീസിന്റെ പേര് (പിൻകോഡ് സഹിതം)	
10. മറ്റെന്തെങ്കിലും പെൻഷൻ ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ വിശദ വിവരം	

പ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകളെല്ലാം സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകയുടെ ഒപ്പ്/വിരലടയാളം

തീയതി :

അനുബന്ധം 2

അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം രണ്ട് വർഷത്തിലൊരിക്കൽ നൽകേണ്ട സർട്ടിഫിക്കറ്റ്

സർട്ടിഫിക്കറ്റ്

അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി

.....ജീവിച്ചിരിപ്പുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പേര് :

ഒപ്പ് :

തീയതി :

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് – അൻപത് വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി അപേക്ഷയോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റ് – അംഗീകരിച്ച് ഉത്തരവാക്കുന്നു.

സാമൂഹ്യക്ഷേമ (സി) വകുപ്പ്

ജി.ഒ (സാധാരണ) 197/2001/സാ.ക്ഷേ.മ തിരുവനന്തപുരം, തീയതി. 21.07.2001

പരാമർശം : – 1. 31.03.2001 ലെ ജി.ഒ (എം.എസ്) 14/2001/സാ.ക്ഷേമ. നമ്പർ സർക്കാർ ഉത്തരവ്
2. 24.7.2001 ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എഫ്ബി(എ) 43280/2001 നമ്പർ കത്ത്

ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം ഉത്തരവായ അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ആനുകൂല്യത്തിന് അപേക്ഷ നൽകുമ്പോൾ വരുമാനം, വയസ്സ്, വിവാഹിത അല്ല എന്ന് തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കണം എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച് പല സംശയങ്ങളും ഉയർന്നു വന്നിരുന്നു.

2. ഈ സാഹചര്യത്തിൽ മേൽ വിവരിച്ച പല സർട്ടിഫിക്കറ്റുകൾക്ക് പകരം താഴെ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള ഒരു സർട്ടിഫിക്കറ്റ് മാത്രം അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും എന്ന് ഉത്തരവാകുന്നു.

അൻപത് വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അപേക്ഷയോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റ്

..... ജില്ലയിൽ ..... താലൂക്കിൽ ..... വില്ലേജിൽ ..... വീട്ടിൽ താമസിക്കുന്ന ..... വയസ്സുള്ള (ശ്രീമതി ..... യുടെ വാർഷിക വരുമാനം ..... രൂപയാണെന്നും അവർ അവിവാഹിതയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :–
തീയതി :– സീൽ വില്ലേജ് ഓഫീസർ

3. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അതാത് വില്ലജ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും
4. പരാമർശം ഒന്നിലെ ഉത്തരവിന്മേൽ വിവരിച്ച രീതിയിൽ ഭേദഗതി വരുത്തിയിരിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജി. ശശികുമാർ
അഡീഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ (എൽ) വകുപ്പിൽ നിന്നും 25.06.2002 ൽ ജി.ഒ(പി) 105/2002/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ്
വേണ്ടി

സംഗ്രഹം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – സാമൂഹ്യ സഹായ പദ്ധതികൾ – സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണവും മറ്റും ദ്രുതഗതിയിലാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :– **7.4.1997 ലെ ജി.ഒ (പി) നമ്പർ 11/97/സാ.ക്ഷേ.വ. നമ്പർ ഉത്തരവ്**

ഉത്തരവ്

സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവർക്ക് ആശ്വാസം ലഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കാലതാമസം വരുന്നതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന സാമൂഹ്യസായ പദ്ധതികളും മറ്റു ദ്രുതഗതിയിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ

അഗതികൾക്കും വികലാംഗർക്കും (മന്ദബുദ്ധികൾ ഉൾപ്പെടെ)യുള്ള പെൻഷൻ ഇതിൽ വരുന്നത്. 7.4.1997 ലെ ജി.ഒ (പി) 11/97/സാ.ക്ഷേ.വ നമ്പരായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ച് അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ പെൻഷൻ അനുവദിക്കാൻ കുറഞ്ഞത് രണ്ട് മാസത്തിലധികം സമയം വേണ്ടിവരും. പെൻഷനുള്ള അപേക്ഷകളിൽമേൽ ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നഗരസഭാ സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അന്വേഷിച്ച് അപേക്ഷകൾ അന്വേഷണ റിപ്പോർട്ടിനൊപ്പം ഗ്രാമപഞ്ചായത്ത്/നഗരസഭാ ഭരണ സമിതികലിൽ സമർപ്പിക്കണമെന്നും ഭരണ സമിതികൾ ഒരു മാസത്തിനകം തീരുമാനം തെരഞ്ഞെടുക്കണമെന്നുമാണ് പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. പെൻഷൻ അനുവദിച്ച അപക്ഷകളുടെ പട്ടിക ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പെൻഷൻ വിതരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ജില്ലാ കളക്ടർ ഫണ്ടനുവദിക്കുന്ന മുറക്ക് പെൻഷൻ വിതരണം ചെയ്യുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടിക്രമങ്ങളിൽ, അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് 10 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്/നഗരസഭാ സമിതികളിൽ വെച്ച് പെൻഷൻ അനുവദിക്കാനുള്ള സമയപരിധി 30 ദിവസത്തിൽ നിന്ന് കുറയ്ക്കാനാവില്ല. കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പൽ നിയമങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത്/നഗസരഭാ സ്ഥാപനങ്ങളുടെ ഭരണസമിതികൾ മാസത്തിൽ ഒരു പ്രാവശ്യം കൂടിയാൽ മതിയാകും. അതിൽ കുറഞ്ഞ സമയത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത്/നഗരസഭാ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ കൂടണമെന്ന് നിയമാനുസൃതമായി പറയാൻ നിർവാഹമില്ലാത്തതിനാലാണ് അന്വേഷണ റിപ്പോർട്ട് കിട്ടിയശേഷം പെൻഷൻ അനുവദിക്കുന്നതിനുള്ള ഒരു മാസത്തെ സമയം കുറയ്ക്കാനാവാതെ വരുന്നത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പെൻഷൻ പരമാവധി 40 ദിവസ

ത്തിനകം അനുവദിക്കേണ്ടതാണ്. പെൻഷൻ വിതരണത്തിന് അതിന് ശേഷം ജില്ലാ കളക്ടർ അലോട്ട് ചെയ്യണം.

2. പൗരാവകാശ രേഖ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 272 അനുസരിച്ച് ഓരോ പഞ്ചായത്തും പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ചുരുക്കും ചില പഞ്ചായത്തുകളിലെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളൂ. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയ സ്ഥാപനങ്ങൾ അവ വർഷത്തിലൊരിക്കൽ കാലാനുസൃതമായി പുതുക്കണമെന്ന് വകുപ്പിൽ പറയുന്നുണ്ട്. സമാനമായ വ്യവസ്ഥ മുനിസിപ്പാലിറ്റി ആക്ടിലെ 563(എ) വകുപ്പിലും ഉണ്ട്.

അതിനാൽ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 2002 ജൂലൈ 31ന് മുൻപ് പൗരാവകാശ രേഖകൾ പ്രസിദ്ധപ്പെടുത്തേണ്ടതും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയ പഞ്ചായത്തുകൾ/നഗരസഭകൾ വർഷത്തിലൊരിക്കൽ കാലാനുസൃതമായ മാറ്റത്തോടെ അവ പുതുക്കേണ്ടതുമാണ്.

3. ജനന മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ

വിവാഹ സർട്ടിഫിക്കറ്റുകൾ, ജനന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റുകൾ എന്നിവ എത്ര ദിവസത്തിനുള്ളിൽ നൽകണമെന്ന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ ഇവ വിതരണം ചെയ്യുന്നതിനു പല കാരണങ്ങളാലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുലം താമസം വരുന്നുമുണ്ട്. ആയതിനാൽ ജനനമരണ സർട്ടിഫിക്കറ്റുകൾ 7 (ഏഴ്) ദിവസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
(ഒപ്പ്)

പി. കമാൽകുട്ടി
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ
സംഗ്രഹം

1998–ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 18–ന് ഭേദഗതി വരുത്തിയത് – മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും പുനരധിവാസവും (ആർ)വകുപ്പ്

ജി.ഒ.(പി) നമ്പർ 41/2003/തൊഴിൽ തിരുവനന്തപുരം, തീയതി 23.08.2003

പരാമർശം:– **1. 16.04.1998–ലെ ജി.ഒ.(പി) 18/98/തൊഴിൽ നമ്പർ ഉത്തരവ്**
2. 14.03.2000 ലെ ജി.ഒ.(പി) 31/200/തൊഴിൽ നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 8.8.2001ലെ ജി48627/01 നമ്പർ കത്ത്
4. ലേബർ കമ്മീഷണറുടെ 3–4–2002–ലെ പി2–16453/01 നമ്പർ കത്ത്

ഉത്തരവ്

പരമാർശം 2–ലെ ഉത്തരവ് പ്രകാരം 1998–ലെ കേരള കർഷകതൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 18–ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം ഒരു പെൻഷണർ മരിച്ചുപോവുകയാണെങ്കിൽ മരണം നടന്ന മാസവരെയുള്ള പെൻഷൻ കുടിശ്ശിക അവകാശികൾക്ക് നൽകാവുന്നതാണ് എന്ന് ഉത്തരവായിരുന്നു.

എന്നാൽ കുടിശ്ശിക അവകാശികൾക്ക് നൽകുന്നതിന് ഉത്തരവായെങ്കിലും പ്രാബല്യ തീയതി പ്രസ്താവിക്കാതിരുന്നതിനാൽ 16.04.1998 നും 14.03.200 നും ഇടയിൽ മരണമടഞ്ഞ പെൻഷണറുടെ അവകാശികൾക്ക് കുടിശ്ശിക നൽകിയിരുന്നില്ല എന്നും ആയതിനാൽ 14.03.200–ലെ ഉത്തരവിന് 16.04.1998 മുതലുള്ള മുൻകാല പ്രാബല്യം നൽകണമെന്ന് പരാമർശം 4–ലെ കത്ത് പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14.03.200–ലെ ജി.ഒ.(പി) 31/2000/തൊഴിൽ ഉത്തരവിന് 16.04.1998 മുതലുള്ള മുൻകാല പ്രാബല്യം നൽകി ഭേദഗതിവരുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.എം. ജയനാരായണൻ

ജോയിന്റ് സെക്രട്ടറി

കേരള സർക്കാർ

57414/ഡിപി.1/03/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 18-12-2003

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 05/11/03-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗതീരുമാനം നം. 2.20

05.11.2003-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി ചർച്ച ചെയ്തു തീരുമാനിച്ചതിൻപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നീതിപൂർവ്വവും സമയബന്ധിതവുമായി വിതരണം ചെയ്യുന്നതിന് ഗ്രാമസഭകളുടെ/വാർഡ്സഭകളുടെ പങ്ക് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഓരോ തലത്തിലെയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാ തലത്തിൽ നടത്തണം.

(2) പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകൾ, അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട/തിരസ്ക്കരിച്ച അപേക്ഷകൾ എന്നിവയുടെ വിശദ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

1150/സി/04/സാക്ഷേവ. നമ്പരായി 03.05.04 -ാം തീയതി ഗവണ്മെന്റ് സെക്രട്ടറി, സാമൂഹ്യ ക്ഷേമ(സി) വകുപ്പ്, തിരുവനന്തപുരം, ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ച കത്തിന്റെ ശരിപ്പകർപ്പ്

സർ,

വിഷയം :- **ചെങ്ങന്നൂർ നഗരസഭ വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ ബുദ്ധിമുട്ട് സംബന്ധിച്ച്**

സൂചന : താങ്കളുടെ 30.05.02 ലെ 55295/99/എം6/നമ്പർ ഉത്തരവ്

സൂചനയിലെ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ചെങ്ങന്നൂർ നഗരസഭയിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ മണി ഓർഡർ വഴി വിതരണം ചെയ്യാൻ കഴിയുന്നില്ലാ എന്ന് ചെങ്ങന്നൂർ നഗസരഭാ ചെയർമാൻ സർക്കാരിനെ അറിയിച്ചിരുന്നു. 13.12.95 ലെ ജി.ഒ (പി) 47/95/സാക്ഷേവ, ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ദേശീയ വാർദ്ധക്യകാല പെൻഷൻ ചട്ടങ്ങളിൽ മണി ഓർഡർ കമ്മീഷൻ കുറവ് ചെയ്യാതെ പ്രസ്തുത പെൻഷൻ ഉപഭോക്താക്കൾക്ക് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന് ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സൂചനയിലെ ഉത്തരവ് പ്രകാരം മണി ഓർഡറായി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകാൽ പാടില്ല എന്ന ഉത്തരവ് ചട്ടങ്ങൾ വിരുദ്ധമാണെന്ന് അറിയിക്കുന്നു. അതിനാൽ 13.12.95 ലെ ജി.ഒ (പി) 47/95/സാക്ഷേവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരം ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം നടത്താൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

എം. വൽസല കുമാരി
അണ്ടർ സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് – 50 വയസ്സിനു മേൽ പ്രായമുള്ള കുട്ടികളുള്ള അവിവാഹിതരായ അമ്മമാർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

സാമൂഹ്യക്ഷേമ വകുപ്പ്

ജി.ഒ(എം.എസ്) നം. 43/04/സാക്ഷേവ. തിരുവനന്തപുരം, തീയതി 01.07.2004

പരാമർശം :– 1. 31.03.2001 ലെ ജി.ഒ(എം.എസ്) നം 14/2001/സാക്ഷേവ, നമ്പർ ഉത്തരവ്

2. കൊല്ലം ജില്ലാ കളക്ടറുടെ 29.08.2003 ലെ എൻ. 5.35054/03 നമ്പർ കത്ത്

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.10.2003 എഫ്.ബി.എ – 4-40402/2003/എൽഡി സ്. നമ്പർ കത്ത്

ഉത്തരവ്

പരമാർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം 50 വയസ്സിനു മേൽ പ്രായമുള്ള സാമൂഹ്യസുരക്ഷ പദ്ധതികളിലൊന്നും ഉൾപ്പെടാത്ത അവിവാഹിതരമായ സ്ത്രീകൾക്ക് പെൻഷൻ അനുവദിച്ചു കൊണ്ട് ഉത്തരവായി. ടി പെൻഷൻ പദ്ധതി പ്രകാരം അവിവാഹിതരും 50 വയസ്സ് തികഞ്ഞതുമായ വിവാഹം കഴിക്കാതെ കുട്ടികളുള്ള അമ്മമാർ അപേക്ഷ നൽകിയിരിക്കുന്നതിനാൽ ഇവരുടെ അപേക്ഷകർ സ്വകരിക്കാമോ, ഇവർക്ക് ആനുകൂല്യം നൽകാമോ എന്നതിനെ സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിലുള്ള വരുമാനം പരിശോധിച്ച് വിധേയമാക്കി 50 വയസ്സിനുമേൽ പ്രായമുള്ള കുട്ടികളുള്ള അവിവാഹിതരമായ അമ്മമാർക്കും 31.03.2001 ലെ ജി.ഒ(എം.എസ്) നം. 14/2001/സാക്ഷേവ ഉത്തരവ് അനുസരിച്ച് പെൻഷൻ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ലിഡാ ജേക്കബ്
ഗവണ്മെന്റ് സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം

തൊഴിൽ വകുപ്പ് – 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി– ഭേഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും പുനരധിവാസവും (എച്ച്)വകുപ്പ്

ജി.ഒ(പി)നമ്പർ. 1764/2005/തൊഴിൽ. തീയതി.തിരുവനന്തപുരം, 28.06.2005

പരാമർശം : – 1. 28.05.1998 ലെ ജി.ഒ (പ)നമ്പർ 23/98/തൊഴിൽ

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.06.2004 ലെ ക്യൂ 417258/04/ഡി.ഇ. നമ്പർ കത്ത്

എംബ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരള തൊഴിൽ രഹിത പദ്ധതി നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകികൊണ്ട് പരാമർശം 1ലെ ഉത്തരവ് പ്രകാരം കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ടി ചട്ടങ്ങളിൽ ചട്ടം 13 താഴെ പറയും പ്രകാരമാണ്.

''വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസ മാറ്റം/മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ/തദ്ദേശഭരണ സ്ഥാപന അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. വേതനം കൈപ്പറ്റിക്കൊണ്ടിരിക്കന്ന ആൾ വേറൊരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറുമ്പോൾ വേതനം റദ്ദ് ചെയ്യുന്നതും ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശഭരണ സ്ഥാപനത്തിൽ പുതുതായി വേതനത്തിന് അപേക്ഷിക്കേണ്ടതുമാണ്''.

2. മേൽ പ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നിന്നും മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറ്റുന്ന ഗുണഭോക്താവിന് നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം റദ്ദ് ചെയ്ത് പുതിയതായി അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം മുതലുള്ള വേതനം മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ ഏകദേശം 20 മാസത്തിലധികം വേതന കുടിശ്ശികയുള്ളതിനാൽ ഈ കുടിശ്ശിക അപ്രകാരമുള്ള ഗുണഭോക്താവിന് നഷ്ടപ്പെടുന്നു. അങ്ങിനെ താമസം മാറുന്ന ഗുണഭോക്താക്കൾക്ക് വേതനം റദ്ദ് ചെയ്ത് മാസം വരെ പഴയ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽതന്നെ സ്ഥിരതാമസമായിരുന്നുവെന്ന് തദ്ദേശഭരണാധികാരികൾ ഉറപ്പ് വരുത്തിയ ശേഷം റദ്ദ് ചെയത് മാസം വരെയുള്ള തൊഴിൽ രഹിത വേതനം പഴയ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും വിതരണം നടത്തുന്നതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് പരാമർശം രണ്ടിലെ കത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ ശുപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നിലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998 ലെ കേരള തൊഴിൽ രഹിത

വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 13 താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചട്ടം 13 ''വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ/തദ്ദേശഭരണ സ്ഥാപന അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. വേതനം കൈപ്പറ്റിക്കൊണ്ടിരിക്കന്ന ആൾ വേറൊരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറ്റുമ്പോൾ വേതനം റദ്ദ് ചെയ്യുന്നതും, ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശഭരണ സ്ഥാപനത്തിൽ പുതുതായി വേതനത്തിന് ഒരു മാസത്തിനകം അപേക്ഷിക്കേണ്ടതുമാണ്. അപ്രകാരം അപേക്ഷ ലഭിച്ചാൽ കഴിയുന്നതും വേഗം ആ തദ്ദേശഭരണ സ്ഥാപനം അപേക്ഷ തീർപ്പാക്കേണ്ടതാണ്. അപ്രകാരം തീർപ്പാക്കുന്നത് വരെയുള്ള വേതനം പഴയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്''.

''കുറിപ്പ് : ഒരു മാസം കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷയും മതിയ കാരണങ്ങളുണ്ടെങ്കിൽ പരിഗണിക്കാവുന്നതാണ്'.

4. പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്

സി മോഹനൻ
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി.പി) വകുപ്പ്

നമ്പർ 36854/ഡി.പി1/2005/തസ്വഭവ — തിരുവനന്തപുരം, തീയതി 01.08.2005

സർക്കുലർ

വിഷയം : സാമൂഹ്യ സുരക്ഷാ പെൻഷനുകളുടേയും തൊഴിലില്ലായ്മ വേതനത്തിന്റെയും വിതരണം സംബന്ധിച്ച്

സൂചന :
1. ധനകാര്യവകുപ്പ് മന്ത്രിയുടെ 21.7.2005 ലെ കുറിപ്പ്.
2. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 23.7.2005 ലെ 54153/ BWC2/ 2005/Fin നമ്പർ കുറിപ്പ്.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും തൊഴിലില്ലായ്മ വേതനവും 2005 ആഗസ്റ്റ് മുതൽ എല്ലാ മാസവും 1-ാം തീയതി തന്നെ വിതരണം ചെയ്യുന്നതാണെന്ന് ഗവൺമെന്റ് നിയമസഭയ്ക്ക് ഉറപ്പു നൽകിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളും മുഖേന വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളും തൊഴിലില്ലായ്മാവേതനവും എല്ലാ മാസവും 1-ാം തീയതി തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ നിർബന്ധമായും പാലിക്കേണ്ടതാണ്.

(i) 1-ാം തീയതി തന്നെ തുക വിതരണം ചെയ്യുന്നതിന് ഓരോ മാസവും അവസാനവാരത്തിൽ തന്നെ ഇതിനുവേണ്ട എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കേണ്ടതാണ്.

(ii) വിതരണം ചെയ്യുന്നതിനാവശ്യമായ തുക അനുവദിച്ചു കിട്ടിയിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പുവരുത്തണം. അലോട്ട്മെന്റ് (allotment) യഥാസമയം ലഭിച്ചില്ലെങ്കിലോ, അനുവദിച്ച് കിട്ടിയ തുക കുറവാണെങ്കിലോ വിവരം ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി തുക ലഭ്യമാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

(iii) തുക വിതരണം ചെയ്യുന്നതിനാവശ്യമായ എല്ലാവിധ നടപടിക്രമങ്ങളും, മണി ഓർഡറായി അയയ്ക്കുന്ന പെൻഷനുകളെ സംബന്ധിച്ച് മണി ഓർഡർ ഫോമുകൾ പൂരിപ്പിക്കുന്നത് ഉൾപ്പെടെയുള്ളവ, 1-ാം തീയതിക്ക് മുമ്പ് തന്നെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

(iv) 1-ാം തീയതി തന്നെ ബില്ലു മുഖേന ട്രഷറിയിൽനിന്ന് തുക പിൻവലിക്കേണ്ടതും അന്നു തന്നെ വിതരണം ചെയ്യേണ്ടതുമാണ്.

(v) എല്ലാ മാസവും 1-ാം തീയതി തന്നെ തുക വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത്. സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ്. ഇതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) തുക വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ സംബന്ധിച്ച് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരും മോണിറ്റർ ചെയ്യേണ്ടതും എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ ഉടൻ തന്നെ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി.പി. വകുപ്പ്)

നമ്പർ 39368/ഡി.പി1/05/തസ്വഭവ — തിരുവനന്തപുരം, തീയതി 22.08.2005

സർക്കുലർ

വിഷയം : - മത്സരപരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതു സംബന്ധിച്ച്.

സൂചന : - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ ഉപസമിതിയുടെ 23.7.2005 ലെ തീരുമാനം 1.2.1 (ii)

മത്സരപരീക്ഷക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതിനായി അനുവദിക്കുന്ന തുക ഉടൻതന്നെ വിനിയോഗിക്കണമെന്ന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും നിർദ്ദേശം നൽകുന്നു. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം തന്നെ പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ്ഗ വികസനവകുപ്പിനും നൽകേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
സെക്രട്ടറി

Copy of Government Order No G. O. (MS) 391/05/RD/ Dated, Thiruvananthapuram 16th December 2005 from / John Mathai Additional Chief Secretary to Government addressed to all Deputy Director of Panchayats.

.....

Sub: Revenue Department- Delegation of Powers- power to issue certain certificates – Delegated to village officers- orders issued

Read :- 1. G. O. (MS) No. 1039/79/RD/ dated : 6.8.1979
2. G.O. (MS) No .567/91/ RD dated : 12.9.1991
3. D. O. Letter No . LR (M) 4-18182/05/ dated : 11.7.05 from the Commissioner, Land Revenue, Thiruvananthapuram

....

O R D E R

In the circumstances reported by the commissioner Land Revenue in his letter read above. Government are pleased to delegate to the village officers additional powers over and above those delegated in the Government Orders read above , to issue the following certificates to be produced before the Departments, organisations, institutions etc., under the State Government.

1. Domicile Certificate
2. Valuation certificate (for value not exceeding Rs. 1,00,000/-)
3. Solvency Certificate (For value not exceeding Rs. 1,00,000/-)
4. Non- Creamy layer Certificate,
5. Widow Certificate,
6. Non re-marriage Certificate (for widows)

2. The Power to effect Transfer of Registry of Land when it revolves sub division is also delegated to the village officers.

(By Order of the Governor)
JOHN MATHAI,
ADDITIONAL CHIEF SECRETARY TO GOVERNMENT

കേരള സർക്കാർ
സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് – 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി–ഭേഗതി വരുത്തിയ ചട്ടങ്ങൾക്ക് വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും പുനരധിവാസവും (എച്ച്)വകുപ്പ്

ജി.ഒ(പി)നമ്പർ. 32/06/തൊഴിൽ. തീയതി:തിരുവനന്തപുരം, മേയ് 4.2006

പരാമർശം : – 1. ജി.ഒ (പ)നമ്പർ 23/98/തൊഴിൽ തീയതി 28.05.1998

2. ജി.ഒ (പി) നമ്പർ 1764/05/തൊഴിൽ തീയതി 28.06.2005

3. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2006 ലെ ഡി2 – 478/02 നമ്പർ കത്ത്

4. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 21.03.2006 ലെ ക്യൂ 4/106/2006/ഡി.ഇ. നമ്പർ കത്ത്

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 13 ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതിൻ പ്രകാരം തൊഴിൽരഹിത വേതനം കിട്ടിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/മേൽവിലാസത്തിലനുള്ള മാറ്റം ടി ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പഴയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുടർന്നു ലഭിക്കുന്നതിന് തടസ്സമല്ല.

2. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3) ലെ കത്തിൽ പരാമർശം (2) ലെ ഭേദഗതി ഉത്തരവിന്റെ ആനുകൂല്യം മേൽപ്പടി ഉത്തരവ് തീയതിക്ക് മുമ്പ് താമസമാറ്റം/മേൽവിലാസത്തിന്റെ മാറ്റം വന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് കൂടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവിന്റെ ആനുകൂല്യം മേൽപ്പടി ഉത്തരവ് തീയതിക്ക് മുമ്പ് താമസമാറ്റം/മേൽവിലാസ മാറ്റം വന്നിട്ടുള്ളവർക്കും ബാധകമാണെന്ന് ഇതിനാൽ വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സി. മോഹനൻ
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം
തൊഴിലും പുനരധിവാസവും (ആർ)വകുപ്പ്

ജി.ഒ(പി)നം. 54/06/തൊഴിൽ തീയതി, തിരുവനന്തപുരം,14.08.2006

പരാമർശം :– 1. ജി.ഒ(പി)18/98/തൊഴിൽ തീയതി 16.04.1998
2. ജി.ഒ(പി) 31/2000/തൊഴിൽ തീയതി 14.03.2000
3. 23.08.2003 ലെ ജി.ഒ (പി) നമ്പർ 41/2003/തൊഴിൽ

ഉത്തരവ്

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 18 ന് ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിലെ ഉപവകുപ്പ്(സി) പ്രകാരം ഒരു പെൻഷൻകാരൻ മരിച്ചുപോവുകയാണെങ്കിൽ മരണം നടന്ന മാസം വരെയുള്ള പെൻഷൻ കുടിശ്ശിക അയാളുടെ അവകാശികൾക്ക് 1000 രൂപ വരെയുള്ളതിന് വില്ലേജ് ഓഫീസറിൽ നിന്നും അതിന് മുകളിലേക്ക് സർക്കാരിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് നൽകാവുന്നതാണെന്ന് ഉത്തരവായിരുന്നു.

എന്നാൽ ഒരു വർഷം വരെയുള്ള പെൻഷൻ കുടിശ്ശിക വാങ്ങുന്നതിന് തഹസിൽദാരിൽ നിന്നുള്ള സർട്ടിഫിക്റ്റ് ആവശ്യമായ വരും. ആയതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒരു വർഷം വരെയുള്ള പെൻഷൻ കുടിശ്ശിക വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 14.03.2000 ലെ ജി.ഒ(പി)31/2000/തൊഴിൽ നമ്പർ ഉത്തരവിലെ (സി)ഉപവകുപ്പ് താഴെപറയുന്ന പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒരു പെൻഷൻകാരൻ മരിച്ചുപോകുകയാണെങ്കിൽ മരണം നടന്ന മാസം വരെയുള്ള പെൻഷൻ കുടിശ്ശിക അയാളുടെ അവകാശികൾക്ക് 1500 രൂപ വരെയുള്ളത് വില്ലേജ് ഓഫീസറിൽ നിന്നും അതിനു മുകളിലുള്ളതിന് തഹസിൽദാരിൽനിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് നൽകാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സി. മോഹനൻ
ഗവ. അഡീഷണൽ സെക്രട്ടറി

GOVERNMENT OF KERALA

Abstract

Social Welfare Department - National Old Age Pension (N O A P) - Enhanced Orders Issued -

Social Welfare (C) Department

G.O (Ms) No. 15/2007/SWD Dated,Thiruvananthapuram, 27.03.2007

Read : -1. D.O Letter No.J-14046/1/2006/NASP dated, 4.10.2006 from Joint Secretary, Ministry of Rural Development, Government of India

2. Letter No, FB(A) 4-16418/2006 dated 30.11.2006 from the Commissioner of Land Revenue, Thiruvanathapuram

ORDERS

As per the decision of the Union Cabinet, the central share of pension amount per beneficiary under National Old Age Pension (N O A P) has been raised from Rs. 75/- to Rs. 200/- per month and as per the letter read as 1st paper above, Government of India has requested the state government to disburse the pension to the beneficiaries of N O A P at the enhances rate of Rs. 200/- per month from 1.8.2006. The State Government is now contributing its share at the rate or Rs. 35/- per month per beneficiary.

Government have examined the matter in detail and are pleased to enhance the rate of the Old Age Pension from Rs. 110/- to Rs. 235/- per month per beneficiary with effect from 1.8.2006.

By the Order of the Governor.

LIDA JACOB

Secretary to Government

GOVERNMENT OF KERALA

No.1180/C1/07/SWD

Social Welafare Department
Thiruvananthapuram,
Dated04/10/2007

From
The secretary to Government

To
The commissioner of Land Revenue
Thiruvananthapuram

All District Collectors
Sir
Sub: Social Welfare Department Modification of the eligibility criteria for central assistance under the National Old Age Pension Scheme(NOAPS) as part of the National Social Assistance Programme(NSAP)reg
Ref: Letter No.J.11013/1/2007.NSAP dt 24/09/07 from joint Secretary Ministry of Rural Development, Government of India

I am to forward here with a copy of the reference for your favour of information and necessary action

Yours faithfully
M.Rachel Chacko
Additional Secretary
For Secretary to Government

No.J-11013/1/2007-NSAP
GOVERNMENT OF INDIA
MINISTRY OF RURAL DEVELOPMENT

KRISHI BHAVAN, NEW DELHI
September 24, 2007

OFFICE MEMORANDUM

Subject: Modification of the eligibility criteria for Central assistance under the National Old Age Pension Scheme(NOASP) as part of the National Social Assistance Programme(NSAP)

The understanding is directed to refer to the guidlines of National Old age Pension Scheme(NOASP) under National Social Assistance programme(NSAP). As per the existing criteria under NOASPS is granted to a "person aged 65 years or higher and a destitute in a sense of having little or no regular means of substances from his/her own source of income or through financial support from family members or other source. In order to determine destitution, the critirea, if any, currently in force in the state/UT Government could also be followed. The Government of India reserved the right to review there critirea and suggest appropriate revised creitrea" Accordingly the critirea has been reviewed and followed decisions have been taken by the competent authority

1. Name of the Scheme

The National Old Age Pension Scheme" will now be known as "Indira Gandhi National Old Age Pension Scheme(IGNOAPS)". It will come into existance from 19/11/2007

II. Eligibility Critirea of Beneficiary

For purpose of claiming Central assistance, the following criteria shall apply.

i) the age of the applicant(male or female) shall be 65 years of higher

ii) The applicant must belong to a houehold below the poverty line according to the critirea prescribed by the Government of India.

iii) Amount of pension

The Central Assistance under IGNOAPS will be provided at the rate of Rs.200 per month per beneficiary.

iv) Mode of payment

The pension is to be credited wherefeasible, into a post office of public sector bank account of the beneficiary.

v) The states/Uts are required to furnish a certified to furnish a certificate that all eligible person have been covered under IGNOAPS.

vi)Number of eligible beneficiaries under IGNOAPS.

The number of eligible beneficiary to be assisted under IGNOAPS and National Family Benefit Scheme as part of National Social Assistance Programme and Annuapurna will continue to be released in a combined manner but will be allocated separately

sd/
(Nilam Sawhnev)
Joint Secretary to the Government of India

Secretary
(In charge of NSAP)
All state/ Union territories

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമവകുപ്പ് (വിധവാ) പെൻഷൻ പദ്ധതി ചട്ടങ്ങൾ – 20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകൾക്കും/വിവാഹ മോചിതർക്കും പെൻഷന് അർഹത നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമവകുപ്പ് (സി) വകുപ്പ്

സ.ഉ.(എം.എസ്) നം. 2/2008 സാ.ക്ഷേ.വ തിരുവനന്തപുരം 16.01.2008

പരാമർശം :–3.8.73 **ലെ ജി.ഒ(പി) 1415/73/എൽ.എ.ആന്റ് എസ്.ഡബ്ല്യു. നമ്പർ ഉത്തരഴ്**

ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അഗതികളായ വിധവകൾക്ക് പെൻഷൻ നൽകുന്ന പദ്ധതിയുടെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിലെ ചട്ടം 4(ബി)(3) പ്രകാരം 20 വയസ്സിൽ കൂടുതൽ പ്രായമുള്ള അച്ഛൻ, അമ്മ , മകൻ, എന്നീ വിഭാഗത്തിൽപ്പെട്ട ബന്ധുക്കളിലാത്ത വിധവകൾക്ക്/ വിവാഹമോചനം നേടിയവർക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂ. പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ അവർക്ക് 20 വയസ്സ് പൂർത്തിയായാൽ അമ്മമാർക്ക് തുടർന്ന് പെൻഷൻ നിഷേധിക്കുന്നതായും പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ പെൺമക്കളുള്ളവർക്ക് ഇത്തരത്തിൽ നിബന്ധനകളൊന്നുമില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ അഗതി (വിധവ) പെൻഷൻപദ്ധതി പ്രകാരം നല്കുന്ന പെൻഷൻ 20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ളവർക്കും അർഹതയുണ്ടായിരിക്കുന്നതാണെന്ന് സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട ചട്ടങ്ങളിലുള്ള ഭേദഗതി പ്രത്യേകമായി വരുത്തി പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡോ. ഉഷാ ടൈറ്റസ്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

അന്വേഷണ റിപ്പോർട്ട് (ഓഫീസ് ഉപയോഗത്തിന്)

1. അപേക്ഷകയുടെ പേരും വിലാസവും:
2. വയസ്സ്:
3. കുടുംബത്തിലെ അംഗസംഖ്യ:
4. അപേക്ഷകയുടെയും കുടുംബാംഗങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിവരങ്ങൾ (സർവ്വേ നമ്പർ, വിസ്തീർണ്ണം മുതലായവ):
5. അപേക്ഷയുടെയും കുടുംബാംഗങ്ങളുടെയും വാർഷിക വരുമാനം, ഭൂമിയിൽ നിന്നും കൃഷി. ശമ്പളം, കച്ചവടം, കൂലിവേല, മറ്റിനങ്ങളിൽ നിന്നു ള്ളവ ആകെ:

എന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടതനുസരിച്ച് ടിയാന്റെ വാർഷിക വരുമാനം മേൽപ്രകാര മാണെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

(ഒപ്പ്)

സെക്രട്ടറി

ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

വാർഡ് മെമ്പർ

ഗാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭ

അഭിപ്രായം

പഞ്ചായത്ത് കമ്മിറ്റി/മുനിസിപ്പൽ കൗൺസിൽ/കോർപ്പറേഷൻ

തീരുമാനം

കേരള സർക്കാർ

നം.25918/ഡിബി2/2008/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്.
തിരുവനന്തപുരം, തീയതി : 14/7/2008

സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ അപേക്ഷകൾ അയയ്ക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായ അപേക്ഷ നിലവിലുള്ള നിയമപ്രകാരം വിവാഹത്തിന് മുൻപ് തന്നെ സമർപ്പിക്കണം. എന്നാൽ ഏതെങ്കിലും അപേക്ഷകർക്ക് മതിയായ കാരണങ്ങളാൽ സമയപരിധി പാലിക്കാൻ കഴിയാതെ വന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ അത്തരം അപേക്ഷകളിന്മേൽ ബന്ധപ്പെട്ട നിബന്ധനയിൽ അയവുവരുത്തി തീരുമാനമെടുക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇത് വിവാഹശേഷം മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്കും ബാധകമാണെന്നും എന്നാൽ വിവാഹം നടന്ന് മൂന്ന് മാസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും പരിഗണിക്കുവാൻ പാടുള്ളതല്ല എന്ന് 31/3/93-ലെ സ.ഉ (പി) 5/93/സാക്ഷേവ നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.ഇപ്രകാരം വിവാഹശേഷം മൂന്നുമാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാകളക്ടർക്ക് അയച്ചുകൊടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലവിളംബം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് വേണ്ടി വിവാഹ ശേഷം മൂന്നുമാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ മുപ്പത് ദിവസത്തിനുള്ളിൽ ജില്ലാകളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ സ്പഷ്ടീകരണം നൽകുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സാക്ഷേവ സാമൂഹ്യക്ഷേമ (സി) വകുപ്പ്

നമ്പർ: 2509/സി/08/സാക്ഷേവ. തിരുവനന്തപുരം, തീയതി. 12.08. 08

സർക്കുലർ

വിഷയം :– സാമൂഹ്യക്ഷേമ –സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ കുടിശ്ശിക അനന്തരാവകാശികൾക്ക് അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന :– 1. 13.12.1995 ലെ ജി.ഒ.പി 41/95/സാക്ഷേവ.സർക്കാർ ഉത്തരവ്

2. 18.02.08 ലെ കൊല്ലം ജില്ലാ കളക്ടറുടെ എൻ.554744/02 നമ്പർകത്ത്

****

സാമൂഹ്യക്ഷേമ സുരക്ഷിതത്വ പെൻഷനുകളായ വിധവ അഗതി/വികലാംഗ പെൻഷൻ ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ പെൻഷൻ കുടിശ്ശിക അവരുടെ അന്തരവാകാശികൾക്ക് നൽകാമോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമാണെന്ന് സൂചനയിലെ കത്തുപ്രകാരം കൊല്ലം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു.ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ റൂൾ 11(3) പ്രകാരം പെൻഷൻ വാങ്ങുന്നയാൾ മരണമടയുന്ന പക്ഷം ടിയാളുടെ പെൻഷൻ കുടിശ്ശിക തുക അനന്തരവാകാശികൾക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അഗതി/വികലാംഗ പെൻഷൻ പദ്ധതികൾ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിലേതുപോലെ പ്രത്യേകം നിയമങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അഗതി/വിധവ പെൻഷനും വികലാംഗ പെൻഷനും ദേശീയ വാർദ്ധക്യകാല പെൻഷൻപോലെ സാമൂഹ്യ സുരക്ഷ പെൻഷൻകൂടിയായതിനാൽ പ്രസ്തുത പെൻഷൻ കൈപ്പറ്റുന്നയാൾ മരണമടയുന്ന പക്ഷം അതുവരെയുള്ള പെൻഷൻ കുടിശ്ശിക തുക അദ്ദേഹത്തിന്റെ അനന്തരവാകാശികൾക്ക് നൽകാവുന്നതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. അനന്തരാവകാശികളെ തീരുമാനിക്കുന്നത് ബന്ധപ്പെട്ട തഹസീൽദാർമാരുടെ heirship സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കുന്നതാണ്.

ഉഷാ ടൈറ്റസ്
സെക്രട്ടറി

കേരള സർക്കാർ

നം.55181/ഡി.ബി.2/08/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്
തിരുവനന്തപുരം, തീയതി: 26.8.2008

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കർഷക തൊഴിലാളി പെൻഷൻ- ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കുന്നതു സംബന്ധിച്ച്

ചില വ്യക്തികൾ ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടു്. ഇക്കാര്യം ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കേതാണ്.

ഓരോ ഗ്രാമ പഞ്ചായത്തും താഴെ പറയുന്ന ക്ഷേമ പദ്ധതികലുൾപ്പെട്ട പെൻഷൻകാരുടെ വാർഡ് തലത്തിലുള്ള പ്രത്യേക ലിസ്റ്റ് തയ്യാറാക്കേതാണ്.

1. കർഷക തൊഴിലാളി പെൻഷൻ പദ്ധതി
2. വാർദ്ധക്യകാല പെൻഷൻ പദ്ധതി
3. വിധവ പെൻഷൻ പദ്ധതി
4. വികലാംഗ പെൻഷൻ പദ്ധതി

കുടുംബശ്രീ,അംഗനവാടി വർക്കർ/ വർക്കർമാർ എന്നിവരുടെ പ്രതിനിധികളെയും പഞ്ചായത്തിലെ ഒരു ഫീൽഡ് ലെവൽ ഓഫീസറെയും ഉൾക്കൊള്ളിച്ചുകൊ് ഒരു ടീം പഞ്ചായത്ത് സെക്രട്ടറിമാർ ഓരൊ പഞ്ചായത്തിലും രൂപീകരിക്കേതും വാർഡ് തലത്തിലുള്ല ലിസ്റ്റ് ഈ ടീമിന് നൽകേതുമാണ്. ലിസ്റ്റിനെക്കുറിച്ച് ടീം പ്രാദേശികമായി അന്വേഷണം നടത്തേതും അത്യാവശ്യ പരിശോധനകൾക്കുശേഷം മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പെൻഷനുകളിൽ ഒന്നിൽ കൂടുതൽ പെൻഷനുകൾ സ്വീകരിക്കുന്നവരുങ്കെിൽ അവരുടെ പേരുകൾ കർഷകതൊഴിലാളി പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി റിപ്പോർട്ട് നൽകേതാണ്, മറ്റ് ക്ഷോമ പെൻഷനുകളുടെ ലിസ്റ്റിൽ ഒന്നിൽ കൂടുതൽ പെൻഷൻ സ്വീകരിക്കുന്നവരെ കത്തെുകയാണെങ്കിൽ അവർക്ക് കർഷകതൊഴിലാളി പെൻഷൻ നൽകുന്നത് നിർത്തേതാണ്. ഇക്കാര്യത്തിൽ സുക്ഷ്മമായ പരിശോധന നടത്തേതാണ്. ഇതിന് ശേഷവും ക്ഷേമ പെൻഷനുകളിൽ ഡ്യൂപ്ലിക്കേഷൻ കത്തെുന്ന പക്ഷം ഇത് മൂലം സർക്കാരിനുാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ അവസാനമായി തയ്യാറാക്കിയ ലിസ്റ്റിലും ഏതെങ്കിലും വ്യക്തികൾക്ക് ഒന്നിൽ കൂടിതൽ പെൻഷൻ ലഭിക്കുന്നത് കത്തെുകയും അധികതുക ഓണത്തിന് മുമ്പ് നൽകുകയും ചെയ്താൽ, അധികമായി നൽകിയ തുക അടുത്ത ആറ് മാസം അവർക്ക് നൽകേന്ന പെൻഷനിൽ തട്ടിക്കഴിക്കേ താണ്.

എസ്.എം. വിജയാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് – സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസാഹയം നൽകുന്ന പദ്ധതി – ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ(സി) വകുപ്പ്

സ.ഉ(എം.എസ്) നം. 50/2008/സാക്ഷേവ. തിരുവനന്തപുരം, തീയതി 04.09.2008

പരാമർശം : 1. 19.06.1978 ലെ ജി.ഒ(പി)151/78/തസ്വഭവ നമ്പർ ഉത്തരവ്

2. ജി.ഒ(എം.എസ്) 22/2002/സാക്ഷേവ. തിയതി 29.08.2002

3. 22.10.2007ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എഫ്.ബി(എ)4-39117/07/എൽ.ഡീസ്. നമ്പർ കത്ത്

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇപ്പോൾ 5000 രൂപയാണ് സഹായധനമായി അനുവദിച്ചു തരുന്നത്. ഈ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി നൽകു വന്നിരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അതനുസരിച്ച്, ടീ ധനസാഹയ തുക 5000/രൂപയിൽ നിന്നും 10000/(പതിനായിരം രൂപ) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ധനസഹായം വിതരണം ചെയ്യുമ്പോൾ താഴെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അപേക്ഷകയായ വിധവയുടെയും കുടുംബത്തിന്റെയും എല്ലാ ഇനത്തിലും കൂടിയുള്ള മൊത്ത വരുമാനം 10000/ രൂപയിൽ കൂടാൻ പാടില്ല
2. വിവാഹം ചെയ്ത് അയക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിക്ക് വിവാഹദിവസം 18 വയസ്സ് പൂർത്തിയായിരിക്കണം
3. കുടുംബ വീതമോ മാതാവിന്റെയോ, പിതാവിന്റെയോ ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത് വസ്തു, ആഭരണം, ധനം ഉൾപ്പെടെ 6000/ രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് സഹായധനം നൽകാവുന്നതാണ്.
4. ഈ നിബന്ധനകൾ അനുസരിച്ചുള്ള സാഹയധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിനു ശേഷം ഏതെങ്കിലും കാരണവശാൽ രണ്ടാമതൊരു വിവാഹം അതേ പെൺകുട്ടിക്ക്

ക്ഷണിക്കേണ്ടി വരികയാണെങ്കിൽ അത്തരത്തിലുള്ള രണ്ടാം വിവാഹത്തിനും സഹായ ധനം നൽകുന്നതല്ല.

5. അപേക്ഷകയായ വിധവ പെൺമക്കളുടെ വിവാഹത്തിനു മുമ്പേ മരിച്ചു പോവുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ, വിവാഹം നടത്തേണ്ട ചുമതലയുള്ള കുടുംബത്തിലെ മറ്റ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം തക്കതായ ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റംഗങ്ങൾ ആരും തന്നെ ഇല്ലാത്ത പക്ഷം വിവാഹം നടത്തിക്കൊടുക്കുന്നതിന് മുമ്പോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. സുകുമാരൻ

അഡീഷണൽ സെക്രട്ടറി

പതിനൊന്ന്

മറ്റിനങ്ങൾ

റവന്യൂ വകുപ്പ്, തിരുവനന്തപുരം , 6.10.93 ന് നം.62672/പി1/92/റവന്യൂ നമ്പറിൽ കമ്മീഷണർ ആന്റ് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്തിന്റെ പകർപ്പ്.

സർ,

വിഷയം:- ലക്ഷം വീട് കോളനി – പൊതു ആവശ്യത്തിനായി നീക്കി വച്ചിരിക്കുന്ന സ്ഥലം അംഗൻവാടി കെട്ടിടം പണിയുന്നതിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച്.

സൂചന:- 21.10.91ലെ താങ്കളുടെ കെ. ഡിസ്. 27186/91 എൻ. ആർ. കെ. 4 നമ്പർ കത്ത്

.....

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ലക്ഷം വീട് കോളനികളിൽ പൊതു ആവശ്യത്തിനായി നീക്കി വച്ചിട്ടുള്ളതും ബന്ധപ്പെട്ട പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥാവകാശം കൈമാറാതെ തന്നെ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യ ക്ഷേമ വകുപ്പിനെ അനുവദിക്കാവുന്നതാണ്. ഇതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അംഗീകാരമുണ്ട്.

താങ്കളുടെ വിശ്വസ്തൻ,
(ഒപ്പ്)

എം.ജി.കെ, മൂർത്തി,
കമ്മീഷണർ ആന്റ് സെക്രട്ടറി.

GOVERNMENT OF KERALA

Abstract

Kerala Institute of Local Adminstration - Implementation of Training plan-Training Courses conducted by Kerala Institute of Local Administration - Duty Leave - Sanctioned - Orders

= = = =

ബി 5 . 34804/95

പഞ്ചായത്ത് ഡയറക്ടാഫീസ്,
തിരുവനന്തപുരം,
തിയ്യതി : 5...4...1997

സർക്കുലർ

.....

വിഷയം: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർ നൽകുന്ന അപേക്ഷകളിൽ സ്റ്റാമ്പ് പതിക്കുന്നത് – ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കാറിന്റെ 15.03.1997 –ലെ 11903/ സി 3/97/ത.ഭ.വ. നംപർ കത്ത് .

.....

1959–ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ 75–ാം വകുപ്പ് പ്രകാരം 14.2.1964–ലെ വിജ്ഞാപനത്തിലെ ഐറ്റം 2(വി) അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വിവിധ ആവശ്യങ്ങൾക്ക് അപേക്ഷ നൽകുമ്പോൾ കോർട്ട് ഫീസ് സ്റ്റാമ്പ് പതിക്കേണ്ടതില്ലെന്ന് വ്യക്തമാക്കിയിരുന്നിട്ടും, ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രസ്തുത വിഭാഗക്കാരിൽ നിന്നും സ്റ്റാമ്പ് പതിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി സിർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട അപേക്ഷകർ പിട്ടികജാതി/പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണെന്ന് അപേക്ഷയിൽ വ്യക്തമാക്കുന്നപക്ഷം സ്റ്റാമ്പ് പതിക്കണമെന്ന് നിഷ്കർഷ ഒഴിവാക്കേണ്ടതാണെന്നുള്ള വിവരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

പഞ്ചായത്ത് ഡയറക്ടർ.

KERALA STATE ELECTRICITY BOARD

Abstract

Street light Tariff – Revised street light tariff consequent on supply of bulb/lamp, choke and condenser free of cost by the local bodies –orders issued.

……

COMMERCIAL CELL

G.O.No.106/98/Plg.Com 3415/96 Thiruvananthapuram Dtd.12.01.98

……

Read :- G.O. (M.S) No. 13/97/D.D . dated. 23.3.1997
Circular No.TCI N/385/89 dated 29.3.97
Government letter no. 1300/C3/97/PD dated 15.12.97

O R D E R

Government vide.G.O read as first paper issued orders that the local bodies will supply bulb, lamp, holder, choke and condenser free of cost to KSE Board. The Government also ordered that materials for the construction of line, street light fittings, brackets, connecting wire etc. will be purchased by KSE Board. This was given effect from 1.4.1997.

The street light tariff in force is composite tariff which includes elements of cost of all materials, labour and energy charge. Since the Government ordered that the local bodies will supply bulb, lamp, holder, choke and condenser, the composite tariff required revision to this extent. The Principal Secretary, Power and Secretary, Local Administration, have given a proposal to Government giving break up details of elements contained in the composite tariff. Government have accepted the proposal and issued directions vide the letter read as third paper to the K.S.E.Baord to revise the composite tariff after deducting the element of cost of bulb/lamp, holder, choke and condenser.

Having considered the directions of the Government, the Board issued the following orders to take into effect from 1.4.97

1. The revised tariff after deducting the element of cost of bulbs/lamps, choke, holder and condenser is detailed in Annexure I. the rates are inclusive of energy charge, element of cost of maintenance of the line, connecting wire, brackets, clamps, replacement of street light fittings, labour for initial installation, maintenance and replacement. The rates do not include the elements of cost of lamp/bulb, holder, condenser and choke.

2. The rate in Annexure will be applicable only in case where the local bodies supply lamps, bulbs, chokes, holder and condenser free of cost to KSE Board.
3. If the Local bodies do not supply lamps, bulbs, choke, holder and condenser free of cost to the KSE Board, the rate notified in gazette No.1035 dt.30.09.94 will be applicable.
4. In case of street light charges collected on metered basis, the tariff and other conditions will be as notified in Gazette No. 1035 Dt.30.9.1984
5. If the local bodies have already supplied lamp,bulbs,choke,holder and condenser free of cost from 1.4.97 onwards but the streetlight charge has been collected as per the rate notified in Gazette No.1035 dt.30.9.94, the excess amount collected shall be adjusted in the future bills provided there is no arrears on street light charges due from the local bodies.
6. If there are arrears on street light charge due from the local bodes, no adjustment of the excess amount collected from 1.4.1997 shall be done in the future bills. The excess amount collected need to be adjusted only when the arrears are cleared.

The Deputy Chief Engineers, Electrical Circles shall communicate the copies of this order to all the field officers.

By order of the Board
Sd/-
M.Viswan
Secretary

നം .43634/കെ1/2000/തസ്വഭവ.

തദ്ദേശസ്വയംഭരണ(കെ)വകുപ്പ്,
തിരുവനന്തപുരം, തീയതി 28.9.2000

ഗവണ്മെന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തുപരും.

വിഷയം : ഫോറം ഫോർ സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ സൗജന്യ നിയമ സഹായ പരിപാടികൾ നടത്തുന്നത് സംബന്ധിച്ച്.

സൂചന: 1. സർക്കാരിന്റെ 9.8.2000ലെ 34929/കെ1/2000/തസ്വഭവ. നം കത്ത്.

2. തൃശ്ശൂർ, മുള്ളൂർക്കര മണവള്ളി വീട്ടിൽ ശ്രീ. കൃഷ്ണൻകുട്ടി സർക്കാരിന് സമർപ്പിച്ച പരാതി.

3. താങ്കളുടെ 1.9.2000 ലെ ജി2.22314/2000 നമ്പർ കത്ത് .

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു ഇക്കാര്യത്തിൽ വിശദമായി അന്വേഷണം നടത്തേണ്ടതുള്ളതിനാൽ ഫോറം ഫോർ സോഷ്യൽ ജസ്റ്റിസിന്റെ അഭിമുഖത്തിൽ നീതിമേളകളും, നിയമബോധവൽക്കരണ പരിപാടികളും മറ്റും നടത്തുന്നതിന് ധനസഹായം നല്കുന്നതിൽ നിന്നും ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ ഗ്രാമപഞ്ചായത്തുകളെ വിലക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നല്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എസ്. എം. വിജയാനന്ദ്
സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - സന്നദ്ധ തൊഴിൽസേന രൂപീകരിക്കൽ - മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

ജി.ഒ.(പി) 68/01/തസ്വഭവ തിരുവനന്തപുരം, തീയതി: 19.3.2001

ഉത്തരവ്

1999-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166-ാം വകുപ്പ് (3)-ാം ഉപകവുപ്പ് പ്രകാരം, ഗ്രാമപഞ്ചായത്തുകൾക്ക് തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വികസന പ്രവർത്തനങ്ങൾ നടത്തുവാനും അവയുടെ നേതൃത്വത്തിൽ മാൻ പവർ ബാങ്കുകൾ ആരംഭിക്കുവാനും അധികാരമുണ്ട്. 1999-ലെ ഭേദഗതിമൂലം പ്രസ്തുത ഉപവകുപ്പിൽ ഉൾപ്പെടുത്തിയ വിശദീകരണമനുസരിച്ച്, മാൻപവർ ബാങ്ക് എന്നാൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നതനുസരിച്ച് സേവനം നൽകുന്നതിന് സന്നദ്ധരായ പരിശീലനം നേടിയതും അല്ലാത്തതുമായ ആളുകളുടെ വിവരങ്ങൾ അടങ്ങിയ ബാങ്ക് എന്ന അർത്ഥമാകുന്നതും ഇതിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും അതിൽ നിർണയിക്കപ്പെട്ട മറ്റു വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. അധികാര വികേന്ദ്രീകരണത്തന്റെ ഫലമായി ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജോലിഭാരം വർദ്ധിച്ചിട്ടുണ്ട്. വികസന-സാമൂഹ്യക്ഷേമ പ്രവർത്തങ്ങൾക്കുള്ള സാധ്യതയും വളരെയാണ്. ഈ സാഹചര്യത്തിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പഞ്ചായത്തുകൾക്ക് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, സേവനം നൽകാൻ തയ്യാറുള്ള സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ ആളുകളെ ഉൾപ്പെടുത്തി ഒരു മാൻപവർ ബാങ്ക് (സന്നദ്ധ തൊഴിൽ സേന) രൂപീകരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഉടനടി നടപടി സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും നഗരസഭകളിലും ഇത്തരം സന്നദ്ധ തൊഴിൽ സേനകൾ രൂപീകരിക്കുന്നത് വികസന-സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുമെന്ന് സർക്കാർ കരുതുന്നു. അതുകൊണ്ട് എല്ലാ നഗരസഭകളിലും സന്നദ്ധ തൊഴിൽ സേനകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിക്കുന്നു:-

സന്നദ്ധ തൊഴിൽസേന രൂപീകരിക്കുന്നതു സംബന്ധിച്ചും അതിന്റെ പ്രവർത്തനരീതി സംബന്ധിച്ചും താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങളും ജനകീയാസൂത്രണ പദ്ധതി പോലുള്ള ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന മറ്റു പരിപാടികളിലും തൊഴിൽപരമായി സന്നദ്ധ സേവനം നൽകാൻ തയ്യാറുള്ള അതതു പ്രദേശത്തെ വ്യക്തികളെ അംഗങ്ങളായി ചേർത്തുകൊണ്ടാണ് സന്നദ്ധ തൊഴിൽസേന രൂപീകരിക്കേണ്ടത്. സർക്കാർ സർവ്വീസിലുള്ളവരെയും സർവ്വീസിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞവരെയും, വിവിധ മേഖലകളിൽ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരേയും, തൊഴിലില്ലാത്ത യുവജനങ്ങളെയും സന്നദ്ധ തൊഴിൽസേനയിൽ അംഗങ്ങളാക്കാവുന്നതാണ്.

(2) സന്നദ്ധ സേവനം നൽകാനും സന്നദ്ധ തൊഴിൽ സേനയിൽ അംഗങ്ങളാകാനും താൽപ്പര്യമുള്ളവർ അതിനുള്ള സമ്മതപത്രം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. അംഗത്വം നൽകുന്നതിന് യാതൊരു ഫീസും ഈടാക്കാവുന്നതല്ല. സമ്മതപത്രത്തിന്റെ മാതൃക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(3) സന്നദ്ധ തൊഴിൽസേനയിൽ അംഗങ്ങളെ ചേർക്കുന്ന പരിപാടിക്ക് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്. ലഘുലേഖകൾ അച്ചടിച്ചും പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചും മറ്റു പ്രചാരണ മാർഗ്ഗങ്ങൾ മുഖേനയും ഈ പരിപാടിക്ക് വേണ്ടത്ര പരസ്യം നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഈ പരപാടിക്ക് നേതൃത്വം നൽകേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

(4) സമ്മതപത്രം നൽകുന്നതിനുള്ള ഫാറങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

(5) സന്നദ്ധ തൊഴിൽ സേനയിൽ അംഗങ്ങളാകുന്നതിന് യാതൊരാളേയും നിർബന്ധിക്കുവാൻ പാടുള്ളതല്ല.

(6) വ്യക്തമായ കാരണങ്ങളോടുകൂടിയല്ലാതെ, അംഗത്വത്തിനുള്ള ഒരു അപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല.

(7) സേനാംഗങ്ങളുടെ അംഗത്വകാലാവധി സാമ്പത്തിക വർഷാവസാനംവരെ ആയിരിക്കുന്നതും തുടർന്ന് ഓരോ വർഷത്തേക്കും അതു പുതുക്കാവുന്നതുമാണ്. സേനയിൽ അംഗങ്ങളെ പുതുതായി ചേർക്കുന്നതും അംഗത്വം പുതുക്കുന്നതും സാധാരണ ഗതിയിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ രണ്ട് മാസങ്ങളിൽ ആയിരിക്കേണ്ടതാണ്. എന്നാൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആദ്യമായി സന്നദ്ധ തൊഴിൽസേന രൂപീകരിക്കുന്ന സംഗതിയിൽ ഈ നിബന്ധന ബാധകമല്ല. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്കുവച്ച് ആവശ്യമെങ്കിൽ പുതിയ അംഗങ്ങളെ ചേർക്കാവുന്നതാണ്.

(8) തൊഴിൽ സേവനം നൽകാൻ തയ്യാറുള്ളവർ അത് ഏതെല്ലാം മേഖലകളിൽ, ഏതെല്ലാം മാസങ്ങളിൽ, ആഴ്ചയിലെ ഏതെല്ലാം ദിവസങ്ങളിൽ, ഏതെല്ലാം സമയങ്ങളിൽ നൽകാൻ തയ്യാറാണെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

(9) തൊഴിൽസേനയിൽ അംഗങ്ങളാകാൻ സമ്മതപത്രം നൽകുന്ന വ്യക്തികളെ അവർ സേവനം നൽകാൻ തയ്യാറുള്ള തൊഴിൽ മേഖലകളെ അടിസ്ഥാനമാക്കി തരംതിരിച്ച് അവരുടെ പേര് വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിന്റെ മാതൃക അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

(10) ക്ലറിക്കൽ, എൻജിനീയറിംഗ്, വൈദ്യസേവനം, മേസണറി, അവിദഗ്ധ തൊഴിൽ തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിലായി സന്നദ്ധ തൊഴിൽ സേനാംഗങ്ങളെ തരംതിരിക്കാവുന്നതാണ്. ഒരാൾക്ക് ഒന്നിലധികം മേഖലകളിൽ സേവനം നൽകാവുന്നതാണ്.

(11) സന്നദ്ധ തൊഴിൽ സേനയിലെ അംഗങ്ങൾ നൽകുന്ന സേവനത്തിന് യാതൊരു പ്രതിഫലത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഒരു വികസന ക്ഷേമപദ്ധതിക്കുവേണ്ടി സേവനം നൽകുന്ന വേളയിൽ ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി അവർക്ക് ലഘുഭക്ഷണം വിതരണം ചെയ്യാവുന്നതാണ്. പണിസ്ഥലത്തേയ്ക്കുള്ള അവരുടെ യാത്രയ്ക്കുള്ള ഏർപ്പാടുകളും ആവശ്യമെന്ന് കണ്ടാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.

(12) ഏതെങ്കിലും ഒരു വികസന-ക്ഷേമ പദ്ധതിയുടെ നടത്തിപ്പിൽ സന്നദ്ധ തൊഴിൽ സേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമെങ്കിൽ ആ ആവശ്യത്തിലേക്ക് ഒരു പൊതു നോട്ടീസ് മുഖേനയോ പ്രത്യേക കത്ത് മുഖേനയോ അവരെ ക്ഷണിക്കേണ്ടതും, അവർ തങ്ങളുടെ സമ്മതപത്രത്തിനനുസൃതമായ സൗജന്യ സേവനം നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

(13) സന്നദ്ധസേവനം നൽകുന്നതിന് അവിദഗ്ധ തൊഴിൽ മേഖലയിൽ ഉൾപ്പെട്ട സേനാംഗങ്ങൾക്ക് ആവശ്യമായ പണിയായുധങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാട് ചെയ്തുകൊടുക്കേണ്ടതാണ്. ഈ ആവശ്യം കണക്കാക്കി, പണിയായുധങ്ങൾ വാങ്ങുന്നത് ആവശ്യത്തിനു മാത്രമുള്ള അളവിലായിരിക്കണം. പരിധിയിൽ കൂടുതൽ തുക പദ്ധതി വിഹിതത്തിൽ നിന്നും ഈ ആവശ്യത്തിന് വിനിയോഗിക്കരുത്.

(14) സേനാംഗങ്ങളുടെ സേവനം ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം സമയങ്ങളിൽ ലഭ്യമാകുമെന്ന് മുൻകൂട്ടി കണക്കാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും അതനുസരിച്ച് അവരുടെ സേവനം പൂർണ്ണമായും ഫലപ്രദമായും ഉപയോഗപ്പെടുത്തേണ്ടതുമാണ്.

(15) സന്നദ്ധ തൊഴിൽ സേനയുടെ സേവനം പ്രയോജനപ്പെടുത്താവുന്ന പദ്ധതികൾ ഗ്രാമസഭ/വാർഡുസഭ/വാർഡുകമ്മിറ്റി യോഗങ്ങളിൽ വച്ച് ആസൂത്രണം ചെയ്യാവുന്നതും പഞ്ചായത്ത്/കൗൺസിൽ യോഗങ്ങളിൽ വച്ച് അന്തിമമായി തീരുമാനിക്കേണ്ടതുമാണ്.

(16) അങ്ങനെ സന്നദ്ധ തൊഴിൽ സേന നടത്തുവാൻ വേണ്ടി അംഗീകരിച്ചിട്ടുള്ള പണിയോ, പ്രോജക്ടോ, പദ്ധതിയോ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 164 പ്രകാരം രൂപീകരിക്കാവുന്ന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കാവുന്നതാണ്.

(17) യുക്തമെന്നു തോന്നുന്ന പക്ഷം, പദ്ധതികൾ വാർഡ് അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാവുന്നതും, അതിലേക്ക് അതതു വാർഡിൽപ്പെട്ടവരായ സന്നദ്ധ തൊഴിൽ സേനാംഗങ്ങളുടെ മാത്രം സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്. സന്നദ്ധതൊഴിൽ സേനയുടെ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തി ചെയ്യുന്ന ജോലികളിലെ അവരുടെ അദ്ധ്വാനത്തിന്റെ അളവും അതിന്റെ മൂല്യവും പ്രത്യേകം രേഖപ്പെടുത്തി റിക്കോർഡ് ചെയ്യേണ്ടതും പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഒരു ഇംപ്ലിമെന്റിംഗ് ഏജൻസിയും ഈ അദ്ധ്വാനത്തിന്റെ മൂല്യം ബെനിഫിഷ്യറി കമ്മിറ്റിക്കോ കോൺട്രാക്ടർക്കോ നൽകാൻ പാടുള്ളതല്ല.

(18) സന്നദ്ധ തൊഴിൽസേനയുടെ രൂപീകരണം വികസന ക്ഷേമപദ്ധതികളുടെ നടത്തിപ്പിനു പുറമെ ജനങ്ങൾ തമ്മിൽ സൗഹാർദ്ദം വളർത്തുന്നതിനും പ്രയോജനപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. നെൽസൺ,
ജോയിന്റ് സെക്രട്ടറി,
ഗവൺമെന്റ് സെക്രട്ടറിയ്ക്കു വേണ്ടി

അനുബന്ധം 1

----------ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ സന്നദ്ധ തൊഴിൽ സേനയിൽ അംഗമാകുന്നതിനുള്ള സമ്മതപത്രം

1 പേര് :
2 വാർഡ് :
3. വിലാസം :
4. വയസ്സ് :
5. വിദ്യാഭ്യാസ യോഗ്യതകൾ :
6. തൊഴിൽ :

----------ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/മുനിസിപ്പൽ കോർപ്പറേഷനിലെ സന്നദ്ധ തൊഴിൽ സേനയിൽ അംഗമാകുന്നതിന് ഞാൻ ഇതിനാൽ എന്റെ സമ്മതം രേഖപ്പെടുത്തുന്നു. വികസന-സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുവേണ്ടി താഴെപ്പറയുന്ന തൊഴിൽ മേഖലകളിൽ പ്രതിഫലമില്ലാതെ സേവനം നൽകുന്നതാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തൊഴിൽ മേഖലകൾ	സേവനം നൽകാൻ തയ്യാറുള്ള മാസം/ദിവസം/ സമയം
(1) ————————	————————————
(2) ————————	————————————
(3) ————————	————————————
(4) ————————	————————————

(ഒപ്പും, പേരും)

സ്ഥലം----------
തീയതി----------

കുറിപ്പ്: സന്നദ്ധ തൊഴിൽ സേനയിൽ അംഗത്വം പുതുക്കുന്നതിനും, ഈ ഫാറം തന്നെ ഉപയോഗിക്കാവുന്നതാണ്.

അനുബന്ധം II

സന്നദ്ധതൊഴിൽ സേനാ രജിസ്റ്റർ

ക്രമ നം.	പേര്	അംഗത്വം നൽകിയ തീയതി	വാർഡ്	വിലാസം	വയസ്സ്
(1)	(2)	(3)	(4)	(5)	(6)

വിദ്യാഭ്യാസ യോഗ്യതകൾ	തൊഴിൽ	സേവനം നൽകാൻ തയ്യാറുള്ള തൊഴിൽ മേഖലകൾ	സേവനം നൽകാൻ തയ്യാറുള്ള മാസം/ ദിവസം/സമയം.
(7)	(8)	(9)	(10)

സന്നദ്ധ സേവനം പ്രയോജനപ്പെടുത്തിയ പദ്ധതി	സേവനം നൽകിയ തീയതി	അംഗത്വം പുതുക്കിയ തീയതി	റിമാർക്സ്
(11)	(12)	(13)	(14)

കേരള സർക്കാർ
തദ്ദേശഭരണ (ഡിപി) വകുപ്പ്

സർക്കുലർ

നമ്പർ 9298/ഡിപി 1/2000/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 17.09.2001

വിഷയം : കേരള സർക്കാരിന്റെ മുദ്ര ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച്.

പഞ്ചായത്തുകളുടേയും പഞ്ചായത്തംഗങ്ങളുടേയും ലറ്റർ ഹെഡുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മുദ്ര (എംബ്ലം) യാണ് ഉപയോഗിക്കേണ്ടത്. എന്നാൽ ഇതിന് വിപരീതമായി ചില പഞ്ചായത്തുകളുടേയും പഞ്ചായത്തംഗങ്ങളുടേയും ലറ്റർ ഹെഡുകളിൽ കേരള സർക്കാരിന്റെ മുദ്ര ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് അനുവദനീയമല്ലെന്നും പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള മുദ്രയ്ക്ക് പകരം സർക്കാരിന്റെ മുദ്ര അനധികൃതമായി ഉപയോഗിക്കുന്നത് ഗൗരവാർഹമായ തെറ്റാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

നം. 22440/ഡിപി1/03/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ്
തിരുവനന്തപുരം
തീയതി: 17.5.2003.

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്-അർഹതയുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച്-

സൂചന: 22.4.03, 23.4.03 എന്നീ തീയതികളിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗതീരുമാനം.

സംസ്ഥാനത്ത് അർഹതയുള്ള ഏതെങ്കിലും ഗുണഭോക്താവ് നിലവിലുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

പി. കമാൽകുട്ടി
സെക്രട്ടറി

(C)
GOVERNMENT OF KERALA
കേരള സർക്കാർ
2003

Reg. No. രജി നമ്പർ
KLDV(N)/12/2003-2005

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol.XLVII
വാല്യം 48

Thiruvanathapuram 4 th September 2003
Thursday
തിരുവനന്തപുരം
ചൊവ്വ
No. 1710

15th July 2003
2003 ജൂലായ് 15
24th Ashadha 1925
1925 അഷാഢം 24

No.
നമ്പർ
1271

GOVERNMENT OF KERALA

Law (G) Department

NOTIFICATION

G.O. (P) No. 259/2003/Law Dated, Thiruvanathapuram, 15th July, 2003

S.R.O. No. 641/2003-In exercise of the powers conferred by section 75 of the Kerala Court Fees and Suits Valuation Act, 1959 (10 of 1960), the Government of Kerala here by remit the fees chargeable under the said Act on application presented before local bodies by the members of Scheduled Castes for certificates of any kind to be issued by the local Bodies.

By Order of the Governer, V. Ramkumar,

Law Secretary

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government consider it necessary to exempt the members of Scheduled Castes form affixing corut fee stamps on applications to be presented befere Local Bodies for certificates of any kind to be issued by the Local Bodies.

This notification is intenced to achieve the above object

കേരള സർക്കാർ

പൊതുഭരണ (ഏകോപന) വകുപ്പ്

സർക്കുലർ

നംപർ 337/ സി ഡി എൻ 4/2004/ പൊ. ഭ. വ.

വിഷയം : – പൊതുഭരണ വകുപ്പ് – മന്ത്രിമാരുമായി കത്തിടപാടുകൾ നടത്തുന്നത് സംബന്ധിച്ച്

.....

ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വികസന സമിതി യോഗത്തിൽ ബന്ധപ്പെട്ട മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിക്കുന്ന മന്ത്രിസഭാംഗം പങ്കെടുക്കണമെന്ന് നേരിട്ട് ആവശ്യപ്പെട്ടുകൊണ്ട്, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ കത്തെഴുതിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ഇപ്രകാരം ഔദ്യോഗിക കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ മന്ത്രിമാരുമായി നേരിട്ട് കത്തിടപാടുകൾ നടത്തുന്നത്, നിലവിലുള്ള നടപടിക്രമങ്ങൾക്കും അംഗീകൃത കീഴ്വഴക്കങ്ങൾക്കും വിരുദ്ധമാണ്. ഇത്തരം ഔദ്യോഗിക കാര്യങ്ങൾ, മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട സന്ദർഭങ്ങളിൽ, ആയത് കത്ത് മുഖേന ബന്ധപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ അറിയിക്കുകയും അതുവഴി മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്യേണ്ടതാണെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ഈ നിർദ്ദേശം എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, അവരുടെ നിയന്ത്രണത്തിലുള്ള ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, അവ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

കെ കെ വിജയകുമാർ,

പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

10106/ ഡി.പി.1/2004/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.പി.) വകുപ്പ്
തിരുവനന്തപുരം
തീയതി: 16.03.2004

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണവകുപ്പ്- ഭവന നിർമ്മാണ ധനസഹായം നൽകുന്നത് സംബന്ധിച്ച്

സൂചന : 9.2.2004-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗ തീരുമാനം നമ്പർ 2.15

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

"പത്ത് വർഷങ്ങൾക്കുമുമ്പ് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചവർക്ക് വീട് താമസയോഗ്യമല്ലായെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ വീട് അനുവദിക്കാവുന്നതാണ്".

പി. കമാൽകുട്ടി

സെക്രട്ടറി

കേരള സർക്കാർ

നംപർ.2200/ഡി.പി.1/04 /ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ(ഡി.പി.) വകുപ്പ്
തിരുവനന്തപുരം.
തീയതി. 20/3/2004

സർക്കുലർ

വിഷയം – കേരള വികസന പദ്ധതി–വ്യക്തിഗത ആനുകുല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതു സംബന്ധിച്ച് – വിശദീകരണം പുറപ്പെടുവിക്കുന്നു

സൂചന:1) 2.9.98 ലെ (പി) 181/98/ തഭവ. നംപർ സർക്കാർ ഉത്തരവ്
2) മലപ്പുറം ജില്ലാകളക്ടറുടെ 2.1.2004 ലെ ഇ2–57177/03നപർ കത്ത്

കേരള വികസന പദ്ധതിയ്ിൻ കീഴിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷകർ ജാതി, വസ്തുവിവരം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം തന്നെ ഹാജരാക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിമാർ നിഷ്കർഷിക്കുന്നതിനാൽ അപേക്ഷകർക്ക് വളരെ ബുദ്ധിമുട്ട് ഉാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ വിഷയം 10–3–2004, 11–3–2004 എന്നീ തീയതികളിൽ ചേർന്ന കോർഡിനേഷൻ സബ്ബ് കമ്മിറ്റി ചർച്ച ചെയ്തു ശുപാർശ ചെയ്തത്തിന്റെ അടിസ്ഥാനത്തിൽ സൂചന(1) ലെ സർക്കാർ ഉത്തരവിന് താഴെ പറയുന്ന വിശദീകരണവും പുറപ്പെടുവിക്കുന്നു,

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷണിക്കുന്ന അപേക്ഷയിൽ തന്നെ ജാതി, വസ്തുവിവരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സത്യവാങ്മൂലം മുഖേന സ്വീകരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനുശേഷം ആനുകൂല്യങ്ങൾക്ക് അന്തിമമായി തെരഞ്ഞെടുക്കപ്പെട്ടവർ മാത്രം ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയും സത്യാവാങ്മൂലത്തിന് വിരുദ്ധമായ സർട്ടഫിക്കറ്റുകൾ ഹാജരാക്കുന്നവരെ ആനുകൂല്യങ്ങൾക്ക് അർഹരല്ലെന്ന് തീരുമാനിക്കുകയും ചെയ്യാവുന്നതാണ്.

പി.കമാർകുട്ടി.ഐ.എ.എസ്
സെക്രട്ടറി

കേരള സർക്കാർ

നമ്പർ: 42237/സി2/04/തസ്വഭവ

തദ്ദേശസ്വയം ഭരണ (സി) വകുപ്പ്
തിരുവനന്തപുരം, 25.09.04

വിഷയം: സംസ്ഥാനത്തെ കൊതുകു ശല്യം തടയുന്നതിനും പരിസരങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മൺസൂൺ കാലത്ത് സംസ്ഥാനത്തെ ഭൂരിഭാഗം ഗ്രാമപ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. വെള്ളക്കെട്ട് രൂക്ഷമായ ഇടങ്ങളിൽ പകർച്ച വ്യാധികളും മറ്റ് ജലജന്യ രോഗങ്ങളും മാരകമാകാറുണ്ട്. ഇവയെ പ്രതിരോധിക്കാൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും ആയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിതാപകരമായ ധനസ്ഥിതി മൂലം ഫലപ്രദമാകാറില്ല. കൂടാതെ സംസ്ഥാനത്തെ റബ്ബർ തോട്ടങ്ങളിൽ ഉപയോഗിക്കുന്ന ചിരട്ടകളിൽ മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് കൊതുകുകൾ പെരുകുകയും ഡെങ്കിപ്പനി പോലുള്ള മാരകരോഗങ്ങൾ പടർത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന രീതിയിൽ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളും മറ്റ് ഉൽപ്പന്നങ്ങളും നിരോധിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും ചപ്പുചവറുകൾ വലിച്ചെറിയുന്നവർക്കെതിരെ പിഴ ചുമത്തി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം പൊതുസ്ഥലങ്ങളിലെ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മാലിന്യം കെട്ടിക്കിടന്ന് കൊതുക് പെരുകുന്നതിന് ഇടവരുത്താതെ റോഡരുകിലെ ഓടകളിലെ ഒഴുക്ക് സുഗമമാക്കും വിധം അതിന്റെ അറ്റകുറ്റ പണികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ യഥാസമയം നടത്തേണ്ടതാണ്.

3. കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകരുടെയും വിദ്യാർത്ഥി/ അധ്യാപക രക്ഷാകർതൃ സംഘങ്ങളുടെയും കൂട്ടായ സഹകരണത്തോടെ പരിസര ശുചീകരണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും കൊതുകു വർദ്ധനവിന് സഹായകരമായ പരിസര മാലിന്യങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള ബോധവൽക്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്

GOVERNMENT OF KERALA

Abstract

Local Government Department – Exemption from Realisation of fees Govt. Authorities for the extract of assessment Register/for Government Department – Orders issued

Local Self Government (L) Department

G. O. No. 4184 /04/LSGD. Thiruvananthapuram, Dated: 26.11.2004

Read: 1. Lr. No. K A2- 12828/03 dt 16.0603 received from the Commissioner of Excise

2. Lr. No.04-19675/04 dt.13/08/04 received from the Director of Panchayats,Tvm.

O R D E R

In the letter read as 1 st paper above the Commissioner of Excise Thiruvananthapuram reported to Government that the Grama Panchayat office of Kanhikuzhi directed Excise Inspector, Idukki range to remit fee in the application put in before Panchayat authorities for getting extract of assessment register of building situated in the above Panchayat. The requisition of the extract was made as part of investigation relating to an excise case. The Commissioner requested government to exempt the remittance of such fee for Government purpose. The Director of Panchayats in his letter read as 2nd paper above stated that as per Rule-4 sub Rule-2 of the Kerala Panchayat Raj Act Rules 1998 (Keeping of records and issuing copies) it has been stipulated that to get copy of extract of records / Proceedings of Grama Panchayats search fee should be paid in panchayat. Further there is no provision to exempt Government Departments from paying the above fees.

Government have examined the matter in detail and are pleased to exempt remittance of fee to Panchayat authorities for issuing copies of the extract of record/ proceedings of Panchayats by Government Departments, for Official use.

By Order of the Governor

V . I . Amminikutty,
Joint Secretary

GOVERNMENT OF KERALA

Abstract

INFORMATION TECHNOLOGY DEPARTMENT – WEBSITE OF GOVERNMENT DEPARTMENTS CARRYING DOMAIN NAME ''govt.in'' DESIGNATING KERALA STATE INFORMATION TECHNOLOGY MISSION (KSTM) AS THE AUTHORITY FOR AUTHORIZING DOMAIN NAME AND TO IMPLEMENT WEB SERVER SECURITY GUIDELINES - ORERS ISSUED

INFORMATION TECHNOLOGY (B) DEPARTMENT

G. O. (Rt) No .39/2005/ ITD Dated, Thiruvvananthapuram, 21st Feb.05

Read : 1. Guidelines for security of websites from the Director, Indian Computer Emergency Response Team (C E R T- In), Department of Information Technology , Ministry of Communications and Information Technology , Government of India.

2. D. O. No. 7(3) /04- CC & BT dated 24-11-2004 from the Secretary Ministry of Communications and Information Technology Department of Information Technology, New Delhi.

O R D E R

In the letter read above, Government of India have informed that the Ministries, Departments and other organizations at Central, State and Local Level are using domain names for their websites which are not in conformance with the international practices of the Internet Management Schemes. Therefore they have suggested to implement web server security guidelines in all Government websites. In the letter read as second paper above, Government of India have also requested to ensure that all Government Departments/ Undertakings under Government of Kerala should carry the domain name (govt. in) in all Government websites with effect from January 1, 2005 in order to facilitate the proliferation of internet.

2. Government of India have suggested that the first step in the security of websites is choosing appropriate domain names which should be under the second Level Domain. Gov. in. A Ministry / Department of the Central Government and a designed organization of the State Government should authorize a domain name for the wing of the Government desirous of opening a website to ensure order and control of the Government Websites

in the cyber space. Government of India has designated the National Information Centre (NIC) as the Registrar for registering domain names (govt. in) for all Government Departments, however a designated organization of the State Government should authorize a domain name for the Government wings.

3. Government have examined the matter in detail and are pleased to designate Kerala State Information Technology Mission (KSITM), Thiruvananthapuram as the authority for authorizing domain name (govt. in) for all wings of the Government and also to implement web server security guidelines issued by Government of India.

By Order of the Governor

sd/-

ARUNA SUNDARARAJAN

Secretary to Government

GOVERNMENT OF KERALA

Abstract

Local Self Government Department - Clean Kerala Mission - Implementation of Integrated Solid Waste Management Scheme in Local Self Government Institutions - Orders Issued.

LOCAL SELF GOVERNMENT (G) DEPARTMENT

G.O. (Rt.) No.1961/05/LSGD Dated, Thiruvananthapuram, 13.05.2005

1 G.O (Rt) 459/05/LSGD Dated 03.02.05
2. Letter Dated 7.4.05 from the Kerala Agro Industries Corporation,
3. Report of the Director, Clean Kerala Mission Dated 02.05.05
4. Letter Dated 05.05.05 from the MD, Kerala Agro Industries Corporation Ltd.

ORDER

In the Government order read as Ist paper above the Kerala Agro Industries Corporation, has been enlisted as one of the service providers for setting up solid waste management plants by the Local Self Government Institutions in the State.

In the letter read as IInd paper read above, the Kerala Agro Industries Corporation Ltd. has requested Government to review the decision of Clean Kerala Mission to exclude the wastepro machines developed by KAICO in the filed of solid waste management.

In the letter read as IIIrd paper above the Project Director, Clean Kerala Mission has reported that the quality of bio-manure generated by the KAICO machine is not up to the mark and has suggested certain modifications to the machine before being permitted to be used for solid waste management.

The MD, KAICO Ltd, in his letter read as 4th paper above has since reported that the modifications suggested have been incorporated in to the machine to the satisfaction of Clean Kerala Mission.

Government have examined the matter in detail and are pleased to order as follows:

(1) The Local Self Government Institutions (LSGIs) are permitted to entrust the integrated solid waste management scheme to anyone of the service providers approved and enlisted by the Government of Kerala in their respective fields, including Kerala Agro Industries Corporation Ltd.

(2) The processing and technology should be in conformity with the Solid Waste Management Handling Rules 2000.

(3) The service provider should ensure proper sustainable operation and maintenance of the plant from time to time and the quantity of waste processed, the details including the quality of the manure produced and sold are as per the terms and conditions of the agreement with the local bodies.

(4) The LSGIs shall to set up a technical committees to monitor the performance of the plant and processing to put forward suggestions for improvement and for selection of best suited technology which are available across the globe in the field of solid waste management.

(5) The service provider/operator should take necessary steps to maintain the environmental quality in and around the processing area and to protect the health conditions of the persons working in the processing plant.

(6) Conventional processing methods such as vermi composting, biogas plants and windrow composting, which are best suited for the climatic condition of Kerala and which require low recurring expenditure may be promoted. Power intensive mechanical processing of solid waste may not be encouraged. However, in exceptional cases, with the approval of the council/committee, such type of processing is permitted subject to the condition that, the efficiency, utility and cost of the machine should be evaluated and certified by a technical committee appointed by the council.

(7) During operation, if the machine output is found to be not up to the expected level, the council/committee has the right to order stoppage of the operation of machine with 15 days prior notice to the service provider/operator and the operator shall repay cost of the machine to the LSGI within a period of 30 days of stoppage of the operation of the machine.

(8) The wastepro machines developed by the Kerala Agro Industries Corporation Ltd. can also be used provided it conforms to the conditions mentioned above.

By order of the Governor

V. SUDARSANAN
Under Secretary

കേരള സർക്കാർ

1122/ഡി.പി1/07/തസ്വഭവ. തദ്ദേശസ്വയംഭരണ(ഡിപി)വകുപ്പ്

തിരുവനന്തപുരം, തീയതി. 9.1.2007

സർക്കുലർ

വിഷയം : - **തദ്ദേശസ്വയംഭരണ വകുപ്പ് - തുടർവിദ്യാഭ്യാസ പരിപാടി പാഠപുസ്തകം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ നിർദ്ദേശങ്ങൾ - സംബന്ധിച്ച്**

സൂചന :- 6.12.06 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.10 നം. തീരുമാനം

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പാക്കുന്ന നാലാം ക്ലാസ്സ് തുല്യതാ പരിപാടിക്കുള്ള പാഠപുസ്തകം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

എസ്.എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശസ്വയംഭരണ വകുപ്പ്– ട്രെയിനിംഗ് അഡ്വൈസറി കൗൺസിൽ രൂപീകരണം സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി എ വകുപ്പ്)

സ. ഉ. (സാധാ) നം. 2814/2007/ ത. സ്വ. ഭ. വ. തിരുവനന്തപുരം, തിയ്യതി: 11.10.2007

പരാമർശം : 1. 14.02.2006 ലെ സ. ഉ (സാധാ) നം. 405/06/ ത. സ്വ. ഭ. വ. നമ്പർ ഉത്തരവ്

2. സംസ്ഥാന കോർഡിനേഷൻ സമിതിയുടെ 24.08.07–ലെ 1.11–ാംനമ്പർ തീരുമാനം

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വേണ്ടിയുള്ള ജില്ലാതല ട്രെയിനിംഗ് പ്രോഗ്രാം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് വേണ്ടി എല്ലാ ജില്ലയിലും പതിനൊന്നംഗ ട്രെയിനിംഗ് അഡ്വൈസറി കൗൺസിൽ രൂപീകരിച്ചുകൊണ്ടും, കൗൺസിലിന്റെ ചെയർമാനായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനേയും കൺവീനറായി ഫാക്കൽറ്റി ഇൻ ചാർജിനേയും നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

എന്നാൽ പരാമർശം (2) ലെ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം ജില്ലാതല ട്രെയിനിംഗ് അഡ്വൈസറി കൗൺസിലിന്റെ വൈസ് ചെയർമാനായി ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനിയേയും കൺവീനറായി ജില്ലാപ്ളാനിംഗ് ഓഫീസറെയും ജോയിന്റ് കൺവീനറായി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ജില്ലാ കോ–ഓർഡിനേറ്ററേയും നിശ്ചയിച്ചുകൊണ്ടും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (1)–ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും തീരുമാനമായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ട്രെയിനിംഗ് അഡ്വൈസറി കൗൺസലിന്റെ അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടുള്ള സൂചന (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് കൗൺസിലിന്റെ അംഗസംഖ്യ പതിമൂന്നായി നിശ്ചയിച്ചുകൊണ്ടും പുതുതായി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനിയെ കൗൺസിലിന്റെ വൈസ് ചെയർമാനായും ജനകീയാസുത്രണ പ്രസ്ഥാനത്തിന്റെ ജില്ലാ കോർഡിനേറ്ററെ ജോയിന്റ് കൺവീനറായും , ജില്ലാ പ്ളാനിംഗ് ആഫീസറെ കൗൺസിലിന്റെ കൺവീനറായും നിയോഗിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മുൻപറഞ്ഞ പ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെഉത്തരവിൻപ്രകാരം)
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നം. 69338/ഡിബി2/07/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്

തിരുവനന്തപുരം, തീയതി 21.02.2008

സർക്കുലർ

വിഷയം:- **തദ്ദേശസ്വയംഭരണ വകുപ്പ് - യുവശക്തി പദ്ധതി -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്**

സൂചന :- 1. 30.08.07ലെ സ.ഉ (എം.എസ്) നം. 160/07 പെ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 25.1.08 ലെ സി-2604/04 വൈ.ഡബ്ലിയു നമ്പർ കത്ത്

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ യുജവനങ്ങളുടെയും യുവജനക്ലബ്ബുകളുടെയും കൂട്ടായ്മ ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള ഒരു സംരംഭമാണ് യുവജന ശക്തി പദ്ധതി. ആ പദ്ധതിയുടെ ഒന്നാം ഘട്ടം തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലെ 573 ഗ്രാമപഞ്ചായത്തുകൾ, 34 മുനിസിപ്പാലിറ്റികൾ, 4 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ 611 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ യൂത്ത് സെന്ററുകൾ രൂപീകരിച്ച് യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യുവജനങ്ങളെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയിട്ടുള്ള യുവശക്തി പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പരാമർശം രണ്ടിലെ കത്ത് പ്രകാരം ഗവണ്മെന്റിന് സമർപ്പിക്കുകയുണ്ടായി. ആ പ്രോജക്ട് ഗവണ്മെന്റ് വിശദമായി പരിശോധിച്ചു. അതുപ്രകാരം യുവശക്തി പദ്ധതി നടപ്പാക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2007-08 വാർഷിക പദ്ധതി മുതൽ യുവശക്തി പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടപ്പാക്കേണ്ടതാണ്.
2. യുവജന കൂട്ടായ്മ സംഘടിപ്പിക്കുന്നതിനും യുവജനശക്തിയെ ഉപയുക്തമാക്കുന്നതിനും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ യൂത്ത് സെന്ററുകൾ രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസ്ഥാനത്തോ അല്ലെങ്കിൽ പ്രത്യേകം അനുവദിക്കുന്ന സ്ഥലത്തോ യൂത്ത് സെന്റർ പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തണം.

3. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും രൂപീകരിക്കുന്ന യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയായിരിക്കണം യൂത്ത് സെന്ററിന്റെ പ്രവർത്തനം നടത്തേണ്ടത്. സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു യൂത്ത് കോഓർഡിനേറ്ററെ നിയമിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലെ യൂത്ത് കോർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു.

i. തദ്ദേശഭരണ സ്ഥാപനത്തിന്റെ പഞ്ചവത്സരപദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് യുവജന പങ്കാളിത്തം ഉറപ്പാക്കുക

ii. ഉല്പാദന മേഖല ഉൾപ്പെടെയുള്ള വികസന മേഖലകളിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും യുവജനങ്ങളുടെയും യുവജനക്ലബ്ബുകളുടെയും സേവനം പ്രയോജനപ്പെടുത്തുക

iii. യുവജനങ്ങളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക

iv. സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുക, ലേബർ ബാങ്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക

v. യുവജനങ്ങളിൽ സാംസ്കാരിക ബോധം, ചരിത്രപഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, ആ മേഖലകളിലെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക

4. യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി

4.1 യുവശക്തി പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/കോർപ്പറേഷനിലെ യൂത്ത് സെന്ററിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലനും ഒരു യൂത്ത് കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.

4.2 ഗ്രാമപഞ്ചായത്തിൽ 11, മുനിസിപ്പാലിറ്റിയിൽ 15, കോർപ്പറേഷനിൽ 19 എന്നിങ്ങളനെ ആയിരിക്കണം യൂത്ത് കോർഡിനേഷൻ കമ്മിറ്റിയിലെ അംഗസംഖ്യ. യൂത്ത് ക്ലബ്ബ് പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, വിദഗ്ദ്ധ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയാണ് കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടത്. ഓരോ തലത്തിലെയും യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ ഘടന ചുവടെ വിവരിക്കുന്ന പ്രകാരം ആയിരിക്കണം.

ക്രമനം	തദ്ദേശസ്വയംഭരണ സ്ഥാപനം	യൂത്ത് കോഓർഡിനേഷൻ കമ്മിറ്റി അംഗങ്ങൾ (എണ്ണം)			
		യൂത്ത് ക്ലബ്ബ് പ്രതിനിധികൾ	യുവജന സംഘടനാ പ്രതിനിധികൾ	വിഗദ്ധർ	ആകെ
1	2	3	4	5	6
1	ഗ്രാമപഞ്ചായത്ത്	4	4	3	11

2	മുനിസിപ്പാലിറ്റി	7	5	3	15
3	കോർപ്പറേഷൻ	8	7	4	19

4.2.1 യൂത്ത് ക്ലബ്ബുകളുടെ പ്രതിനിധികൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ അതിർത്തിയിൽ സജീവമായി പ്രവർത്തിക്കുകയും വികേന്ദ്രീകൃതാസൂത്രണം കേരളോത്സവം തുടങ്ങിയ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്ന ക്ലബ്ബുകളിൽ നിന്നുള്ള പ്രതിനിധികൾ പരിഗണിക്കപ്പെടണം. യുവജന പ്രവർത്തനങ്ങളിലും യുവജനനേതൃത്വ രംഗത്തും കഴിവു തെളിയിച്ചിട്ടുള്ളവർക്ക് മുൻഗണന നൽകണം. ഇപ്രകാരം പ്രതിനിധികളെ പ്രദാനം ചെയ്യുന്ന യൂത്ത്ക്ലബ്ബുകളെ യുവജന ക്ഷേമബോർഡിൽ അഫിലിയേറ്റു ചെയ്യാൻ നടപടി സ്വീകരിക്കണം.

4.2.2 യുവജന സംഘടനാപ്രതിനിധികൾ

ഗ്രാമപഞ്ചായത്തതിർത്തിയിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന വ്യത്യസ്ഥ യുവജന സംഘടനകളിൽ നിന്നുള്ള പ്രതിനിധികളെയാണ് നാമനിർദ്ദേശം ചെയ്യേണ്ടത്. സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, വികേന്ദ്രീകൃതാസൂത്രണ പദ്ധതി തയ്യാറാക്കൽ എന്നീ മേഖലകളിൽ പ്രാഗത്ഭ്യമുള്ളവർക്ക് മുൻഗണന നൽകണം.

4.2.3 വിദഗ്ദ്ധ അംഗങ്ങൾ

പ്രാദേശികപദ്ധതി തയ്യാറാക്കൽ, പ്രോജക്ട് നിർവ്വഹണം, വിലയിരുത്തൽ, മോണിട്ടറിംഗ് എന്നീ മേഖലകളിൽ പ്രാഗത്ഭ്യമുള്ളവരോ സംരംഭകത്വ പരിശീലനം, സ്വയംതൊഴിൽ സംഘരൂപീകരണം, സ്വയംതൊഴിൽ സംരംഭങ്ങൾ പ്രവർത്തിപ്പിക്കൽ, യുവജന ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരോ ആയ സർക്കാർ ഉദ്യോഗസ്ഥരോ സാമൂഹ്യപ്രവർത്തകരോ ആയിരിക്കണം.

5. ഖണ്ഡിക നാലിലെ വ്യവസ്ഥകൾ പാലിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും യൂത്ത് കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതും വിശദ വിവരങ്ങൾ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

6. യൂത്ത്കോ-ഓർഡിനേറ്റർ

6.1 തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന യൂത്ത് കോ-ഓർഡിനേഷമ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിലും/മുനിസിപ്പാലിറ്റിയും/കോർപ്പറേഷനിലും ഓരോ യൂത്ത് കോ-ഓർഡിനേറ്ററെ നിയോഗിക്കുന്നതാണ്. സംസ്ഥാന യുവജനക്ഷേമ ബോർഡ്, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി എന്നിവ തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് കോഓർഡിനേറ്ററുടെ ചുമതല.

6.2 കോഓർഡിനേറ്റർ നിയമനത്തിന് പരിഗണിക്കുവാൻ വേണ്ടി അതത് തദ്ദേശഭരണ സ്ഥാപനാതിർത്തിയിൽ താമസിക്കുന്ന ബിരുദധാരികളും യുവജനക്ഷേമപ്രവർത്തനങ്ങളിൽ കഴിവു തെളിയിച്ചവരുമായ 18 നും 35നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ കണ്ടെത്തി 3 പേരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പേറഷൻ ഭരണസമിതി

അംഗീകാരത്തോടെ യുജവന ക്ഷേമബോർഡിന് ലഭ്യമാക്കേണ്ടതാണ്. ബിരുദധാരികളുടെ അഭാവത്തിൽ +2/പ്രീഡിഗ്രി യോഗ്യതയുള്ളവരെയും പരിഗണിക്കാവുന്നതാണ്. പാനലിൽ നിന്നും ഒരാളെ യുവജനക്ഷേമ ബോർഡ് തെരഞ്ഞെടുത്ത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കുന്നതാണ്. കോ-ഓർഡിനേറ്റർക്ക് പ്രതിമാസം 1500/- രൂപ ഓണറേറിയമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് അനുവദിക്കുന്നതും ആ തുക ഓരോ മാസവും ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റായി ബന്ധപ്പെട്ട ജില്ലാ യൂത്ത് സെന്റർ മുഖേന ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന് ലഭ്യമാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനം അത് യൂത്ത് കോ-ഓർഡിനേറ്റർക്ക് കൈമാറേണ്ടതുമാണ്.

7. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ യൂത്ത് സെന്ററിന്റെയും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ സംസ്ഥാന യുവജനക്ഷേമ ബോർഡ് മോണിറ്റർ ചെയ്യുന്നതാണ്.

8. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ ചുമതലകൾ ചുവടെ വിവരിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ അതിർത്തിയിലുള്ള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളുടെ യോഗം വിളിച്ചു ചേർക്കുക, ക്ലബ്ബുകളുടെ പ്രവർത്തനത്തിനാവശ്യമായ സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകുക
2. സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക
3. സ്വയംതൊഴിൽ സംരംഭകത്വ പരിശീലനം സംഘടിപ്പിക്കുക, സ്വയംതൊഴിൽ കണ്ടെത്താൻ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകുക
4. യുവജനക്ഷേമമേഖലയിൽ പഞ്ചവത്സര പദ്ധതികൾ/വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക
5. ഉൽപ്പാദന മേഖലയിലേതുൾപ്പെടെ, പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, നിർവ്വഹണം നടത്തുന്നതിനും യുജവനങ്ങളുടെയും യുവജന ക്ലബ്ബുകളെയും പ്രയോജനപ്പെടുത്തുക
6. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ യുവജനകർമ്മസേന രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക
7. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ കേരളോത്സവം ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക
8. യുവജനങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തുന്നതിന് സർവ്വേകൾ, പ്രാദേശിക ചരിത്ര രചന തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
9. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക
10. രോഗപ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക

11. ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥന-സാംസ്കാരിക ബോധം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
12. സാംസ്കാരിക പരിപാടികൾ, ഗ്രന്ഥശാല പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക
13. കേന്ദ്രാവിഷ്കൃത പരിപാടിയായ വില്ലേജ് നോളജ് സെന്ററുകൾ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ആരംഭിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുക, അതിനായുള്ള ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുക
14. സമ്പൂർണ്ണ ശുചിത്വപദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, എൻ.ആർ.എച്ച്.എം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക
15. പൊതുവിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും. പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവുമായും സ്കൂളുകളുമായും സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
16. വിനോദ സഞ്ചാര വികസന മേഖലയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുക
17. ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

9. യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഉപദേശക സമിതികൾ

9.1 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലെ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഉപദേശക സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കണം. ഓരോ തലത്തിലെയും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി ഉപദേശകസമിതിയുടെ ഘടന ചുവടെ വിവരിക്കുന്നു. ഉപദേശക സമിതിയുടെ കൺവീനറാണ് യോഗം വിളിച്ചു ചേർക്കേണ്ടതും യോഗനടപടികൾ രേഖപ്പെടുത്തേണ്ടതും.

9.2 ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഉപദേശക സമിതി

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്	:	അദ്ധ്യക്ഷൻ
2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി	:	കൺവീനർ
3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ	:	മെമ്പർമാർ
4. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പ്രതിനിധി	:	മെമ്പർ
5. കൃഷി ഓഫീസർ	:	മെമ്പർ
6. മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്ര/ഗവണ്മെന്റ് ഡിസ്പൻസറി	:	മെമ്പർ
7. ഐ.സി.ഡി.എസ് സൂപ്പർവൈസർ	:	മെമ്പർ
8. ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള ബാങ്ക് മാനേജർമാർ	:	മെമ്പർമാർ

9. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ : മെമ്പർമാർ
10. യൂത്ത് കോഓർഡിനേറ്റർ : മെമ്പർ

9.3 മുനിസിപ്പൽ യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ ഉപദേശക സമിതി

1. മുനിസിപ്പൽ ചെയർമാൻ : അദ്ധ്യക്ഷൻ
2. മുനിസിപ്പൽ സെക്രട്ടറി : കൺവീനർ
3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ : മെമ്പർമാർ
4. വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേറ്റർ : മെമ്പർ
5. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പ്രതിനിധി : മെമ്പർ
6. കൃഷി ഓഫീസർ : മെമ്പർ
7. മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഗവണ്മെന്റ് ആശുപത്രി : മെമ്പർ
8. ശിശുവികസന പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) : മെമ്പർ
9. ലിഡ് ബാങ്ക് മാനേജർ : മെമ്പർ
10. ഇൻഡസ്ട്രീസ് എക്സറ്റൻഷൻ ഓഫീസർ : മെമ്പർ
11. ഹെൽത്ത് ഓഫീസർ : മെമ്പർ
12. മുനിസിപ്പൽ യൂത്ത് കോഓർഡിനേറ്റർ : മെമ്പർ

9.4 കോർപ്പറേഷൻ യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ ഉപദേശക സമിതി

1. കോർപ്പറേഷൻ മേയർ : അദ്ധ്യക്ഷൻ
2. കോർപ്പറേഷൻ സെക്രട്ടറി : കൺവീനർ
3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ : മെമ്പർമാർ
4. വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേറ്റർ : മെമ്പർ
5. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പ്രതിനിധി : മെമ്പർ
6. കൃഷി ഓഫീസർ : മെമ്പർ
7. മെഡിക്കൽ ഓഫീസർ, ഗവണ്മെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ : മെമ്പർ
8. ശിശുവികസന പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) : മെമ്പർ
9. ലീഡ് ബാങ്ക് മാനേജർ : മെമ്പർ
10. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ : മെമ്പർ
11. ഹെൽത്ത് ഇൻസ്പെക്ടർ : മെമ്പർ
12. കോർപ്പറേഷൻ യൂത്ത് കോഓർഡിനേറ്റർ : മെമ്പർ

10. പൊതുനിർദ്ദേശങ്ങൾ

10.1 യൂത്ത് കോഓർഡിനേറ്ററുടെ ഓണറേറിയം, യൂത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിശീലനങ്ങൾ, യോഗങ്ങൾ, ദിനാചരണങ്ങൾ എന്നീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവ് യൂവജനക്ഷേമ ബോർഡ് അനുവദിക്കുന്നതാണ്.

10.2 യൂത്ത് സെന്ററിന്റെ ഓഫീസ് സ്റ്റേഷനറിക്കുള്ള തുക യുവശക്തി ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്.

10.3 ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ യൂത്ത് സെന്ററുകളുടെ വരവു ചെലവ് കണക്കുകൾ ആഡിറ്റിംഗിന് വിധേയമായതിനാൽ കൃത്യമായി എഴുതി സൂക്ഷിക്കാനുള്ള ചുമതല കോഓർഡിനേറ്റർക്കാണ്. ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

10.4 പ്രാദേശികമായി ധനസമാഹരണം നടത്തുന്ന രസീതുകൾ, യൂവജനക്ഷേമ ബോർഡ് ജില്ലാ ഓഫീസറും തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

10.5 ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല യൂത്ത് സെന്ററിനെ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ സർവ്വീസ് ഏരിയ ചുമതലയുള്ള ബാങ്കുമായി ബന്ധപ്പെടുത്തേണ്ടതാണ്.

10.6 ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും യൂത്ത് സെന്ററുകൾക്കും സംസ്ഥാന യുജവനക്ഷേമ മെമ്പർ സെക്രട്ടറി നൽകുന്നതാണ്.

10.7 യൂത്ത് സെന്ററിന്റെയും യൂത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെയും പ്രവർത്തനം സമഗ്രവും ഫലപ്രദവുമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ
പൊതുഭരണ (ഏകോപന) വകുപ്പ്

സർക്കുലർ

നമ്പർ 73977/സി . ഡി . എൻ 4/06/പൊ.ഭ.വ. തിയ്യതി , തിരുവനന്തപുരം ,23-09-2008

വിഷയം :- പൊതുഭരണ വകുപ്പ് -നിയമസഭാ ചോദ്യം - മുഖ്യമന്ത്രി നിയമസഭയിൽ മറുപടി നൽകേണ്ട നിയമസഭാ ചോദ്യങ്ങൾക്ക് മറ്റു വകുപ്പുകളിൽ നിന്നും കാലതാമസം കൂടാതെ മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ബഹു: മുഖ്യമന്ത്രിയിൽ നിന്നും മറുപടി ലഭിക്കുന്നതിനായി, ജനപ്രതിനിധികൾ, വിവിധ ആവശ്യങ്ങളിന്മേൽ നിയമസഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ട വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും യഥാസമയം ലഭ്യമാകാത്തതിനാൽ നിയമസഭയ്ക്ക് അന്തിമ മറുപടി നൽകാൻ താമസിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരം സാഹചര്യത്തിൽ താൽക്കാലിക മറുപടിയാണ് നൽകുന്നത്. അന്തിമ മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിരന്തരം ആവശ്യപ്പെട്ടാലും അവ വളരെക്കാലങ്ങൾക്കു ശേഷവും പല വകുപ്പുകളും ലഭ്യമാക്കാത്ത അവസ്ഥയുണ്ട്. ചോദ്യത്തിന്റെ പ്രസക്തിതന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയാണ് ഈ കാലതാമസം മുഖേനയുണ്ടാകുന്നത്.

നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സങ്കേതങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭ്യമാക്കുന്ന മറുപടിയോടൊപ്പം കാലതാമസത്തിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഈ വിഷയം അതീവ ഗൗരവത്തോടെ പരിഗണിക്കേണ്ടതാണെന്നും സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഇതിൽ വീഴ്ചവരുത്തുന്ന എല്ലാ വിഭാഗത്തിലും ഉൾപ്പെടെ ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും, അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ സർക്കാർ നിർദ്ദേശിക്കുന്നു.

പി ജെ ജോസഫ്
ചീഫ് സെക്രട്ടറി

കേരള സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന (ജെ)വകുപ്പ്. തിരുവനന്തപുരം 2008 നവംബർ 5ൽ 22198/ജെ.2/പ.ജ.പവ.വിവ. നമ്പറായി ജില്ലാ കളക്ടർക്ക് അയച്ച സർക്കുലറിന്റെ പകർപ്പ്

വിഷയം:– പജ.പവ.വിവ – ഹരിജൻ, ഗിരിജൻ, ദളിത് എന്നീ പദങ്ങളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: – 1. ദേശീയ പട്ടികജാതി കമ്മീഷന്റെ 28.11.2007ലെ ഡി.ഒ.17/14/എൽ.ഡി.എസ്/07–സെൽ നമ്പർ കത്ത്

2. ദേശീയ പട്ടികജാതി കമ്മീഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ 1.9.2008 ലെ ..... നമ്പർ കെ.എൻ./15/0/31/08 ന: കത്ത്

ചില സർക്കാർ വകുപ്പുകളുടെ കത്തിടപാടുകൾ പട്ടികജാതി എന്ന പദത്തിന് പകരം ദളിത് എന്ന പദമാണ് ഉപയോഗിച്ചുവരുന്നതെന്ന് ദേശീയ പട്ടികജാതി കമ്മീഷന്റെ ശ്രദ്ധയിപ്പെട്ടിരുന്നു. പട്ടികജാതി എന്നാൽ എന്തെന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 341 ലും 365 ലും വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ ദളിത് എന്ന പദത്തിന് ഭരണഘടന പ്രകാരം നിയമസാധുത ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പട്ടികജാതി എന്ന പദത്തിന് പകരം ദളിത് എന്ന പദ പ്രയോഗം നടത്തുന്നത് ഭാവിയിൽ ഒഴിവാക്കണമെന്ന് സൂചന ഒന്നിലെ കത്ത് പ്രകാരം ദേശീയ പട്ടികജാതി കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു.

പുല്ലുംപാറ പഞ്ചായത്തിലെ ചെമ്മണംകുന്ന് കോളനി നിവാസികൾക്ക് വേണ്ടിയുള്ള ചെമ്മണംകുന്ന് ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനം 30.07.08 ൽ നടക്കാൻ പോകുന്നുവെന്ന് കാണിച്ച് 25.07.08 ൽ കേരള വാട്ടർ അതോറിറ്റി എം.ഡി പ്രിന്റ് ചെയ്ത ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിൽ ഹരിജൻ എന്ന പദ പ്രയോഗം ഇപ്പോഴും ഉപയോഗിച്ചിരിക്കുകയാണെന്ന് ആരോപിച്ച് ദേശീയ പട്ടികജാതി കമ്മീഷന്റെ ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരു സംഘടന പരാതി നല്കിയിരുന്നു.

സംഘടനയുടെ ഈ പരാതിയിന്മേൽ ആവശ്യമായ നടപടിയെടുക്കുവാൻ സൂചന രണ്ടിലെ കത്ത് പ്രകാരം ദേശീയ പട്ടികജാതി കമ്മീഷൻ ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

ഈ സാഹചര്യത്തിൽ ഹരിജൻ, ഗിരിജൻ എന്നീ പദങ്ങൾ ഭരണഘടനാ വിരുദ്ധമായതിനാൽ അത്തരം പദങ്ങൾക്ക് പകരം എല്ലാ കത്തിടപാടുകളിലും പ്രസിദ്ധീകരണങ്ങളിലും പട്ടികജാതി പട്ടികഗ്രോത്രവർഗ്ഗം എന്ന പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം എല്ലാ സർക്കാർ വകുപ്പുകളുടെ തലവന്മാരും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരും അവരവരുടെ കീഴിലുള്ള ബന്ധപ്പെട്ട എല്ലാ ആഫീസർമാർക്കും നിർദ്ദേശം നൽകാൻ അഭ്യർത്ഥിക്കുന്നു. കൂടാതെ ഭാവിയിലെ എല്ലാ കത്തിടപാടുകളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും പട്ടികജാതി എന്ന പദത്തിന് പകരം ദളിത് എന്ന പദം ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശിക്കുന്നു.

പോൾ ആന്റണി
പ്രിൻസിപ്പൽ സെക്രട്ടറി